# ഉഴുന്നാലിലച്ചൻ

## സഹനത്തിന്റെ ഉദാത്തമാതൃക



ജോൺ കച്ചിറമറ്റം

malankaralibrary.com

# ഉഴുന്നാലിലച്ചൻ

## സഹനത്തിന്റെ ഉദാത്ത മാതൃക



ഭീകരരിൽ നിന്ന് മോചിതനായി ബംഗളൂരു വിമാനത്താവളത്തിലെത്തിയ ഫാ. ടോം ഉഴുന്നാലിയെ രാമപുരം ആക്ഷൻ കൗൺസിൽ രക്ഷാധികാരി ജോൺ കച്ചിറമറ്റം ബൊക്കെ നൽകി സ്വീകരിക്കുന്നു. ഷാജി ആറ്റുപുറം, സി. റ്റി. രാജൻ, തോമസ് മാടപ്പാട്ട് , കർണ്ണാടക മന്ത്രി കെ.ജി. ജോർജ്ജ് എന്നിവർ സമീപം.

**ജോൺ കച്ചിറമറ്റം**

പ്രസിദ്ധീകരണം

**ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ**


**പിഴക് പി.ഒ.**

**കോട്ടയം ജില്ല - കേരളം - 686 651**


Mob: 9447662076

malankaralibrary.com


**ഫാ. ടോമിനെ സ്വീകരിക്കാൻ ബാങ്ക്ളൂരിൽ എത്തിയ ആക്ഷൻ കൗൺസിൽ അംഗങ്ങൾ**



ജോൺ കച്ചിറമറ്റം
(രക്ഷാധികാരി)




തോമസ് മാടപ്പാട്ട്
(ഉപ രക്ഷാധികാരി)




സി.റ്റി. രാജൻ
(ചെയർമാൻ)



ഷാജി അറുപുറം
(ജനറൽ സെക്രട്ടറി)



മനോജ് ചിങ്കല്ലേൽ
(സെക്രട്ടറി)



തോമസ് ഉഴുന്നാലിൽ
(ട്രഷറർ)

---

(Malayalam)
Uzhunalilachan
Sahanathinte Oodhatha Mathruka
By
JOHN KACHIRAMATTAM

First Edition : 10-09-2019
Copy right : Dr. Kachiramattam Foundation
Published by : Dr. Kachiramattam Foundation
D.T.P. Setting : C-CAD Graphics, Erattupetta, Phone : 9496322328
Cover design : Joseph Francies Pala Ph:9447137342
Printed at : Penta Offset, Kottayam
Price : Rs. 130/- :
Distributors : Dr. Kachiramattom Foundation, Pizhak P.O., 686 655

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാസമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.*

*1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യ നാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്കയിലും, 2007 ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.*

*1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003 -ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ലഭിച്ചു. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ലും കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ഗുരുപൂജാ അവാർഡും നവജീവപരിഷത്തിന്റെ അത്ലേത്താ ദ ഹെന്ദോ എന്ന പുരസ്കാരവും ചെറുപുഷ്പമിഷൻലീഗിന്റെ കുഞ്ഞേട്ടൻ പുരസ്കാരവും ഫാ മൗറീഷ്യസ് & ഫാ. ആന്റണി കാക്കനാട് മെമ്മോറിയൽ അവാർഡും 2014-ലും അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ശതാബ്ദി അവാർഡ് 2018-ലും ലഭിച്ചു. ആകെ 39 അവാർഡുകൾ.*

*തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.*

malankaralibrary.com

# ജോൺ കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ

1. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും വിപുലീകരിച്ച പതിപ്പ്
2. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
3. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
4. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജീവചരിത്രം
5. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം
6. ഷെവ.കുഞ്ഞിത്തൊമ്മൻ - ജീവചരിത്രം
7. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് - ജീവചരിത്രം
8. എം.എം. വർക്കി - ജീവചരിത്രം
9. എം.ഒ. ജോസഫ് നെടുങ്കുന്നം - ജീവചരിത്രം
10. ബി. വെല്ലിംഗ്ടൺ - ജീവചരിത്രം
11. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും - ജീവചരിത്രം
12. എം.എം. ജേക്കബ്ബ് - ജീവചരിത്രം
13. തടവറയിലെ വടക്കനച്ചൻ - ജീവചരിത്രം
14. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജീവചരിത്രം
15. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജീവചരിത്രം
16. അവിസ്മരണീയ വ്യക്തികൾ-സംഭവങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
17. അവിസ്മരണീയ വ്യക്തികൾ-സംഭവങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
18. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ - ജീവചരിത്രം
19. ഹൈന്ദോ-ഇന്ത്യയിലെ സഭ - ജീവചരിത്രം
20. ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ - ജീവചരിത്രം
21. തര്യത് കുഞ്ഞിത്തൊമ്മൻ വർഗ്ഗീയ വാദിയോ? - ജീവചരിത്രം
22. ടി.ജെ. സാർ - ജീവചരിത്രം
23. കുടിയേറ്റമേഖലയിലെ സൂര്യതേജസ് - ജീവചരിത്രം
24. ജിജി സെബാസ്റ്റ്യൻ നീലത്തുംമുക്കിൽ - ജീവചരിത്രം
25. എം.ഒ. ജോസഫ് നെടുംകുന്നം - ലഘുചരിത്രം
26. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും - ചരിത്രം
27. കാത്തലിക് ഗ്രിവൻസസ് - ചരിത്രം
28. വിമോചനസമരം ഒരു ആമുഖം - ചരിത്രം
29. വിദ്യാഭ്യാസ സമരചരിത്രം - ചരിത്രം
30. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് - ചരിത്രം
31. നായർ ഈഴവ ഐക്യം - ചരിത്രം
32. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ചരിത്രം
33. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ചരിത്രം
34. എ.കെ.സി.സി. ലഘുചരിത്രം - ചരിത്രം
35. സമുദായ സംഘടനകളുടെ നാൾവഴികൾ - ചരിത്രം
36. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും - ചരിത്രം
37. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം

malankaralibrary.com

38. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം - ജനറൽ
39. സാർവത്രിക സുനഹദോസുകൾ - ജനറൽ
40. സമുദായ സ്നേഹികളെ ഉണരൂ - ജനറൽ
41. അണികളെ ആവശ്യമുണ്ട് - ജനറൽ
42. കേരളം ചുവന്നതെങ്ങനെ? - ജനറൽ
43. ഇടിമുഴക്കം കേട്ടതെപ്പോൾ ? - ജനറൽ
44. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജനറൽ
45. യേശുക്രിസ്തുമോസ്കോവിലോ? - ജനറൽ
46. പ്രസിഡന്റിന്റെ കത്തുകൾ - ജനറൽ
47. എന്റെ കലഹവും സംവാദവും (ഒന്നാംഭാഗം) - ജനറൽ
48. എന്റെ കലഹവും സംവാദവും (രണ്ടാംഭാഗം) - ജനറൽ
49. അൽമായരും കാലിക പ്രശ്നങ്ങളും - ജനറൽ
50. ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും - ജനറൽ
51. പുനരൈക്യസ്മരണാകിരണങ്ങൾ - ജനറൽ
52. കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ ഒരു പഠനം
53. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും വിപുലീകരിച്ച പതിപ്പ്
54. സാമൂഹ്യപരിഷ്കരണ ശ്രമങ്ങളും ക്രൈസ്തവ നവോത്ഥാന നായകരും
55. കത്തോലിക്കാ കോൺഗ്രസ് ശതാബ്ദിയിൽ
56. കത്തോലിക്കാ കോൺഗ്രസ് ചരിത്രം - ഒന്നാം ഭാഗം
57. ഉഴുന്നാലിലച്ചൻ

**ഡോ. കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ**

1. Homilies and Reflections (Part I)
2. Homilies and Reflections (Part II)
3. Why American youth Turn to Budha
4. Evolution in the human concept of God
5. Re-discovery of India
6. Catholic Eastern Churches
7. Prepare the way of the Lord
8. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
9. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ

## ജോൺകച്ചിറമറ്റത്തിന്റെ ലഘുലേഖനങ്ങൾ

| | | | |
|---|---|---|---|
| ദീപിക സുഹൃത്തുക്കളെ ഉണരുക | - | 1966 | 70000 കോപ്പി |
| നീതിക്കുവേണ്ടിയുള്ള പോരാട്ടം | - | 1979 | 2000 കോപ്പി |
| വിമോചനസമരം കനകജൂബിലി | - | 2008 | 1500 കോപ്പി |
| ന്യൂമാൻ കോളേജ് പ്രശ്നം (4 ലേഖനങ്ങൾ) | - | 2010 | 1000 കോപ്പി |
| വിസ്മരിക്കപ്പെടുന്ന വ്യക്തികളും സംഭവങ്ങളും | - | | 1000 കോപ്പി |
| മാർ എടയത്രത്തിന് ഒരു കത്ത് | - | | 1500 കോപ്പി |

malankaralibrary.com

## ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമറ്റം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേറ്റ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 64 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ലോകത്തെ നടുക്കിയ കൂട്ടക്കുരുതി | 11 |
| 2. | ജന്മനാട്ടിലേക്ക്... | 15 |
| 3. | ദുരിതാനുഭവനാൾവഴിയും സന്ദേശങ്ങളും | 16 |
| 4. | നയതന്ത്ര വിജയം; ആശ്വാസ മോചനം | 20 |
| 5. | രാമപുരം ആഹ്ലാദപൂരമായി | 22 |
| 6. | ലോകത്തിനാകെ ആശ്വാസ വാർത്ത | 23 |
| 7. | ദൈവം കാത്തു | 34 |
| 8. | ഊഹാപോഹങ്ങൾക്ക് വിരാമം. | 40 |
| 9. | ഉഴുന്നാലിൽ അച്ചന്റെ സുവിശേഷം | 42 |
| 10. | സഹനങ്ങൾക്കും പ്രാർത്ഥനയ്ക്കുമുള്ള ഉത്തരം | 47 |
| 11. | വത്തിക്കാന്റെ ഇടപെടൽ അത്യപൂർവ്വം | 50 |
| 12. | ഫാ. ടോം ഉഴുന്നാലിൽ ഇൻഡ്യയിലെത്തി | 53 |
| 13. | ഫാ. ടോം ഉഴുന്നാലിൽ ബാങ്കളൂരിൽ | 58 |
| 14. | രാമപുരത്ത് നിന്ന് ആക്ഷൻ കൗൺസിൽ അംഗങ്ങൾ ബാങ്കളൂരിൽ | 61 |
| 15. | ആശ്വാസവും സന്തോഷവും | 63 |
| 16. | മരണത്തിനൊരുങ്ങി 556 രാപകലുകൾ | 66 |
| 17. | അവർ ഒരിക്കലും തോക്ക് ചൂണ്ടിയില്ല. | 70 |
| 18. | ഫാ. ടോം ഉഴുന്നാലിന്റെ മോചനം ചില ചിതറിയ ചിന്തകൾ | 75 |
| 19. | പ്രാർത്ഥനകൾക്കു ലഭിച്ച മറുപടി | 79 |
| 20. | തടവറയിലൊരു ക്രിസ്മസ് ദിനം | 81 |
| 21. | കൊച്ചി വിമാനത്താവളത്തിൽ | 86 |
| 22. | പാലാ ബിഷപ്പ് ഹൗസിൽ | 87 |
| 23. | നിങ്ങളെന്നെ വിലയ്ക്കുവാങ്ങി | 89 |
| 24. | ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ടിന്റെ സന്ദേശം | 90 |
| 25. | മാതൃ ഇടവകയിൽ സ്വീകരണം | 94 |
| 26. | മാർ ജേക്കബ് മുരിക്കന്റെ പ്രസംഗം | 99 |
| 27. | അജ്ഞാത ലോകത്ത് 557 ദിവസം | 104 |


malankaralibrary.com

# ആമുഖം

ലോകമൊട്ടാകെ ചർച്ചാ വിഷയമായ ഒരു സംഭവമാണ് ഉഴുന്നാലിലച്ചന്റെ ബന്ദനവും മോചനവും. 557-ദിവസം ബന്ദിയാക്കപ്പെട്ട ടോമച്ചനെ മോചിപ്പിച്ചുവെന്ന വാർത്ത ഏറെ ആഹ്ലാദത്തോടെയാണ് ഏവരും ശ്രവിച്ചത്. മോചനവാർത്ത രാമപുരം നിവാസികളെ സന്തോഷഭരിരാക്കി. രാമപുരത്ത് മോചനത്തിനായി പ്രവർത്തിക്കാൻ രൂപീകരിച്ച ആക്ഷൻ കൗൺസിൽ ടോമച്ചന്റെ ബന്ദനത്തെപ്പറ്റിയും മോചനത്തെപ്പറ്റിയും ടോമച്ചന്റെ ജീവചരിത്രത്തോടൊപ്പം പ്രസിദ്ധീക്കണമെന്നഭിപ്രായപ്പെട്ടു. അത് രചിക്കുവാൻ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. ടോമച്ചനെ ബന്ദിയാക്കിയതിന്റെ രണ്ടാം വർഷം പൂർത്തിയാകുന്ന മാർച്ച് 4-ന് പുസ്തകം പ്രസിദ്ധീകരിക്കണമെന്നും തീരുമാനിച്ചു. അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങി.


ഈ സന്ദർഭത്തിൽ ഫാ. ടോം തന്റെ ആത്മകഥ ഇംഗ്ലീഷിലും മലയാളത്തിലുമായി തയ്യാറാക്കികൊണ്ടരിക്കുന്നുവെന്ന വാർത്തപത്രത്തിൽ കാണുകയുണ്ടായി. വളരെ സന്തോഷം തോന്നി. ആത്മകഥ പ്രസിദ്ധീ കരിക്കുന്ന സാഹചര്യത്തിൽ മറ്റൊരു ഗ്രന്ഥം ആവശ്യമില്ലെന്ന് എനിക്കു തോന്നി. ആക്ഷൻ കൗൺസിൽ വിളിച്ചു കൂട്ടി ചർച്ച ചെയ്തു. ആത്മകഥ ലഭിച്ചതിനുശേഷം ഏതു രീതിയിലായിരിക്കണം നാം രചിക്കുന്ന ഗ്രന്ഥം എന്ന് തീരുമാനിക്കാമെന്ന് നിശ്ചയിച്ചു. ആത്മകഥ വായിച്ചു. വളരെ നന്നായിരിക്കുന്നു. ടോമച്ചന്റെ ബന്ദനവും മോചനവും ഉൾപ്പെടുത്തി ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്ന് തന്നെ ആക്ഷൻ കൗൺസിൽ അഭിപ്രായപ്പെട്ടു. ആക്ഷൻ കൗൺസിലിന്റെ അഭിപ്രായം കണക്കിലെടുത്ത് പത്രവാർത്തകളെ കേന്ദ്രീകരിച്ചുമാണ് ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. ടോമച്ചന്റെ മോചനത്തിനായി പ്രവർത്തിച്ചവരുടെ പ്രാർത്ഥനക്കൊപ്പം ഈ പുസ്തകവും പ്രസിദ്ധീകരിക്കുന്നു.

ജോൺ കച്ചിറമറ്റം

malankaralibrary.com

# ആക്ഷൻ കൗൺസിൽ
# നിർവ്വാഹക സമിതി അംഗങ്ങൾ

ജോൺ കച്ചിറമറ്റം ........................................ 9447662076
സി.റ്റി രാജൻ ........................................ 9447792990
ഷാജി ആറ്റുപുറം ........................................ 9447302306
തോമസ് മാടപ്പാട്ട് ........................................ 9846056242
കെ.എം, തോമസ് കോയിപ്പിള്ളിൽ ........................................ 0482260431
മത്തച്ചൻ പുതിയിടത്തുചാലിൽ ........................................ 9447572241
സിബി കുന്നേൽ ........................................ 9447119997
ജെയിംസ് കണിയാരകം ........................................ 9447036869
ആൽബിൻ ഇടമനശേരിൽ ........................................ 8078079852
ഷാജൻ ഉഴുന്നാലിൽ ........................................ 9447572318
തോമസ് ഉഴുന്നാലിൽ ........................................ 9544500891
തോമസ് സാർ ഉഴുന്നാലിൽ ........................................ 9442990423
സോമൻ അക്ഷയ ........................................ 8281450739
വിനു കെ.കെ. ........................................ 8281525215
ഒ.എസ്. മാത്യു ........................................ 7907391793
വിശ്വൻ രാമപുരം ........................................ 9447674259
റോയി ഉഴുന്നാലിൽ ........................................ 9447869778



ബാങ്ക്ളൂരിൽ എത്തിയ ആക്ഷൻ കൗൺസിലിന് നേതൃത്വം നൽകിയ
**ഫാ. ജോണി എടക്കര**

malankaralibrary.com

1

# ലോകത്തെ നടുക്കിയ കൂട്ടക്കുരുതി

2016 മാർച്ച് നാല് വെള്ളിയാഴ്ച, പ്രാദേശിക സമയം രാവിലെ എട്ടു മണി. യെമനിലെ തുറമുഖ നഗരമായ ഏദനിൽ വിശുദ്ധ മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനി മഠത്തോടു ചേർന്നുള്ള അഗതി മന്ദിരത്തിൽ തീവ്രവാദികൾ നടത്തിയ അതിനിന്ദ്യമായ കൂട്ടക്കൊലയിൽ തലനാരിഴയ്ക്കാണ് ഫാ. ടോം ഉഴുന്നാലിൽ രക്ഷപ്പെട്ടത്.

സിസ്റ്റർ ആൻസലം (റാഞ്ചി, ഇന്ത്യ, 57), റുവാണ്ടക്കാരായ സിസ്റ്റർ മാർഗരറ്റ് (44), സിസ്റ്റർ റെജിനിറ്റ് (32), സിസ്റ്റർ ജൂഡിറ്റ് (കെനിയ, 41) എന്നിവരും സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തദ്ദേശിയരായ മറ്റു 12 ജോലിക്കാരും ഉൾപ്പെടെ 16 പേരാണു തീവ്രവാദസംഘത്തിന്റെ കൊടും ക്രൂരതയ്ക്ക് ഇരയായത്. രണ്ടുമണിക്കൂറിലേറെ നീണ്ട ആക്രമണത്തിൽനിന്നു സ്ഥാപനത്തിലെ സുപ്പീരിയർ തൊടുപുഴ ഇളംദേശം പുൽപറമ്പിൽ സിസ്റ്റർ സാലി തലനാരിഴയ്ക്കു രക്ഷപ്പെട്ടു.

അഗതിമന്ദിരത്തിൽ ആദ്ധ്യാത്മിക ശുശ്രൂഷ നിർവഹിച്ചിരുന്ന ഫാ. ടോം ഉഴുന്നാലിനെ തീവ്രവാദികൾ ചാപ്പലിനുള്ളിൽ പ്രാർത്ഥനയിലായിരിക്കെ ബന്ദിയാക്കി അജ്ഞാത കേന്ദ്രത്തിലേക്കു വലിച്ചുകൊണ്ടുപോകുകയായിരുന്നു. ഒന്നര വർഷത്തിനിടെ രണ്ടു വീഡിയോ ദൃശ്യങ്ങൾ മാത്രമാണ് ലോകത്തിനു കാണാനായത്. ആഗോള ഇടപെടലുകൾക്കൊടുവിൽ അച്ചൻ മോചിതനായപ്പോൾ നാടും വീടും ലോകവും ആശ്വാസം കൊണ്ടു. 40 വർഷം മുൻപ് യമനിലെ ഭരണകൂടം മദർതെരേസയെ ക്ഷണിച്ചുവരുത്തി ഒരേക്കറോളം സ്ഥലം നൽകി സ്ഥാപിച്ച അഗതിമന്ദിരത്തിൽ അക്രൈസ്തവരായ 80 വയോധികരെയാണു മദർതെരേസയുടെ സഹോദരിമാർ സംരക്ഷിച്ചുപോന്നത്. അവരെല്ലാം തദ്ദേശിയരായിരുന്നു.

## യെമനിൽ ആ വെള്ളിയാഴ്ച സംഭവിച്ചത്

2016 മാർച്ച് നാല്. വെള്ളിയാഴ്ച. യെമനിലെ ഏദനിലുള്ള മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റി സമൂഹത്തിന്റെ അഗതിമന്ദിരത്തോടു ചേർന്ന ചാപ്പലിൽ കുർബ്ബാനയ്ക്കുശേഷം രാവിലെ എട്ടോടെ മഠം സുപ്പീരിയർ തൊടുപുഴ സ്വദേശിനി സിസ്റ്റർ സാലിയും മൂന്നു കന്യാസ്ത്രീകളും തൊട്ടുചേർന്നുള്ള മഠത്തിലേക്കു പോയി. കുർബ്ബാനയ്ക്കുശേഷം ഫാ. ടോം ഉഴുന്നാലിൽ ചാപ്പലിൽ പ്രാർത്ഥന തുടരുകയായിരുന്നു.

malankaralibrary.com

വാഹനത്തിലെ തീവ്രവാദിസംഘം ആദ്യം തന്നെ ഗേറ്റിലുണ്ടായിരുന്ന ഗാർഡിനെയും ഡ്രൈവറെയും വെടിവച്ചുവീഴ്ത്തി. തുടർന്ന് ഒരേക്കറോളം സ്ഥലത്ത് വിവിധ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേക്കു പാഞ്ഞുകയറി ഭീകരമായ കൂട്ടക്കൊല നടത്തുകയായിരുന്നു.

നാലു കന്യാസ്ത്രീകളും നാലു തദ്ദേശിയ നഴ്സുമാരും നാലു സെക്യൂരിറ്റി ജീവനക്കാരും നാലു ശുചീകരണ ജീവനക്കാരുമാണു തീവ്രവാദികളുടെ കൊടുംക്രൂരതയ്ക്ക് ഇരകളായത്. ഗെയിറ്റിലുണ്ടായിരുന്നവരെയും വെടിവച്ചു വീഴ്ത്തുന്നതു കണ്ടയുടൻ അഗതി മന്ദിരത്തിൽ ജോലി ചെയ്തിരുന്ന നാലു എത്യോപ്യൻ യുവാക്കൾ ഓടി മഠത്തിലെത്തി. ഐ.എസ്. തീവ്രവാദികൾ കൊലയ്ക്കെത്തിയതായി അറിയിച്ചു. നിമിഷങ്ങൾക്കുള്ളിൽ തീവ്രവാദികൾ ഇവരെ വകവരുത്തി.

കൈകൾ പിന്നിലാക്കി ബന്ധിച്ചശേഷം മരത്തിൽ ബന്ധിച്ചു തലയിൽ വെടിവച്ചശേഷം ശിരസ് അറുത്തുമാറ്റി. പലയിടങ്ങളിലായി നിലയ്ക്കാത്ത വെടിയൊച്ചകേട്ട് കിടപ്പുരോഗികളായ അന്തേവാസികൾ ഭയന്നു നിലവിളിച്ചു. അഗതിമന്ദിരത്തിനു പുറത്ത് ഓടിയെത്തിയ ജനവും നിലവിളിക്കുന്നുണ്ടായിരുന്നു.

കെനിയക്കാരി സിസ്റ്റർ ജൂഡിറ്റും റുവാണ്ടക്കാരി സിസ്റ്റർ റെജിനറ്റും അന്തേവാസികൾക്ക് അപായമുണ്ടാകാതിരിക്കാൻ അന്തേവാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും അഗതിഭവനങ്ങളിലേയ്ക്ക് ഓരോരുത്തരായി ഓടിയെത്തി. അവിടെ ജോലിക്കാരായുണ്ടായിരുന്ന തദ്ദേശിയരായ സ്ത്രീകൾ നിലവിളിച്ചു. 'ആ പാവം കന്യാസ്ത്രീകളെ കൊലപ്പെടുത്തരുത്. ആരു കേൾക്കാൻ. ആദ്യം സിസ്റ്റർ ജൂഡിറ്റിനെയും തുടർന്നു സിസ്റ്റർ റെജിനറ്റിനെയും ശിരസിൽ വെടിവച്ചുവീഴ്ത്തി. പിടഞ്ഞുവീണ സഹോദരിമാരുടെ നെഞ്ചിലും നിറയൊഴിച്ചു.

നിലവിളിച്ച് ഓടിച്ചെന്ന ഗുംല സ്വദേശി സിസ്റ്റർ ആൻസെലം റുവാണ്ടക്കാരി സിസ്റ്റർ മാർഗരറ്റ് എന്നിവരെ വെടിവച്ചുവീഴ്ത്തി. നാലു കന്യാസ്ത്രീകളും ആഗതിമന്ദിരത്തിന്റെ മുറ്റത്തും തോട്ടത്തിനു സമീപവുമാണു പിടഞ്ഞുവീണു മരിച്ചത്. അഗതിമന്ദിരത്തിലെ ചോരച്ചാലുകളും പിടച്ചിലും കണ്ട അന്തേവാസികൾ ഭയന്നു നിലവിളിച്ചു.

മറ്റ് നാലു കന്യാസ്ത്രീകളെയും കൊലപ്പെടുത്തിയശേഷം തുടർന്ന് സിസ്റ്റർ സാലിയെ ലക്ഷ്യമിട്ട് തീവ്രവാദികൾ മഠത്തിലേക്ക് പാഞ്ഞടുത്തു. തിരികെയോടിയ സിസ്റ്റർ സാലി സ്റ്റോർമുറിയിലെ കതകിനു മറവിൽ മറഞ്ഞുനിന്നു. അടുക്കളയിലും സ്റ്റോറിലും തീവ്രവാദികൾ ആക്രോശിച്ചുകൊണ്ട് സിസ്റ്ററെ തെരഞ്ഞ് മൂന്നു തവണ പാഞ്ഞുകയറുമ്പോഴൊക്കെ സിസ്റ്റർ സാലി കതകിന്റെ മറവിൽ ഭയന്നു നിൽക്കുകയായിരുന്നു. അവർ കതക് അൽപം തുറന്നിരുന്നെങ്കിൽ.......

malankaralibrary.com

അഗതിമന്ദിരം അടിച്ചുതകർത്ത സംഘം തോക്കുമായി ചാപ്പലിലേക്കാണു പാഞ്ഞത്. അഗതിമന്ദിരത്തിനു പുറത്തു നിലവിളിച്ചുകൊണ്ടുനിന്നവർ ഫാ. ടോമിനെ വലിച്ചിഴച്ചു കയറ്റുന്നത് കണ്ടതായി പിന്നീട് പോലീസിനു സിസ്റ്റർ സാലി മൊഴി കൊടുത്തിരുന്നു.

മണിക്കൂർ നീണ്ട കൊടുംക്രൂരകൃത്യങ്ങൾക്കുശേഷം 10.10 നാണ് ഇസ്ലാമിക തീവ്രവാദികൾ ഫാ. ടോമുമായി സ്ഥലം വിട്ടത്. ഹൃദയം വിങ്ങുന്ന വേദനയോടെ പുറത്തിറങ്ങിയ സിസ്റ്റർ സാലി തന്റെ ചുമതലയിലുള്ള നാലു കന്യാസ്ത്രീകളും 14 ജോലിക്കാരും അതിദാരുണമായി കൊലചെയ്യപ്പെട്ട ചോരക്കളത്തിൽ നിശ്ചലമായി കിടക്കുന്ന ഭയാനകമായ കാഴ്ചയാണുകണ്ടത്. വയോധികരായ അന്തേവാസികൾക്ക് എന്തു സംഭവിച്ചു എന്നറിയാൻ സിസ്റ്റർ അഗതിമന്ദിരങ്ങളിലേക്ക് ഓടി. അവരെല്ലാവരും സുരക്ഷിതരായിരുന്നു. ഒരാൾപോലും ആക്രമിക്കപ്പെട്ടിരുന്നില്ല.

അഗതിമന്ദിരത്തിൽ നടന്ന ഭയാനകമായ കൂട്ടക്കൊലയെക്കുറിച്ചു കേട്ടറിഞ്ഞ് അവിടെ ജോലി ചെയ്തിരുന്ന ഒരു സ്ത്രീയുടെ മകൻ പത്തുമണിയോടെ അമ്മയെ ഫോണിൽ വിളിച്ചു. ഫോൺ എടുക്കാതെ വന്നതോടെ കൊല്ലപ്പെട്ട സ്ത്രീയുടെ മകനാണു പോലീസിൽ വിവരം അറിയിച്ച് അവരുടെ വാഹനത്തിൽ 10.30 ന് അഗതിമന്ദിരത്തിനുള്ളിൽ എത്തിയത്.

സിസ്റ്റർ സാലിയെ അവിടെനിന്നു മാറ്റി സുരക്ഷിതയാക്കാനാണ് സ്ഥലത്തെത്തിയ പോലീസ് ആദ്യംതന്നെ ശ്രമിച്ചത്. "സിസ്റ്റർ, ഞങ്ങളെ അനാഥരാക്കി ഇവിടം വിട്ടുപോകരുതേ" എന്ന അന്തേവാസികളുടെ നിലവിളി ഉയർന്നതോടെ സിസ്റ്റർ സാലി താൻ ഒപ്പം വരാൻ ആഗ്രഹിക്കുന്നില്ലെന്നും ജീവൻ നഷ്ടപ്പെട്ടാലും അത് ക്രിസ്തുവിനെ പ്രതി സ്വീകരിച്ചുകൊള്ളാമെന്നും പറഞ്ഞു.

അഗതിമന്ദിരത്തിൽ അഞ്ചു കന്യാസ്ത്രീകളുണ്ടെന്നു കൃത്യമായി അറിയാവുന്ന തീവ്രവാദികൾ സിസ്റ്റർ സാലിയെ അപായപ്പെടുത്താൻ മടങ്ങിവരുമെന്നു പോലീസ് ഭയപ്പെട്ടിരുന്നു. പോലീസിന്റെ തുടർച്ചയായ സമ്മർദ്ദത്തിനൊടുവിൽ പോലീസിനൊപ്പം പുറത്തുപോകാൻ സിസ്റ്റർ സാലി നിർബന്ധിതയായി. അകത്തു കയറി ഒരു ജോഡി വസ്ത്രം (നീല സാരി) എടുത്തു മടങ്ങിവന്നശേഷം സിസ്റ്റർ സാലി രക്തത്തിൽ മൂടിക്കിടന്ന നാലു കന്യാസ്ത്രീകളുടെയും മൃതദേഹങ്ങൾ പോലീസ് സഹായത്തോടെ കയറ്റി. ഡോക്ടേഴ്സ് വിതൗട്ട് ബോർഡേഴ്സിന്റെ ഏദനിലെ അന്താരാഷ്ട്ര ആശുപത്രിയിലേക്കാണ് സിസ്റ്റർ സാലി പോലീസിനൊപ്പം മൃതദേഹങ്ങളുമായി പോയത്. അവിടെ മോർച്ചറി സൗകര്യം പരിമിതമായിരുന്നതിനാൽ കൂടുതൽ സൗകര്യമുള്ള ആശുപത്രിയിലേക്ക് മൃതദേഹങ്ങളുമായി പോലീസ് പോയി അവിടെ സൂക്ഷിച്ചു.

malankaralibrary.com

സിസ്റ്റർ സാലിയെ രണ്ടുദിവസത്തിനുശേഷം പോലീസ് സുരക്ഷിതമായി യു.എ.ഇ.യിലെത്തിച്ചു. ജിബൂട്ടിയിലെ ക്യാംപ് ഓഫീസ് വഴി നയതന്ത്ര വിദേശ മന്ത്രാലയം നടത്തിയ ശ്രമത്തെ തുടർന്നാണ് യെമനിൽനിന്ന് സിസ്റ്റർ സാലിയെ പോലീസ് രക്ഷപെടുത്തിയത്. കഴിഞ്ഞവർഷം കേരളത്തിലും പിന്നീട് കൊൽക്കത്തയിലുമെത്തി സേവനം തുടരാൻ അനുവദിക്കണമെന്ന താൽപര്യം സഭാധികാരികളെ അറിയിക്കുകയും ജോർദാനിലെ അമാനിലേക്ക് സേവനത്തിനായി മടങ്ങുകയും ചെയ്തു. നാൽപതുവർഷമായി മദർതെരേസാ സഹോദരിമാരുടെ സേവനം യെമനിലുണ്ട്. അവിടത്തെ സർക്കാർ നൽകിയ സ്ഥലത്ത് മിഷനറീസ് ഓഫ് ചാരിറ്റി ആതുരശുശ്രൂഷാലയം സ്വന്തം ചെലവിൽ പണി തീർത്തതാണ്. കഴിഞ്ഞ വർഷത്തെ ആക്രമണത്തിനുശേഷം അഗതിമന്ദിരം അടഞ്ഞുകിടക്കുന്നു. അവിടെയുണ്ടായിരുന്ന 80 അന്തേവാസികളെയും സർക്കാർ സന്നദ്ധ സംഘടനകൾ ഏറ്റെടുക്കുകയായിരുന്നു. മദർ തെരേസ യെമനിൽ മുമ്പ് സന്ദർശനം നടത്തിയിട്ടുണ്ട്.

(ദീപിക ഒക്. 1)

## ദൈവത്തിനു നന്ദി : ഫ്രാൻസിസ് പാപ്പ

'ഈ സദ്വാർത്തയ്ക്ക് ദൈവത്തിന് നന്ദി' - ഫാ. ടോം ഉഴുന്നാലിലിന്റെ മോചന വാർത്ത അറിഞ്ഞപ്പോൾ ഫ്രാൻസിസ് മാർപാപ്പയുടെ പ്രതികരണം ഇതായിരുന്നെന്ന് കത്തോലിക്കാ സഭാവൃത്തങ്ങൾ പറഞ്ഞു. മോചനം സാധ്യമായയുടനെ അക്കാര്യം ഫ്രാൻസിസ് മാർപാപ്പയെ അറിയിച്ചു.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ചിലയിടങ്ങളിലുള്ള പ്രശ്നങ്ങളിൽ പക്ഷം പിടിക്കാതെ നിൽക്കുന്ന രാജ്യമെന്ന നിലയ്ക്കാണ് ഫാ. ടോമിന്റെ മോചനത്തിന് ഒമാന്റെ സഹായം തേടിയതെന്നാണു സൂചന. വത്തിക്കാന്റെയും സലേഷ്യൻ സഭയുടെയും താൽപര്യാർത്ഥമുള്ള ഇടപെടലുകൾക്ക് യെമൻ ഉൾപ്പെടുന്ന ദക്ഷിണ അറേബ്യൻ വികാരിയത്തിന്റെ ബിഷപ് പോൾ ഹിൻഡറാണ് ചുക്കാൻ പിടിച്ചത്. ഒമാൻ സുൽത്താൻ ഖാബുസ് ബിൻ സെയ്ദിന് വത്തിക്കാൻ നന്ദി പറഞ്ഞു. ഫാ. ടോം റോമിൽ എത്തിയിട്ടുണ്ടെന്നും ഏതാനും ദിവസം അവിടെ ചെലവിട്ടശേഷം ഇന്ത്യയിലേക്കു മടങ്ങുമെന്നും വത്തിക്കാൻ സ്ഥിരീകരിച്ചു.

malankaralibrary.com

2

# ജന്മനാട്ടിലേക്ക്.....

ഈ ദിനത്തിനുവേണ്ടിയാണ് മലയാളനാട് ഒന്നാകെ കാത്തിരുന്നത്. ഐ.എസ്. ഭീകരരുടെ തടവറയിൽനിന്ന് ഒന്നരവർഷത്തിനുശേഷം മോചിതനായ ഫാ. ടോം ഉഴുന്നാലിൽ ഇന്നു പ്രിയപ്പെട്ടവരുടെ സ്നേഹവലയത്തിലേക്ക്.....

യെമൻ മനുഷ്യരക്തത്തിന്റെ മണമുള്ള മണ്ണാണെന്ന് ഫാ. ടോം ഉഴുന്നാലിന് അറിയാമായിരുന്നു. ആ മണ്ണിൽ കാലുകുത്തുന്ന നിമിഷം മുതൽ മരണത്തിലേക്കു വിരൽ ചൂണ്ടുന്ന തോക്കിൻകുഴലുകൾ തനിക്കുനേരെ തിരിയുമെന്നും അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. താനറിയാതെ തന്നെ നിരീക്ഷിക്കുന്ന അജ്ഞാതർക്കു നടുവിലാണ് ഓരോ നിമിഷത്തെ ജീവിതമെന്നും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ഇത്രയൊക്കെ ദുരന്തങ്ങൾ പതിയിരിക്കുന്നുവെന്ന് അറിഞ്ഞിട്ടും എന്തിനാണ് ടോമച്ചൻ യെമനിലേക്കു പോയത്.... ചിലരുടെയെങ്കിലും സംശയമാണിത്. എന്നാൽ, ഫാ. ടോമിനു പോകാതിരിക്കാനാവില്ല, കാരണം അതാണ് ഒരു മിഷനറിയുടെ ദൗത്യം.....

സ്നേഹവും കരുതലും ശുശ്രൂഷയും ആവശ്യമുള്ള ജനതയ്ക്കായി സ്വന്തം ജീവൻ പോലും മറന്നു സേവനം ചെയ്യാനുള്ള ദൗത്യമാണ് ഓരോ മിഷനറിയുടേതും. തോക്കിൻകുഴലിന്റെ ഗർജനത്തേക്കാൾ പട്ടിണിപ്പാവങ്ങളുടെയും രോഗികളുടെയും വിലാപങ്ങളാണ് അവരുടെ കാതുകളിൽ മുഴങ്ങുക. അതു കേട്ടില്ലെന്നു നടിക്കാനോ അതിനെ അവഗണിച്ചു മുന്നോട്ടു നടക്കുവാനോ അവർക്കു കഴിയില്ല. കാരണം, ദൈവത്തിന്റെ മുഖമാണ് ആ പാവങ്ങൾക്ക്.... ദൈവത്തിന്റെ സ്വരമാണ് ആ വിലാപങ്ങൾക്ക്.

ജനതകളുടെ പ്രാർത്ഥനകളാണ് ഓരോ മിഷനറിയുടെയും കരുത്ത്. കടുത്ത പ്രതിസന്ധികൾ തൊട്ടുമുന്നിലെത്തുമ്പോഴും അവരുടെ ശക്തിസ്രോതസ് പ്രാർത്ഥന മാത്രം.....രാജ്യം കാത്തിരുന്ന തിരിച്ചുവരവിന്റെ ആഹ്ലാദത്തിൽ, നിറഞ്ഞ പ്രാർത്ഥനകളോടെ വരവേൽക്കാം, പ്രിയപ്പെട്ട ടോമച്ചനെ,

തോക്കിൻകുഴലുകൾ ഗർജിക്കട്ടെ, ചോരവീണു മണ്ണുകൾ നനയട്ടെ, എങ്കിലും പാവങ്ങളുടെ നിലവിളി അവസാനിക്കാത്തിടത്തോളം കാലം നമ്മൾ അവർക്കായി മുന്നോട്ടു നടക്കുകതന്നെ ചെയ്യും.....

malankaralibrary.com

3

# ദുരിതനാൾവഴിയും വേദനയുടെ സന്ദേശങ്ങളും

**2016 മാർച്ച് 4 :** ഫാ. ടോം ഉഴുന്നാലിൽ ശുശ്രൂഷ ചെയ്തിരുന്ന യെമനിലെ ഏദനിലുള്ള വൃദ്ധസദനത്തിൽ ഭീകരാക്രമണം. നാലു കന്യാസ്ത്രീകളടക്കം 16 പേരെ ഭീകരർ വധിച്ചു.

**മാർച്ച് 5 :** ഫാ. ടോം ഉഴുന്നാലിനെ ഭീകരർ ബന്ദിയാക്കിയതായി കേന്ദ്രവിദേശകാര്യമന്ത്രി സുഷമ സ്വരാജ് ടിറ്ററിലൂടെ സ്ഥിതീകരിക്കുന്നു.

**ജൂലൈ 20:** ഫാ. ടോമിന്റെ മോചനത്തിനായി സാധ്യമായതെല്ലാം ചെയ്യുന്നുണ്ടെന്നു ലോക്സഭയിൽ ജോസ് കെ. മാണി ഉന്നയിച്ച സബ്മിഷനു മറുപടിയായി വിദേശകാര്യമന്ത്രി സുഷമ സ്വരാജ് അറിയിച്ചു.

**ഡിസംബർ 24:** സലേഹ് സലെം എന്നയാളുടെ ഫേസ്ബുക്ക് അക്കൗണ്ടിൽ ഫാ. ടോമിന്റെ ആദ്യ വീഡിയോ സന്ദേശം. തന്റെ ആരോഗ്യസ്ഥിതി മോശമാണെന്നതടക്കമുള്ള കാര്യങ്ങൾ ഫാ. ടോം വിശദീകരിക്കുന്നതായാണ് അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിലുള്ളത്.

**ഡിസംബർ 30:** കേരളത്തിലെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ്സിംഗ് ഫാ. ടോം ആരാണെന്നു ചോദിച്ചതു വിവാദമായി.

**2017 ജനുവരി 01:** ഫാ. ടോമിന്റെ മോചനത്തിനായി എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസലിക്കയിൽ പ്രാർത്ഥനായജ്ഞം. സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നേതൃത്വം നൽകി.

**ജനുവരി 13:** ഫാ. ടോമിന്റെ മോചനത്തിനായി കേന്ദ്രസർക്കാർ മൂന്നംഗ മോണിട്ടറിംഗ് സമിതിയെ നിയോഗിച്ചു.

**ജനുവരി 24:** ഫാ. ടോമിന്റെ മോചനത്തിനായി 136 രാജ്യങ്ങളിൽ പ്രാർത്ഥനാദിനാചരണം നടത്തി.

**ഫെബ്രുവരി 6:** ഫാ. ടോമിന്റെ മോചനം വൈകുന്നതിൽ പ്രതിഷേധിച്ച് ഡൽഹി ജന്തർമന്തറിൽ കത്തോലിക്കാകോൺഗ്രസ്സിന്റെയും ഫരീദാബാദ് രൂപതയുടെയും സംയുക്താഭിമുഖ്യത്തിൽ പ്രതിഷേധ ധർണയും പ്രാർത്ഥനായോഗവും നടത്തി.

മോചനശ്രമങ്ങൾ ഊർജിതമാക്കണമെന്നാവശ്യപ്പെട്ട് സി.ബി.സി.ഐ. അധ്യക്ഷൻ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാബാവ, സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആല

malankaralibrary.com

ഞ്ചേരി, ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി അധ്യക്ഷൻ കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് എന്നിവർ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി.

**മാർച്ച് 4:** ഫാ. ടോമിനെ ഭീകരർ ബന്ദിയാക്കിയിട്ട് ഒരു വർഷം.

**മെയ് 10:** ഫാ. ടോം ഉഴുന്നാലിലിന്റെ രണ്ടാമത്തെ വീഡിയോ ദൃശ്യം പുറത്ത്. ഏദൻ ടൈം എന്ന വാർത്താ വെബ്സൈറ്റാണു വീഡിയോ പുറത്തുവിട്ടത്.

**ജൂലൈ 11:** ഫാ. ടോം ഉഴുന്നാലിൽ ജീവനോടെയുണ്ടെന്നും അദ്ദേഹത്തിന്റെ മോചനത്തിനായി യെമൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും യെമൻ ഉപപ്രധാനമന്ത്രി അബ്ദുൾമാലിക് അബ്ദുൾ ജലീൽ അൽ മെഖിലാഫി അറിയിച്ചു.

**സെപ്റ്റംബർ 12:** 557 ദിവസം (ഒരു വർഷം, ആറുമാസം, എട്ടു ദിവസം) ഭീകരരുടെ തടവിൽകഴിഞ്ഞ ഫാ. ടോം ഉഴുന്നാലിൽ മോചിതനായി. വത്തിക്കാന്റെ അഭ്യർത്ഥനയെത്തുടർന്ന് ഒമാൻ ഭരണാധികാരി സുൽത്താൻ ഖാബൂസ് ബിൻസഈദിന്റെ ഉത്തരവനുസരിച്ചാണ് യെമനിലെ കക്ഷികളുടെ സഹായത്തോടെ ഫാ. ടോമിനെ മോചിപ്പിച്ചതെന്ന് ഔദ്യോഗിക പത്രക്കുറിപ്പിലൂടെ ഒമാൻ സർക്കാർ അറിയിച്ചു. ഫാ. ടോം തടവിൽ കഴിഞ്ഞ അൽ മുഖാലയിൽനിന്ന് പ്രത്യേക വിമാനത്തിൽ ഒമാൻ തലസ്ഥാനത്ത് എത്തിച്ചു. തുടർന്ന് ഇതേ വിമാനത്തിൽ വത്തിക്കാനിലും.

**സെപ്റ്റംബർ 13:** റോമിൽനിന്നുള്ള എയർ ഇന്ത്യ വിമാനത്തിൽ ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഫാ. ടോം ഉഴുന്നാലിൽ ഇറങ്ങി. പ്രധാനമന്ത്രി നരേന്ദ്രമോദിയെയും വിദേശകാര്യമന്ത്രി സുഷമ സ്വരാജിനെയും ഫാ. ടോം സന്ദർശിച്ചു.

**സെപ്റ്റംബർ 29:** ഫാ. ടോം ഉഴുന്നാലിൽ ബംഗളുരുവിലെ സലേഷ്യൻ ആസ്ഥാനത്ത്, സിബിസിഐ സമ്മേളനത്തിലെത്തി മെത്രാന്മാരുമായി കൂടിക്കാഴ്ച നടത്തി. കൃതജ്ഞതാബലി അർപ്പിച്ചു.

## വേദനയുടെ സന്ദേശങ്ങൾ, ചിത്രങ്ങൾ

### 31 മാർച്ച് 2016

**ഫാ. ടോമിന്റെ വീഡിയോ സർക്കാരിന് ലഭിച്ചതായി റിപ്പോർട്ട്**

യെമനിൽ ഭീകരർ തട്ടിക്കൊണ്ടുപോയ മലയാളി വൈദികൻ ഫാ. ടോം ഉഴുന്നാലിലിനെ വിട്ടയയ്ക്കാൻ മോചനദ്രവ്യം ആവശ്യപ്പെടുന്ന വീഡിയോ കേന്ദ്ര സർക്കാരിനു ലഭിച്ചതായി സൂചന. തന്നെ രക്ഷിക്കണമെന്നു ഫാ. ടോം അഭ്യർത്ഥിക്കുന്ന ദൃശ്യങ്ങൾ അടങ്ങിയ വീഡിയോയിൽ വൻതുക മോചനദ്രവ്യമായി ആവശ്യപ്പെടുന്നതായാണു വിവരം. എന്നാൽ കേന്ദ്രസർക്കാർ ഇക്കാര്യം സ്ഥിരീകരിച്ചില്ല.

malankaralibrary.com

## 21 ജൂലൈ 2016

**പണം ആവശ്യപ്പെട്ട് സന്ദേശം**

ഫാ. ടോം ഉഴുന്നാലിലിന്റെ ഫെയ്സ്ബുക് വഴി പണം ആവശ്യപ്പെട്ടുള്ള സന്ദേശങ്ങൾ പുറത്തുവന്നു. ഫാ. ടോമിന്റെ തന്നെ പേരിലുള്ള ഫെയ്സ്ബുക് അക്കൗണ്ടിലെ സുഹൃദ് പട്ടികയിലുള്ളവർക്കാണു സന്ദേശങ്ങൾ ലഭിച്ചത്. ഈ പേജ് പിന്നീട് അപ്രത്യക്ഷമായി. ടോമിന്റെ നിർദ്ദേശപ്രകാരം ഒരു യെമനി സുഹൃത്താണ് ഈ അക്കൗണ്ട് ഉപയോഗിക്കുന്നതെന്നു പറയുന്ന സന്ദേശത്തിൽ മറ്റൊരു ടിറ്റർ സന്ദേശത്തിന്റെ ലിങ്ക് കൂടി ഉൾപ്പെടുത്തിയിരുന്നു. ഫാ. ടോമിനെ തട്ടിക്കൊണ്ടുപോയശേഷം നിർജീവമായിരുന്ന അക്കൗണ്ട് കഴിഞ്ഞമാസമാണു വീണ്ടും സജീവമായത്. ഫാ. ഉഴുന്നാലിൽ മോശമായ അവസ്ഥയിലാണെന്നും അദ്ദേഹത്തിനുവേണ്ടി ആരും ഒന്നും ചെയ്യുന്നില്ലെന്നും വ്യക്തമാക്കിയാണു പോസ്റ്ററുകൾ വന്നുതുടങ്ങിയത്.

## 27 ഡിസംബർ 2016

**'എന്നെ രക്ഷിക്കൂ'**

ഫാ. ടോം ഉഴുന്നാലിലിന്റെ പുതിയ വീഡിയോ സമൂഹമാധ്യമങ്ങൾവഴി പുറത്തുവന്നു. ഫാ. ടോം എന്നറിയപ്പെടുന്ന ടോമി ജോർജ് ആണു താനെന്നു പരിചയപ്പെടുത്തിയാണ് അഞ്ചുമിനിറ്റിലേറെ ദൈർഘ്യമുള്ള വീഡിയോ ആരംഭിക്കുന്നത്. മാനുഷിക പരിഗണന നൽകി തന്നെ രക്ഷിക്കണമെന്നും മോചിപ്പിക്കണമെന്നും അപേക്ഷിച്ചാണു വീഡിയോ അവസാനിക്കുന്നത്. മുൻപുവന്ന വീഡിയോകളിലും ചിത്രങ്ങളിലും ഫാ. ടോം ധരിച്ചിരിക്കുന്ന അതേ വസ്ത്രമാണു പുതിയ വീഡിയോയിലും.

## 10 മേയ് 2017


**സഹായം തേടി വീണ്ടും വീഡിയോ**

മോചനത്തിനു സഹായം തേടി വീണ്ടും ഫാ. ടോം ഉഴുന്നാലിൽ അഭ്യർത്ഥിക്കുന്ന പുതിയ വീഡിയെ യെമനിലെ ഏഡൻ ടൈംസ് ന്യൂസ് വൈബ്സൈറ്റ് പ്രസിദ്ധീകരിച്ചു. തന്റെ ആരോഗ്യനില വഷളാണെന്നും അടിയന്തര ചികിത്സ ആവശ്യമുണ്ടെന്നും ഫാ. ടോം വ്യക്തമാക്കുന്നു.

## സലേഷ്യൻസ്

ദുരിതമനുഭവിച്ചിരുന്ന കുഞ്ഞുങ്ങളെയും യുവാക്കളെയും സഹായിക്കുന്നതിനായി ഇറ്റലിക്കാരനായ കത്തോലിക്കാ പുരോഹിതൻ സെന്റ് ജോൺ ബോസ്കോ (ഡോൺ ബോസ്കോ) 1859 ഡിസംബർ 18ന് സ്ഥാപിച്ച രാജ്യാന്തര സന്യാസ സമൂഹമാണ് സലേഷ്യൻസ് ഓഫ് ഡോൺ ബോസ്കോ (എസ്.ഡി.ബി.). സഭയുടെ മധ്യസ്ഥൻ സെന്റ് ഫ്രാൻസിസ് ഡി. സാല

malankaralibrary.com



സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നടന്ന കൃതജ്ഞതാ പ്രാർത്ഥനാശുശ്രൂഷ.

സിന്റെ പേരിൽ നിന്നു സ്വീകരിച്ചതാണ് സലേഷ്യൻസ്. റോം ആസ്ഥാനമായി ലോകമെങ്ങും പ്രവർത്തിക്കുന്ന ഈ സന്യാസ സമൂഹത്തിൽ പതിനയ്യായിരത്തിലേറെ അംഗങ്ങൾ. ലോകത്തെ മൂന്നാമത്തെ വലിയ മിഷനറി സമൂഹം. 1928 ൽ ഇന്ത്യയിൽ മുംബൈയിൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഇവിടെ ഒൻപതു പ്രോവിൻസുകൾ.

## മോചനശ്രമങ്ങൾ അറിഞ്ഞത് റോമിലെത്തിയശേഷം

റോമിൽ സലേഷ്യൻ സഭാ ആസ്ഥാനത്തെത്തിയശേഷമാണ് ഫാ. ടോം ഉഴുന്നാലിൽ തന്റെ മോചനത്തിനായി നടന്ന ശ്രമങ്ങളുടെ വിശദാംശങ്ങൾ അറിയുന്നത്. അബുദാബിയിൽ നിന്ന് ദക്ഷിണ അറേബ്യൻ വികാരിയത്തിന്റെ ബിഷപ് പോൾ ഹിൻഡറുടെ സെക്രട്ടറിയും പാലാ സ്വദേശിയുമായ ഫാ. തോമസ് സെബാസ്റ്റ്യനുമായി ഫാ. ടോം ദീർഘനേരം ഫോണിൽ സംസാരിച്ചു. കഴിഞ്ഞ ഒന്നര വർഷമായി നടന്ന മോചന ശ്രമങ്ങൾ ഫാ. തോമസ് സെബാസ്റ്റ്യൻ വിശദീകരിച്ചു.

തടവിലാക്കപ്പെട്ട കാലത്തെ അനുഭവങ്ങളെക്കുറിച്ചു ഫാ. തോമസ് സെബാസ്റ്റ്യൻ ചോദിച്ചപ്പോൾ, ഫാ. ടോം പറഞ്ഞു: എനിക്കു പ്രാർത്ഥിക്കാൻ ധാരാളം സമയംകിട്ടി. ഞാൻ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചു. ഭീകരാക്രമണദിവസം തനിക്കൊപ്പം വൃദ്ധസദനത്തിലുണ്ടായിരുന്ന സിസ്റ്റർ സാലിയുടെ വിവരങ്ങളും ഫാ. ടോം ചോദിച്ചറിഞ്ഞതായി ഫാ. തോമസ് സെബാസ്റ്റ്യൻ പറഞ്ഞു.

malankaralibrary.com

4

# നയതന്ത്രവിജയം; ആശ്വാസമോചനം

## ഫാ. ടോം ഉഴുന്നാലിന്റെ മോചനം കൂട്ടായ ശ്രമങ്ങൾക്കൊടുവിൽ

'ഫാ. ടോം മോചിപ്പിക്കപ്പെട്ടെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്' - വാർത്ത നേരത്തെ പുറത്തുവന്നിരുന്നുവെങ്കിലും ടിറ്ററിലൂടെ വിദേശകാര്യമന്ത്രി സുഷമാസ്വരാജ് ഇതുപറഞ്ഞപ്പോൾ അത് ലോകത്തോട് ഇന്ത്യയുടെ സന്തോഷം പങ്കുവയ്ക്കലായി. സുഷമയും പ്രധാനമന്ത്രി നരേന്ദ്ര മോദിയുൾപ്പെടെ, ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി ശ്രമിച്ചവരുടെ പട്ടിക നീണ്ടതാണ്.

അഖിലേന്ത്യാ കത്തോലിക്കാ മെത്രാൻ സമിതി അധ്യക്ഷൻ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ, സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, കത്തോലിക്കാ മെത്രാൻ സമിതി ഡപ്യൂട്ടി സെക്രട്ടറി ജനറൽ മോൺ ജോസഫ് ചിന്നയ്യൻ തുടങ്ങിയവർ പലതവണ പ്രധാനമന്ത്രിയെയും വിദേശകാര്യ മന്ത്രിയെയും നേരിൽകണ്ട് സഭയുടെ ആശങ്ക വ്യക്തമാക്കിയിരുന്നു. സാധ്യമാവുന്നതൊക്കെയും ചെയ്യുമെന്ന് അപ്പോഴൊക്കെ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും മറുപടി നൽകി.

തെക്കൻ യെമനിൽ ഇന്ത്യയ്ക്കു നയതന്ത്രപ്രതിനിധിയുടെ സാന്നിധ്യമില്ലാത്തതും ഫാ. ടോമിനെ തട്ടിയെടുത്തവരെ സംബന്ധിച്ചു വ്യക്തമായ വിവരങ്ങളില്ലെന്നതും കേന്ദ്ര സർക്കാരിനു നേരിട്ടുള്ള ഇടപെടലുകൾക്കു തടസ്സമുണ്ടാക്കി.

ഫാ. ടോമിനെക്കുറിച്ച് ശുഭവാർത്തകളുണ്ടോയെന്നു ചോദിച്ച മാധ്യമപ്രതിനിധികളോടു വിദേശകാര്യമന്ത്രി പലതവണ പറഞ്ഞു: പ്രതീക്ഷ കൈവിടുന്നില്ല. പല പശ്ചിമേഷ്യൻ രാജ്യങ്ങളോടും സഹായം ചോദിച്ചിട്ടുണ്ട്.

കേരള ഗവർണർ പി.സദാശിവം, രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മുൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, മുൻ ഗവർണർ എം.എം. ജേക്കബ്, എം.പി.മാരായ ജോസ് കെ. മാണി, ജോയ് ഏബ്രഹാം, മുൻ മന്ത്രി പി.സി. തോമസ് തുടങ്ങിയവരും കേരളത്തിന്റെ ആവശ്യത്തെക്കുറിച്ചു കേന്ദ്ര സർക്കാരിനെ അറിയിച്ചു.

malankaralibrary.com

വിഷയം കേരളത്തിൽനിന്നുള്ള പല എം.പി.മാരും പല തവണ പാർലമെന്റിൽ ഉന്നയിച്ചു. സാധ്യമായതെല്ലാം ചെയ്യുമെന്നു മന്ത്രി നിർമല സീതാരാമൻ രാജ്യസഭയിൽ പറഞ്ഞപ്പോൾ, മോചനശ്രമങ്ങളുടെ വിശദാംശങ്ങൾ സഭയെ അറിയിക്കണമെന്ന് ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ നിർദ്ദേശിച്ചു. മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയും വിഷയത്തിൽ ഇടപെട്ടിരുന്നു.

യെമൻ ഉപപ്രധാനമന്ത്രി അബ്ദുൽ മാലിക് അബ്ദുൽ ജലീൽ അൽ - മെഖ്ലാഫി തന്നെ സന്ദർശിച്ചപ്പോൾ സുഷമ സ്വരാജ് പറഞ്ഞു: ഫാ. ടോമിന്റെ പ്രശ്നം മുൻഗണനയോടെ പരിഗണിക്കണം.

ഇന്ത്യയുടെ ശ്രമങ്ങൾക്കു സമാന്തരമായ ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ വത്തിക്കാനും, സലേഷ്യൻ സഭയുടെ സുപ്പീരിയർ ജനറൽ ഫാ. ഏഞ്ചൽ ആർതമെ ഫെർണാണ്ടസും പശ്ചിമേഷ്യൻ രാജ്യങ്ങളെ ഇടപെടുത്തിയുള്ള ശ്രമങ്ങൾ നടത്തി.

ഫാ. ടോം ഭീകരരുടെ പിടിയിലായി ഒരുമാസം കഴിഞ്ഞ്, കഴിഞ്ഞ വർഷം ഏപ്രിൽ 10ന് വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വിശ്വാസി സമൂഹത്തെ അഭിസംബോധന ചെയ്തപ്പോൾ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു: സായുധപോരാട്ടമുള്ള മേഖലകളിൽ തട്ടിയെടുക്കപ്പെട്ട എല്ലാവരെയും മോചിപ്പിക്കണമെന്ന അഭ്യർഥന ഞാൻ ആവർത്തിക്കുന്നു. പ്രത്യേകിച്ചും കഴിഞ്ഞ മാർച്ച് നാലിന് യെമനിലെ ഏഡനിൽ തട്ടിയെടുക്കപ്പെട്ട സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിലിനെ ഞാൻ അനുസ്മരിക്കുന്നു. ഇന്നലെ ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് സന്തോഷത്തിന്റെ ദിവസമായിരുന്നു.

(മനോരമ)

## ഒമാൻ സർക്കാരിന്റെ പത്രക്കുറിപ്പ്

ഹിസ്മജസ്റ്റി സുൽത്താൻ ഖാബൂസ് ബിൻ സ ഈദിന്റെ ആജ്ഞ പ്രകാരം ഒമാൻ, യെമനിലെ കക്ഷികളുമായി ബന്ധപ്പെട്ട് വത്തിക്കാൻ (ആവശ്യപ്പെട്ട) വൈദികനെ കണ്ടെത്തി. ഇദ്ദേഹത്തെ മസ്കറ്റിലേക്കു കൊണ്ടുവന്നിട്ടുണ്ട്. ഇവിടെനിന്ന് ഇനി സ്വദേശത്തേക്ക് അയയ്ക്കും.

ടോം ഉഴുന്നാലിൽ എന്ന വൈദികൻ സർവശക്തനായ ദൈവത്തിനു നന്ദി രേഖപ്പെടുത്തുകയും ഹിസ്മജസ്റ്റി സുൽത്താൻ ഖാബൂസിനോടു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

malankaralibrary.com

5

# രാമപുരം ആഹ്ലാദപൂരിതമായി

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനവാർത്തയിൽ നാടെങ്ങും ആഹ്ലാദം. ജന്മനാടായ രാമപുരവും പാലായുമെല്ലാം മധുര പലഹാരങ്ങൾ വിതരണം ചെയ്തും ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചുമാണ് സന്തോഷവും നന്ദിയുമെല്ലാം പ്രകടിപ്പിച്ചത്. ഇന്ന്, പാലാ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കുർബാന അർപ്പിച്ചു പ്രത്യേക കൃതഞ്ജതാ പ്രാർത്ഥന നടത്തുമെന്നു രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പറഞ്ഞു.

ഫാ. ടോമിന്റെ രാമപുരത്തെ വീട് സഹോദരങ്ങൾ നാട്ടിലില്ലാത്തതിനാൽ അടഞ്ഞുകിടക്കുകയാണ്. മോചനവാർത്ത അറിഞ്ഞതോടെ നൂറുകണക്കിനാളുകൾ വെള്ളിലാപ്പള്ളിയിലുള്ള ബന്ധു വി.എ. തോമസിന്റെ വീട്ടിലെത്തി. കുടുംബവീട് ഇപ്പോൾ പരിപാലിക്കുന്ന യു.വി. മാത്യു ബംഗളൂരുലാണ്. മറ്റു സഹോദരങ്ങളായ ഡേവിഡ്, ജോഷി, റോസമ്മ എന്നിവർ യുഎസിലും സഹോദരി മേരി വിവാഹശേഷം പാലക്കാടുമുണ്ട്. സഹോദരൻ അഗസ്റ്റിൻ നേരത്തെ മരിച്ചുപോയിരുന്നു.

ഫാ. ടോമിന്റെ തിരിച്ചുവരവിനായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന രാമപുരത്തുകാർക്ക് ഇന്നലെ ആഹ്ലാദനിമിഷങ്ങളായിരുന്നു. ഭീകരർ തട്ടിക്കൊണ്ടുപോയ ദിനം മുതൽ നാടെങ്ങും പ്രാർത്ഥനാനിരതമായിരുന്നു. പള്ളികളിലും അമ്പലങ്ങളിലും ജാതിമതഭേദമില്ലാതെ നാട്ടുകാർ പ്രാർത്ഥന നടത്തി. മുഖ്യമന്ത്രിയും രാഷ്ട്രീയനേതാക്കളും വീട്ടിലെത്തി മോചനത്തിനായി വേണ്ടതെല്ലാം ചെയ്യുമെന്ന് ഉറപ്പുനൽകിയെങ്കിലും മോചനം നീണ്ടുപോവുകയായിരുന്നു.

ഫാ. ടോം ജീവനോടെ ഉണ്ടെന്ന കേന്ദ്രസർക്കാരിന്റെ അറിയിപ്പു മാത്രമാണ് നാട്ടുകാർക്കും കുടുംബാംഗങ്ങൾക്കും പ്രതീക്ഷ നൽകിയിരുന്നത്. അതിനിടെ കഴിഞ്ഞ ക്രിസ്മസ് കാലത്ത് ഫാ. ടോമിനെ വധിക്കുമെന്ന പ്രചാരണം നാട്ടിൽ ആശങ്കപരത്തിയിരുന്നു. വിവിധ സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രാർത്ഥനാപരിപാടികളും പ്രതിഷേധ യോഗങ്ങളും സംഘടിപ്പിച്ചു. മോചനത്തിനായി സഭയും സർക്കാരും സഹായിക്കണമെന്നും അപേക്ഷിച്ചുള്ള ഫാ. ടോം ഉഴുന്നാലിലിന്റെ വീഡിയോ ദൃശ്യങ്ങൾ രണ്ടു തവണ പുറത്തുവന്നിരുന്നു.

malankaralibrary.com

6

# ലോകത്തിനാകെ ആശ്വാസവാർത്ത

## ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം സാധ്യമാക്കിയവർക്കു നന്ദി

രാജ്യത്തിന് വിശേഷിച്ചു കേരളത്തിന് വലിയ ആഹ്ലാദവും ആശ്വാസവും പകർന്ന് ഫാ. ടോം ഉഴുന്നാലിൽ മോചിതനായി. രാജ്യത്തെ ആശങ്കയുടെയും അനിശ്ചിതത്വത്തിന്റെയും മുൾമുനയിൽ നിർത്തിയതിനുശേഷമുള്ള ഈ മോചനം നാം കേൾക്കാൻ കൊതിച്ച സുവാർത്തതന്നെയായിരുന്നു. ഒമാൻ ഭരണാധികാരി സുൽത്താൻ ഖാബൂസ് ബിൻ സെയ്ദ് അൽ സെയ്ദിന്റെയും അവിടത്തെ സർക്കാരിന്റെയും നിർണായക ഇടപെടലിലൂടെയാണ് ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം യാഥാർഥ്യമായത്.

മദർതെരേസ രൂപംകൊടുത്ത 'ഉപവിയുടെ സഹോദരിമാർ' (മിഷനറീസ് ഓഫ് ചാരിറ്റി) എന്ന സന്യാസിനീസമൂഹം യെമനിൽ നടത്തുന്ന വൃദ്ധസദനം ആക്രമിച്ചാണു ഭീകരർ ഫാ. ടോമിനെ തട്ടിക്കൊണ്ടുപോയത്. എൺപതുപേർ താമസിക്കുന്ന സദനത്തിൽ കഴിഞ്ഞവർഷം മാർച്ച് നാലിനു രാവിലെ എട്ടരയോടെയായിരുന്നു നാലു തോക്കുധാരികളുടെ ആക്രമണം. നാലു കന്യാസ്ത്രീകൾ, ആറ് ഇത്യോപ്യക്കാർ, യെമൻകാരായ പാചകക്കാരൻ, യെമൻകാരായ അഞ്ചു കാവൽക്കാർ എന്നിവരെ തിരഞ്ഞുപിടിച്ചു കൈവിലങ്ങണിയിച്ചശേഷം തലയ്ക്കുനേരെ വെടിയുതിർത്തു വധിക്കുകയും ചെയ്തു.

ഭീകരരുടെ തടങ്കലിലായിരിക്കെ പുറത്തുവന്ന വീഡിയോദൃശ്യങ്ങളിൽ അത്യധികം ക്ഷീണിതനായ നിലയിലാണു ഫാ. ടോം കാണപ്പെട്ടത്. ആരോഗ്യം ക്ഷയിച്ചുവരികയാണെന്നും വൈദ്യസഹായം കൂടിയേ തീരൂവെന്നും മാനുഷികപരിഗണന നൽകി തന്നെ രക്ഷിക്കണമെന്നും മോചിപ്പിക്കണമെന്നും ഫാ. ടോം കഴിഞ്ഞ വീഡിയോയിൽ അപേക്ഷിച്ചിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മോചനം ഇനി ഒരു കാരണവശാലും വൈകിക്കരുതെന്നു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെല്ലാം അഭ്യർത്ഥനകൾ ഉണ്ടാവുകയും ചെയ്തു.

വൃദ്ധസദനത്തിൽ ഭീകരർ നടത്തിയ ആക്രമണത്തെയും കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ വധത്തെയും പൈശാചികമെന്നു വിശേഷിപ്പിച്ച ഫ്രാൻസിസ് മാർപാപ്പ, സംഭവത്തിൽ വലിയ നടുക്കവും ദുഃഖവും രേഖപ്പെടുത്തിയിരുന്നു. വത്തിക്കാന്റെ അഭ്യർത്ഥനയെത്തുടർന്നാണ് ഫാ. ടോമിന്റെ

malankaralibrary.com

മോചനദൗത്യത്തിൽ ഒമാൻ ഇടപെട്ടത്. ഇന്ത്യൻമഹാസമുദ്രത്തിന്റെ തീരത്തു സമാധാനത്തിന്റെ തുരുത്തായി പ്രകാശം വീശുന്ന ഒമാൻ ഫാ. ടോമിനു വേണ്ടി സ്വീകരിച്ച രക്ഷാപ്രവർത്തനങ്ങൾ തീർച്ചയായും ഇന്ത്യ നന്ദിപൂർവം ഓർമ്മിക്കും. ഫാ. ടോമിന്റെ മോചനത്തിനു സാധ്യമായതെല്ലാം ചെയ്യുമെന്ന് ഇക്കഴിഞ്ഞ ജൂലൈയിൽ ന്യൂഡൽഹിയിലെത്തിയ യെമൻ ഉപപ്രധാനമന്ത്രി അബ്ദുൽമാലിക് അബ്ദുൽജലീൽ അൽ - മെഖ്ലാഫി വിദേശകാര്യമന്ത്രി സുഷമസ്വരാജുമായുള്ള ചർച്ചയിൽ വ്യക്തമാക്കിയിരുന്നു.

ഫാ. ടോമിന്റെ മോചനത്തിനായി സുഷമസ്വരാജും വിദേശമന്ത്രാലയവും നടത്തിയ ശ്രമങ്ങൾ വലുതായിരുന്നുവെങ്കിൽപോലും നയതന്ത്രവഴികൾ ആസാധ്യമാക്കുന്നതായിരുന്നു യെമനിലെ സങ്കീർണസാഹചര്യം. ആ രാജ്യത്തിലെ ആഭ്യന്തരയുദ്ധവും അവിടെ ഇന്ത്യൻ എംബസി സജീവമല്ലാത്തതും മോചനവഴിയിലെ പ്രധാന പ്രശ്നമായി. കേരള സർക്കാരും ജനപ്രതിനിനിധികളും ക്രിസ്തീയ സഭാ നേതൃത്വങ്ങളും മറ്റും ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം അടിയന്തരദൗത്യംതന്നെയായി സ്വീകരിച്ചു മുന്നോട്ടു നീങ്ങിയതിന്റെകൂടി ഫലശ്രുതിയാണ് ഈ മോചനം. ഫാ. ടോമിന്റെ മോചനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ഇടപെടണമെന്ന് ഒരേ സ്വരത്തിലാണു കേരളം ആവശ്യപ്പെട്ടത്.

മനുഷ്യത്വം തീർത്തും വെടിഞ്ഞ്, കൂട്ടക്കുരുതികൾ നടത്തി, ചോരപ്പുഴ ഒഴുക്കുന്ന രാജ്യാന്തര ഭീകരർ സമൂഹത്തിൽ നിസ്വാർത്ഥദൗത്യങ്ങളിൽ ഏർപ്പെടുന്നവരെപ്പോലും വെറുതെവിടുന്നില്ലെന്നതു ലോകത്തിന് അത്യധികം ആശങ്കയോടെയേ കാണാനാവൂ. സമർപ്പിതസേവനം നടത്തുന്ന ആരും അനുഭവിക്കാൻ പാടില്ലാത്ത തടങ്കലും നരകവേദനയും സങ്കടങ്ങളും പിന്നിട്ട് ഫാ. ടോം ഉഴുന്നാലിലിന്റെ മുന്നിൽ ഒടുവിൽ മോചനവാതിൽ തുറക്കുമ്പോൾ അതു നന്മയുടെ ആത്യന്തികവിജയത്തെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്നു.

## ഫാ. ടോം ഉഴുന്നാലിൽ മോചിതനായി

യെമനിൽനിന്ന് ഐ.എസ്. ഭീകരർ തട്ടിക്കൊണ്ടുപോയ മലയാളി വൈദികൻ ഫാ. ടോം ഉഴുന്നാലിൽ മോചിതനായി. വത്തിക്കാന്റെ അഭ്യർത്ഥനയെത്തുടർന്ന് ഒമാൻ ഭരണാധികാരി സുൽത്താൻ ഖാബൂസ് ബിൻ സഈദിന്റെ ഉത്തരവനുസരിച്ചാണു യെമനിലെ കക്ഷികളുടെ സഹായത്തോടെ ഫാ. ടോമിനെ മോചിപ്പിച്ചതെന്ന് ഒമാൻ സർക്കാർ ഔദ്യോഗിക പത്രക്കുറിപ്പിൽ അറിയിച്ചു.

പതിനെട്ടുമാസം നീണ്ട കാത്തിരിപ്പിനും ആശങ്കകൾക്കും അറുതി വരുത്തിക്കൊണ്ടാണു പാലാ രാമപുരം സ്വദേശിയും സലേഷ്യൻ സന്യാസ സഭാംഗവുമായ ഫാ. ടോമിന്റെ മോചനം. പ്രത്യേക വിമാനത്തിൽ ഒമാൻ തലസ്ഥാനമായ മസ്കറ്റിലെത്തിച്ചശേഷം ഫാ. ടോമിനെ ഇതേ വിമാനത്തിൽ

malankaralibrary.com

വത്തിക്കാനിലെത്തിച്ചു. അമ്പത്തിയേഴുകാരനായ ഫാ. ടോമിന് ആരോഗ്യ പ്രശ്നങ്ങളുള്ളതിനാൽ വിദഗ്ധ പരിശോധന ആവശ്യമായേക്കും. മോചിതനായതിൽ ദൈവത്തിനും തനിക്കുവേണ്ടി പ്രാർത്ഥിച്ചവർക്കും ഫാ. ടോം നന്ദി പറഞ്ഞു.

ഫാ. ടോമിന്റെ മോചനവിവരം ഔദ്യോഗികമായി പുറത്തുവിട്ട ഒമാൻ സർക്കാരിന്റെ അറിയിപ്പിൽ വത്തിക്കാന്റെ അഭ്യർത്ഥനയെക്കുറിച്ചു പ്രത്യേകം പറയുന്നുണ്ട്. എന്നാൽ, ഇന്ത്യൻ സർക്കാരിനെക്കുറിച്ചോ ഇടപെടലിനെക്കുറിച്ചോ പരാമർശമില്ല. മോചിതനായ വൈദികനെ ആദ്യം മസ്കറ്റിലെത്തിച്ചതും പിന്നീട് വത്തിക്കാനിലെത്തിച്ചതും ഇന്ത്യൻ സർക്കാരിനെയോ മസ്കറ്റിലെ ഇന്ത്യൻ എംബസിയെയോ അറിയിക്കാതെയാണെന്നും റിപ്പോർട്ടുകളുണ്ട്.

ഫാ. ടോമിന്റെ മോചനത്തിൽ സന്തോഷമുണ്ടെന്നു വാർത്ത സ്ഥിരീകരിച്ചുകൊണ്ട് ഇന്നലെ വൈകുന്നേരം 3.40 നു വിദേശകാര്യമന്ത്രി സുഷമ സ്വരാജ് ട്വീറ്റ് ചെയ്തു. ഒമാനിൽ നിന്നുള്ള മോചനവാർത്തയും ഫാ. ടോമിന്റെ മസ്കറ്റിലെ വീഡിയോകളും പുറത്തുവന്നശേഷമായിരുന്നു സുഷമയുടെ ട്വിറ്റർ സന്ദേശം. സംഭവത്തെക്കുറിച്ച് മാധ്യമങ്ങളിലൂടെയുള്ള അറിവു മാത്രമേയുള്ളുവെന്നും പിന്നീട് സ്ഥിരീകരിക്കാമെന്നും ആയിരുന്നു വിദേശകാര്യ മന്ത്രാലയത്തിന്റെ തുടക്കത്തിലുള്ള നിലപാട്. പല മാധ്യമങ്ങളിലും വാർത്ത വന്നതിനെത്തുടർന്നാണ് ഒമാൻ സർക്കാരുമായി കേന്ദ്രസർക്കാർ ബന്ധപ്പെട്ടത്. ഫാ. ടോമിനെ ഇന്ത്യയിലേക്ക് എപ്പോൾ എത്തിക്കുമെന്നതിനു കേന്ദ്രസർക്കാരിനു വ്യക്തമായ വിശദീകരണമില്ല.

ഇതേ സമയം, ഫാ. ടോമിനുവേണ്ടി ഇന്ത്യ മോചനദ്രവ്യമായോ അല്ലാതെയോ പണമൊന്നും നൽകിയിട്ടില്ലെന്ന് കേന്ദ്രസർക്കാരിലെ ഉന്നതർ വ്യക്തമാക്കി. ഭീകരർ വൻതുക മോചനദ്രവ്യമായി ആവശ്യപ്പെട്ടിരുന്നെന്നു നേരത്തെ റിപ്പോർട്ടുണ്ടായിരുന്നു. ഇപ്പോൾ ആരെങ്കിലും പണം നൽകിയോ എന്നതും വ്യക്തമല്ല.

ഇന്ത്യയിൽനിന്നുള്ള കർദ്ദിനാൾമാരുടെയും സി.ബി.സി.ഐ., കെ.സി.ബി.സി. നേതൃത്വങ്ങളുടെയും പാലാ ബിഷപ്പിന്റെയും മറ്റും അഭ്യർത്ഥന മാനിച്ച് ഫ്രാൻസിസ് മാർപാപ്പ നേരിട്ട് വത്തിക്കാൻ അധികാരികൾക്കു നിർദ്ദേശം നൽകിയിരുന്നു. ഇതേത്തുടർന്ന് വത്തിക്കാൻ പ്രതിനിധി ഒമാനിൽ നേരിട്ടെത്തി നടത്തിയ അഭ്യർത്ഥനയെത്തുടർന്നാണ് ഒമാൻ സർക്കാർ ഇടപെട്ട് മോചനം സാധ്യമാക്കിയത്.

## ഫാ. ടോം റോമിൽ ഇന്നു മാർപാപ്പയെ കണ്ടേക്കും

ഐ.എസ്. ഭീകരരിൽനിന്നു മോചിതനായ ഫാ. ടോം ഉഴുന്നാലിൽ ഇന്നലെ രാത്രി റോമിൽ എത്തി. ഇന്നു ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയേക്കും. റോമിൽ സലേഷ്യൻ ഭവനത്തിൽ താമസി

malankaralibrary.com

ക്കുന്ന ഫാ. ടോം ഏതാനും ദിവസത്തിനുള്ളിൽ കേരളത്തിലെത്തുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് സതേൺ അറേബ്യയുടെ അപ്പസ്തോലിക് വികാരിയത്ത് ബിഷപ് പോൾ ഹിൻഡറുടെ സെക്രട്ടറി ഫാ. തോമസ് സെബാസ്റ്റ്യൻ ദീപികയോടു പറഞ്ഞു.

മോചിതനായ ഫാ. ടോമുമായി ഫോണിൽ സംസാരിച്ചെന്നും അദ്ദേഹം ക്ഷീണിതനാണെന്നും ഫാ. തോമസ് സെബാസ്റ്റ്യൻ പറഞ്ഞു.

## ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിൽ ആഹ്ളാദം : കത്തോലിക്കാകോൺഗ്രസ്

യെമനിൽ ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിൽ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി ആഹ്ളാദവും നന്ദിയും പ്രകടിപ്പിച്ചു. എല്ലാ ഭാരതീയർക്കും ഇത് അഭിമാന മുഹൂർത്തമാണ്. ഒന്നര വർഷമായി തടങ്കലിലായിരുന്ന ഫാ. ടോമിന്റെ മോചനത്തിന് മുൻകൈയെടുത്ത ഒമാൻ സർക്കാരിനെയും കേന്ദ്ര ഗവൺമെന്റിനെയും രൂപതാസമിതി അഭിനന്ദിച്ചു.

ഫാ. ടോമിന്റെ മോചനത്തിനായി പ്രാർത്ഥിച്ച എല്ലാവരോടും പ്രയത്നിച്ച ഭരണാധികാരികളോടും സഭാ നേതൃത്വത്തോടും വിവിധങ്ങളായ സമരങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ കത്തോലിക്കാ കോൺഗ്രസ് നേതൃത്വത്തോടും പൊതുസമൂഹത്തോടുമുള്ള കടപ്പാടും നന്ദിയും പാലാ രൂപതാസമിതി പ്രകാശിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽ ആഹ്ളാദപ്രകടനങ്ങളും മധുര പലഹാരവിതരണവും നടത്തി.

## ദൈവകാരുണ്യത്തിനു നന്ദി: സിസ്റ്റർ പ്രേമ

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനവാർത്ത ദീപികയുടെ കോട്ടയം ഓഫീസിൽ നിന്നാണ് വിശുദ്ധ മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ കൊൽക്കത്തയിലെ മദർ ഹൗസിൽ അറിഞ്ഞത്. 'ദൈവത്തിന്റെ കാരുണ്യത്തിനു നന്ദി' സിസ്റ്റർ സുപ്പീരിയർ പ്രേമ മോചനവാർത്ത അറിഞ്ഞ നിമിഷം ഫോണിൽ ദീപികയോടു പ്രതികരിച്ചു.

'ലോകത്തിന്റെ പ്രാർത്ഥന ദൈവം കൈവിട്ടില്ല. ആയിരം നന്ദി' ഒപ്പമുണ്ടായിരുന്ന അസിസ്റ്റന്റ് സുപ്പീരിയർ പാലാ ചേർപ്പുങ്കൽ സ്വദേശി സിസ്റ്റർ ലൈസ അറയ്ക്കക്കുന്നേൽ ആശ്വാസം പങ്കുവച്ചു.

യെമനിലെ ഏദനിൽ മദർ തെരേസ സ്ഥാപിച്ച അഗതിമന്ദിരത്തിൽ ആത്മീയ ശുശ്രൂഷ ചെയ്തുവരുമ്പോഴാണ് 2016 മാർച്ച് നാലിന് രാവിലെ

malankaralibrary.com

അതിദാരുണമായ കൂട്ടക്കൊലയുണ്ടായത്. ഇവിടെ ആതുരശുശ്രൂഷ ചെയ്തിരുന്ന മദർ തെരേസ സന്യാസസമൂഹത്തിലെ ജാർഖണ്ഡ് സ്വദേശി സിസ്റ്റർ ആൻസലം (57), റുവാണ്ടയിൽനിന്നുള്ള സിസ്റ്റർ മാഡ്രിഡ് (44), സിസ്റ്റർ റെജിനിറ്റ് (32), കെനിയക്കാരി സിസ്റ്റർ ജൂഡിറ്റ് (32) എന്നിവരും മറ്റ് 12 പേരും തീവ്രവാദികളുടെ വെടിയേറ്റു മരിച്ചു. ഇവർക്കൊപ്പം ശുശ്രൂഷ ചെയ്തിരുന്ന തൊടുപുഴ ഇളംദേശം പുൽപ്പറമ്പിൽ സിസ്റ്റർ സാലി തലനാരിഴയ്ക്കു വെടിയേൽക്കാതെ രക്ഷപെട്ടു.

വിശുദ്ധ കുർബാന അർപ്പിച്ചശേഷം ഇതേസമയം ചാപ്പലിൽ പ്രാർത്ഥനയിലായിരുന്ന ടോം അച്ചനെ തീവ്രവാദികൾ ബന്ദിയാക്കി വാഹനത്തിൽ വലിച്ചിഴച്ചുകൊണ്ടുപോയി. അന്നുമുതൽ ടോമച്ചന്റെ മോചനത്തിനുവേണ്ടി മിഷനറീസ് ഓഫ് ചാരിറ്റിയുടെ ലോകമെമ്പാടുമുള്ള മഠങ്ങളിൽ പ്രാർത്ഥന നടന്നുവരികയായിരുന്നു.

'കൊൽക്കത്തയിൽ വിശുദ്ധ മദർ തെരേസയുടെ കബറിടത്തോടു ചേർന്ന് ഫാ. ടോം ഉഴുന്നാലിലിന്റെ ഒരു ചെറിയ ഫോട്ടോ ഞങ്ങൾ വച്ചിട്ടുണ്ട്. അച്ചനെ രക്ഷിക്കാൻ മദർ തെരേസയുടെ മധ്യസ്ഥത ഞങ്ങൾ യാചിച്ചുപോന്നു. പ്രിയ മദറിന്റെ മധ്യസ്ഥതയിലുള്ള അത്ഭുതകരമായ അനുഗ്രഹം കൂടിയാണിത്. ഈ കബറിനുചുറ്റും രാപകൽ സന്യാസിനിമാർ ജപമാല ചൊല്ലിവരികയായിരുന്നു'. സിസ്റ്റർ ലൈസ പറഞ്ഞു.

മദർഹൗസിലെ ചാപ്പലിനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന ബ്ലാക്ക് ബോർഡിൽ ഇന്നലെ വൈകുന്നേരംവരെ പ്രാർത്ഥനാ നിയോഗങ്ങളുടെ പട്ടികയിൽ ഒന്നാമതായി ഇങ്ങനെ എഴുതിയിരുന്നു.

'ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം' മദർ ഹൗസിൽ ദിവസവും രാവിലെ ആറിനുള്ള വിശുദ്ധ കുർബാനമധ്യേ ഉപവിയുടെ സഹോദരികൾ ടോം അച്ചന്റെ മോചനത്തിനുവേണ്ടി ഇന്നലെ രാവിലെയും നിയോഗം വച്ചു പ്രാർത്ഥിച്ചിരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും കൊൽക്കത്ത ബിഷപ്സ് ഹൗസ് റോഡിലെ ഗ്രോട്ടോയിലേക്കു കന്യാസ്ത്രീകൾ ചെരുപ്പിടാതെ കുരിശിന്റെ വഴി നടത്തിയിരുന്നു. ആഴ്ചയിലൊരിക്കൽ സഭയിലെ എല്ലാ അംഗങ്ങളും ഉപവാസം അനുഷ്ഠിച്ചും ടോം അച്ചന്റെ മോചനത്തിനായി യാചനാ പ്രാർത്ഥന അർപ്പിച്ചുപോന്നു.

'രോഗവേദനകൾ മറന്ന് യെമനിലെ ഏഡനിലേക്കു പോയത് കന്യാസ്ത്രീകളുടെ ആധ്യാത്മിക ചുമതല ഏറ്റെടുക്കാൻ ആഗ്രഹിച്ചാണ്. സഹോദരിമാർക്ക് കൂദാശകൾ മുടങ്ങാതിരിക്കാൻ ജീവൻ പണയപ്പെടുത്തിയും അച്ചൻ അവിടെ എത്തുകയായിരുന്നുവെന്നു സിസ്റ്റർ ലൈസ പറഞ്ഞു.

മോചനത്തിൽ ആശ്വാസം പങ്കുവച്ചതിനൊപ്പം ഇന്നലെ വൈകുന്നേരം കൃതജ്ഞതാബലിയും ഒപ്പ ജപമാലയും മദർ തെരേസയുടെ കബറിട ചാപ്പലിൽ നടത്തി. മദർ ഹൗസിലേക്ക് ഇന്നലെ വൈകുന്നേരം മൂന്നിന് ദീപിക

malankaralibrary.com

യുടെ കോട്ടയം ഓഫീസിൽ നിന്ന് വിളിക്കുമ്പോൾ കൊൽക്കത്തയിലെ ആസ്ഥാന മന്ദിരത്തിൽ സഭാനേതൃത്വത്തിന്റെ പ്രത്യേക യോഗം നടന്നുവരികയായിരുന്നു.

മദർഹൗസിൽ ടെലിവിഷനും സിസ്റ്റേഴ്സിനു മൊബൈൽ ഫോണും ഇല്ലാത്തതിനാൽ ടോം അച്ചന്റെ മോചനം ലോകം ആശ്വാസത്തോടു കേട്ടറിഞ്ഞപ്പോഴും മിഷനറീസ് ഓഫ് ചാരിറ്റി സഹോദരിമാർ ആതുരശുശ്രൂഷാ ജോലികളിലായിരന്നു. മദർഹൗസിനോടു ചേർന്നുള്ള സ്ഥാപനങ്ങളായ ശിശുഭവനിലും കാളിഘട്ടിലെ നിർമൽഹൃദയ് വൃദ്ധമന്ദിരത്തിലും ടോമച്ചന്റെ മോചനം ആശ്വാസത്തോടെയാണ് സിസ്റ്റേഴ്സ് കേട്ടറിഞ്ഞത്. (ദീപിക)

## കോട്ടയത്തെ മദർ തെരേസാ മഠത്തിൽ കൃതജ്ഞതാ ജപമാല

കോട്ടയത്തെ മദർ തെരേസാ മഠത്തിലും മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സ് പ്രത്യേക പ്രാർത്ഥന നടത്തി. ഫാ. ടോം ഉഴുന്നാലിൽ മോചിതനായ വിവരമറിഞ്ഞ് മഠം ചാപ്പലിൽ ഇന്നലെ സിസ്റ്റേഴ്സ ജപമാലയും കൃതജ്ഞതാസ്തോത്രവും അർപ്പിച്ചു.

സിസ്റ്റർ ഉഷാറാണി, സിസ്റ്റർ റേച്ചല, സിസ്റ്റർ ജോത്സന, സിസ്റ്റർ തെരേസ, സിസ്റ്റർ മരിയ ജസീന്ത എന്നിവരാണു കോട്ടയം മഠത്തിലെ അംഗങ്ങൾ. ടോം അച്ചൻ ബന്ദിയാക്കപ്പെട്ട ദിവസം മുതൽ അദ്ദേഹത്തിനുവേണ്ടി കോട്ടയത്തെ മഠത്തിലും പ്രാർത്ഥനയുണ്ടായിരുന്നു. യെമനിലെ കൂട്ടക്കൊലയിൽനിന്നു രക്ഷപ്പെട്ട ചാരിറ്റി സന്യാസിനി തൊടുപുഴ ഇളംദേശം പുൽപ്പറമ്പിൽ സാലി പിന്നീട് കോട്ടയത്തെ മഠം സന്ദർശിച്ചിരുന്നു. തുടർന്ന് ടോം അച്ചന്റെ രാമപുരത്തെ കുടുംബവീട് സന്ദർശിച്ച് സിസ്റ്റർ സാലി ബന്ധുക്കളെ ആശ്വസിപ്പിക്കുകയും ചെയ്തു.

ടോം അച്ചന്റെ മോചനത്തിൽ എല്ലാവർക്കുമൊപ്പം ആശ്വാസം കൊള്ളുന്നതായി സിസ്റ്റേഴ്സ് ദീപികയോടു പറഞ്ഞു. വിശുദ്ധ മദർ തെരേസ കോട്ടയം ഇറഞ്ഞാർ റോഡിലെ മഠത്തിൽ രണ്ടു തവണ സന്ദർശനം നടത്തുകയും താമസിക്കുകയും ചെയ്തിട്ടുണ്ട്.

## ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിൽ ആശ്വാസം, പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലം : മാർ ജേക്കബ് മുരിക്കൻ

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം നിരന്തരമായ പ്രാർത്ഥനയുടെ ഫലമാണെന്നു പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, എല്ലാവരും വളരെ നിസഹായമായ ഒരവസ്ഥയിലായിരുന്നു.

ടോമച്ചൻ എവിടെയാണെന്നോ, ഏതവസ്ഥയിലാണെന്നോ അറിയി

malankaralibrary.com

ല്ലാത്ത സാഹചര്യം. നിസഹായരുടെ നിലവിളി ദൈവം കേൾക്കുമെന്നതിന്റെ തെളിവാണിത്. ലോകം മുഴുവൻ അച്ചനുവേണ്ടി ബലിയർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു.

വത്തിക്കാന്റെ പ്രാർത്ഥനയും ഇടപെടലും മോചനശ്രമത്തിലുണ്ടായത് ഭാരതസഭയോടുള്ള കരുതലിന്റെ തെളിവാണ്. ഇന്ത്യാ ഗവൺമെന്റിന്റെ അഭ്യർത്ഥനപ്രകാരം ഒമാൻ ഗവൺമെന്റിന്റെ ഇടപെടൽ ഇക്കാര്യത്തിൽ ശ്രദ്ധേയമാണ്.

ജാതിമതരാഷ്ട്രീയഭേദമെന്യേ എല്ലാവരും ഒരുമിച്ച് ഇടപെട്ട ഒരപൂർവ അവസരമായിരുന്നു ഇത്. അച്ചന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ഇടപെടുകയും ചെയ്ത എല്ലാവരോടും നന്ദി പറയുന്നു.

നന്ദി സൂചകമായി ഇന്ന് പാലാ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വിശുദ്ധകുർബാന അർപ്പിച്ച് പ്രാർത്ഥിക്കണമെന്നും മാർ മുരിക്കൻ ആഹ്വാനം ചെയ്തു.

## മോചനത്തിൽ സന്തോഷം: കെ.എം. മാണി

ഫാ. ടോം ഉഴുന്നാലിലിനെ മോചിതനാക്കിയതിൽ ആശ്വാസവും സന്തോഷവുമുണ്ടെന്ന് കെ.എം. മാണി എം.എൽ.എ. ഫാ. ഉഴുന്നാലിലിനെ ഭീകരർ ഒന്നരവർഷം മുമ്പാണ് തട്ടിക്കൊണ്ടുപോയത്. അദ്ദേഹത്തിന്റെ ആരോഗ്യനില അപകടത്തിലാണെന്ന് റിപ്പോർട്ടുണ്ട്. അദ്ദേഹത്തിന്റെ ആരോഗ്യനില ഭദ്രമാക്കാൻ കേന്ദ്രസർക്കാർ ഇടപെടണം.

ഫാ. ഉഴുന്നാലിലിന്റെ മോചനത്തിനുവേണ്ടി പരിശ്രമിച്ചവരോടൊക്കെ നന്ദിയുണ്ടെന്നും കെ.എം. മാണി പറഞ്ഞു.

## കെ.സി.ബി.സി. സെക്രട്ടറിയേറ്റിൽ കൃതജ്ഞതാ പ്രാർത്ഥന

യെമനിലെ ഏദനിൽ നിന്ന് ഭീകരർ തട്ടിക്കൊണ്ടുപോയ സലേഷ്യൻ സഭാംഗമായ ഫാ. ടോം ഉഴുന്നാലിൽ മോചിതനായെന്ന വാർത്തയെ തുടർന്ന് നന്ദിസൂചകമായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി.യിൽ കൃതജ്ഞതാ പ്രാർത്ഥന നടന്നു.

18 മാസം ഭീകരതാവളത്തിൽ ബന്ധിയാക്കപ്പെട്ട ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായ് പരിശ്രമിച്ച ഒമാൻ ഭരണകൂടത്തെയും ഇന്ത്യയിലെയും വിദേശങ്ങളിലെയും നയതന്ത്ര പ്രതിനിധികളെയും കൃതജ്ഞതയോടെ സ്മരിക്കുന്നതായി കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അറിയിച്ചു. ലോകമെമ്പാടുമുള്ള മലയാളി സമൂഹങ്ങളും വിശ്വാസികൂട്ടായ്മകളും ടോമച്ചനുവേണ്ടിയുള്ള നിരന്തര പ്രാർത്ഥനയിലായിരുന്നെന്നും ആ പ്രാർത്ഥനകൾ സഫലമായതിൽ അതി

malankaralibrary.com

യായ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫാ. പ്രസാദ് തെരുവത്ത് ഒസിഡി, റവ. ഡോ. ജോഷി മയ്യാറ്റിൽ തുടങ്ങിയവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## ഫാ. ടോം മോചനം: സന്തോഷം പങ്കുവച്ച് മുസ്ലീം നേതാക്കൾ

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും ഫലമാണെന്നു മാർ ജേക്കബ് മുരിക്കൻ.

ഫാ. ടോം ഉഴുന്നാലിൽ മോചിപ്പിക്കപ്പെട്ടതിലുള്ള സന്തോഷം പങ്കുവയ്ക്കുന്നതിനായി ബിഷപ്സ് ഹൗസിൽ എത്തിയ മുസ്ലീം നേതാക്കളോടു സംസാരിക്കുകയായിരുന്നു മാർ മുരിക്കൻ.

കേരള മുസ്ലീം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് മുഹമ്മദ് സക്കീർ, ഇമാം ഏകോപന സമിതി ചെയർമാൻ മുഹമ്മദ് നദീർ മൗലവി, ഈരാറ്റുപേട്ട നഗരസഭാദ്ധ്യക്ഷൻ ടി.എം. റഷീദ് എന്നിവരുടെ നേതൃത്വത്തിൽ ഇമാമീങ്ങൾ അഷറഫ് മൗലവി മഹല്ല് ഭാരവാഹികളായ മുഹമ്മദ് ഷരീഫ് വെള്ളാപ്പള്ളിപ്പറമ്പിൽ, അബ്ബാസ് പാറയിൽ, കെ. എം. ജാഫർ എന്നിവരാണു മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവരുമായി കൂടിക്കാഴ്ച നടത്തിയത്.

രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിലും വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേലിനോടൊപ്പം ഫാ. ടോം ഉഴുന്നാലിലിന്റെ വീട്ടിലും മുസ്ലീം നേതാക്കൾ സന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### കെ.ആർ.എൽ.സി.സി.

ഫാ. ടോം ഉഴുന്നാലിലിനെ വിട്ടയച്ചതിൽ കെ.ആർ.എൽ.സി.സി. നന്ദിയും സന്തോഷവും രേഖപ്പെടുത്തി. വിട്ടയയ്ക്കുന്നതിനുള്ള ശ്രമങ്ങളിൽ ആത്മാർത്ഥതയോടെ പങ്കുചേർന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾക്കു നന്ദി അറിയിച്ചു. വിദേശകാര്യമന്ത്രാലയത്തിന്റെ ഇടപെടൽ അതീവ പ്രശംസനീയമാണെന്നു കെ.ആർ.എൽ.സി.സി. വൈസ് പ്രസിഡന്റ് ഷാജി ജോർജ് അഭിപ്രായപ്പെട്ടു.

malankaralibrary.com

## മോചനത്തിനായി പരിശ്രമിച്ച ഏവർക്കും നന്ദി: കത്തോലിക്കാകോൺഗ്രസ്സ്

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി സഹകരിച്ച ഏവർക്കും കത്തോലിക്കാകോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി ബിജു പറയന്നിലം നന്ദി രേഖപ്പെടുത്തി.

ഫാ. ടോം ഉഴുന്നാലിൽ യമനിൽ ഭീകരരുടെ തടങ്കലിലായ നിമിഷം മുതൽ കത്തോലിക്കാ കോൺഗ്രസ് അദ്ദേഹത്തിന്റെ മോചനത്തിനായി സുശക്തമായി നിലകൊണ്ടു.

സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി എറണാകുളത്ത് ഉദ്ഘാടനം നിർവഹിച്ച പ്രാർത്ഥനായജ്ഞം കേരളമെമ്പാടും നടത്തുകയും സർക്കാരുകളുടെ ഇടപെടലുകൾ ആവശ്യപ്പെട്ടുകൊണ്ട് കേരള ഹൈക്കോടതിയുടെയും ഡൽഹിയിൽ പാർലമെന്റ് മന്ദിരത്തിന്റെ മുമ്പിലും ഡൽഹി ഫരീദാബാദ് രൂപതാ ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര ഉദ്ഘാടനം ചെയ്ത ധർണകളും കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ചു.

## ആർച്ച് ബിഷപ് മാർ താഴത്ത്

ഭീകരരുടെ തടവിലായിരുന്ന ഫാ. ടോം ഉഴുന്നാലിൽ മോചിതനായതിൽ അതിരൂപത ആർച്ച്ബിഷപ്പും സി.ബി.സി.ഐ. വൈസ് പ്രസിഡന്റുമായ മാർ ആൻഡ്രൂസ് താഴത്ത് സന്തോഷം പ്രകടിപ്പിച്ചു. ഫാ. ടോമിന്റെ മോചനത്തിനായി പരിശ്രമിച്ചവർക്കും പ്രവർത്തിച്ചവർക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

## ഡോ. കളത്തിപ്പറമ്പിൽ

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തെ അത്യധികം സന്തോഷത്തോടും കൃതജ്ഞതയോടും ശ്രവിക്കുന്നതായി വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പറഞ്ഞു.

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി ആദ്യമായി ലോകശ്രദ്ധ ക്ഷണിച്ചതു ഫ്രാൻസിസ് മാർപാപ്പയാണ്. അദ്ദേഹമാണ് ഈ പ്രശ്നത്തിൽ സജീവമായി ഇടപെടുകയും ലോകമെമ്പാടുമുള്ള ജനങ്ങളോട് അദ്ദേഹത്തിന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നും പ്രവർത്തിക്കണമെന്നും ആഹ്വാനം ചെയ്യുകയും ചെയ്തത്. നയതന്ത്രതലത്തിൽ വത്തിക്കാനും അക്കാര്യത്തിൽ ഇടപെടുകയുണ്ടായി. മോചനം സാധ്യമാക്കിയ യമൻ, യെമാൻ സർക്കാരുകളോട് പ്രത്യേകം നന്ദി പറയുന്നു.

malankaralibrary.com

## പിണറായി വിജയൻ, മുഖ്യമന്ത്രി

വിശ്വാസി സമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ആഹ്ലാദത്തിൽ പങ്കുചേരുന്നു. ഫാ. ടോമിന്റെ തുടർചികിത്സകൾക്ക് എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം

മോചനത്തിനായി ഇടപെട്ട വത്തിക്കാനും ഒമാൻ സർക്കാരിനും നന്ദി അറിയിക്കുന്നു.

## ഫാ. ഉഴുന്നാലിൽ: പ്രാർത്ഥനാ സാഫല്യത്തിൽ സഹോദരി മേരി

മനസ്സുരുകി പ്രാർത്ഥിക്കുകയായിരുന്നു മേരി. ഇളയസഹോദരൻ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി. പ്രാർത്ഥന ഒഴിഞ്ഞ നേരമില്ലായിരുന്നു ഈ കാലം മുഴുവൻ. അച്ചന്റെ വീഡിയോകൾ പുറത്തുവരുമ്പോൾ, അതിൽ രക്ഷിക്കാനായുള്ള യാചന കാണുമ്പോൾ മനസ്സു തകർന്നു പോയിരുന്നു. പ്രാർത്ഥിക്കുകയല്ലാതെ മറ്റു വഴികളൊന്നും ഇല്ലായിരുന്നു. 2015 ൽ നാട്ടിൽ വന്നപ്പോൾ ടോം അച്ചൻ പാലക്കാട്ടെത്തിയിരുന്നു. പിന്നീടു കഴിഞ്ഞ മേയിൽ മേരിയുടെ മകന്റെ കല്യാണത്തിന് എത്തുമെന്ന് അറിയിച്ചിരുന്നു. പക്ഷേ അതിനു തയാറെടുക്കുന്ന സമയത്താണു തീവ്രവാദികൾ തടവിലാക്കിയത്. എന്തു സംഭവിച്ചെന്നറിയാതെ ഇരിക്കുമ്പോൾ ഒരു അജ്ഞാത നമ്പരിൽ നിന്നു കോൾ വന്നു. മറുവശത്തെ ഭാഷ ഏതെന്നു വ്യക്തമായില്ല. അച്ചന്റെ ഫോണിലുണ്ടായിരുന്ന തന്റെ നമ്പരിലേക്കു തട്ടിക്കൊണ്ടുപോയവർ വിളിച്ചതാണെന്നു മേരി പറയുന്നു.

## കാതോലിക്കാ ബാവാ സന്തോഷം പ്രകടിപ്പിച്ചു

യെമനിൽ ഭീകരരുടെ തടവിലായിരുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിൽ മലങ്കര ഓർത്തഡോക്സ് സഭാ അധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സന്തോഷം പ്രകടിപ്പിച്ചു. ഇതിനായി യത്നിച്ച കേന്ദ്ര - സംസ്ഥാന സർക്കാരുകളെയും സംഘടനകളെയും അദ്ദേഹം അഭിനന്ദിച്ചു.


malankaralibrary.com

## പി.സി. തോമസ് അനുമോദിച്ചു

ഭീകരരുടെ പിടിയിൽ കഴിഞ്ഞിരുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി നിരന്തരശ്രമം നടത്തിയിരുന്ന മോഡി സർക്കാരിനെയും വിദേശകാര്യമന്ത്രി സുഷമാസ്വരാജിനെയും കേരളാകോൺഗ്രസ് ചെയർമാനും എൻ.ഡി.എ. ദേശീയസമിതി അംഗവും മുൻ കേന്ദ്രമന്ത്രിയുമായമായ പി.സി. തോമസ് അനുമോദിച്ചു. മോചിതനായി ഡൽഹിയിൽ എത്തിയതു മുതൽ പി.സി. തോമസ്, ഫാ. ടോമിനെ അനുഗ്രമിച്ചു. ബാംഗ്ലൂരിലും കൊച്ചിയിലും രാമപുരത്തും നടന്ന ചടങ്ങുകളിൽ തോമസ് പങ്കെടുത്തു.

## പ്രോലൈഫ് സമിതി പ്രാർത്ഥനാസംഗമങ്ങൾ നടത്തും

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിന്റെ പശ്ചാത്തലത്തിൽ കെ.സി.ബി.സി. പ്രോലൈഫ് സമിതി ഇന്നു വിവിധ ദേവാലയങ്ങളിൽ കൃതജ്ഞതാബലിയും പ്രാർത്ഥനാസംഗമങ്ങളും നടത്തും. മോചനത്തിനായി പ്രവർത്തിച്ച സർക്കാരുകളെയും സഭാനേതൃത്വങ്ങളെയും അനുമോദിക്കുന്നതായും ഡയറക്ടർ ഫാ. പോൾ മാടശേരി, ജനറൽ സെക്രട്ടറി സാബു ജോസ് എന്നിവർ അറിയിച്ചു.



കരുതലിൻ നടുവിൽ: [illegible]

# ടോമച്ചനെത്തി, ജന്മനാടിന്റെ സ്നേഹത്തണലിലേക്ക്

malankaralibrary.com

7

# ദൈവം കാത്തു

'രക്തസാക്ഷിത്വമെന്ന പുണ്യത്തിനു ഞാൻ യോഗ്യനല്ലെന്നു തമ്പുരാൻ കരുതിയിട്ടുണ്ടാവും. യമനിൽ അരക്ഷിതമായ ജീവിതപരിസരങ്ങളോടു മല്ലിട്ടു വേല ചെയ്യാനയച്ചതു ദൈവമാണ്; നാലു സന്യാസിനികൾ ഉൾപ്പെടെ പതിനാറുപേർ കൊല്ലപ്പെട്ട ആ ദുരന്ത ദിനത്തിൽ എന്നെ മരണത്തിനു വിട്ടു നൽകാതെ കാത്തതും ദൈവം; മോചനത്തിലൂടെ മടങ്ങിയെത്തി ദൈവകാരുണ്യത്തിന്റെ സാക്ഷ്യം ലോകത്തോടുപറയാൻ അനുവദിച്ചതും ദൈവം; നാലു സന്യാസിനികൾ ഉൾപ്പെടെ കൺമുമ്പിൽ കൊല്ലപ്പെട്ടവർക്കും അവരുടെ കൊലപാതകികൾക്കും ബന്ദികളായവർക്കുമായി പ്രാർത്ഥിക്കാൻ എന്നോടു നിരന്തരം ഓർമ്മിപ്പിക്കുന്നതും ദൈവം തന്നെ.....!'

സംഭവിച്ചതെല്ലാം ദൈവികപദ്ധതിയെന്ന് അറിഞ്ഞും അറിയിച്ചും ഫാ. ടോം ഉഴുന്നാലിൽ സഹനസാക്ഷ്യം ഇന്നു നമ്മോടൊപ്പം.

മോചിതനാക്കപ്പെട്ടശേഷം താൻ അംഗമായ സലേഷ്യൻ സന്യാസ സമൂഹത്തിന്റെ ബംഗളുരു പ്രൊവിൻഷ്യൻ ഹൗസിൽ സഹപ്രവർത്തകരെയും അഭ്യുദയകാംക്ഷികളെയും സാക്ഷിയാക്കി അർപ്പിച്ച കൃതജ്ഞതാ ദിവ്യബലിക്കുശേഷമായിരുന്നു ദീപികയ്ക്കായി ദീർഘസംഭാഷണത്തിനു ഫാ. ടോം ഉഴുന്നാലിൽ സമയം കണ്ടെത്തിയത്.

പ്രാർത്ഥനയുടെ ഫലമാണു ഞാനും എന്റെ ഈ ജീവിതവും, നല്ല തമ്പുരാനും എല്ലാവർക്കും നന്ദി എന്നീ വാക്കുകളുടെ ശോഭയായിരുന്നു ആ മുഖത്ത്. തടവറവാസത്തിനുശേഷം തുടർച്ചയായുള്ള പരിപാടികളും യാത്രകളുംകൊണ്ടുള്ള ക്ഷീണം ശരീരഭാഷയിൽ വ്യക്തം. പതിവു പരിശോധനയ്ക്കെത്തിയ ഡോക്ടറിൽ നിന്നു ടോമച്ചൻ ആരോഗ്യത്തിൽ കൂടുതൽ ശ്രദ്ധിക്കണം എന്ന വിനയപൂർണമായ ഓർമ്മപ്പെടുത്തൽ കേട്ടിട്ട് ഏറെയായില്ല. എങ്കിലും പ്രാർത്ഥനയും പ്രത്യാശയുമായി കാത്തിരുന്നവരോടു ഹൃദയം തുറക്കാനും നന്ദിയർപ്പിക്കാനുമുള്ള മനസ്സിനു മുമ്പിൽ അദ്ദേഹം തളരുന്നില്ല. പ്രൊവിൻഷ്യൽ ഹൗസിന്റെ മൂന്നാം നിലയിലെ മുറിയിലേക്കു ലിഫ്റ്റ് ഉപയോഗിക്കാനുള്ള മറ്റ് വൈദികരുടെ നിർബന്ധത്തെ സ്നേഹത്തോടെ നിരസിച്ചു പടികൾ ചവിട്ടി മുകളിലെത്താനും അച്ചനു മടിയില്ല. (ദീപിക ഒക്ടോ.1)

## കൊതിച്ചതു മോചനമല്ല, ബലിയർപ്പണം

മോചിപ്പിക്കപ്പെടുക എന്നതിനേക്കാൾ തമ്പുരാന്റെ അൾത്താരയിൽ

malankaralibrary.com

ബലിയർപ്പിക്കുകയായിരുന്നു തടവറക്കാലത്തെ തീവ്രമായ ആഗ്രഹം. അവർ എനിക്കു മൂന്നു നേരവും അതിലധികവും ഭക്ഷണം നൽകി. മരുന്നുകൾ നൽകി. ഇടയ്ക്ക് അസുഖങ്ങൾ വരുമ്പോൾ ഡോക്ടറെ സ്ഥലത്തെത്തിച്ചു. എന്റെ ആരോഗ്യത്തെക്കുറിച്ചുള്ള അവരുടെ കരുതൽ എന്നെ അത്ഭുതപ്പെടുത്തി.

ശാരീരികമായി യാതൊരുവിധ പീഡനങ്ങളും ഏൽക്കേണ്ടിവന്നില്ല. ആഗഹിച്ചതു ദിവസവും തമ്പുരാന്റെ ദിവ്യബലിയർപ്പിക്കാനുള്ള അവസരമുണ്ടാവുക എന്നതു മാത്രം. എങ്കിലും അപ്പവും വീഞ്ഞുമില്ലാതെ കൈകൾ ബലപീഠമാക്കി പ്രാർത്ഥനകൾ മനസിൽ ചൊല്ലി നിശബ്ദമായി തമ്പുരാനൊപ്പം.......

## ശബ്ദങ്ങളില്ലാത്ത ഒന്നരവർഷം

ടോയ്‌ലറ്റ് എന്നതിന്റെ അറബി പദം ഹമാം എന്ന വാക്ക് പഠിച്ചതു തടവറയിൽ കിടക്കുമ്പോഴാണ്. തടവറയിൽ ഒറ്റമുറിക്കുള്ളിൽ മാസങ്ങൾ തള്ളിനീക്കുമ്പോൾ ചുറ്റുമുണ്ടായിരുന്നവർക്ക് അറിയാമായിരുന്നത് അറബി മാത്രം. എനിക്ക് അൽപം പോലും അറിയാതിരുന്ന ആ ഭാഷയിൽ അവരോടു സംസാരിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഹമാം എന്ന വാക്കുമാത്രമാണ് ഒന്നര വർഷംകൊണ്ട് ഞാൻ പഠിച്ച അറബി.

ഉറക്കെ ശബ്ദിക്കാനാവാതെ, ഏതെങ്കിലും ഭാഷയിൽ അൽപം സംസാരിച്ച് ആശയവിനിമയത്തിനു സാധ്യതയില്ലാതെ ഒന്നര വർഷം കഴിയുക. ഇന്ന് അതേക്കുറിച്ചോർക്കുമ്പോൾ അത്ഭുതമാണെന്നു ടോമച്ചൻ. രാവിലെ ഇംഗ്ലീഷിലും മലയാളത്തിലും പ്രാർത്ഥനകളും ഗീതങ്ങളും ജപമാലയും ചൊല്ലിയതു മനസ്സിൽ; അല്ലെങ്കിൽ ഞാൻ മാത്രം കേൾക്കാവുന്ന ശബ്ദത്തിൽ! ഒന്നരവർഷത്തെ നിശബ്ദത...... ഇപ്പോൾ സംസാരിക്കുമ്പോൾ കണ്ഠനാളത്തിൽ അതിന്റെ ബുദ്ധിമുട്ട് തിരിച്ചറിയുന്നുണ്ട്.

## പ്രാർത്ഥനാനാളുകൾ

തടവറയിലെങ്കിലും മനസും ഹൃദയവും നിറയെ പ്രാർത്ഥനയും ദൈവവുമായുള്ള സംഭാഷണങ്ങളുമായിരുന്നു. കൺമുമ്പിൽവച്ചു കൊല്ലപ്പെട്ട നാലു സന്യാസിനികൾ ഉൾപ്പെടെയുള്ള നിരപരാധികൾ എന്റെ പ്രാർത്ഥനകളിലുണ്ടായിരുന്നു. അവരെ വെടിവച്ചവരുടെ മാനസാന്തരം എന്റെ പ്രാർത്ഥനകളിലുണ്ടായിരുന്നു. എനിക്കായി പ്രാർത്ഥനയോടെ കാത്തിരിക്കുന്ന സലേഷ്യൻ സഭാംഗങ്ങൾ, സഭാമേലധികാരികൾ, വിശ്വാസിസമൂഹങ്ങൾ, നാനാജാതിമതസ്ഥർ..... അവരെല്ലാം എനിക്കു പ്രാർത്ഥനകളായി. മരണത്തെക്കുറിച്ചു ഞാൻ തെല്ലും ആശങ്കപ്പെട്ടില്ല. പ്രാർത്ഥനയിൽ അഭയം പ്രാപിച്ച് പ്രതീക്ഷയോടെ കാത്തിരിക്കാനായിരുന്നു തമ്പുരാൻ എന്നോടു നിരന്തരം പറഞ്ഞുകൊണ്ടിരുന്നത്.

malankaralibrary.com

## മോചനനാളുകൾ

സെപ്റ്റംബർ പത്തിനാണു മോചനത്തെക്കുറിച്ച് ആദ്യ സൂചന ലഭിക്കുന്നത്. പുലർച്ചെ കുളിച്ചു തയാറാവാൻ ഭീകരർ ആവശ്യപ്പെടുമ്പോൾ മോചനത്തിനല്ല, മറ്റെന്തോ അപകടത്തിലേക്കുള്ള വിളിയെന്നാണ് ആദ്യം തോന്നിയത്. വിശാലമായ സൗകര്യങ്ങളുള്ള ഒരു വാഹനത്തിൽ യാത്ര തുടങ്ങി. കണ്ണുകൾ മൂടിക്കെട്ടിയ നിലയിലായിരുന്നു ഞാൻ. ഒന്നും കാണുന്നില്ല. എത്തരത്തിലുള്ള സ്ഥലമെന്നും മനസ്സിലാവുന്നില്ല.

ഏതാനും മണിക്കൂറുകൾ അതിവേഗത്തിലുള്ള യാത്ര. ഏറെനേരം നിർത്തിയിട്ടു. പിന്നീട് യാത്ര വീണ്ടും. പക്ഷേ, തടവറയിലേക്കുള്ള മടക്കയാത്രയായിരുന്നുവെന്നു പിന്നീടാണു മനസിലായത്. ശ്രമം അപ്പോൾ പരാജയപ്പെട്ടെങ്കിലും എന്നെ വിട്ടുനൽകാൻ തന്നെയാണു ഭീകരരുടെ പദ്ധതിയെന്ന് എനിക്കു സൂചന കിട്ടി. അന്നു രാത്രി വീണ്ടും കണ്ണുകൾ മൂടിക്കെട്ടി യാത്ര ആരംഭിച്ചു. ഏറെ നേരം സഞ്ചരിച്ചശേഷം മറ്റൊരു വണ്ടിയിലേക്ക്. അതുവരെയുണ്ടായിരുന്നവരായിരുന്നില്ല ശേഷം കൂട്ട്. രാത്രി കഴിഞ്ഞെന്നും പകലായെന്നും മനസിലായി. യാത്ര മണിക്കൂറുകൾ നീണ്ടു. രാത്രിയിലെപ്പോഴോ ഭീകരരിൽ ഒരാൾ തോളിൽ തട്ടി പറഞ്ഞു. വെൽക്കം ടു ഒമാൻ. അപ്പോഴാണു ഞാൻ ഒമാനിലെത്തിയ വിവരം അറിയുന്നത്. അവിടുന്നു വിമാനത്തിൽ മസ്കറ്റിലെത്തിയതോടെ, പുറംലോകത്തിന്റെ വെട്ടം കണ്ടതോടെ പുതിയ പ്രതീക്ഷകൾ.....താൻ കണ്ട വെട്ടം ദൈവാനുഗ്രഹത്തിന്റേതായിരുന്നു എന്നു പറയാനാണ് ടോമച്ചനിഷ്ടം.

## 82 കിലോയിൽനിന്ന് 55 കിലോയിലേക്ക്

തടവിലാക്കപ്പെടുന്നതിനുമുമ്പ് 82 കിലോയായിരുന്നു ഫാ. ടോമിന്റെ ശരീരഭാരം. ഇപ്പോഴത് 55 കിലോയിലെത്തി. ഭക്ഷണവും വെള്ളവുമൊന്നും കിട്ടാതിരുന്നിട്ടല്ല. നേരത്തെ തന്നെ ശാരീരികമായ മറ്റ് അവശതകൾ അലട്ടിയിരുന്നു. ഷുഗറിനു മരുന്നുകളുണ്ടായിരുന്നു. അതിന്റെയെല്ലാം ഭാഗമാണെന്നു വിശ്വസിക്കാനാണിഷ്ടം.

## എനിക്കായി പൂജ ചെയ്ത ഹിന്ദുക്കൾ

എനിക്കായി പ്രാർത്ഥനകളും ഉപവാസവുമൊക്കെയായി കാത്തിരുന്ന അനേകരുണ്ട് ലോകം മുഴുവൻ. എനിക്കായി അർപ്പിച്ച ബലികൾ, എനിക്കായി അർപ്പിച്ച സമൂഹപ്രാർത്ഥനകൾ, മറ്റുപ്രവർത്തനങ്ങൾ.......

എന്റെ ജന്മനാടായ രാമപുരത്ത്, വിശ്വാസി സമൂഹത്തിനൊപ്പം എന്റെ മോചനം സാധ്യമാകാൻ അമ്പലത്തിൽ പൂജകൾ നടത്തിയ ഹൈന്ദവ സഹോദരങ്ങളുണ്ട്. ഈരാറ്റുപേട്ടയിലെ മുസ്ലീം സഹോദരനങ്ങൾ എന്റെ മോചനത്തിനായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയിരുന്നു. മറ്റു സ്ഥലങ്ങളിലും ക്രൈസ്തവരുടെ തീക്ഷ്ണമായ പ്രാർത്ഥനകൾക്കു പുറമേ മറ്റു മതങ്ങളിലെ സഹോദരങ്ങളും എനിക്കായി പ്രാർത്ഥിച്ചുവെന്നതിൽ അഭിമാ

malankaralibrary.com

നവും സന്തോഷവും കൃതജ്ഞതയും വാക്കുകൾക്കതീതമാണ്.

എനിക്കുവേണ്ടി ഇന്നോളം പ്രാർത്ഥിച്ചു കാത്തിരുന്നവർ ഇനിയും ആ പ്രാർത്ഥന തുടരണം. എനിക്കുവേണ്ടി മാത്രമല്ല, യമനുവേണ്ടി, അവിടുത്തെ സമാധാനത്തിനുവേണ്ടി, വ്യത്യസ്തമായ പീഡനങ്ങൾ അനുഭവിക്കുന്ന ലോകമെങ്ങുമുള്ള മിഷനറിമാർക്കു വേണ്ടി, കൊല്ലപ്പെട്ട സമർപ്പിതർക്കുവേണ്ടി...... തുടരട്ടെ നമ്മുടെ പ്രാർത്ഥനകൾ.

## വിശ്രമമില്ല

നമ്മളെല്ലാം ദൈവത്തിന്റെ പ്രേഷിതവൃത്തിയിലേക്കു വിളിക്കപ്പെട്ടവരാണ്. ഇതിനിടയിലുണ്ടാകുന്ന സന്തോഷങ്ങളും സങ്കടങ്ങളും ദൈവീകമായ പദ്ധതിയുടെ പ്രകാശനങ്ങളായി കാണണം. ദൈവത്തിലുള്ള വിശ്വാസത്തിനും സാക്ഷ്യത്തിനും എനിക്കും നമുക്കെല്ലാവർക്കുമുള്ള നിയോഗമായിക്കൂടിയാണ് എനിക്കുണ്ടായ അനുഭവങ്ങളെ കാണുന്നത്. സാക്ഷ്യം കൂടുതൽ ശക്തമാക്കാൻ എനിക്കിതു പ്രചോദനമാകും.

ഇനിയുള്ള എന്റെ പ്രേഷിതദൗത്യം എന്തെണെന്നറിയില്ല. ദൈവം ആഗ്രഹിക്കുന്നതും സഭയുടെ മേലധികാരികൾ എന്നെ ഭാരമേല്പിക്കുന്നതുമായ ഏതു ശുശ്രൂഷകൾ നിർവഹിക്കാനും ഞാൻ തയാറാണ്. ഇനിയും അയയ്ക്കപ്പെടുന്നതു യമനിലേക്കെങ്കിൽ അതും ദൈവഹിതമാണെന്നു തിരിച്ചറിഞ്ഞു സന്തോഷത്തോടെ സ്വീകരിക്കാൻ എന്റെ അനുഭവവഴികൾ എന്നെ പഠിപ്പിക്കുന്നു. പ്രേഷിതശുശ്രൂഷയ്ക്ക് എന്റെ ഇപ്പോഴത്തെ ശാരീരികസ്ഥിതി മതിയാവില്ലെന്ന് ഡോക്ടർമാർ പറഞ്ഞിട്ടില്ല.

## മോചനത്തിനു തുണയായത് ഒമാൻ - യെമൻ ബന്ധം

എതിർപ്പുകൾക്കിടയിലും അയൽ രാജ്യങ്ങളായ യെമനും ഒമാനും തുടരുന്ന സുഹൃദ് ബന്ധമാണു ഫാ. ടോമിന്റെ മോചനത്തിനു വഴിയൊരുക്കിയത്.

ഒമാൻ വിദേശകാര്യമന്ത്രാലയത്തിന്റെ നേരിട്ടുള്ള ഇടപെടൽ മോചനത്തിനു സഹായകമായി. ഒമാൻ ഭരണാധികാരി സുൽത്താൻ ഖാബൂസ് ബിൻ സെയ്ദ് അൽ സഈദ് ഇക്കാര്യത്തിൽ മുൻകൈയെടുത്തു. കേന്ദ്ര വിദേശകാര്യ മന്ത്രാലയവും വത്തിക്കാനും മോചനത്തിനായി ഒമാന്റെ സഹായം തേടിയിരുന്നു. ദൈവത്തിനും സുൽത്താൻ ഖാബൂസിനും മോചനത്തിനായി പ്രാർത്ഥിച്ച എല്ലാവർക്കും ഫാ. ടോം നന്ദി അറിയിച്ചു.

സൗദി അറേബ്യയുടെ നേതൃത്വത്തിലുള്ള സഖ്യസേന യെമനിൽ ഹൂതികൾക്കെതിരെ പോരാടുന്നുണ്ടെങ്കിലും ഒമാൻ ഈ സഖ്യത്തിൽ ഇല്ല. ആഭ്യന്തരയുദ്ധം രൂക്ഷമായതോടെ, ഒമാന്റെ അതിർത്തി പ്രദേശമായ സലാലയിലൂടെ യെമനിൽനിന്നു പലായനം ചെയ്തവർ ഏറെയാണ്. ഇക്കൂട്ടരിൽ മലയാളികളുമുണ്ട്. ഗോത്രപരമായ ബന്ധമുള്ളവരാണു യെമനിലെയും ഒമാനിലെയും ജനങ്ങൾ. ബന്ധത്തിന്റെ വേരുകൾ ഇവരെ ഇപ്പോഴും ഒന്നിപ്പിക്കുന്നു.

ദീപിക

malankaralibrary.com

## കൃതജ്ഞതാദിനം സെപ്റ്റംബർ 17-ന്

**ഫാ. ടോം ഉഴുന്നാലിയുടെ മോചനവാർത്തയറിഞ്ഞയുടനെ ദേവാലയങ്ങളിലും സന്യാസസന്യാസിനി ഭവനങ്ങളിലും, ഭവനങ്ങളിലും, അമ്പലങ്ങളിലും, മോസ്കുകളിലും കൃതജ്ഞതയർപ്പിച്ചുകൊണ്ട് പ്രാർത്ഥനകൾ നടത്തി. കേരളാ കാത്തലിക് ബിഷപ്സ് കോൺഫ്രറൻസ് സെപ്റ്റംബർ 17-നു കൃതജ്ഞതാ ദിനമായി ആഹ്വാനം ചെയ്തു.**

യെമനിൽ ഭീകരർ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിൽ നന്ദി രേഖപ്പെടുത്തി രാജ്യത്തെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും ഈ മാസം 17 ന് കൃതജ്ഞതാദിനം ആചരിക്കും.

കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ പ്രസിഡന്റും മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ്പുമായ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാത്തോലിക്കാ ബാവയാണ് പട്ടം ബിഷപ്സ് ഹൗസിൽ നടത്തിയ പത്രസമ്മേളനത്തിൽ ഇക്കാര്യം അറിയിച്ചത്.

ഫാ. ടോമിന്റെ മോചനത്തിനായി ഇടപെടലുകൾ നടത്തിയവരെയും പ്രാർത്ഥനയിലൂടെയും പല തലങ്ങളിലും ഈ വിഷയത്തിൽ സഹകരിച്ചവരെയും അന്നു വിശുദ്ധ കുർബാനയിലും പ്രത്യേക പ്രാർത്ഥനയിലും അനുസ്മരിക്കും. ഫാ. ടോമിന്റെ മോചനത്തിനായി ഏറ്റവുമധികം പരിശ്രമം നടത്തിയ ഫ്രാൻസിസ് മാർപാപ്പയെ പ്രത്യേകം ഓർക്കുന്നതായി കർദ്ദിനാൾ പറഞ്ഞു.

മോചനത്തിനായി പ്രത്യേക താത്പര്യമെടുത്ത ഒമാൻ സർക്കാരിനോടും ഈ വിഷയത്തിൽ അനുഭാവപൂർണമായ ഇടപെടലുകൾ നടത്താൻ സമ്മതിച്ച ഭാരത സർക്കാരിനോടും നന്ദി അറിയിക്കുന്നു.

പ്രധാനമന്ത്രി നരേന്ദ്രമോദി, വിദേശകാര്യമന്ത്രി സുഷമ സ്വരാജ്, മുഖ്യമന്ത്രി പിണറായി വിജയൻ, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി. ജെ. കുര്യൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാർ, ഭാരത കത്തോലിക്കാ സഭയിലെ മെത്രാന്മാർ, സഹോദരീസഭയിലെ മതമേലദ്ധ്യക്ഷന്മാർ, വൈദികർ, സമർപ്പിതർ, അൽമായസമൂഹം എന്നിവരോടുള്ള നന്ദിയും അറിയിക്കുന്നു.

കൂടാതെ കേരളത്തിൽനിന്നുള്ള എം.പി.മാർ, എം.എൽ.എ. മാർ, വിവിധ രാഷ്ട്രീയ - സാമൂഹ്യ നേതാക്കൾ, സന്നദ്ധപ്രസ്ഥാനങ്ങൾ തുടങ്ങി ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി പരിശ്രമിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. ഫാ. ടോമിന്റെ കുടുംബാംഗങ്ങൾ, സലേഷ്യൻ സന്യാസ സമൂഹം തുടങ്ങിയവരോടുമുള്ള നന്ദി അറിയിക്കുന്നതായി കർദ്ദിനാൾ കൂട്ടിച്ചേർത്തു.

malankaralibrary.com


## രാമപുരത്ത് കൃതജ്ഞതാ ജപമാലയുയർത്തി എസ്.എം.വൈ.എം.

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിൽ കൃതജ്ഞതയർപ്പിച്ച് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിലെ എസ്.എം.വൈ.എം. യൂണിറ്റിന്റെ നേതൃത്വത്തിൽ ജപമാല ബലൂൺ ഉയർത്തി. വികാരി റവ.ഡോ. ജോർജ് ഞാറക്കുന്നേൽ, എസ്.എം.വൈ.എം. രാമപുരം യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് മുതിരക്കാലായിൽ, പ്രസിഡന്റ് ജോസ്ഫിൻ ടി മേബിൻ എന്നിവർ നേതൃത്വം നൽകി.

## ഫാ. ടോമിന്റെ മോചനം: രാമപുരത്ത് 17 നു കൃതജ്ഞതാബലി

സഹനത്തിന്റെയും വേദനയുടെയും ഉദാത്തമാതൃക ലോകത്തിനു മുമ്പിൽ കാണിച്ചുകൊടുത്ത ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം ലോകമെമ്പാടുമുള്ള ക്രൈസ്തവ കൂട്ടായ്മയുടെയും പ്രാർത്ഥനയുടെയും ഫലമാണെന്ന് വിശ്വാസികൾ. ഫാ. ടോമിന്റെ മോചനത്തിൽ നന്ദിയർപ്പിച്ച് 17ന് വൈകുന്നേരം നാലിന് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ കൃതജ്ഞതാബലിയും ആരാധനയും നടത്തും.

ജപമാല പ്രാർത്ഥനയും ഉണ്ടായിരിക്കുമെന്നു വികാരി റവ ഡോ. ജോർജ് ഞാറക്കുന്നേൽ അറിയിച്ചു.



ഡൽഹിയിലെത്തിയ ഫാ. ടോം ഉഴുന്നാലിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ഔദ്യോഗിക വസതിയിലെത്തി സന്ദർശിക്കുന്നു

malankaralibrary.com

8

# ഊഹാപോഹങ്ങൾക്ക് വിരാമം

## ഒടുവിൽ സന്തോഷ വാർത്ത

യെമനിൽ ഭീകരർ ഫാ. ടോം ഉഴുന്നാലിലിനെ തട്ടിക്കൊണ്ടുപോയതുമുതൽ പ്രചരിച്ചതു നിരവധി ഊഹാപോഹങ്ങൾ. 2016 മാർച്ച് നാലിന് യെമന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള ഏദനിൽ മിഷണറീസ് ഓഫ് ചാരിറ്റി നടത്തുന്ന വൃദ്ധസദനത്തിൽനിന്നാണു രാമപുരം സ്വദേശിയും സലേഷ്യൻ സഭാംഗവുമായ ഫാ. ടോം ഉഴുന്നാലിലിനെ ഭീകരർ തട്ടിയെടുത്തത്. വൃദ്ധസദനത്തിലേക്ക് ഇരച്ചു കയറിയ ഭീകരർ അന്നു നാലു സന്യാസിനികളെയും പന്ത്രണ്ട് സാധാരണക്കാരെയും വധിച്ചു. തുടർന്ന് ഒരു കാറിൽ ഫാ. ടോമിനെ തട്ടിക്കൊണ്ടു പോവുകയായിരുന്നു.

അദ്ദേഹം ഭീകരരുടെ കൈയ്യിൽ അകപ്പെട്ടതിന്റെ പിറ്റേന്നുതന്നെ, തുടർന്നുവരുന്ന ദുഃഖവെള്ളിയാഴ്ച അദ്ദേഹത്തെ കുരിശിലേറ്റുമെന്നുള്ള വാർത്തയാണ് ആദ്യമെത്തിയത്. കുറേക്കാലത്തേക്കു ഫാ. ടോമിനേപ്പറ്റി യാതൊന്നും ആരും കേട്ടില്ല. മാർച്ച് 30-നാണ് ഫാ. ടോം ജീവിച്ചിരിക്കുന്നുവെന്നതിന്റെ ആദ്യ സൂചനകൾ പുറത്തുവന്നത്. അദ്ദേഹത്തിന്റെ മോചനത്തിനു വൻതുക ആവശ്യപ്പെട്ടുവെന്നുള്ള വാർത്തകളും അന്നുപുറത്തുവന്നിരുന്നു. കേന്ദ്രവിദേശകാര്യമന്ത്രി സുഷമാ സ്വരാജ്, അദ്ദേഹത്തെ മോചിപ്പിക്കാൻ തീവ്രശ്രമങ്ങൾ നടക്കുന്നുവെന്നു പിറ്റേന്നു പറഞ്ഞതോടെ അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നുറപ്പായി. സഭയിലെ നിരവധി മെത്രാന്മാരും സംഘടനകളും ഫാ. ടോമിനെ മോചിപ്പിക്കണമെന്നു സർക്കാരിനോടാവശ്യപ്പെട്ടു രംഗത്തെത്തി. ആയിടെ കോട്ടയത്തെത്തിയ വിദേശവകുപ്പ് സഹമന്ത്രി ജനറൽ വി.കെ. സിങ്ങ് പറഞ്ഞത്, "അദ്ദേഹം കൊല്ലപ്പെട്ടോ ജീവിച്ചിരിക്കുന്നുവോ എന്നതിനൊന്നും തെളിവുകളില്ലെന്നും മോശമായതു സംഭവിച്ചിട്ടില്ലെന്നു കരുതുന്നുവെന്നുമാണ്."

ഇതിനിടെ കേരളത്തിൽ ഫാ. ടോമിന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥനാകൂട്ടായ്മകളും, പ്രാർത്ഥനായജ്ഞങ്ങളും ദിവസവും നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ 73 വയസ്സുള്ള മൂത്ത സഹോദരൻ ഗുജറാത്തിൽനിന്നും രാമപുരത്തെ വീട്ടിലെത്തി സഹോദരന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥനയിൽ പങ്കെടുത്തു. ഇതിനിടയിൽ, തുടർന്നുവന്ന ദുഃഖ വെള്ളിയാഴ്ച അദ്ദേഹത്തെ കുരിശിലേറ്റി ഭീകരർ കൊന്നുവെന്ന വാർത്തവന്നു.

malankaralibrary.com

വിയന്നയിൽനിന്നുള്ള കർദ്ദിനാൾ ക്രിസ്റ്റോഫ് ഷോൺ ബോൺ അദ്ദേഹത്തിന്റെ ഈസ്റ്റർ സന്ദേശവേളയിലാണ് ഇക്കാര്യം പറഞ്ഞതെന്നതുകൊണ്ടുതന്നെ ലോകം ആ വാർത്ത വിശ്വസിച്ചു. പക്ഷേ, തെക്കൻ അറേബ്യയിൽനിന്നുള്ള പോൾഹിന്റർ എന്ന മെത്രാൻ ഫാ. ടോം ജീവിച്ചിരിക്കുന്നുവെന്നതിനു ധാരാളം സൂചനകളുണ്ടെന്നു പറയുകയും കുരിശാരോഹണ വാർത്തയെ നിഷേധിക്കുകയും ചെയ്തതോടെ എല്ലാവരും പ്രതീക്ഷയിലായിരുന്നു. ജൂലൈ 19-ന് ഫാ.ടോമിന്റെ ഫെയ്സ്ബുക്ക് പേജിൽ അദ്ദേഹം മർദ്ദിക്കപ്പെടുന്നതിന്റെ അവ്യക്തമായ വീഡിയോ പ്രത്യക്ഷപ്പെട്ടു. കണ്ണുമൂടിയിരുന്ന ആ ചിത്രത്തിൽ അദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. ഇതോടെ കേന്ദ്രസർക്കാർ അദ്ദേഹത്തിന്റെ മോചനത്തിനായി യാതൊന്നും ചെയ്യുന്നില്ലെന്ന വ്യാപക ആക്ഷേപമുയർന്നു. വിദേശകാര്യമന്ത്രാലയം ഫാ. ടോമിന്റെ മോചനത്തിനായി ശ്രമിക്കുകയാണെന്ന വിശദീകരണവുമായി രംഗത്തെത്തി. തുടർന്ന് മോചനത്തെ കുറിച്ച് യാതൊരു വിവരവും കേട്ടില്ല.

നാടുനീളെ പ്രാർത്ഥനായജ്ഞങ്ങളും പ്രതിഷേധയോഗങ്ങളും സംഘടിപ്പിക്കപ്പെട്ടെങ്കിലും കേന്ദ്രം കാര്യമായ പ്രതികരണത്തിനു തയാറായില്ല. ഇതിനിടെയാണ് ഇന്നലെ ഫാ. ടോമിനെ മോചിപ്പിച്ചുവെന്ന അപ്രതീക്ഷിത വാർത്ത ഒമാൻ വാർത്താ ഏജൻസി പുറത്തുവിടുന്നത്.

(മംഗളം)




ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി നടപടി ആവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ നിന്നുള്ള എം.പി.മാരെ പങ്കെടുപ്പിച്ച് ഡൽഹി പാർലമെന്റ് ഹൗസിനു മുന്നിൽ നടത്തിയ ധർണ

malankaralibrary.com

9

# ഉഴുന്നാലിൽ അച്ചന്റെ സുവിശേഷം!

അഞ്ഞൂറ്റി അമ്പത്താറു ദിവസങ്ങൾ ഭീകരരുടെ തടവിൽ കഴിഞ്ഞ ഫാ. ടോം ഉഴുന്നാലിൽ മോചിതനായപ്പോൾ പറഞ്ഞതിങ്ങനെയാണ്. "ഒരിക്കലും മരണഭയം തോന്നിയിരുന്നില്ല. എന്നാൽ അതിഭീകരമായ അനിശ്ചിതത്വം അനുഭവിച്ചിരുന്നു. ദൈവവിശ്വാസവും പ്രാർത്ഥനയും മാത്രമാണ് എല്ലാ ഘട്ടത്തിലും പിടിച്ചു നിർത്തിയത്. മുറിക്കുള്ളിൽ തനിച്ചായിരുന്ന നേരങ്ങളിൽ പാടിയും പ്രാർത്ഥിച്ചുമാണ് കഴിഞ്ഞിരുന്നത്. യെമനിലേക്ക് പോയതുതന്നെ ദൈവത്തിന്റെ നിയോഗം അനുസരിച്ചായിരുന്നു. തട്ടിക്കൊണ്ടുപോയവർക്ക്കൂടി പ്രാർത്ഥിക്കണമെന്നായിരുന്നു ദൈവം ആവശ്യപ്പെട്ടത്. അവരുടെ മനം മാറ്റത്തിനു വേണ്ടിയും നിരന്തരം പ്രാർത്ഥിച്ചിരുന്നു."

അശരണരെ സഹായിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ ജീവിതം കഴിഞ്ഞ ഒന്നരവർഷം സംഭവജനകമായിരുന്നു. കണ്ണിൻമുമ്പിൽ വച്ചാണ് കൂട്ടുപ്രവർത്തകരായ കന്യാസ്ത്രീകളെ ഭീകരർ വധിക്കുന്നത്. അവർ ടോമച്ചനെ കണ്ണുകൾ കെട്ടി രഹസ്യ സങ്കേതത്തിലേക്ക് കൊണ്ടുപോകുന്നു. ഉടതുണിക്കു മറുതുണിയില്ലാതെ ഒരു കഷണം സ്പോഞ്ചിൽ കിടന്നും ഇരുന്നും പതിനെട്ടുമാസങ്ങൾ. കടുത്ത പ്രമേഹം. ഏകാന്തത. കൃത്യമായി ഭക്ഷണവും മരുന്നും ലഭിച്ചിട്ടും ശരീരഭാരം 82 കിലോയിൽ നിന്നും 55 ആയി കുറഞ്ഞു. ഭീകരർ എഴുതികൊടുത്തത് ക്യാമറയ്ക്കുമുമ്പിൽ പറഞ്ഞു. ഓടിരക്ഷപെടണമെന്നു ഒരിക്കൽപോലും തോന്നിയില്ല. ദൈവത്തിന്റെ ഹിതത്തിനുവേണ്ടി പൂർണ്ണമായി സമർപ്പിച്ചു പ്രാർത്ഥിച്ച നാളുകൾ! തട്ടിക്കൊണ്ടുപോയവരുടെ മാനസാന്തരത്തിനുവേണ്ടിയും പ്രാർത്ഥിക്കാനുള്ള ദിവ്യനിയോഗം.

ഒടുവിൽ സ്വാതന്ത്ര്യത്തിന്റെ ചക്രവാളത്തിൽ എത്തിയപ്പോഴും ദൈവത്തിനു സ്തോത്രവും പ്രാർത്ഥിച്ച എല്ലാവർക്കും നന്ദിയും. ഇനി ഒരു ജീവിതം ഉണ്ടെങ്കിൽ അതും കുരിശിന്റെ വഴി. പ്രേഷിതദൗത്യം തന്നെ.

തട്ടിക്കൊണ്ടുപോയി ഒന്നരവർഷം തടവറയിൽ പാർപ്പിച്ച തീവ്രവാദികളോടു ടോമച്ചന് വിരോധമോ പ്രതിഷേധമോ ഇല്ല. കൂട്ടുപ്രവർത്തകരെ കൊന്നവർക്ക് മാനസാന്തരമുണ്ടാകണം. ദൈവസ്നേഹം അവർക്ക് മനസ്സിലാകണം. ഇതു മാത്രമേ അദ്ദേഹം പ്രതീക്ഷിക്കുന്നുള്ളു.

തടവറയിലെ ഓരോ ദിവസവും ദൈവത്തോടൊപ്പമായിരുന്നുവെന്നു ടോമച്ചൻ പറയുന്നു. അനുഭവിച്ചതിനെപ്പറ്റി മാത്രമേ പറയുന്നുള്ളു. ഒരി

malankaralibrary.com

ക്കലും അവർ തന്നെ ഉപദ്രവിച്ചിട്ടില്ലെന്നും മതംമാറൽ ആവശ്യപ്പെട്ടിട്ടില്ലെന്നും വെളിപ്പെടുത്തുന്നു. തട്ടിക്കൊണ്ടുപോയ സംഘം ഏതാണെന്ന് തനിക്കറിയില്ല. അതുകൊണ്ടുതന്നെ ഏതെങ്കിലും സംഘത്തെ പഴിക്കുന്നില്ല. ആരെങ്കിലും മോചനദ്രവ്യം നൽകിയോ, ആരാണ് അച്ചനെ മോചിപ്പിക്കാൻ ഇടപെട്ടത് ഇതെല്ലാം അദ്ദേഹത്തിന് ഇപ്പോഴും അജ്ഞാതം. ദൈവത്തിലുള്ള ഉറച്ച വിശ്വാസം, പ്രേഷിതപ്രവർത്തനത്തിലെ സത്യസന്ധത, നിർമ്മലമായ ജീവിതവീക്ഷണം ഇതെല്ലാം വെളിപ്പെടുത്തുന്നതാണ് ഈ മിഷനറിയുടെ സാക്ഷ്യം. ആരോടും വിദ്വേഷമില്ലാതെ, കൊല്ലാൻ പിടിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന, തടവിലിട്ടവരെ സ്നേഹിക്കുന്ന മനസ്സ്. ഇതു ക്രിസ്തുവിന്റെ ഭാവം തന്നെയാണ്. ഇതാണ് ഉഴുന്നാലിന്റെ സുവിശേഷം! ക്രിസ്തുവിന്റെ രക്തവും മാംസവുമുള്ള ജീവന്റെ സുവിശേഷം. ടോമച്ചനെപ്പറ്റി എന്തെല്ലാം അഭ്യൂഹങ്ങളായിരുന്നു പ്രചരിച്ചിരുന്നത്. ക്രൂശിൽ തറച്ചുകൊന്നുവെന്ന വാർത്തകൾവരെ പ്രചരിച്ചിരുന്നു. അങ്ങനെ നടന്നെങ്കിലും അതിശയിക്കാനില്ല. മിഡിൽ ഈസ്റ്റിൽ അതു സാധാരണസംഭവമാണല്ലോ. രക്തസാക്ഷിത്വത്തിലേക്കുള്ള വിളിയാണ് ക്രിസ്തുവിന്റെ മാർഗ്ഗം. എത്രയോ എത്രയോ രക്തസാക്ഷികൾ. ക്രൈസ്തവചരിത്രംതന്നെ രക്തസാക്ഷികളുടേതാണ്. അവരുടെ രക്തത്തിൽ ചവിട്ടാതെ ബൈബിൾ നാടുകളിലൂടെ നടക്കാനാവുമോ? ലോകചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത ക്രൂരമായ പീഡനങ്ങളിലൂടെ ക്രൈസ്തവസമൂഹം കടന്നുപോകുന്നു. എങ്കിലും പ്രേഷിതപ്രവർത്തനം നിലച്ചു പോകുന്നില്ല. 'വരിക, ക്രൂശിക്കപ്പെടുക....' എന്ന ദിവ്യവിളികൊണ്ടു മിഷനറിമാർ ലോകമെങ്ങും പോകുന്നു. സഭകൾ പലതാകാം, ഉപദേശങ്ങളിൽ വ്യത്യാസങ്ങൾ കാണാം. പക്ഷേ പ്രേഷിതവേലയ്ക്കുവേണ്ടി പോകാൻ പ്രേരിപ്പിക്കുന്ന ഘടനം ദൈവസ്നേഹം തന്നെയാണ്. വത്തിക്കാനിലെത്തിയ ഫാ. ടോം ഉഴുന്നാലിൽ ആരാധനാമദ്ധ്യേ പറഞ്ഞത്: "യേശുവിന്റെ വാക്കുകൾക്ക് കാതോർക്കുക എന്നതാണ് പ്രധാനം. ജീവിതത്തിൽ എന്തുതന്നെ സംഭവിച്ചാലും മാതാപിതാക്കൾ മക്കൾക്കു വേണ്ടി പ്രാർത്ഥിക്കണം."

ടോമച്ചനെപ്പോലെ ജീവിതം ക്രിസ്തുവിനുവേണ്ടി സമർപ്പിച്ച മലയാളികളായ ആയിരക്കണക്കിനു പ്രേഷിതപ്രവർത്തകർ ലോകത്തിന്റെ വിവിധയിടങ്ങളിൽ ക്രിസ്തുവിന്റെ സ്ഥാനാപതികളായിട്ടുണ്ട്. ഭൗതികസുഖങ്ങൾ പരിത്യജിച്ച് സാമൂഹ്യസേവനങ്ങൾ ചെയ്യുന്ന ഇവരെപ്പറ്റി പലപ്പോഴും ദോഷൈകദൃക്കുകൾ അപവാദങ്ങൾ പ്രചരിപ്പിക്കാറുണ്ട്. ആതുരപ്രവർത്തനമേഖലകളെ മിക്കപ്പോഴും നിർബന്ധിതമതപരിവർത്തനവുമായി ബന്ധപ്പെടുത്തിയാണ് വിമർശകർ കാണുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരാലയങ്ങളും അവരുടെ ദൃഷ്ടിയിൽ മതപരിവർത്തനകേന്ദ്രങ്ങൾ! മദർതെരേസയ്ക്കു നേരെ നടത്തിയ നിന്ദ്യമായ പരാമർശങ്ങൾ ആരെയാണ് വേദനിപ്പിക്കാത്തത്.

malankaralibrary.com

മിഷനറി പ്രവർത്തകരില്ലാത്ത ലോകം എന്ത് ഇരുളടഞ്ഞതാണ്! അവർ സമൂഹത്തിന്റെ പ്രകാശഗോപുരങ്ങളാണ്. നന്മയുടെ ദീപങ്ങളെ അണച്ചു കളയരുത്. മിഷനറി പ്രവർത്തനത്തിന്റെ നന്മകളനുഭവിക്കുന്നവരാണ് ഭാരതീയർ! നവഭാരതത്തിന്റെ ശിൽപികളാണ് അവർ. പ്രേഷിതപ്രവർത്തകരുടെ ആത്യന്തികമായ ലക്ഷ്യം സമൂഹത്തെ ഉദ്ധരിക്കുന്നതാണ്. ദാരിദ്ര്യത്തിൽ നിന്ന്, അന്ധവിശ്വാസങ്ങളിൽനിന്ന്, തിന്മയിൽനിന്ന്.

മിഷനറിമാരുടെ സങ്കേതങ്ങൾ നോക്കുക. അവിടെ തോക്കും വടിയും മറ്റ് മാരകായുധങ്ങളുമില്ല. മതവിദ്വേഷം പരത്തുന്നതൊന്നുമില്ല. പാടാനും പ്രാർത്ഥിക്കാനും വായിക്കാനുമുള്ള സങ്കേതങ്ങൾ മാത്രം. അവർക്ക് ലഭിച്ച അറിവു മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നു. അവരുടെ കണ്ണിൻമുമ്പിൽ കാണുന്നവരാണ് അപ്പനും അമ്മയും സഹോദരങ്ങളും. ഫാ. ഉഴുന്നാലിന്റെ ജീവിതം തന്നെ അതിനു തെളിവല്ലേ? മാതാപിതാക്കളെയും സഹോദരങ്ങളെയും വീടും നാടും ഉപേക്ഷിച്ചു ക്രിസ്തുവിന്റെ പിന്നാലെ യെമനിൽ പോകാൻ ദൈവം പറഞ്ഞു. അവിടെ അനാഥരുടെയും അശരണരുടെയും പരിപാലകനായി. ആ മണ്ണിൽ മരിച്ചുവീണ കന്യാസ്ത്രീകളെപ്പറ്റി ഓർക്കുക. ഭൗതികജീവിതം ത്യജിച്ച് കഷ്ടപ്പാടിന്റെ മാർഗ്ഗം തിരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിച്ച ഘടകം എന്താണ്? ക്രിസ്തുവിന്റെ സ്നേഹം. അവരുടെ രക്തം വിളിച്ചു പറയുന്നത് അതു മാത്രമാണ്.

മിഷനറി പ്രവർത്തനത്തിൽ ഏർപ്പെടുന്ന എല്ലാവരും ടോമച്ചനെപ്പോലെ തടവിലാകണമെന്നില്ല. മോചിപ്പിക്കപ്പെടാറുമില്ല. മിക്കവരും കൊല്ലപ്പെടുകയാണ്. ജീവനോ മരണമോ ഏതായാലും സമ്മതം. സമ്പാദ്യത്തെക്കുറിച്ച് വേവലാതികൾ ഇല്ല. ജീവിതത്തെക്കുറിച്ച് ആകുലതകളുമില്ല. എല്ലാ ദൈവഹിതം പോലെ. അവിടുത്തെ വഴികളിൽ!

മക്കളെ ദൈവവേലയ്ക്ക്വിട്ട മലങ്കര ക്രൈസ്തവ കുടുംബങ്ങളെ ഓർത്ത് നമുക്ക് അഭിമാനിക്കാം. മാതാപിതാക്കളുടെ പ്രാർത്ഥനയും താൽപര്യവും ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്ക് നിദാനമായി. മിഷനറി പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന മലയാളികളുടെ ഒരു ലിസ്റ്റ് എടുത്താൽ നാം ആശ്ചര്യപ്പെടും. ദൈവസ്നേഹത്തിന്റെ വിളംബരമാണത്. ലോകമെങ്ങും മിഷനറിമാരായ മലയാളികളുണ്ട്. ത്യാഗപൂർവ്വം ക്രിസ്തീയ സേവനം ചെയ്യുന്നവർ. ക്രിസ്തുവിന്റെ ജീവിതശൈലി തിരഞ്ഞെടുത്ത മിഷനറിമാരെ നമുക്ക് അഭിവാദ്യം ചെയ്യാം. അവർ കത്തോലിക്കയോ പ്രൊട്ടസ്റ്റന്റോ ബ്രദറനോ ആയിക്കൊള്ളട്ടെ. യേശുവിന്റെ സ്നേഹം പങ്കുവയ്ക്കുന്നവർ. അവർക്കായി പ്രാർത്ഥിക്കുക. അവർക്ക് കൈത്താങ്ങൽ നൽകുക. അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുക. മിഷൻ പ്രവർത്തനത്തിൽ പങ്കാളികളാകുക. അവർ നമ്മുടെ സഹോദരങ്ങളാണ്. നമ്മുടെ സ്ഥാനപതികളാണ്, നമുക്ക് പകരമാണ് അവർ പ്രവർത്തിക്കുന്നത്. അവർക്ക് നമ്മളാണുള്ളത്; നമ്മൾ മാത്രമാണുള്ളത്.

malankaralibrary.com

ആത്മീയ പോരാട്ടത്തിലെ മുന്നണിപ്പോരാളികളാണ് മിഷനറിമാർ. അവർക്ക് പ്രാർത്ഥന ആവശ്യമാണ്. പക്ഷേ നമ്മുടെ പ്രാർത്ഥനമാത്രം പോരാ അവർക്ക്. സ്നേഹവും കൂട്ടായ്മയും കരുതലും ലഭ്യമാക്കണം.

ഓരോ പ്രാദേശിക സഭകളും മിഷനെപ്പറ്റി കൂടുതൽ ചിന്തിക്കണം. എത്രപേർ നമ്മുടെ സഭകളിൽ നിന്നും മിഷൻ പ്രവർത്തനങ്ങൾക്കായി പോയിട്ടുണ്ട്. അവരുടെ പ്രവർത്തനപദ്ധതികൾക്ക് പങ്കാളികളാകുന്നുണ്ടോ?

മനുഷ്യരെ സ്നേഹിക്കുന്നവരുടെ മാർഗ്ഗമാണ് ക്രിസ്ത്യാനിത്വം. എല്ലാവരും ദൈവത്തിന്റെ സമസൃഷ്ടികളാണെന്നും മതമോ ജാതിയോ കുലമോ നോക്കാതെയാണ് മനുഷ്യരെ സ്നേഹിക്കേണ്ടതെന്നും ക്രിസ്ത്യാനിത്വം പഠിപ്പിക്കുന്നു. ഈ സന്ദേശം മനുഷ്യരെ ഒന്നിപ്പിക്കുന്നതാണ്. ദൈവത്തോടു മനുഷ്യരെ ബന്ധിപ്പിക്കുന്നതാണ്. ഇതര മതസമൂഹങ്ങളെ വെറുക്കുന്നതല്ല ക്രിസ്തുവിന്റെ മാർഗ്ഗം. തടവിലാക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിച്ച ഫാ. ടോം ഉഴുന്നാലിലിൽ വെളിപ്പെട്ടത് യേശുവിന്റെ സുവിശേഷമാണ്. ക്രൂശിന്റെ സന്ദേശമാണ്. ഉയിർപ്പിന്റെ പ്രത്യാശയാണ്. പ്രപഞ്ചത്തിന്റെ മോചനമാണ്!

## ‘തട്ടിക്കൊണ്ടുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം ആവശ്യപ്പെട്ടു’


എന്റെ മുന്നിലിട്ടു സഹപ്രവർത്തകരെ വെടിവെച്ചു കൊന്നിട്ടും ഒരിക്കൽപോലും മരണഭയം തോന്നിയില്ല. തട്ടിക്കൊണ്ടുപോയവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നതായിരുന്നു ദൈവം ആവശ്യപ്പെട്ടതെന്നു ഫാ. ടോം ഉഴുന്നാലിൽ. പതിനെട്ടു മാസത്തെ തടവറ ജീവിതത്തിന്റെ അനുഭവങ്ങൾ മാധ്യമങ്ങളോടു പങ്കുവെക്കുമ്പോഴാണ് ഫാ. ഉഴവിനാൽ ദൈവത്തിൽ അർപ്പിച്ച അചഞ്ചലമായ വിശ്വാസത്തെപ്പറ്റി പറഞ്ഞത്.

‘2016 മാർച്ച് അഞ്ചിനാണ് ഭീകരരുടെ പിടിയിലാകുന്നത്. തട്ടിക്കൊണ്ടുപോയ ആദ്യ സംഘം കുറേദൂരം സഞ്ചരിച്ചശേഷം മറ്റൊരു സംഘത്തിനു കൈമാറി. നാലുതവണയായി പല സ്ഥലങ്ങളിലേക്കു മാറ്റിക്കൊണ്ടിരുന്നു. കണ്ണുകൾ മൂടിക്കെട്ടിയിരുന്നു. തട്ടിക്കൊണ്ടുപോയവർ ഒരിക്കൽപോലും മോശമായി പെരുമാറുകയോ ഉപദ്രവിക്കുകയോ ചെയ്തിരുന്നില്ല. ആദ്യഘട്ടത്തിൽ ചില നേരങ്ങളിൽ കൈകാലുകൾ കെട്ടിയിട്ടിരുന്നു. ആവശ്യത്തിനു ഭക്ഷണം തന്നിരുന്നു. രണ്ടുതവണ പ്രമേഹനില രൂക്ഷമായി ഉയർന്നപ്പോൾ വൈദ്യസഹായവും നൽകി. അവരുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി പലവട്ടം വീഡിയോ ദൃശ്യങ്ങൾ ചിത്രീകരിച്ചിരുന്നു. ഇതിൽ പലപ്പോഴും ഉപദ്രവിക്കുന്നതായി അവർ അഭിനയിക്കുകയായിരുന്നു. എന്നാൽ, ഒരിക്കൽപോലും ഉപദ്രവിക്കുകയുണ്ടായില്ല. അവർ അറബി ഭാഷയിൽ മാത്രമാണു സംസാരിച്ചിരുന്നത്. അവർക്ക് ഇംഗ്ലീഷ് ഭാഷ നല്ല വശവുമില്ലായിരുന്നു.”

malankaralibrary.com

18 മാസത്തോളം പുറംലോകവുമായി ഒരു ബന്ധവുമില്ലായിരുന്നു. വായുസഞ്ചാരമുള്ള മുറിയിലായിരുന്നു തടവിൽ പാർപ്പിച്ചിരുന്നത്. കിടക്കാനും ഇരിക്കാനും മുറിയിൽ ഒരു സ്പോഞ്ച് കഷണം മാത്രമാണുണ്ടായിരുന്നത്. രണ്ടുതവണ പനി ബാധിച്ചിരുന്നു. ഒരു തവണ കടുത്ത തോൾ വേദനയും.

ഒരിക്കലും മരണഭയം തോന്നിയിരുന്നില്ല. എന്നാൽ, അതിഭീകരമായ അനിശ്ചിതത്വം അനുഭവിച്ചിരുന്നു. എന്തുതന്നെ സംഭവിച്ചാലും പ്രതീക്ഷകൾ നഷ്ടമായിരുന്നില്ല. ദൈവവിശ്വാസവും പ്രാർത്ഥനയും മാത്രമാണ് എല്ലാ ഘട്ടത്തിലും പിടിച്ചു നിർത്തിയത്. നിരവധിപേർ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയാമായിരുന്നു. കൺമുന്നിൽ വെടിയേറ്റുവീണ കന്യാസ്ത്രീകൾക്ക് വേണ്ടിയും പ്രാർത്ഥിച്ചിരുന്നു.



ഫാ. ടോം ഉഴുന്നാലിൽ ഗുരു കെ.എം. തോമസ് കോയപ്പള്ളിയോടൊപ്പം

malankaralibrary.com

10

# സഹനങ്ങൾക്കും പ്രാർത്ഥനകൾക്കും ഉള്ള ഉത്തരം

## കർദ്ദിനാൾ മാർ ആലഞ്ചേരി

സഹനവഴികളിൽ നിരന്തരമായ പ്രാർത്ഥനകൾക്കുള്ള ഉത്തരമാണു ഫാ. ടോം ഉഴുന്നാലിലിന്റെ മോചനമെന്നു സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. ബന്ധികളിൽ നിന്ന് അദ്ദേഹത്തെ മോചിപ്പിക്കാൻ ശ്രമങ്ങൾ നടത്തിയ എല്ലാവർക്കും സഭയുടെ നന്ദിയർപ്പിക്കുന്നതായും മാർ ആലഞ്ചേരി പറഞ്ഞു.

ഫാ. ടോം ഉഴുന്നാലിലിന്റെ വിമോചനത്തിൽ ലോകജനത സന്തോഷിക്കുന്നു. സഭാവിശ്വാസികൾക്ക് അതീവസന്തോഷമുണ്ട്. ഇതു ദൈവത്തിന്റെ പ്രവർത്തനമാണ്. കോടിക്കണക്കിനാളുകളുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു. നിങ്ങൾ എന്നിൽ വിശ്വസിക്കുന്നെങ്കിൽ നിങ്ങൾ ചോദിക്കുന്നതെന്തും നിങ്ങൾക്കും ലഭിക്കുമെന്ന തിരുവചനത്തിന്റെ സാക്ഷാത്കാരം കൂടിയാണിവിടെ നാം അനുഭവിക്കുന്നത്.

ദൈവം പ്രവർത്തിക്കുന്നതു മനുഷ്യനിലൂടെയാണ്. ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി പരിശ്രമിച്ച വത്തിക്കാന്റെയും ഭാരതസർക്കാരിന്റെയും നയതന്ത്രാലയങ്ങളോടു നന്ദി അറിയിക്കുന്നു. ഫ്രാൻസിസ് മാർപാപ്പയും അദ്ദേഹം നിയോഗിച്ച ബിഷപ് ഡോ. പോൾ ഹിൻഡറും ഇക്കാര്യത്തിൽ അതീവ ശ്രദ്ധയോടെ പ്രവർത്തിച്ചിട്ടുണ്ട്. ഒമാനിലെ സർക്കാരിന്റെ ഇടപെടലുകളാണ് ഫാ.ടോമിന്റെ മോചനത്തിന് നിർണായകമായി ത്തീർന്നതെന്നു മനസ്സിലാക്കുന്നു.

മനസുമാറി അദ്ദേഹത്തെ വിട്ടുനൽകാൻ തയാറായ, ബന്ദികളാക്കിയവരുടെ പ്രവർത്തനവും ചിന്തോദ്ദീപകമാണ്. തിന്മയിൽനിന്നു തിരിഞ്ഞു നന്മ ചെയ്യാൻ തയാറാകുമ്പോൾ നല്ല പ്രവൃത്തികൾ ലോകത്ത് നടക്കുമെന്നതിന്റെ ഉദാഹരണമാണിത്. ഭാരതത്തിലെ കർദ്ദിനാൾമാരുടെയും സി.ബി.സി.ഐ.യുടെയും നിരന്തരമായ ആവശ്യപ്രകാരം പ്രധാനമന്ത്രി നരേന്ദ്രമോദിയും വിദേശകാര്യമന്ത്രി സുഷമ സ്വരാജും ഗൾഫിലെ സർക്കാരുകൾ വഴി ഫാ. ടോമിന്റെ മോചനത്തിനായി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സലേഷ്യൻ സമൂഹത്തിന്റെ അധികാരികളും വത്തിക്കാനോടു സഹകരിച്ചു പ്രവർത്തിച്ചു. ഈ വിഷയം സജീവമായി നിലനിർത്താൻ ദേശീയ അന്തർദേശീയ മാധ്യമങ്ങൾ

malankaralibrary.com

പ്രത്യേക ശ്രദ്ധ പുലർത്തി.

ഭാരതസർക്കാരും കേരളസർക്കാരും എം.പി.മാരും അതതു സമയത്തു വേണ്ടതു ചെയ്തു.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. വൈകാതെ ഫാ. ടോം ഇന്ത്യയിലെത്തുന്നതിനായി സഭാംഗങ്ങളും സമൂഹവും പ്രതീക്ഷയോടെ കാത്തിരിക്കുകയാണെന്നും മേജർ ആർച്ച് ബിഷപ് പറഞ്ഞു. നന്ദി സൂചകമായി ദേവാലയങ്ങളിലും സഭാ സ്ഥാപനങ്ങളിലും കൃതജ്ഞതാ പ്രാർത്ഥനയ്ക്ക് കർദ്ദിനാൾ മാർ ആലഞ്ചേരി ആഹ്വാനം ചെയ്തു.

എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ ഇന്നലെ വൈകുന്നേരം ദിവ്യബലിയെത്തുടർന്നു മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി. ദിവ്യകാരുണ്യ ആരാധനയിലും പ്രാർത്ഥനകളിലും വൈദികരും സമർപ്പിതരും വിശ്വാസികളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ പങ്കെടുത്തു.

## വാദ്യമേളങ്ങളും കൊടിതോരണങ്ങളും ഒരുക്കി രാമപുരം ഇടവക

പാരമ്പര്യപ്പെരുമ പള്ളിയുറങ്ങുന്ന രാമപുരം ഗ്രാമവും സെന്റ് അഗസ്റ്റിൻസ് ഇടവകയും ആഹ്ളാദ നിറവിലാണ്. കൊടിതോരണങ്ങൾ, പേപ്പൽ പതാക, മുത്തുക്കുട, വാദ്യമേളം തുടങ്ങി ഒരുക്കങ്ങളുടെ തിരക്കിലാണ് ഇടവക. മാതൃദീപ്തി, മിഷൻലീഗ്, അംഗങ്ങൾ വിപുലമായ തയാറെടുപ്പിലാണെന്നും ചടങ്ങിൽ നാടൊന്നാകെ പങ്കുചേരുമെന്നും വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ പറഞ്ഞു.

ഞായറാഴ്ച വൈകുന്നേരം അഞ്ചിന് ഉഴുന്നാലിലച്ചൻ രാമപുരം ജംഗ്ഷനിലെത്തും. ബാല്യം മുതൽ ആത്മീയ പരിശീലനവും സ്കൂൾ പഠനവും നടത്തിയ രാമപുരത്ത് ഇന്നും ടോം അച്ചൻ അറിയുന്ന, അച്ചനെ അറിയുന്ന ദേശവാസികളാണുള്ളത്. ജാതിമതഭേദമന്യേ നാടൊന്നാകെ സ്വീകരണത്തിൽ പങ്കുചേരും. ആറിന് സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ മാർ ജേക്കബ് മുരിക്കന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധകുർബാന, തുടർന്ന് പാരീഷ് ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ മാർ ജേക്കബ് മുരിക്കൻ, വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനി, വിൻസന്റ് കുരിശുംമൂട്ടിൽ, ജോൺകച്ചിറമറ്റം എന്നിവർ പ്രസംഗിക്കും. ഫാ. ടോം മറുപടിപ്രസംഗം നടത്തും.

## ഉഴുന്നാലിലിനെ 'തടവിലാക്കി' ഉത്സാഹക്കമ്മിറ്റിക്കാർ

ഭീകരരുടെ പിടിയിൽനിന്നു മോചിതനായി മാതൃരാജ്യത്തെത്തിയ ഫാ. ടോം ഉഴുന്നാലിലിനൊപ്പം ക്യാമറയിൽ പതിയാൻ രാഷ്ട്രീയക്കാരുടെ തിക്കും

malankaralibrary.com

തിരക്കും. ഫാ. ടോമിന്റെ വരവുകാത്ത് വൻമാധ്യമപ്പടയാണു വിമാനത്താവളത്തിനു പുറത്ത് കാത്തുനിന്നിരുന്നത്.

കടുത്ത പ്രമേഹം ഉൾപ്പെടെയുള്ള അവശതകൾ അലട്ടുന്ന ഫാ. ടോം സ്വീകരണക്കാരുടെ ആവേശത്തിൽ വലഞ്ഞു. 18 മാസം ദുരിതാനുഭവങ്ങൾ സമ്മാനിച്ച ഭീകരരോടു പൊറുക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമെന്നു പറഞ്ഞ ഫാ. ടോം പലപ്പോഴും ശാന്തത വെടിഞ്ഞ് ചാനൽ പ്രവർത്തകരോടു തട്ടിക്കയറി.


ഇതിനിടെ ചാനൽ മൈക്കിന്റെ കേബിൾ അദ്ദേഹത്തിന്റെ കഴുത്തിൽ കുടുങ്ങുകയും ചെയ്തു.

കേന്ദ്രമന്ത്രിയും കേരളത്തിൽനിന്നുള്ള എം.പി.മാരും മുൻ എം.പിയുമൊക്കെ ഫാ. ടോമിനൊപ്പം ചാനലുകളിൽ മുഖം കാണിക്കാൻ കാലേകൂട്ടി വിമാനത്താവളത്തിലെത്തിയിരുന്നു.

പ്രതീക്ഷിച്ചതിലും നേരത്തേ റോമിൽനിന്നുള്ള എയർഇന്ത്യ വിമാനം ന്യൂഡൽഹി ഇന്ദിരാഗാന്ധി വിമാനത്താവളത്തിൽ പറന്നിറങ്ങിയപ്പോഴേക്കു പുറത്ത് ദേശീയ - പ്രാദേശിക ചാനൽ പ്രവർത്തകർ തിക്കിത്തിരക്കി. ഇതിനിടെ അദ്ദേഹത്തെ യെമനിൽനിന്നു നേരിട്ടു രക്ഷപ്പെടുത്തി കൊണ്ടുവന്നതുപോലെ നെഞ്ചുവിരിച്ച് ജനപ്രതിനിധികൾ മത്സരിച്ചു.

ഇതിലും ഭേദം ഭീകരരുടെ തടവറയായിരുന്നെന്ന് ഒരുവേള ഫാ. ടോം കരുതിയിരിക്കാം.

വിമാനത്താവളത്തിൽനിന്നു സി.ബി.സി.ഐ. ആസ്ഥാനത്തെത്തിയപ്പോഴും പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഇറങ്ങിയപ്പോഴും തിരിച്ചെത്തിയപ്പോഴുമെല്ലാം ചാനലുകാർ മൈക്കുമായി ഓടിയെത്തി. ഇതിനിടെ സ്വന്തമായി അഭിമുഖം തരപ്പെടുത്തിയവർക്കെതിരെ മറ്റുള്ളവരുടെ രോഷമുയർന്നു.


ഉഴുന്നാലിലിനെ 'തടവിലാക്കി' ഉത്സാഹക്കമ്മറ്റിക്കാർ

ന്യൂഡൽഹി: ഭീകരരുടെ പിടിയിൽനിന്നു മോചിതനായി മാതൃരാജ്യത്തെത്തിയ ഫാ. ടോം ഉഴുന്നാലിലിനൊപ്പം ക്യാമറയിൽ പതിയാൻ രാഷ്ട്രീയക്കാരുടെ തിക്കും തിരക്കും. ഫാ. ടോമിന്റെ വരവുകാത്ത് വൻമാധ്യമപ്പടയാണു വിമാനത്താവളത്തിനു പുറത്ത് കാത്തുനിന്നിരുന്നത്.

കടുത്ത പ്രമേഹം ഉൾപ്പെടെയുള്ള അവശതകൾ അലട്ടുന്ന ഫാ. ടോം സ്വീകരണക്കാരുടെ ആവേശത്തിൽ വലഞ്ഞു. 18 മാസം ദുരിതാനുഭവങ്ങൾ സമ്മാനിച്ച ഭീകരരോടു പൊറുക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുമെന്നു പറഞ്ഞ ഫാ. ടോം പലപ്പോഴും ശാന്തത വെടിഞ്ഞ് ചാനൽ പ്രവർത്തകരോടു തട്ടിക്കയറി.

ഇതിനിടെ ചാനൽ മൈക്കിന്റെ കേബിൾ അദ്ദേഹത്തിന്റെ കഴുത്തിൽ

malankaralibrary.com

11

# വത്തിക്കാന്റെ ഇടപെടൽ

## എല്ലാവരോടും നന്ദി: ക്ലീമീസ് ബാവാ



കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവയ്ക്കൊപ്പം

ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിനു വത്തിക്കാനും ഒമാനും ഇടപെട്ടതിൽ സന്തോഷമുണ്ടെന്നു സിബിസിഐ പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നു ക്രിയാത്മക ഇടപെടലുണ്ടായി. ഉന്നതതലങ്ങളിൽ നിന്നുള്ള ഇടപെടലിനൊപ്പം വിവിധ സംഘടനകളുടെ കേന്ദ്രസർക്കാരിനോടും പ്രധാനമന്ത്രിയോടുനേരിട്ടും ഫാ. ടോമിന്റെ മോചനത്തിനായി ഇടപെടണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഇതൊക്കെ ഗുണകരമായി ഒരു ഇന്ത്യൻ പൗരൻ അകാരണമായ തടവിൽനിന്നു മോചിപ്പിക്കപ്പെട്ടതിൽ എല്ലാവരോടും ഭാരത കത്തോലിയ്ക്കാ സഭയ്ക്ക് നന്ദിയുണ്ട്. ഫാ. ടോമിന്റെ കുടുംബത്തിന്റെ സന്തോഷത്തോടൊപ്പം പങ്കുചേരുന്നു.

ഫാ. ടോം ഉഴുന്നാലിനെ യെമനിലെ ഭീകരരിൽ നിന്നു മോചിപ്പിച്ച വത്തിക്കാൻ ഇടപെടൽ അപൂർവങ്ങളിൽ അപൂർവമെന്നു സിബിസിഐ പ്രസിഡന്റ് മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ. രാജ്യങ്ങൾ തമ്മിലുള്ള സമാധാന ചർച്ചയ്ക്കു വത്തി

malankaralibrary.com

ക്കാൻ മുൻകൈ എടുക്കുമെന്നല്ലാതെ മോചനശ്രമങ്ങൾ നടത്തിയതായി കേട്ടിട്ടില്ല. സലേഷ്യൻ സന്യാസ സമൂഹം വത്തിക്കാന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാലാകണം മാർപാപ്പാ ഇടപെട്ടതെന്നു കരുതുന്നതായും കർദ്ദിനാൾ പറഞ്ഞു.

ഫാ. ടോമിനെ രക്ഷിക്കാൻ കേന്ദ്രം ശ്രമിച്ചിരുന്നു എന്നതു ശരിയാണ്. എന്നാൽ അതു വിജയത്തിലെത്തിച്ചതു വത്തിക്കാന്റെ ഇടപെടലാണ്. ഭീകരരുടെ പിടിയിൽനിന്നു രക്ഷപ്പെട്ടു റോമിൽ എത്തിയശേഷം രാത്രി ഫാ. ടോം ഉഴുന്നാലിലുമായി ഫോണിൽ സംസാരിക്കാൻ കഴിഞ്ഞു. തീർത്തും ക്ഷീണിതനായിരുന്നു അദ്ദേഹം. ഹ്രസ്വമായ സംഭാഷണത്തിൽ ഫാ. ടോം ആവർത്തിച്ചു പറഞ്ഞതു മൂന്നു കാര്യങ്ങളാണ്: "ദൈവത്തിനു നന്ദി, മാതാവിനു പ്രത്യേകം നന്ദി, എനിക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി."

ഫാ. ടോമിന്റെ മോചനത്തിനായി പലവട്ടം കേന്ദ്ര സർക്കാരിനെ സമീപിച്ചെങ്കിലും അവർക്ക് ഇടപെടുന്നതിനു പരിമിതികളുണ്ടായിരുന്നു. ഒമാൻ സർക്കാരിന്റെ സഹായത്തോടെ വത്തിക്കാൻ ഇടപെട്ടതായി സഭയ്ക്കും അറിവുണ്ടായിരുന്നില്ല. തനിക്കും അറിവില്ലായിരുന്നുവെന്നാണു ഫാ. ടോം പോലും പറഞ്ഞത്.

ഇതിനായി മോചനദ്രവ്യം വാങ്ങിയതായി ഒരു അറിയിപ്പും ലഭിച്ചിട്ടില്ല. എല്ലാ സഭകളുടെയും ദേവാലയങ്ങൾക്കു പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ള നാടാണ് ഒമാൻ. ആ വിശാല മനസ്കതയും കാരുണ്യവും അവർ ഫാ. ടോം ഉഴുന്നാലിലിന്റെ കാര്യത്തിലും കാട്ടി. അദ്ദേഹത്തിനുണ്ടായ അനുഭവം വിദേശ രാജ്യങ്ങളിൽ പ്രേഷിത പ്രവർത്തനത്തിനു പോകുന്നവരിൽ ഭീതി ജനിപ്പിച്ചേക്കാം. അതൊന്നും പ്രേഷിത ജോലിക്കു തടസ്സമായി സഭ കാണുന്നില്ല. 16നും 17 നും കൃതജ്ഞതാ ദിനങ്ങളായി കത്തോലിക്കാ സഭ ആചരിക്കുമെന്നും ബാവാ പറഞ്ഞു.

## ഫാ. ടോമുമായി സുഷമ ഫോണിൽ സംസാരിച്ചു

## പ്രതികരിക്കാതെ വിദേശകാര്യമന്ത്രാലയം

ഭീകരരുടെ പിടിയിൽനിന്നു മോചിതനായി റോമിൽ വിശ്രമിക്കുന്ന ഫാ. ടോം ഉഴുന്നാലിലുമായി വിദേശകാര്യമന്ത്രി സുഷമ സ്വരാജ് ഫോണിൽ സംസാരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിക്കു ഫാ. ടോം നന്ദി പറഞ്ഞതായി സുഷമ സ്വരാജ് ട്വിറ്ററിലൂടെ അറിയിച്ചു.

ഫാ. ടോമിന്റെ മോചനത്തിനുള്ള ഇടപെടലുകൾക്ക് ഒമാൻ, യെമൻ സർക്കാരുകൾക്ക് വിദേശകാര്യമന്ത്രി നന്ദി പറഞ്ഞു. എന്നാൽ, മോചന നടപടിയെക്കുറിച്ചു നരേന്ദ്രമോദി പ്രതികരിച്ചിട്ടില്ല. വിഷയത്തിൽ വിദേശകാര്യ മന്ത്രാലയവും പ്രതികരിച്ചിട്ടില്ല. എന്നാൽ, മോചനകാര്യത്തിൽ ഇടപെടുന്നതിൽ കേന്ദ്രസർക്കാരിന് ഉണ്ടായിരുന്ന പരിമിതികളെക്കുറിച്ചു തങ്ങൾക്കു

malankaralibrary.com

ബോധ്യമുണ്ടെന്നാണു കത്തോലിക്കാ സഭാവൃത്തങ്ങൾ പറയുന്നത്.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നേതാക്കളിൽനിന്നു ലഭിച്ച വിവരങ്ങളൊക്കെയും പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയും തങ്ങളെ അറിയിച്ചിരുന്നു.

മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കു പുറമെ, മുഖ്യമന്ത്രി പിണറായി വിജയനും വിഷയം കേന്ദ്രസർക്കാരിനോട് ഉന്നയിച്ചിരുന്നു. കേരളത്തിൽനിന്ന് രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യനും ജോയ് എബ്രഹാമിനും ജോസ് കെ. മാണിക്കും പുറമെ ആന്റോ ആന്റണിയും കെ.സി. വേണുഗോപാലും വിഷയം പാർലമെന്റിൽ പലതവണ ഉന്നയിച്ചിരുന്നു. ഇവരുടെയെല്ലാം ശ്രമങ്ങളെ നന്ദിയോടെ സ്മരിക്കുന്നുവെന്നു സഭാവൃത്തങ്ങൾ പറഞ്ഞു.

## എല്ലാവർക്കും നന്ദി: ദൗത്യം പൂർത്തിയാക്കും

ഭീകരരുടെ തടങ്കലിൽനിന്നു മോചിതനായ ശേഷമുള്ള ഫാദർ ടോം ഉഴുന്നാലിലിന്റെ ആദ്യ വീഡിയോ സന്ദേശം പുറത്തുവന്നു. ദൗത്യം പൂർത്തിയാക്കാൻ ശാരീരിക അവശതകൾ മറികടന്ന് എത്തുമെന്നാണ് ഫെയ്സ്ബുക്കിലൂടെ പുറത്തുവന്ന വീഡിയോ സന്ദേശത്തിലുള്ളത്. തന്റെ മോചനത്തിനായി പ്രവർത്തിച്ച എല്ലാവർക്കും അദ്ദേഹം നന്ദി പറഞ്ഞു.

558 ദിവസം നീണ്ട തടങ്കൽ ക്ഷീണിപ്പിച്ചത് ഈ ഇടയന്റെ ശരീരം മാത്രമായിരുന്നു - അവശതകളെ അതിജീവിച്ചു ദൗത്യം പൂർത്തിയാക്കുമെന്ന ഫാദർ ടോം ഉഴുന്നാലിലിന്റെ വാക്കുകളിൽ നിറഞ്ഞതു തളരാത്ത ആത്മവിശ്വാസമാണ്.

തളരാത്ത മനസ്സിൽനിന്നുയർന്ന ഉറച്ചശബ്ദം. എപ്പോഴും ദൈവത്തിന്റെ മഹത്വം വിളിച്ചറിയിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

malankaralibrary.com

12

# ഫാദർ ഉഴുന്നാലിൽ ഇന്ത്യയിൽ എത്തി

ഇന്ത്യയുടെ സ്നേഹവലയത്തിലേക്കു ഫാ. ടോം ഉഴുന്നാലിൽ പറന്നിറങ്ങി. ദൈവത്തിനും തന്റെ മോചനത്തിനായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറഞ്ഞ്, ഫാ. ടോം ഇന്ത്യൻ മണ്ണിൽ തൊട്ടു. റോമിൽനിന്നുള്ള എയർ ഇന്ത്യവിമാനത്തിൽ രാവിലെ ഏഴരയ്ക്കു ഡൽഹി രാജ്യാന്തരവിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ കേന്ദ്രടൂറിസം മന്ത്രി അൽഫോൻസ് കണ്ണന്താനത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ഫരീദാബാദ് രൂപതാ ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, എം.പി.മാരായ കെ.സി. വേണുഗോപാൽ, ജോസ് കെ.മാണി, ആന്റോ ആന്റണി, കേരള കോൺഗ്രസ് നേതാവ് പി.സി. തോമസ് എന്നിവരും വൈദികരും കന്യാസ്ത്രീകളും വിമാനത്താവളത്തിലെത്തിയിരുന്നു. മരണമുഖത്തുനിന്നു സുരക്ഷിതനായി തിരികെയെത്തിയ ഫാ. ടോമിനെ കണ്ടു സഹോദരങ്ങളായ മാത്യുവിന്റെയും മേരിയുടെയും കണ്ണുകൾ നിറഞ്ഞൊഴുകി.

ഫാ. മാത്യു ജോർജ് കാര്യപുറം, ഫാ. ഫ്രെഡിപെരേര, ഇറ്റലിയിലെ ഇന്ത്യൻ എംബസി സെക്കൻഡ് സെക്രട്ടറി സഞ്ജീവ് കുമാർ എന്നിവർ റോമിൽ നിന്നു ഫാ. ടോമിനെ അനുഗമിച്ചു.

## ഫാ. ടോമിന് മാതൃരാജ്യത്തിന്റെ വരവേൽപ്പ്

യെമനിൽ ഐ.എസ്. ഭീകരരുടെ തടവറയിൽ നിന്ന് നീണ്ട 18 മാസത്തിനുശേഷം മോചിതനായ ഫാ. ടോം ഉഴുന്നാലിൽ ഇന്ത്യയിൽ തിരിച്ചെത്തി. ഇന്നലെ രാവിലെ ഏഴരയോടെ റോമിൽ നിന്നുള്ള എയർ ഇന്ത്യാ വിമാനത്തിലാണ് ഇന്ദിരാഗാന്ധി വിമാനത്താവളത്തിലെത്തിയത്. വത്തിക്കാനിലെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥനും സലേഷ്യൻ സഭാ പ്രതിനിധികളും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. കേന്ദ്ര ടൂറിസം മന്ത്രി അൽഫോൻസ് കണ്ണന്താനത്തിന്റെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള എം.പി.മാരും വിവിധ സഭാമേലദ്ധ്യക്ഷന്മാരും ഉൾപ്പെടെയുള്ള സംഘം വിമാനത്താവളത്തിൽ സ്വീകരിച്ചു.

വത്തിക്കാൻ സമയം 6.40നു പുറപ്പെട്ട വിമാനം പ്രതീക്ഷിച്ചതിലും നേരത്തേ 7.10 ന് എത്തി. 7.55 ഓടെ മന്ത്രിമാർക്കും എം.പി.മാർക്കും ഒപ്പം വി.ഐ.പി. ലോഞ്ചിലൂടെ അദ്ദേഹം പുറത്തെത്തി.

malankaralibrary.com

ഫാ. ടോമിനെ നമുക്കു തിരിച്ചുകിട്ടിയിരിക്കുകയാണെന്നും അദ്ദേഹത്തെ ഇന്ത്യയിലേക്കു സ്വാഗതം ചെയ്യുകയാണെന്നും മന്ത്രി അൽഫോൻസ് കണ്ണന്താനം പറഞ്ഞു. കേന്ദ്രമന്ത്രിക്കൊപ്പം ഒരു കാറിലാണ് അദ്ദേഹം സി.ബി.സി.ഐ. സെന്ററിലേക്കു തിരിച്ചത്.

തുടർന്ന് സി.ബി.സി.ഐ. ആസ്ഥാനത്തേക്കു പോയ ഫാ. ടോം ഉഴുന്നാലിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രവിദേശകാര്യമന്ത്രി സുഷമ സ്വരാജ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി. വത്തിക്കാൻ സ്ഥാനപതിയുടെ വസതിയിലായിരുന്നു ഉച്ചഭക്ഷണം.

വിദേശകാര്യസഹമന്ത്രി ജനറൽ വി.കെ. സിങ്ങും ഒപ്പമുണ്ടായിരുന്നു. സി.ബി.സി.ഐ. ആസ്ഥാനത്തു വൈകുന്നേരം നാലരയ്ക്കു മാധ്യമപ്രവർത്തകരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം വൈകുന്നേരം ആറരയ്ക്കു സേക്രഡ് ഹാർട്ട് കത്തീഡ്രലിൽ ദിവ്യബലി അർപ്പിച്ചു.

മോചനത്തിന് ഇടയാക്കിയ ഇടപെടലിനെക്കുറിച്ച് പല തരത്തിലുള്ള വിവാദങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് അദ്ദേഹം പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. ലോക് കല്യാൺ മാർഗിലെ വസതിയിലെത്തിയാണ് ഫാ. ടോം നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തിയത്. ഔദ്യോഗിക ഓഫീസിലായിരുന്നു സുഷമ സ്വരാജുമായുള്ള കൂടിക്കാഴ്ച.

അദ്ദേഹത്തിന്റെ ആരോഗ്യ വിവരങ്ങൾ പ്രധാനമന്ത്രി ചോദിച്ചറിഞ്ഞു. മോചനം പുതിയൊരു ജന്മമാണെന്ന് ഓർമപ്പെടുത്തിയ പ്രധാനമന്ത്രി, രാജ്യം എപ്പോഴും കൂടെയുണ്ടാകുമെന്നും അറിയിച്ചു. മോചനത്തിനായി കേന്ദ്ര സർക്കാർ നടത്തിയ ശ്രമങ്ങൾക്ക് അദ്ദേഹം പ്രധാനമന്ത്രിയോടു നന്ദി അറിയിച്ചു. കാലങ്ങളായി നടത്തിയ ശ്രമഫലമായാണു ജസ്യൂട്ട് സഭയിലെ ഫാ. ഡേവിഡ് പ്രേംകുമാറിനെ മോചിപ്പിക്കാനായതെന്നും അത്രയും തന്നെ നിരന്തരശ്രമം ഫാ. ടോമിന് വേണ്ടിയും നടത്തിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. മോചനത്തിനായി ജനങ്ങളിൽ നിന്നു വളരെയധികം സമ്മർദ്ദമുണ്ടായിരുന്നു. രാജ്യാന്തരതലത്തിലും ഇന്ത്യ വളരെയേറെ സമ്മർദ്ദം ചെലുത്തിയെന്നും പ്രധാനമന്ത്രി അറിയിച്ചു. കൂടിക്കാഴ്ചയിൽ ന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാൻ ജോർജ് കുര്യനും പങ്കെടുത്തു.

വിമാനത്താവളത്തിൽ എം.പി.മാരായ കെ.സി. വേണുഗോപാൽ, ജോസ് കെ.മാണി, ആന്റോ ആന്റണി, ഡൽഹി ഫരീദാബാദ് രൂപതാ ആർച്ച് ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, ഗുഡ്ഗാവ് രൂപതാ വികാരി ജനറാൾ ഫാ. ഷാജി തോമസ് മാണികുളം, വത്തിക്കാൻ എംബസിയിലെ പ്രതിനിധികൾ, കേരളാ കോൺഗ്രസ് നേതാവ് പി.സി. തോമസ്, നോബിൾ മാത്യു എന്നിവരും അദ്ദേഹത്തെ സ്വീകരിക്കാനെത്തിയിരുന്നു. വത്തിക്കാനിൽ നിന്നു സലേഷ്യൻ സഭയുടെ കൊൽക്കത്താ പ്രൊവിൻഷ്യലിലെ ഫാ.

malankaralibrary.com

മാത്യു, ബംഗളുരു പ്രൊവിൻഷ്യൽ സെക്രട്ടറി ഫാ. ഫ്രെഡി എന്നിവർ ഫാ. ടോമിനൊപ്പം ഉണ്ടായിരുന്നു.

ഇന്ന് ബംഗളുരുവിലേക്ക് തിരിക്കുന്ന ഫാ. ടോം സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ കർദ്ദിനാൾമാരും സി.ബി.സി.ഐ. ഭാരവാഹികളുമായും കൂടിക്കാഴ്ച നടത്തും. ഒക്ടോബർ ഒന്നിനു കൊച്ചിയിൽ എത്തുന്ന അദ്ദേഹം ജന്മനാടായ പാലാ രാമപുരത്തേക്കു പോകും. മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരുമായും കൂടിക്കാഴ്ച നടത്തും.

## ദിവ്യബലിക്കിടെ അൾത്താരയിൽ പൊട്ടിക്കരഞ്ഞ് ടോമച്ചൻ

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി: തടവറയുടെയും ഒറ്റപ്പെടലിന്റെയും വേദനകളിൽ നിന്നു മോചിതനായശേഷം പൊട്ടിക്കരഞ്ഞു കൊണ്ടായിരുന്നു ഇൻഡ്യയിൽ ഫാ. ടോമിന്റെ ആദ്യ ദിവ്യബലി. ദൈവത്തിനും ജനത്തിനും നന്ദി പറഞ്ഞുകൊണ്ട് കുർബാന അർപ്പിച്ച് ഫാ.ടോം ഉഴുന്നാലിൽ അൾത്താരയിൽ പലവട്ടം പൊട്ടിക്കരഞ്ഞു.

ബലിപീഠത്തിൽ ചുംബിക്കവേയാണ് അദ്ദേഹം ആദ്യം കരഞ്ഞത്. ഇരുൾമുറിയിൽ തടവിൽ കഴിഞ്ഞ നാളുകൾ വിസ്മരിച്ച് പ്രകാശം പരക്കുന്ന സ്വന്തം മണ്ണിൽ കാലു കുത്തിയശേഷമുള്ള ആദ്യ കുർബാനയിലെ മറുപടി പ്രസംഗത്തിനിടെയും അദ്ദേഹം പൊട്ടിക്കരഞ്ഞു.

വത്തിക്കാൻ സ്ഥാനപതി ജാംഹതിസ്തദിക്വാത്രോ, ഫരീദാബാദ് ആർച്ച് ബിഷപ് മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര, സലേഷ്യൻ സഭ വൈസ് പ്രൊവിഷ്യൻ ഫാ. ജോസ് കോയിക്കൽ, സലേഷ്യൻ സഭയിലെ മറ്റു വൈദികർ എന്നിവർക്കൊപ്പമാണ് ഇന്നലെ വൈകുന്നേരം ആറരയ്ക്ക് സിബിസിഐ സെന്റിനോടു ചേർന്ന് സേക്രട്ട് ഹാർട്ട് കത്തീഡ്രലിൽ ദിവ്യബലി അർപ്പിച്ചത്. വൈദികരും കന്യാസ്ത്രികളും ഉൾപ്പെടെ നിരവധി പേർ ദിവ്യബലിയിൽ പങ്കെടുത്തു.

മറുപടി പ്രസംഗത്തിൽ മോചനത്തിനു വേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി പറഞ്ഞ ഫാ. ടോം തന്റെ അടുത്ത നിയോഗം ഇനി എങ്ങോട്ടാണെന്നു തീരുമാനിക്കേണ്ടത് സഭാധികൃതരാണെന്നു പറഞ്ഞു. എല്ലാം ദൈവനിശ്ചയമായെടുക്കുന്നു. യുവാക്കളോടും മാതാപിതാക്കളോടും ഒന്നിലും നിരാശരാകാതെ എല്ലാ കാര്യങ്ങളെയും പോസിറ്റീവായി കാണാൻ പഠിക്കുക എന്നാണ് അദ്ദേഹം പറഞ്ഞത്. നിരാശരാകാതിരിക്കുക, യേശുവിന്റെ വാക്കുകൾക്ക് കാതോർക്കുക എന്നതാണു പ്രധാനം. ജീവിതത്തിൽ എന്തു തന്നെ സംഭവിച്ചാലും മാതാപിതാക്കൾ മക്കൾക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും അദ്ദേഹം പറഞ്ഞു.

malankaralibrary.com

# ഒരുനോക്കിൽ മനംനിറഞ്ഞ് സഹോദരങ്ങൾ

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി: പ്രാർത്ഥനയിലായിരുന്നു മുഴുവൻ പ്രതീക്ഷകളും. എന്നാൽ, കാത്തിരിപ്പ് ദുഃഖത്തിന്റെ കണ്ണുനീരിൽ കുതിർന്നതും, മരണത്തിന്റെ വക്കോളം പോയി തിരിച്ചു വന്ന പ്രിയ സഹോദരനെ ഒരു നോക്കു മാത്രമേ അവർ കണ്ടുളളൂ. അതുമതിയായിരുന്നു അവരുടെ ഹൃദയവും മനസും നിറയാൻ. 18 മാസങ്ങളായി ഓർമ്മയിൽ സൂക്ഷിച്ചിരുന്ന മുഖമായിരുന്നില്ല ഫാ. ടോമിനുണ്ടായിരുന്നത്. ക്ഷീണിച്ച് കവിളുകളൊട്ടിയ ഫാ. ടോമിനെ കണ്ട് സഹോദരങ്ങളായ മാത്യുവും മേരിയും പൊട്ടിക്കരഞ്ഞു പോയി.

സഹോദരൻ തിരിച്ചെത്തിയതിൽ ഒരു പാട് സന്തോഷമുണ്ടെന്നു പറഞ്ഞു പൂർത്തിയാക്കുന്നതിനു മുൻപേ അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ മാത്യു പൊട്ടിക്കരഞ്ഞു. വത്തിക്കാനിൽ നിന്ന് ഇന്നലെ രാവിലെ ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ ഫാ. ടോമിനെ സ്വീകരിക്കാൻ കേരളമന്ത്രി അൽഫോൻസ് കണ്ണന്താനവും എം.പി.മാരും വൈദികരും കന്യാസ്ത്രീകളും അടക്കം നിരവധി പേർ കാത്തുനിന്നിരുന്നു. ഇവർക്കൊപ്പം മേരിയും കാത്തു നിന്നു. എന്നാൽ, വിമാനത്താവളത്തിന്റെ വി.ഐ.പി. ലോഞ്ചിൽ നിന്നു പുറത്തേക്കിറങ്ങിയ ഉടൻതന്നെ ഫാ. ടോമിനെയും ഒപ്പമുണ്ടായിരുന്ന മന്ത്രിയെയും മാധ്യമപ്രവർത്തകർ വളഞ്ഞതോടെ സഹോദരങ്ങളും കാത്തുനിന്ന വൈദികരും തിരക്കിനു പുറത്തായിപ്പോയി. നീണ്ടയാത്രയും ശാരീരിക അവശതകളും തിരക്കിട്ട കൂടിക്കാഴ്ചകളും ഉണ്ടായിരുന്നതിനാൽ അധികം വാക്കുകൾപറയാതെ ഫാ. ടോം മന്ത്രിക്കൊപ്പം കാറിലേക്കു കയറി. പിന്നെ സി.ബി.സി.ഐ. സെന്ററിലേക്ക് സഹോദരങ്ങളും മറ്റൊരു കാറിൽ ഇവരെ അനുഗമിച്ചു.

പത്തു മണിക്കു തന്നെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള കൂടിക്കാഴ്ചയ്ക്കു പുറപ്പെടേണ്ടതിനാൽ സി.ബി.സി.ഐ. സെന്ററിലും രാവിലെ ഫാ. ടോമിന് അധികം സമയം ചെലവഴിക്കാനായില്ല. എങ്കിലും വീണു കിട്ടിയ ഇടവേളയിൽ പ്രാർത്ഥനയും കണ്ണുനീരുമായി കാത്തിരുന്ന സഹോദരങ്ങളെ അദ്ദേഹം ആശ്വസിപ്പിച്ചു. തുടർന്ന് മോദിയെ കാണാൻ പുറപ്പെട്ടപ്പോഴും ഇവർ മറ്റൊരു കാറിൽ അദ്ദേഹത്തെ അനുഗമിച്ചു.

ഫാ.ടോം ഉഴുന്നാലിനെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ ലോകമാധ്യമങ്ങളിൽ നിറയുമ്പോഴും പ്രതീക്ഷയോടെ കാത്തിരുന്നുവെന്നാണ് സഹോദരൻ മാത്യു ഉഴുന്നാലിൽ പറഞ്ഞത്. ഫാ. ടോമിനെ യെമനിൽനിന്നു ഭീകരർ തട്ടിക്കൊണ്ടുപോയെന്ന വിവരം അറിഞ്ഞ ഉടനെതന്നെ, ഗുജറാത്തിൽ സ്ഥിരതാമസക്കിയിരുന്ന മാത്യു ഉഴുന്നാലിൽ, രാമപുരത്തെ ഭവനത്തിൽ തിരിച്ചെത്തിയിരുന്നു. ഫാ.ടോം ക്രൂശിക്കപ്പെട്ടു എന്ന തെറ്റായ വാർത്ത വന്നപ്പോൾ

malankaralibrary.com

മാത്യു ഉഴുന്നാലിൽ വിശ്വസിച്ചില്ല. "ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു" എന്നാണ് അതേക്കുറിച്ച് അദ്ദേഹം പറഞ്ഞത്. മരിയ വോൾതോർത്തയുടെ 'ദൈവമനുഷ്യന്റെ സ്നേഹഗീത' എന്ന പുസ്തകത്തിലെ വരികളാണ് അക്കാലത്ത് തനിക്കു ശക്തി പകർന്നു തന്നിരുന്നതെന്നും അദ്ദേഹം പറഞ്ഞു.

2014 സെപ്റ്റംബറിൽ ഫാ.ടോമിന്റെ മാതാവ് ത്രേസ്യയുടെ മരണത്തിനുശേഷം രാമപുരത്തെ അദ്ദേഹത്തിന്റെ ഭവനം പൂട്ടിക്കിടക്കുകയാണ്. അമ്മയുടെ മരണസമയത്ത് ഫാ. ടോം എന്നും അദ്ദേഹം പറഞ്ഞു. ഇന്നു തന്നെ ഫാ.ടോമിനൊപ്പം ഇവർ ബംഗളൂരുവിലേക്കു തിരിക്കും. അദ്ദേഹത്തിന് അവിടെയും തിരക്കിട്ട കൂടിക്കാഴ്ചകളായിരുന്നതിനാൽ സഹോദരനെ തനിച്ചൊന്നു കിട്ടാൻ ഇനിയും ദിവസങ്ങൾ കാത്തിരിക്കേണ്ടി വരുമെന്ന് മാത്യുവും മേരിയും പറഞ്ഞു.

## എന്നെ രക്ഷിച്ചത് രാജ്യത്തിന്റെ പ്രാർത്ഥന

മതവിശ്വാസങ്ങളുടെ അതിർവരമ്പുകൾ കടന്ന് രാജ്യത്തിന്റെ മുഴുവൻ പ്രാർത്ഥനയാണു ഭീകരരിൽ നിന്നു തന്നെ രക്ഷിച്ചതെന്നു സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിൽ. പ്രമേഹരോഗിയായ എനിക്കു റമസാൻ മാസത്തിൽ നോമ്പു നോക്കുന്നതിനിടയിലും ഭീകരർ ഭക്ഷണം നൽകിയതും മരുന്നു ലഭ്യമാക്കിയതുമൊക്കെ ഈ പ്രാർത്ഥനയുടെ ശക്തിയാണ്. ക്രിസ്ത്യൻ ദേവാലയങ്ങളിൽ മാത്രമല്ല, രാമപുരത്തെ അമ്പലത്തിലും ഈരാറ്റുപേട്ടയിലെ മസ്ജിദിലുമൊക്കെ പ്രാർത്ഥന നടന്നുവെന്നകാര്യം കുടുംബാംഗങ്ങൾ പറഞ്ഞറിഞ്ഞു. യെമനിൽ നിന്നു ഭീകരർ തട്ടിയെടുത്തതിനെ തുടർന്ന് ഒന്നരവർഷം ഏകാന്ത തടങ്കലിൽ താമസിച്ചപ്പോൾ ഭയന്നു വിറച്ചില്ല. ഒരുതുള്ളി കണ്ണീരിറ്റുമില്ല. എന്നാൽ മാതൃരാജ്യത്ത് കാലു കുത്തിയപ്പോൾ കണ്ണീർ നിയന്ത്രിക്കാനായില്ല. ആ അനുഭവം വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കാനാകില്ല.

'ഭീകരതയുടെ ദിനങ്ങളിൽ ജീവൻ നഷ്ടപ്പെടാതെ കടന്നുപോയ ഓരോ ദിനത്തിലും ദൈവത്തോടു നന്ദി പറഞ്ഞു'- ഫാ. ഉഴുന്നാലിൽ പറഞ്ഞു. സലേഷ്യൻസ് ഓഫ് ഡോൺബോസ്കോ ബംഗളൂരു പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം ഭീകരദിനങ്ങളിലെ അനുഭവങ്ങൾ പങ്കിട്ടത്.

malankaralibrary.com

13

# ഫാ. ഉഴുന്നാലിൽ ബാങ്ക്ളൂരിൽ

കൈവിടാത്ത പ്രാർത്ഥനയ്ക്കു മുന്നിൽ ഭീകരവാദം മുട്ടുകുത്തുമെന്ന വിശ്വാസം ജ്വലിച്ചുനിന്നു വൈദികരുടെ മുഖത്ത്. മധുരം വിതരണം ചെയ്യുമ്പോൾ ഒന്നരവർഷത്തെ ആശങ്കകൾക്ക് അവസാനമായതിന്റെ സന്തോഷം. ഫാ. ടോം ഉഴുന്നാലിലിന്റെ മോചനവാർത്തയുടെ ആഹ്ളാദത്തിലാണു ബാനസവാടി റോഡിലെ സലേഷ്യൻസ് ഓഫ് ഡോൺ ബോസ്കോ പ്രൊവിൻഷ്യൽ ഹൗസ്.

മാധ്യമങ്ങളിലൂടെയാണു മോചന വാർത്തയറിഞ്ഞതെന്നു യെമനിൽ ഫാ. ടോമിന്റെ സഹപ്രവർത്തകനായിരുന്ന പ്രൊവിൻഷ്യൽ ഹൗസ് സുപ്പീരിയർ ഫാ. ജോർജ് മുട്ടത്തുപറമ്പിൽ പറഞ്ഞു. ഫാ. ടോം എന്നു ബാംഗളുരുവിൽ എത്തുമെന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലെന്നു വക്താവ് ഫാ. ഫ്രെഡി പെരേര വ്യക്തമാക്കി.

"ഒന്നരവർഷത്തെ പ്രാർത്ഥനയ്ക്കും പ്രതീക്ഷ കൈവിടാതെയുള്ള ശ്രമങ്ങൾക്കുമൊടുവിൽ ഫാ. ടോം മോചിതനായതിൽ പറഞ്ഞറിയിക്കാനാകാത്ത സന്തോഷം. തിരിച്ചുവരുമെന്ന് ഉറപ്പുണ്ടായിരുന്നു. മോചനം അപ്രതീക്ഷിതമായതിനാൽ അത്ഭുതം മാറിയിട്ടില്ല. മോചനത്തിനു മധ്യസ്ഥത വഹിച്ച തെക്കൻ അറേബ്യ അപ്പോസ്തലിക് വികാരിയേറ്റ് ബിഷപ് പോൾ ഹിൻഡർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ഫ്രാൻസിസ് മാർപാപ്പ ഒമാൻ സർക്കാരുമായി ബന്ധപ്പെട്ടിരുന്നു. ഫാ. ടോമിനെ തട്ടിക്കൊണ്ടുപോയ നാൾ മുതൽ പ്രത്യേക പ്രാർത്ഥന തുടരുകയാണ്. പ്രൊവിൻഷ്യൽ ഹൗസിൽ രാവിലെ അഞ്ചിനു തുടങ്ങുന്ന അരമണിക്കൂർ പ്രാർത്ഥന കേരളത്തിലും കർണാടകയിലുമുള്ള എല്ലാ സ്ഥാപനങ്ങളും ദിവസത്തിലുടനീളം ഏറ്റെടുത്തു"- ഫാ. ജോർജ്ജ് പറഞ്ഞു.

ഫാ. ടോമിനെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുമ്പോൾ യെമൻ തായിസിൽ വൈദികനായിരുന്നു ഫാ. ജോർജ് മുട്ടത്തുപറമ്പിൽ.

ഭീകരരുടെ നോട്ടപ്പുള്ളിയാണെന്നു തിരിച്ചറിഞ്ഞതോടെ നാട്ടിലേക്കു മടങ്ങി. താമരശേരി കണ്ണോത്ത് മുട്ടത്തുപറമ്പിൽ കുടുംബാംഗമാണ്.

## കൊടുംഭീകരതയുടെ നാളുകൾ പിന്നിട്ട്

മിഷനറീസ് ഓഫ് ചാരിറ്റിയുടെ ആവശ്യപ്രകാരമാണു സനാ, ഏഡൻ, തായിസ്, ഹൊദൈഡ എന്നിവിടങ്ങളിൽ സലേഷ്യൻസഭ ഓരോ വൈദികരെ വീതം നിയമിച്ചിരുന്നത്. 2010 ജൂണിൽ ഫാ. ടോമും ഫാ. ജോർജും

malankaralibrary.com

യെമനിലേക്കുപോയി. നാലുവർഷത്തെ സേവനത്തിനുശേഷം ഇന്ത്യയിൽ തിരിച്ചെത്തി ബംഗളുരു കെ.ആർ.പുരം ക്രിസ്തുജ്യോതി തിയോളജി കോളജിൽ അഡ്മിനിസ്ട്രേറ്ററായ ഫാ. ടോം സ്വന്തം ഇഷ്ടപ്രകാരമാണു വീണ്ടും ഏഡനിലേക്കു പോയത്. 2015 മാർച്ച് 26 ന് ആഭ്യന്തര യുദ്ധം ആരംഭിച്ചശേഷമായിരുന്നു ഇത്. യുദ്ധത്തിനു തൊട്ടുമുൻപ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചതനുസരിച്ച്, മുഖ്യആരാധനാലയമുള്ള ഏഡൻ ഒഴികെ മൂന്ന് ഇടവകകളിലെ വൈദികരും യെമൻ വിട്ടിരുന്നു. എല്ലാവരോടും മടങ്ങിവരാൻ സലേഷ്യൻ സഭയും ആവശ്യപ്പെട്ടിരുന്നു. ഫാ. ടോം തിരിച്ചെത്തുന്നതുവരെ ഫാ. ജോർജാണു നാല് ഇടവകകളും നോക്കിയിരുന്നത്. യെമനിൽ തനിക്കു നേരിട്ടു പരിചയമുള്ളവർ അനുഭവിക്കുന്ന ദുരിതത്തിൽ ആശ്വാസമേകാനും ഫാ. ജോർജിനെ സഹായിക്കാനുമാണു ഫാ. ടോം സ്വമേധയാ യെമനിലേക്കു മടങ്ങിയത്.

## പ്രാർത്ഥനകൾക്ക് നന്ദിയർപ്പിച്ച് ടോമച്ചൻ

മോചിതനായി വത്തിക്കാനിൽ എത്തിയ ടോം ഉഴുന്നാലിൽ അച്ചൻ വത്തിക്കാനിലെ സലേഷ്യൻ ആസ്ഥാനത്ത് മാധ്യമങ്ങളോട് സംസാരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ഫാ. ബിജു മഠത്തിക്കുന്നേൽ സി.എസ്.എസ്.ആർ. റിപ്പോർട്ട് ചെയ്ത് സൺഡേ ശാലോമിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ റിപ്പോർട്ട് താഴെ ചേർക്കുന്നു.

ഭീകരർ തന്നെ ഉപദ്രവിക്കാതിരുന്നത് അത്ഭുതകരമായ ദൈവകൃപയാണെന്ന് ഫാ. ടോം ഉഴുന്നാലിൽ. വത്തിക്കാനിലെ സലേഷ്യൻ ആസ്ഥാനത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ അനുഗ്രഹവും കൃപയും മാത്രമാണ് എല്ലാ പ്രതിസന്ധികളിൽ നിന്നും തന്നെ മോചിപ്പിച്ചത്. ഇതുപറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു.

ഭീകരർ ഒരു ഘട്ടത്തിലും എന്നെ പീഡിപ്പിച്ചില്ല. സംഭവം നടന്ന ദിവസം യമനിലെ ദൈവാലയത്തിൽനിന്നും ഭീകരരിൽ ചിലർ സിസ്റ്റേഴ്സിനെ വധിച്ചശേഷം എന്നെ ട്രക്കിലേക്ക് കയറ്റുകയായിരുന്നു. അതോടൊപ്പം ദൈവാലയത്തിലെ സക്രാരിയും അതിനകത്ത് ഇട്ടിരുന്നു. ഭീകരരുടെ ആസ്ഥാനത്തേക്ക് കണ്ണുകെട്ടിയാണ് കൊണ്ടുപോയത്. ഒരിക്കലും മോശമായ പെരുമാറ്റം അവരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. കണ്ണുകെട്ടി മുഖത്ത് അടിക്കുന്നതുപോലെ നടിച്ച് ചിത്രീകരിച്ച വീഡിയോ അവർ സോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്യുകയായിരുന്നു.

ഒരിക്കലും നിർബന്ധിത മതപരിവർത്തനത്തിന് അവർ എന്നെ പ്രേരിപ്പിച്ചില്ല. ഞാൻ കടുത്ത പ്രമേഹരോഗിയാണെന്ന് മനസ്സിലായപ്പോൾ 238 ഗുളികയും ആവശ്യമായ ഇൻസുലിനും നൽകി. ഈ മരുന്നുകളൊന്നും

malankaralibrary.com

ലഭ്യമല്ലാത്ത പ്രദേശമായിരുന്നിട്ടും എവിടെനിന്നാണ് അവരത് സംഘടിപ്പിച്ചതെന്ന് അറിയില്ലെന്നും ഫാ. ടോം പറഞ്ഞു.

മോചനദ്രവ്യം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തിരിക്കണം. എന്നാൽ അറബിയിലാണ് അവർ എന്നോട് സംസാരിച്ചത്. ഇടക്ക് ചില ഇംഗ്ലീഷ് വാക്കുകൾ സംസാരിക്കും. ഇന്ത്യക്കാരനാണെന്നറിഞ്ഞപ്പോൾ പിന്നീട് അവർ ഉപദ്രവിക്കാനും ശ്രമിച്ചില്ല. ഇതിനിടയിൽ മൂന്ന് സ്ഥലത്തേക്കെങ്കിലും കണ്ണുകെട്ടി കൊണ്ടുപോയിട്ടുണ്ടാകണം. യമനിലെ ആക്രമണത്തിനുശേഷം ഒരു സിസ്റ്റർ മരിച്ചിട്ടില്ലയെന്ന് ഭീകരരിൽ ഒരാൾ പറയുമ്പോഴാണ് അറിയുന്നത്. ഈ സമയങ്ങളിലെല്ലാം ശക്തമായ പ്രാർത്ഥനയായിരുന്നു എന്നെ ബലപ്പെടുത്തിയത്. മനസ്സ് അസ്വസ്ഥമാകാതിരിക്കാൻ ഇലക്ട്രോണിക്സ് സർക്യൂട്ടും അത് ഉണ്ടാക്കുന്ന വിധത്തെക്കുറിച്ചുമാണ് ഞാൻ ആ ദിവസങ്ങളിൽ ചിന്തിച്ചിരുന്നത്. ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഭീകരർക്കും വേണ്ടിയും ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒന്നരവർഷം ഒരേ വസ്ത്രമാണ് ധരിച്ചിരുന്നത്. ചില വ്യായാമമുറകൾ ചെയ്യാൻ അവർ എന്നെ നിർബന്ധിച്ചു. ഭക്ഷണത്തിനൊന്നും ഒരു കുറവും ഉണ്ടായിരുന്നില്ല. എങ്ങനെ ആര് ഇടപെട്ടിട്ടാണ് തന്നെ മോചിപ്പിച്ചതെന്നും അറിയില്ലെന്നും ഫാ. ടോം കൂട്ടിച്ചേർത്തു.

ഒരു സായാഹ്നത്തിൽ അവർ വന്ന് താങ്കളെ മോചിപ്പിക്കുന്നു എന്ന് എന്നോട് പറയുകയായിരുന്നു. എന്താണ് സംഭവിക്കുന്നതെന്ന് എനിക്ക് തെല്ലും മനസ്സിലായില്ല. തലസ്ഥാനമായ മസ്കറ്റിലെത്തിയപ്പോഴാണ് ഒമാൻ ഇതിൽ ഇടപെട്ടിട്ടുണ്ടാവുമെന്ന് മനസ്സിലാകുന്നത്. അപ്പോഴേക്കും ഡോക്ടർമാർ വൈദ്യപരിശോധനയ്ക്കായി ഓടിയെത്തിയിരുന്നു. രണ്ടാഴ്ചക്കുള്ളിൽ ഇന്ത്യയിലേക്ക് വരും. പാസ്പോർട്ട് നഷ്ടപ്പെട്ടുപോയതിനാൽ ഇത് ക്രമപ്പെടുത്തിയെടുക്കാനാണ് ഈ താമസം. ജീവിതത്തിൽ ഏറ്റവും വലിയ സന്തോഷം തോന്നിയത് മാർപാപ്പയെ കണ്ടപ്പോഴും അദ്ദേഹം കെട്ടിപ്പിടിച്ച് കരം ചുംബിച്ചപ്പോഴുമാണ്. തീർത്തും സാധാരണക്കാരനായ എന്നെ അദ്ദേഹം എത്രമാത്രം മാനിച്ചിരിക്കുന്നു എന്നോർത്തപ്പോൾ മനസ്സിലുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. എനിക്ക് നേരിട്ട എല്ലാ അനുഭവങ്ങളും നന്മയ്ക്കാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ചവരെയും ദിവ്യബലിയിൽ ഓർത്തവരെയും ഉപവസിച്ചവരെയും നന്ദിയോടെ ഓർക്കുന്നതായും അദ്ദേഹം പറഞ്ഞു. എല്ലാ മഹത്വവും ദൈവത്തിന്, എല്ലാ കാര്യങ്ങളിലും ദൈവമഹത്വമുണ്ടാകട്ടെ, ഇതായിരുന്നു ടോമച്ചന്റെ ആത്മമന്ത്രണം.

malankaralibrary.com

14

# രാമപുരത്തുനിന്നു ആക്ഷൻ കൗൺസിൽ അംഗങ്ങൾ ബാങ്ക്ളൂരിൽ

ബന്ധനവിമുക്തനായ ഫാ. ടോം ഉഴുന്നാലിൽ ആദ്യം വത്തിക്കാനിലും തുടർന്ന് ഡൽഹിയിലും ബാംഗ്ളൂരും എത്തി. രാമപുരത്തു പ്രവർത്തിച്ചുവരുന്ന ആക്ഷൻകൗൺസിൽ അംഗങ്ങൾ ഡൽഹിയിൽ എത്തി ഫാ. ടോമിനെ സ്വീകരിക്കാൻ തയാറായി. പക്ഷേ ടിക്കറ്റ് ലഭിക്കാത്തതിനാൽ നടന്നില്ല. ബാംഗ്ലൂർ എത്തി സ്വീകരണത്തിൽ പങ്കെടുക്കാനായി ആക്ഷൻ കൗൺസിൽ ഭാരവാഹികൾ പ്രത്യേക വാഹനത്തിൽ ബാംഗ്ലൂർക്ക് പോയി. രക്ഷാധികാരി സഭാതാരം ജോൺ കച്ചിറമറ്റം, ചെയർമാൻ സി.റ്റി. രാജൻ, ഷാജി ആറ്റുപുറം, തോമസ് മാടപ്പാട്ട്, തോമസ് ഉഴുന്നാലിൽ, മനോജ് ചീങ്കല്ലേൽ എന്നിവരായിരുന്നു യാത്രാ സംഘത്തിലുണ്ടായിരുന്നത്. ബാംഗ്ലൂർ സെപ്റ്റംബർ 28-ാം തീയതി സംഘം ബാംഗ്ലൂരിൽ സന്യാസസഭയുടെ ഭവനത്തിൽ എത്തി. വെല്ലൂർനിന്നും ഫാ. ജോണി എടക്കരയും ബാംഗ്ലൂർ എത്തി യാത്രാ സംഘത്തിൽ പങ്കുചേർന്നു. പിറ്റേന്ന് രാവിലെ 7 മണിക്കുതന്നെ ആക്ഷൻകൗൺസിൽ അംഗങ്ങൾ ബാംഗ്ലൂർ വിമാനത്താവളത്തിൽ എത്തി. ഫാ. ടോമിനെ സ്വീകരിക്കുവാൻ നിരവധി വൈദികരും സന്യാസിനികളും സലേഷ്യൻ സഭാംഗങ്ങളും വിമാനത്താവളത്തിൽ എത്തിച്ചേർന്നു. കർണ്ണാടകമന്ത്രി ജോർജ്ജും വിമാനത്താവളത്തിൽ എത്തിയിരുന്നു. വിമാനത്താവളത്തിൽ എത്തിയ ആക്ഷൻകൗൺസിൽ അംഗങ്ങൾ എയറോഡ്രോം ഭാരവാഹികളുമായി സംസാരിച്ചു. കേരളത്തിൽ നിന്നും ഫാ. ടോമിനെ സ്വീകരിക്കുവാൻ വന്നുവെന്നറിഞ്ഞപ്പോൾ അവർക്ക് അത്ഭുതമായി. വിമാനത്താവളത്തിൽ നിന്നും ഇറങ്ങിവരുന്ന വഴിയും മറ്റും പറഞ്ഞതിനുശേഷം തിക്കും തിരക്കുമില്ലാതെ സുരക്ഷിതമായി നിൽക്കുവാനുള്ള സ്ഥലവും കാണിച്ചുതന്നു. ഞങ്ങൾ അവർ നിർദ്ദേശിച്ച സ്ഥലത്ത് ബൊക്കെയും ഹാരങ്ങളുമായി കാത്തുനിന്നു. പല മലയാളപത്രങ്ങളുടെയും പ്രതിനിധികൾ ഞങ്ങളെ വന്ന് കാണുകയും വേണ്ട സൗകര്യങ്ങൾ ചെയ്തു തരുകയും ചെയ്തു. പല പത്രപ്രതിനിധികളും ഞങ്ങളിൽ പലരെയും നേരിട്ടു പരിചയമുള്ളവരായിരുന്നു.

ന്യൂഡൽഹിയിൽനിന്ന് രാവിലെ 8.35 ന് ബാംഗ്ലൂർ വിമാനത്താവളത്തിൽ എത്തിയ ഫാ. ടോമിനെ സ്വീകരിക്കാൻ സലേഷ്യൻ സഭാംഗങ്ങൾ വിമാനത്താവളത്തിൽ എത്തി. കേരളത്തിൽനിന്നുള്ള ആക്ഷൻ കൗൺസിൽ

malankaralibrary.com

അംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ട ടോമച്ചനെ കാണാൻ ആകാംക്ഷാപൂർവ്വം മിനിട്ടുകൾ കാത്തുനിന്നു. ആക്ഷൻ കൗൺസിൽ അംഗങ്ങൾ നൽകിയ ബൊക്കേകളും ഹാരങ്ങളും ഏറ്റുവാങ്ങി സ്നേഹദൂത് പങ്കുവച്ചതിനുശേഷം കുക്ക്ടൗൺ മിൽട്ടൺ സ്ട്രീറ്റിലുള്ള പ്രൊവിൻഷ്യൽ ഹൗസിലേക്കാണ് ടോമച്ചൻ പോയത്. കേരളത്തിൽ നിന്നുള്ള ആക്ഷൻ കൗൺസിൽ അംഗങ്ങളെയും പ്രൊവിൻഷ്യൽ ഹൗസിലേക്ക് സഭാധികാരികൾ ക്ഷണിച്ചു.

രാമപുരത്തുനിന്നും എത്തിയ ആക്ഷൻകൗൺസിൽ അംഗങ്ങൾക്ക് പ്രൊവിൻഷ്യൽ ഹൗസിൽ നല്ല സ്വീകരണമാണ് ലഭിച്ചത്. പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന പ്രാർത്ഥനയിൽ ആക്ഷൻകൗൺസിൽ അംഗങ്ങളും പങ്കെടുത്തു. തുടർന്ന് വിശ്രമത്തിനായി വിശ്രമമുറിയിൽ പ്രവേശിച്ച ഫാ. ടോം രാമപുരത്തുനിന്നുമെത്തിയ ആക്ഷൻകൗൺസിൽ അംഗങ്ങളെ പ്രത്യേകം സന്ദർശിക്കുകയും രാമപുരത്തെ ജനങ്ങളുടെ വികാരവിചാരങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. എല്ലാവരെയും ടോമച്ചൻ ഹസ്തദാനം നൽകിയും കെട്ടിപ്പിടിച്ചും ചുംബനം നൽകിയും യാത്രയാക്കി. ആക്ഷൻ കൗൺസിൽ രക്ഷാധികാരി കച്ചിറമറ്റം ടോമച്ചന്റെ വീക്ഷണത്തെപ്പറ്റിയും ത്യാഗമനസ്ഥിതിയെപ്പറ്റിയും സംസാരിക്കുകയും മാർപാപ്പാ മുത്തിയ ടോമച്ചന്റെ കൈകളിൽ മുത്തുകയും ചെയ്തു. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന കാപ്പി സൽക്കാരത്തിലും പങ്കെടുത്ത് പ്രൊവിൻഷ്യൻ ഹൗസിലെ എല്ലാവരുമായി യാത്ര പറഞ്ഞു പിരിഞ്ഞു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, കർദിനാൾ ടെലസ്ഫോർ ടോപ്പോ സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കുന്ന ആർച്ച് ബിഷപ്പുമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചഭക്ഷണത്തിനുശേഷം പ്രൊവിൻഷ്യൽ ഹൗസിലേക്കു മടങ്ങി.

വൈകുന്നേരം 5.30നും ബംഗളുരു മ്യൂസിയം റോഡിലെ ഗുഡ്ഷെപ്പേർഡ് ഓഡിറ്റോറിയത്തിൽ നടക്കുന്ന കൃതജ്ഞതാ പ്രാർത്ഥനയിലും പൊതുസമ്മേളനത്തിലും ഫാ. ഉഴുന്നാലിൽ പങ്കെടുത്തു. കർണ്ണാടക മന്ത്രി ജോർജ്ജും മുഖ്യമന്ത്രിയും മന്ത്രിമാരും രാഷ്ട്രീയ സാമൂഹ്യനേതാക്കളും സമ്മേളനത്തിൽ ഉണ്ടായിരുന്നു. പ്രൊവിൻഷ്യൽ ഹൗസിൽ തുടർന്ന് വിശ്രമിച്ചു.

പിറ്റേന്ന് രാവിലെ 9.30 നു പ്രൊവിൻഷ്യൽ ഹൗസിൽ ഫാ. ഉഴുന്നാലിൽ അർപ്പിച്ച കൃതജ്ഞതാബലിയിൽ കർണ്ണാടകത്തിലെ മുഴുവൻ ഡോൺബോസ്കോ ഭവനങ്ങളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും അംഗങ്ങൾ പങ്കെടുത്തു. സഭാംഗങ്ങളുമായി ഫാ. ടോം അനുഭവങ്ങൾ പങ്കുവച്ചു. ഉച്ചകഴിഞ്ഞ് പ്രൊവിൻഷ്യൽഹൗസിൽ മാധ്യമപ്രതിനിധികളുമായി സംവാദം നടന്നു.

malankaralibrary.com

15

# ആശ്വാസവും സന്തോഷവും

ഉള്ളുരുകിയുള്ള പ്രാർത്ഥനയുടെയും കൂട്ടായ പരിശ്രമത്തിന്റെയും ഫലമാണു ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം. 2016 മാർച്ച് നാലിനു യെമനിലെ ഏഡനിൽ ഭീകരപ്രവർത്തകർ തട്ടിക്കൊണ്ടുപോയ മലയാളി സലേഷ്യൻ വൈദികനായ ഫാ. ടോം ഉഴുന്നാലിൽ ഇന്നലെ ഒമാനിലെ മസ്കറ്റിൽ റോയൽ ഒമാൻ എയർഫോഴ്സിന്റെ പ്രത്യേക വിമാനത്തിൽനിന്നു പുറത്തേക്കു വരുന്ന ദൃശ്യം പാലാ രാമപുരത്തുള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ മാത്രമല്ല, അസംഖ്യം മലയാളികളിലും ലോകമെമ്പാടുമുള്ള അനേകം പേരിലും ആനന്ദാശ്രുക്കളുടെ ധാര സൃഷ്ടിച്ചു.

കഴിഞ്ഞ 18 മാസമായി ഉഴുന്നാലിലച്ചന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ചും, മോചനത്തിനുള്ള സാധ്യതയെക്കുറിച്ചും, എന്തിന്, ജീവിച്ചിരിക്കാനുള്ള സാധ്യതയെക്കുറിച്ചുപോലും, വലിയ ആശങ്കകളാണു നിലനിന്നിരുന്നത്. ഭീകരരുടെ തടങ്കലിൽ കഴിയുന്ന ഉഴുന്നാലിലച്ചന്റെ ചില വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. വളരെ അവശനിലയിലായിരുന്ന അദ്ദേഹത്തിന്റെ സ്വരം ലോകസമൂഹം ഏറെ വേദനയോടെയാണു കേട്ടത്. എന്നാൽ, പ്രാർത്ഥിക്കുകയല്ലാതെ ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയിലായിരുന്നു എല്ലാവരും. കേന്ദ്രസർക്കാരിനുപോലും കാര്യമായൊന്നും സാധ്യമല്ലാത്ത അവസ്ഥ. നീണ്ടുപോയ ആ നിസ്സഹായാവസ്ഥയ്ക്കു സന്തോഷകരമായ അവസാനമായിരിക്കുന്നു.

ആഭ്യന്തരകലാപം താറുമാറാക്കിയ യെമനിലെ ഏഡനിൽ മിഷനറീസ് ഓഫ് ചാരിറ്റി നടത്തുന്ന വൃദ്ധസദനത്തിൽ കടന്നുചെന്ന ഐ.എസ്. ഭീകരർ അവിടെയുണ്ടായിരുന്നവരുടെ നേർക്ക് യാതൊരു പ്രകോപനവുമില്ലാതെ വെടിയുണ്ടകൾ ഉതിർക്കുകയായിരുന്നു. നാലു കന്യാസ്ത്രീകളടക്കം 16

ഡൽഹിയിൽനിന്നുള്ള യാത്രയിൽ ഫാ. ടോമിനോടൊപ്പം മുൻകേന്ദ്രമന്ത്രിയും ബാംഗ്ലൂർ എത്തിയിരുന്നു. ഡൽഹിയിൽ സ്വീകരിക്കാനെത്തിയ പി.സി. തോമസ് ബാംഗ്ലൂരിലും നെടുമ്പാശ്ശേരി വിമാനത്താവളത്തിലും ടോമച്ചന്റെ മാതൃഇടവകയായ രാമപുരത്തുനടന്ന സമ്മേളനത്തിലും പങ്കെടുത്തിരുന്നു. ഡൽഹി മുതൽ കൊച്ചി - രാമപുരം വരെ ടോമച്ചനെ അഡ്വ. പി.സി. തോമസ് അനുധാവനം ചെയ്തിരുന്നു.

malankaralibrary.com

പേരാണ് അന്നു കൊല്ലപ്പെട്ടത്. രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം മഠത്തിലേക്കും വൃദ്ധസദനത്തിലേക്കും മടങ്ങിയ കന്യാസ്ത്രീകൾ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ആയുധധാരികൾ വൃദ്ധസദനത്തിൽ പ്രവേശിച്ചപ്പോൾ അന്തേവാസികളെ രക്ഷിക്കാനായി ഓടിയെത്തിയ കന്യാസ്ത്രീകളെ അവർ നിഷ്കരുണം വെടിവച്ചിട്ടു. ചാപ്പലിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഫാ. ടോമിനെ ഭീകരർ പിടികൂടി വലിച്ചിഴച്ചു വാഹനത്തിൽ കയറ്റിക്കൊണ്ടുപോകുകയായിരുന്നു. പിന്നീട് ഏറെക്കാലം അദ്ദേഹത്തെക്കുറിച്ചു വിവരമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം പിടിക്കപ്പെട്ട ദിവസം മുതൽ ആഗോള കത്തോലിക്കാസഭയുടെ അധികാരികളും ഇന്ത്യയിലെ, പ്രത്യേകിച്ചു കേരളത്തിലെ, സഭാധികാരികളും വിശ്വാസ സമൂഹവും അദ്ദേഹത്തിന്റെ മോചനത്തിനായി പ്രാർത്ഥിച്ചുപോന്നു. ജാതിമതഭേദമെന്യേ അനേകംപേർ ഉഴുന്നാലിലച്ചന്റെ അവസ്ഥയിൽ ഉത്കണ്ഠാകുലരായിരുന്നു.

കഴിഞ്ഞ ജൂലൈയിൽ ഇന്ത്യയിലെത്തിയ യെമൻ ഉപപ്രധാനമന്ത്രി അബ്ദുൾ മാലിക് അബ്ദുൾ ജലീൽ അൽ മെഖ്ലാഹി, സുഷമസ്വരാജുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഫാ. ടോം ജീവനോടെയുണ്ടെന്നും അദ്ദേഹത്തിന്റെ മോചനത്തിനായി യെമൻ സർക്കാർ ശ്രമിക്കുന്നുണ്ടെന്നുമുള്ള വളരെ ആശ്വാസകരമായ വിവരം നൽകി. ആശങ്കാജനകമായ പല അഭ്യൂഹങ്ങളും പ്രചരിച്ചിരുന്ന വേളയിൽ ഈ സന്ദേശം വലിയ പ്രത്യാശയാണു ഫാ. ടോമിന്റെ കുടുംബാംഗങ്ങൾക്കും കേരളസമൂഹത്തിനും നൽകിയത്.


കത്തോലിക്കാ സഭയുടെ ആഗോള നേതൃത്വം അറേബ്യയിലെ വികാരിയാത്തുവഴിയായും ഗൾഫ് രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ വഴിയായും ഉഴുന്നാലിലച്ചന്റെ മോചനത്തിനായി സജീവശ്രമം നടത്തിവരുകയായിരുന്നു. കേരളസഭയിലെ കർദ്ദിനാൾമാരായ സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരിയും സി.ബി.സി.ഐ. പ്രസിഡന്റും മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ച് ബിഷപ്പുമായ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവയും മറ്റു സഭാ നേതാക്കളും വത്തിക്കാനിലും രാജ്യഭരണാധികാരികളുടെ മുന്നിലും ഈ പ്രശ്നം എപ്പോഴും ഉന്നയിച്ചുപോന്നു.

കടുത്ത ആഭ്യന്തര സംഘർഷങ്ങൾ നിലനിൽക്കുന്ന ഒരു രാജ്യത്ത് ഇത്തരമൊരു പ്രതിസന്ധിയിൽ ഇടപെടുകയെന്നതു വളരെ ദുഷ്കരമാണ്. നയതന്ത്ര ഉദ്യോഗസ്ഥർക്കുപോലും അവിടെ കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞെന്നുവരില്ല. ഏതായാലും വത്തിക്കാന്റെയും സഭാനേതാക്കളുടെയും നിരന്തരമായ ഇടപെടലുകൾ ഫാ. ടോമിന്റെ മോചനത്തിലേക്കുള്ള സുപ്രധാന ചവിട്ടുപടിയായി. അറേബ്യൻ വികാരിയാത്തിലെ ബിഷപ് പോൾ ഹിൻഡർ വത്തിക്കാന്റെ നിർദ്ദേശാനുസരണം അച്ചന്റെ മോചനത്തിനായി

malankaralibrary.com

ഏറെ നീക്കങ്ങൾ നടത്തി. ഒമാൻ ഭരണകൂടത്തിന്റെ ഇടപെടൽ നിർണായകമായി.

മദർതെരേസ 1992ൽ സ്ഥാപിച്ചതാണ് ഏഡൻ തുറമുഖത്തിനു സമീപമുള്ള മഠവും അഗതിമന്ദിരവും. യെമനിൽ മിഷനറീസ് ഓഫ് ചാരിറ്റിയുടെ മൂന്ന് അഗതിമന്ദിരങ്ങൾകൂടി പ്രവർത്തിക്കുന്നുണ്ട്. അവിടെ ജോലി ചെയ്യുന്ന സന്ന്യാസിനികൾക്കും മറ്റുള്ളവർക്കും ആത്മീയശുശ്രൂഷയും സഹായങ്ങളും നൽകാനാണു ഫാ. ടോമിനെപ്പോലുള്ള വൈദികർ തങ്ങളുടെ വ്യക്തിപരമായ സുരക്ഷിതത്വവും സൗകര്യങ്ങളും പരിഗണിക്കാതെ അവിടേക്കു പോയത്. അത്യന്തം സംഘർഷഭരിതമായ ഇത്തരം സാഹചര്യങ്ങളിലേക്കു പോകുന്നവരെ ചിലർ കുറ്റപ്പെടുത്തിയേക്കാം. എന്നാൽ, ക്രൈസ്തവ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അന്തഃസത്ത മനസ്സിലാക്കിയവർക്ക് ആ സാഹസികത ഉൾക്കൊള്ളാനാവും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരാലംബരായി കഴിയുന്നവർക്കു സ്നേഹസാന്ത്വനങ്ങളേകുന്നവരുടെ പ്രചോദനം മനസിലാക്കാൻ കഴിയാത്തവരാണ് അവർക്കെതിരെ വിമർശനങ്ങൾ ഉന്നയിക്കുക. ഏതായാലും ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം മനുഷ്യസ്നേഹികൾക്കു നൽകുന്ന ആശ്വാസവും സന്തോഷവും ഏറെയാണ്. ആ മോചനത്തിനുവേണ്ടി പ്രയത്നിച്ചവരോട് അവർ നന്ദിയുള്ളവരുമായിരിക്കും.



മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഫാ. ടോം ഉഴുന്നാലിലിന്റെ വീട്ടിലെത്തിയപ്പോൾ

malankaralibrary.com

16

# മരണത്തിന് ഒരുങ്ങി 556 രാപകലുകൾ

ഫാ. ടോം ഉഴുന്നാലിയെ വത്തിക്കാനിൽവച്ച് ജോമി തോമസ് എന്ന പത്രപ്രവർത്തകൻ കണ്ട് സംസാരിക്കുകയും ആ വിവരങ്ങൾ സെപ്റ്റംബർ 28, 29 തീയതികളിൽ മലയാള പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഫാ. ടോമിന്റെ 556 ദിവസത്തെ തടവിലെ വാർത്തകൾ വിശദമാക്കുന്ന ആ ലേഖനം താഴെ ചേർക്കുന്നു.

ഫാ. ടോം ഉഴുന്നാലിൽ - 2016 മാർച്ച് നാലിനും പിന്നീടു പല തവണയും ആശങ്കയുടെ വാർത്തകളിൽ ഫാ. ടോം ഉഴുന്നാലിൽ എന്നെഴുതിയ വിരലുകൾകൊണ്ടാണ് ദുർബലമെന്നു തോന്നിയ ആ കൈകളിൽ ഞാൻ തൊട്ടത്. എന്നാൽ, ആ തോന്നൽ തെറ്റായിരുന്നു. ഫ്രാൻസിസ് മാർപാപ്പ രണ്ടുതവണ ചുംബിച്ച ആ കൈകൾക്കു സാമാന്യം നല്ല ബലമുണ്ട്. ഒപ്പമുണ്ടായിരുന്നവർ വെടിയേറ്റു വീഴുന്നതുകണ്ട്, പ്രാർത്ഥനചൊല്ലി മരണത്തിനൊരുങ്ങി, 556 പകലും രാത്രിയും ഇരുട്ടിൽ ജീവിച്ചിട്ട്, എല്ലാം ദൈവഹിതം പോലെയെന്നുപറയുന്ന ആ ആത്മബലത്തെ എന്താണു വിളിക്കുക?

അതിത്ര വലിയ കാര്യമാണോ എന്നല്ല, ബൈബിളിലെ ഒരു വചനമാണു ടോമച്ചൻ ഉത്തരമായി പറഞ്ഞത്: "ദൈവം അറിയാതെ നമ്മുടെ ഒരു തലമുടിനാരുപോലും താഴെ വീഴില്ല - ആ വചനം എപ്പോഴും മനസ്സിലുണ്ടായിരുന്നു. അതാണ് എന്നെ നയിച്ചത്. അതുകൊണ്ടെനിക്കു പേടി തോന്നിയില്ല. പേടിപ്പിക്കുന്ന സ്വപ്നങ്ങൾപോലും കണ്ടില്ല."

2016 മാർച്ച് നാല് - തെക്കൻ യെമനിലെ ഏഡനിൽ ബലിയർപ്പണവും പ്രാതലും കഴിഞ്ഞു ചാപ്പലിൽ പ്രാർത്ഥിക്കുമ്പോൾ, പുറത്തെന്താണു ബഹളമെന്നറിയാൻ ഇറങ്ങിവന്ന ടോമച്ചൻ കാണുന്നതു രണ്ടുപേർ വെടിയേറ്റു മരിച്ചുകിടക്കുന്നതാണ്; തൊട്ടുപിന്നാലെ പൂന്തോട്ടക്കാരൻ വെടിയേറ്റു വീഴുന്നതും. തനിക്കുനേരെ തിരിയുന്ന തോക്കുധാരിയോട്, അയാൾ ചോദിക്കാതെ തന്നെ അച്ചൻ പറയുകയാണ്: "ഞാൻ ഇന്ത്യക്കാരനാണ്". അങ്ങനെ പറയാൻ തോന്നിയതിന് അച്ചനു കൃത്യമായ കാരണമില്ല. അച്ചന്റെ വായിൽ ആദ്യം വന്നതു പറഞ്ഞു. "മുസ്ലീമാണോയെന്ന് അവർ ചോദിച്ചു. അല്ല, ക്രിസ്ത്യാനിയാണെന്ന് ഞാൻ പറഞ്ഞു."

സെക്യൂരിറ്റി ഗാർഡിന്റെ കാവൽപുരയോടുചേർന്നു കിടന്ന ഒരു കസേരയിൽ ഇരിക്കാനാണ് അച്ചനുള്ള ആജ്ഞ. അനുസരിക്കുന്നു. അകത്തേക്കുപോയ തോക്കുധാരികൾ രണ്ടു കന്യാസ്ത്രീകളെ പുറത്തേക്കു കൊണ്ടു

malankaralibrary.com

വരുന്നു, അവരുടെ തലയ്ക്കുനേരെ വെടിവയ്ക്കുന്നു. അച്ചന്റെ കൺമുന്നിൽവച്ചാണ്. രണ്ടു കന്യാസ്ത്രീകളെക്കൂടി പുറത്തേക്കു കൊണ്ടുവരുന്നു. അവരെ വെടിവയ്ക്കുന്നത് അച്ചന്റെ കൺമുന്നിൽവച്ചല്ല, പതിനഞ്ചു മീറ്ററെങ്കിലും മാറ്റി നിർത്തിയാണ്.

അച്ചന് എതിർക്കാൻ കരുത്തില്ലെന്നല്ല ഒരു വാക്കുപോലും പുറത്തേക്കു വരാത്ത അവസ്ഥയാണ്. "അവർ മറ്റെല്ലാ ജോലികളും തീർത്തു കഴിഞ്ഞിട്ട് എന്നെ വിളിച്ചു. ഞാൻ വിചാരിച്ചു. മറ്റുള്ളവരെ ചെയ്തതുപോലെ എന്നെയും ചെയ്യുമെന്ന്. അവരെന്റെ കൈയോ കാലോ കെട്ടിയിരുന്നില്ല." തോക്കുധാരികൾ അച്ചനോടു കസേരയിൽനിന്ന് എഴുന്നേൽക്കാൻ പറയുന്നു. ഇനി തന്റെ ഊഴമാണെന്ന് അതിനുമുൻപേ അച്ചൻ കരുതിയിട്ടുണ്ട്. കസേരയിലിരുന്നുകൊണ്ടുതന്നെ അച്ചൻ ഒരു തവണ ചൊല്ലി: "ഈശോ! മറിയം! യൗസേപ്പേ! എന്റെ ആത്മാവിനു കൂട്ടായിരിക്കണമേ! – മരണത്തിനൊരുങ്ങുകയാണ്.

അപ്പോഴും അച്ചനെ അലട്ടുന്നതു ഭയമല്ല, മുന്നിൽക്കണ്ട ചോരക്കാഴ്ചകളാണ്, മാസങ്ങളായി തനിക്കൊപ്പമുണ്ടായിരുന്ന കന്യാസ്ത്രീകളും പൂന്തോട്ടക്കാരനും സെക്യൂരിറ്റിക്കാരനും സഹായിയായ പയ്യനുമാണ് അൽപം മുൻപു കൊലചെയ്യപ്പെട്ടത്. അത്രയുമേ അവിടെ സംഭവിച്ചുള്ളുവെന്നും ആകെ ഏഴുപേരാണു മരിച്ചതെന്നുമാണ് അച്ചൻ കരുതിയത്. ഒൻപതുപേർകൂടി കൊല്ലപ്പെട്ടിരുന്നു.

അവർ അച്ചനെ കൊല്ലുന്നില്ല. കാറിന്റെ ഡിക്കിയിലേക്കു തള്ളുകയാണു ചെയ്യുന്നത്. ആ ഇരുട്ടിൽ അച്ചൻ ചുരുണ്ടുകൂടി കിടക്കുന്നു. അവർ ഡിക്കിയിലേക്ക് എന്തോ വലിച്ചെറിഞ്ഞത് അച്ചനറിയുന്നു. അതു ചാപ്പലിൽ തിരുവോസ്തി സൂക്ഷിക്കുന്ന സക്രാരിയാണെന്നും അതിൽനിന്നു തിരുവോസ്തികൾ പുറത്തേക്കു വീണെന്നുമാണ് അച്ചൻ കരുതിയത്. എന്നാൽ, "അതു സക്രാരിയല്ലെന്നു കഴിഞ്ഞദിവസം സിസ്റ്റർ സാലിയോടു സംസാരിച്ചപ്പോൾ മനസ്സിലായി. സക്രാരി അതേപടി ചാപ്പലിലുണ്ടെന്നു സിസ്റ്റർ പറഞ്ഞു. അൾത്താരയിലെ രണ്ടു വിരികൾ അവർ എടുത്തു. അതിൽ പണമോ മറ്റോ ചുരുട്ടിയെടുത്ത് അതു ഡിക്കിയിലേക്ക് എറിഞ്ഞതാവാമെന്നാണ് എനിക്കു തോന്നുന്നത്. ഒച്ചകേട്ടപ്പോൾ ഞാൻ കരുതി അതു സക്രാരിയാണെന്ന്. എന്നാലും യേശു എന്റെകൂടെയുണ്ടായിരുന്നു എന്നെനിക്കുറപ്പുണ്ട്."

## ഭീകരൻ പറഞ്ഞു: വെൽകം!

തോക്കു ധരിച്ച മൂന്നുപേരെയാണ് അച്ചൻ അവിടെ കണ്ടത്. "കൂടുതൽപേരുണ്ടായിരുന്നിരിക്കണം. എന്തായാലും അവരെന്നെ വണ്ടിയിൽ കയറ്റി കുറെ ദൂരം ഓടിച്ചു. എത്രനേരമെന്നോ എത്ര ദൂരമെന്നോ ഒന്നും എനിക്കു പറയാനറിയില്ല. കുറെ ദൂരം ഓടിച്ചെന്നോർക്കുന്നുണ്ട്. ഏതോ ഒരു സ്ഥലത്ത് ചെന്നപ്പോൾ മറ്റൊരു കൂട്ടർക്കു കൈമാറി. അവരെന്റെ കണ്ണു മൂടിക്കെട്ടി.

malankaralibrary.com

അവർക്കൊപ്പം വണ്ടിയുടെ പിൻസീറ്റിലിരുന്നായി യാത്ര. നീണ്ടുനിവർന്നു കിടക്കാൻതക്ക വലുപ്പമുള്ള സീറ്റ്."

രണ്ടാമത്തെ കൂട്ടർ അച്ചനെ കൊണ്ടുചെല്ലുന്നത് ഒരു വീട്ടിലേക്കാണെന്ന് പരിസരശബ്ദങ്ങളിൽനിന്നു മനസ്സിലായി. വീട്ടുകാരിലൊരാൾ അച്ചനോടു പൂർണ ഇംഗ്ലീഷ് വാചകങ്ങളിലാണു സംസാരിച്ചത്: "വെൽകം! യു ആർ ഇൻ സേഫ് ഹാൻഡ്സ്." (സ്വാഗതം! താങ്കൾ സുരക്ഷിത കരങ്ങളിലാണ്). "അതുകേട്ടപ്പോൾ എനിക്ക് ആശ്വാസമായി. അവർ എനിക്കു ഭക്ഷണം തന്നു. ടോയ്‌ലറ്റിൽ പോകാൻ സൗകര്യമുണ്ടാക്കി. അവിടെ എത്ര ദിവസം കഴിഞ്ഞുവെന്നു കൃത്യമായി ഓർക്കുന്നില്ല. 12-13 ദിവസമുണ്ടായിരിക്കും."

ആ വീട്ടിൽവച്ച്, ആദ്യദിവസംതന്നെ അച്ചനെക്കുറിച്ച് അവർ പരമാവധി വിവരങ്ങൾ ചോദിച്ചറിഞ്ഞു. ആ ചോദ്യങ്ങളിൽനിന്ന് അച്ചനു ചില കാര്യങ്ങൾ മനസ്സിലായി. തന്നെ കൊല്ലാൻ ഇവർക്കു ഉദ്ദേശ്യമില്ല. പണമാണു വേണ്ടത്. അച്ചന് അറിയാവുന്ന ഫോൺ നമ്പരുകളാണ് അവർക്ക് ആദ്യം അറിയേണ്ടത്: "പണ്ടേ എനിക്ക് ഓർമ കുറവാണ്. പിന്നെങ്ങനാ ഫോൺ നമ്പരുകളൊക്കെ ഓർമിക്കുന്നേ? ആകെ മനഃപാഠമായിരുന്നത് അമ്മയുടെ നമ്പരാണ്. അമ്മ മരിച്ചപ്പോൾ ആ നമ്പർ ക്യാൻസൽ ചെയ്തു. പിന്നെ, ആ നമ്പർ അവരോടു പറഞ്ഞിട്ടു കാര്യവുമില്ല."

## ആരുണ്ട് ഇടപെടാൻ?

പണമാണ് ഉദ്ദേശ്യമെന്നു ബോധ്യപ്പെടുത്തുന്നതു രണ്ടാമത്തെ ചോദ്യമാണ്. അച്ചനെ മോചിപ്പിക്കാൻ ഇടപെടാവുന്ന പ്രധാന വ്യക്തികൾ ആരൊക്കെയാണ്? ഇന്ത്യയിലെ സർക്കാർ ഇടപെടുമോ? മാർപാപ്പ ഇടപെടുമോ? അബുദാബിയിൽ നിങ്ങൾക്കു ബിഷപ്പുണ്ടല്ലോ, അദ്ദേഹം ഇടപെടുമോ? ഇങ്ങനെയൊക്കെ അവരെന്നോടു ചോദിച്ചു. ബിഷപ്പിന്റെ കീഴിലാണല്ലോ ഞാൻ പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ അറിവോടെയും സമ്മതത്തോടെയുമാണല്ലോ അവിടേക്കു പോയത്. അപ്പോൾ പിന്നെ, ആരെങ്കിലും ഇടപെടുമെങ്കിൽ അതു ബിഷപ്പായിരിക്കും എന്നു ഞാൻ പറഞ്ഞു.

18 മാസത്തിൽ നാലിടത്താണ് അച്ചനെ അവർ താമസിപ്പിച്ചത്. എവിടെയൊക്കെ, എത്രനാൾ എന്ന് അച്ചന് അറിയില്ല. അറിയാവുന്നതു രണ്ടിടങ്ങൾ കാര്യമായി ജനവാസമുള്ള സ്ഥലങ്ങളായിരുന്നുവെന്നാണ്. പാട്ടും കുട്ടികളുടെ വർത്തമാനങ്ങളും വാഹനങ്ങളുടെ ബഹളവും കേട്ടത് ഓർക്കുന്നുണ്ട്. രണ്ടു സ്ഥലങ്ങൾ മലയുടെ അടുത്തായിരുന്നുവെന്ന് അച്ചൻ ഊഹിക്കുന്നത് തണുത്ത കാറ്റുള്ള, ചൂടില്ലാത്ത സ്ഥലങ്ങളായതുകൊണ്ടാണ്. ഊഹിക്കാനേ നിവൃത്തിയുള്ളു. ജനാലയുള്ള മുറിയിലാണു താമസിക്കുന്നതെങ്കിലും, തനിച്ചായിരിക്കുമ്പോഴും പുറത്തേക്കു നോക്കരുതെന്നു നിർദ്ദേശമുണ്ട്.


malankaralibrary.com

ആദ്യത്തെ സ്ഥലത്തു 12-13 ദിവസമെങ്കിൽ, രണ്ടാമത്തെയും മൂന്നാമത്തെയും സ്ഥലങ്ങളിൽ മൂന്ന് - നാല് മാസം വീതമെങ്കിലുമാണു താമസിച്ചതെന്ന് ഓർക്കാൻ കാരണം അവർ ഇടയ്ക്കു വീഡിയോ എടുത്തപ്പോൾ കണ്ട തീയതികളാണ്. നാലാമത്തെയിടത്താണ് ഒരു വർഷത്തോളം നീണ്ട താമസം.

## മാർപാപ്പ ചുംബിച്ച കൈകൾ

മോചിതനായി ഈ മാസം 12 നു മസ്കത്തിലെത്തിയ ഫാ. ടോം ആദ്യം ഹോട്ടലിൽ പോയി; ശോഷിച്ചതെങ്കിലും പ്രാകൃതമല്ലാത്ത രൂപത്തിലേക്കു മാറുന്നു വീണ്ടും വിമാനത്തിലേക്ക്. ഭക്ഷണം വിമാനത്തിലുണ്ടായിരുന്ന ഡോ. ഡ്രിപ് നൽകുന്നു. "ഞാൻ നന്നായി ഉറങ്ങുന്നു. ഉണരുമ്പോൾ, റോമിൽ. മുൻപത്തെ രണ്ടു രാത്രികളിൽ ഉറക്കവും വിശ്രമവുമില്ലായിരുന്നല്ലോ."

പിറ്റേന്നാണു ഫ്രാൻസിസ് പാപ്പയെ കാണുന്നത്. "ലോകത്തിൽ ക്രിസ്തുവിന്റെ പ്രതിപുരുഷനാണു പാപ്. ക്രിസ്തുവിനു മുന്നിലെന്നപോലെ, ഞാൻ പാപ്പയ്ക്കു മുന്നിൽ മുട്ടുകുത്തി. പാപ്പ എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. സാധാരണ നമ്മൾ മാർപാപ്പയുടെ കൈകൾ ചുംബിക്കുകയാണു ചെയ്യുന്നത്. പാപ്പ എന്റെ കൈകളിൽ മുത്തി. ഞാനതിനു യോഗ്യനല്ല. എനിക്കു വേണ്ടി പ്രാർത്ഥിച്ചുവെന്നു പാപ്പ പറഞ്ഞു." പോപ്പ് ഇമെരിറ്റസ് ബനഡിക്ട് പതിനാറാമനെയും അച്ചൻ സന്ദർശിച്ചു. അച്ചനുവേണ്ടി പ്രാർത്ഥിച്ചുവെന്നാണ് ബനഡിക്ട് പാപ്പയും പറഞ്ഞത്.


രാമപുരത്തെ വീട്ടിലെത്തിയ ഫാ. ടോം ഉഴുന്നാലിലിനെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സന്ദർശിച്ചപ്പോൾ.

അച്ചൻ കുമ്പസാരം നടത്തിയിട്ട് 26 മാസം കഴിഞ്ഞിരുന്നു. അടുത്തെങ്ങും മറ്റു വൈദികരില്ലാത്തതാണു കാരണം. 18 മാസം അവരുടെ പിടിയിലുമായിരുന്നു. റോമിൽ, സലേഷ്യൻ സമൂഹത്തിന്റെ ബംഗളുരുവിലെ മുൻ പ്രിയോർ ഫാ. തോമസ് അഞ്ചുകണ്ടത്തിനോട് അച്ചൻ കുമ്പസാരിച്ചു. വത്തിക്കാനിൽ ബലിയർപ്പിച്ചു.

(മലയാള മനോരമ, സെപ്റ്റംബർ 27)

malankaralibrary.com

17

# അവർ ഒരിക്കലും തോക്ക് ചൂണ്ടിയില്ല

"ഈ വിജനമായ വഴിയിലൂടെ തനിച്ചു നടക്കാൻ നിനക്കു പേടിയില്ലേ?" "ഞാൻ തനിച്ചല്ല. എന്റെ കാവൽ മാലാഖ എനിക്കു കൂട്ടുണ്ട്." "പക്ഷേ, നീണ്ട യാത്രയാണ്. നല്ല ചൂടുമുണ്ടല്ലോ?" "നല്ല കൂലി തരുന്നയാളാണ് എന്റെ യജമാനൻ." "ആരാണത്?" "ദൈവമാണ് എന്റെ യജമാനൻ" ഫാ. ടോം ഉഴുന്നാലിൽ എന്ന സലേഷ്യൻ വൈദികൻ തന്റെ 557 ദിവസത്തെ യെമൻ അനുഭവത്തിന്റെ കൂടുതൽ വിശദാംശങ്ങൾ പറയുമ്പോൾ, ഒന്നര നൂറ്റാണ്ടു മുൻപ് ഒരു മുതിർന്നയാളും ഒരു ബാലനും തമ്മിൽ നടന്നതായി രേഖപ്പെടുത്തിയിട്ടുള്ള ഈ സംഭാഷണമാണ് ഓർമവരുന്നത്. സലേഷ്യൻ സഭയുടെ സ്ഥാപകൻ ഡോൺ ബോസ്കോയാണ് ഇതു രേഖപ്പെടുത്തിയത്. ആ സമൂഹത്തിന്റെ ആത്മീയതയുടെ മാതൃകയായ ഡൊമനിക് സാവിയോയെന്ന, 14-ാം വയസ്സിൽ മരിച്ച വിശുദ്ധനായ ബാലന്റെ ജീവചരിത്രത്തിൽ.

ഒന്നരവർഷം ബന്ദിയായി തടവറയിൽ കഴിയുന്നതിനിടയിൽ താൻ മോചിപ്പിക്കപ്പെടുമെന്നു ടോമച്ചനു പലപ്പോഴും സൂചന ലഭിച്ചിരുന്നു. മോചനം സംഭവിക്കുന്നതിന് ഏതാനും ദിവസംമുൻപ്, മോചിപ്പിക്കപ്പെടുമെന്നു മാത്രമല്ല, അച്ചൻ പ്രസിദ്ധനാകുമെന്നും തടവറയൊരുക്കിയവർ പറഞ്ഞു.

അവർ തന്നെ കൊല്ലില്ലെന്നു മാത്രമല്ല, മോചിപ്പിക്കുമെന്നുതന്നെയാണ് ഒന്നാംദിവസം മുതലുണ്ടായിരുന്ന തോന്നലെന്ന് അച്ചൻ പറയുമ്പോൾ അതിശയോക്തി തോന്നാം. എന്നാൽ, ദൈവമറിയാതെ ഒന്നും സംഭവിക്കില്ലെന്ന ഉറപ്പോടെയാണു താൻ ജീവിച്ചതെന്നു പറയുമ്പോഴോ?

ദുരിതപൂർണമായ അനുഭവത്തിനു വിധേയനായ വൈദികനോടു സാധാരണമായൊരു ചോദ്യമാണിത്. ക്രിസ്തുവിന്റെ ഏതു മുഖമാണ് അച്ചൻ മനസ്സിൽ ധ്യാനിച്ചിരുന്നത്? ചോദ്യത്തെക്കാൾ എളുപ്പത്തിലാണ് അച്ചന്റെ ഉത്തരം. 'ഞാൻ എന്നും കുരിശിന്റെ വഴി ചൊല്ലുമായിരുന്നു. അതിലെ പതിനാലു സ്ഥലത്തുമായി ക്രിസ്തുവിന്റെ എല്ലാ മുഖങ്ങളുമുണ്ടായിരുന്നു.'

ഭീകരമായ കാഴ്ചകൾ കണ്ടിട്ടാണ് ഇരുട്ടിന്റെ ലോകത്തിലേക്ക് അച്ചന്റെ യാത്ര. അങ്ങനെയൊരാൾ കാണുന്ന സ്വപ്നങ്ങളെക്കുറിച്ചു ചോദിക്കുമ്പോൾ അച്ചൻ തനിക്കു കരുത്താവുന്ന ബൈബിൾ വചനം ആവർത്തിക്കുകയാണ്: ദൈവമറിയാതെ ഒരു തലമുടിനാരുപോലും..... "അതായിരുന്നുവല്ലോ എന്റെ മനസ്സിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ പേടി തോന്നിയില്ല. പേടിപ്പിക്കുന്ന സ്വപ്നങ്ങളുമുണ്ടായില്ല."

malankaralibrary.com

അപ്പോൾ പേടിപ്പിക്കുന്നതല്ലാത്ത സ്വപ്നങ്ങളുമുണ്ടായിരുന്നു? "ഉണ്ടായിരുന്നു. കുർബാന അർപ്പിക്കുന്നതു പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ട്." അടുത്ത സ്വപ്നം പറഞ്ഞപ്പോൾ അച്ചൻ കലവറയില്ലാതെ പൊട്ടിച്ചിരിച്ചു: "വീട്ടിൽ എല്ലാവരും കൂടിയിരുന്നു ചിക്കൻകറി കഴിക്കുന്നതായൊക്കെ കാണുമായിരുന്നു."

## പ്രാർത്ഥന, തട്ടിയെടുത്തവർക്കും

മുതിർന്നൊരു വൈദികനാണ്. സന്യാസജീവിതത്തിന്റെ ശീലങ്ങളും അച്ചടക്കങ്ങളുമുണ്ട്. അതിലൂടെയുള്ള ഉൾക്കരുത്തുണ്ട്. അതുകൊണ്ടൊക്കെയാവാം, സാഹചര്യങ്ങളോടു ടോമച്ചൻ വേഗത്തിൽ പൊരുത്തപ്പെട്ടത്. അതേ വേഗത്തിലാണല്ലോ മോചനത്തിനുശേഷം സാധാരണജീവിതത്തിലേക്കു മടങ്ങുന്നതും.

തനിക്കു സംഭവിച്ചതിനെ, അനുഭവം എന്നതിനപ്പുറം, പീഡാനുഭവമെന്നോ പരീക്ഷണമെന്നോ പോലും വിളിക്കാനോ വിശേഷിപ്പിക്കാനോ അച്ചൻ തയ്യാറാവുന്നില്ല. തന്നെ തട്ടിക്കൊണ്ടുപോയവരെക്കുറിച്ചു സംസാരിക്കുമ്പോൾ കന്മഷത്തിന്റെ ഒരു വാക്കോ നോട്ടമോ പോലും കടന്നുവരരുതെന്ന് അച്ചനു നിർബന്ധമുണ്ടെന്നുതോന്നും. തന്റെ അവസ്ഥയോട് അച്ചനുണ്ടായിരുന്ന മനോഭാവവും തട്ടിയെടുത്തവർ അച്ചനോടു പെരുമാറിയ രീതിയുമാവാം കാരണങ്ങൾ. "അവർ ഒരിക്കൽപോലും എനിക്കു നേരെ തോക്കു ചൂണ്ടിയില്ല." വീഡിയോ ദൃശ്യങ്ങളും അതിലെ പീഡനശബ്ദങ്ങളും അവരുടെ അഭിനയമായിരുന്നുവെന്നും അച്ചൻ കൂട്ടിച്ചേർക്കും.

## തടവിലെ ഒരു ദിവസം

അച്ചൻ ദിവസവും എപ്പോൾ എഴുന്നേൽക്കുമായിരുന്നു എന്നു ചോദിക്കുമ്പോൾ രാവിലെ എന്നല്ലാതെ സമയം പറഞ്ഞുള്ള ഉത്തരമില്ല. എല്ലാ ദിവസങ്ങളും ഒരുപോലെയായിരുന്നു. 'എഴുന്നേൽക്കുമ്പോൾതന്നെ ദൈവത്തിനു നന്ദിപറയും. കർത്താവിന്റെ മാലാഖ എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലും. കൊല്ലപ്പെട്ട സിസ്റ്റേഴ്സിന് ഓരോരുത്തർക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ഓരോ സ്വർഗസ്ഥനായ പിതാവേ, ഓരോ നന്മനിറഞ്ഞ മറിയമേ – ഇവ ചൊല്ലി കാഴ്ചവയ്ക്കും. കരുണയുടെ ജപമാല ചൊല്ലും. പിന്നെ, കുർബാന ചൊല്ലും, അപ്പവും വീഞ്ഞുമില്ലാതെ - മനഃപാഠമറിയാവുന്ന പ്രാർത്ഥനകൾ ഉരുവിട്ട് കുർബാനയ്ക്കിടയിൽ ദീർഘമായി ചൊല്ലുന്നതു മധ്യസ്ഥ പ്രാർത്ഥനയായിരുന്നു. കുടുംബത്തിൽനിന്നും സലേഷ്യൻ സഭയിൽനിന്നുമൊക്കെ മരിച്ചുപോയവർക്കുവേണ്ടി, ആ ദിവസം മരിക്കുന്നവർക്കുവേണ്ടി, ജീവിച്ചിരിക്കുന്ന സഹോദരങ്ങൾക്കും സ്നേഹിതർക്കും സുഹൃത്തുക്കൾക്കും വേണ്ടി എന്നെ തട്ടിക്കൊണ്ടുപോയവർക്കുവേണ്ടി – എല്ലാവർക്കും വേണ്ടിയുള്ള മാധ്യസ്ഥ പ്രാർത്ഥനയോടെ കുർബാന അവസാനിപ്പിക്കും."

malankaralibrary.com

## കുബ്ബൂസും ബിരിയാണിയും

'എനിക്ക് അനുവദിച്ച മുറിയിൽ ചെറിയൊരു പഞ്ഞിമെത്ത - അതിൻമേലായിരുന്നു ഇരിപ്പും കിടപ്പുമെല്ലാം. രണ്ടിടത്തു മുറിയോടു ചേർന്നു ടോയ്‌ലറ്റുണ്ടായിരുന്നു. മറ്റു രണ്ടിടത്ത് എനിക്കുള്ള മുറിയുടെ അൽപം മാറി യും. അവരിൽ ആരുടെയും മുഖം ഞാൻ കാണരുതെന്ന് അവർക്കു നിർബ ന്ധമുണ്ടായിരുന്നു. ആദ്യമൊക്കെ എപ്പോഴും എന്റെ കണ്ണുകൾ മൂടിക്കെട്ടി. ടോയ്‌ലറ്റിലേക്കു കയറ്റുമ്പോൾ മാത്രം കണ്ണുകെട്ടിയ തുണി അഴിക്കാൻ അനുവദിക്കും. ഭക്ഷണം കഴിക്കുമ്പോൾ, കണ്ണിന്റെ കെട്ട് ചെറുതായിട്ടൊന്നു പൊക്കി നോക്കാൻ അനുവദിക്കും. അപ്പോഴും അവർ പറയും ഞങ്ങളെ നോക്കരുത്. ഭക്ഷണത്തിൽ മാത്രം നോക്കുക. 'പിന്നെപ്പിന്നെ, കണ്ണുമൂടി ക്കെട്ടുകയെന്ന രീതി അവർതന്നെ ഒഴിവാക്കി. ഒരു വ്യവസ്ഥയോടെ: "അവ രാരെങ്കിലും മുന്നിലുണ്ടെങ്കിൽ കണ്ണു പൊത്തിപ്പിടിക്കണം. അതെനിക്കൊരു ശീലമായി.' അച്ചന് അറബിക് അറിയില്ല. അവരിൽ മിക്കവർക്കും ഇംഗ്ലീ ഷും. അറിയാവുന്ന വാക്കുകളും ആംഗ്യങ്ങളും ചേർന്നുള്ള ഭാഷയിൽ അവരും അച്ചനും തമ്മിൽ സംസാരിച്ചു.

കുബ്ബൂസ്, ബിരിയാണി, ചോറ്, കിഴങ്ങുവറുത്തത്, മുട്ട പുഴുങ്ങിയത് - ദിവസം മൂന്നു നേരവും ഭക്ഷണത്തിന്റെ കാര്യത്തിൽ അവർ അച്ചന് ഒരു കുറവും വരുത്തിയില്ല. 'ചില ദിവസങ്ങളിൽ മുട്ട പുഴുങ്ങിയത് അഞ്ചെണ്ണ മൊക്കെ തരും. രണ്ടെണ്ണമൊക്കെ ഞാൻ കഴിക്കും. ബാക്കി പിറ്റേന്നത്തേയ്ക്ക് വയ്ക്കും. പുഴുങ്ങിയ മുട്ടയല്ലേ കേടാവില്ലല്ലോ.' ഇതൊക്കെ കഴിച്ചിട്ടും അച്ചന്റെ തൂക്കം കുറഞ്ഞുകൊണ്ടേയിരുന്നു. അതെന്താ അങ്ങനെയെന്ന് ആശങ്കയോടെ അവർ അച്ചനോടു ചോദിക്കുകയും ചെയ്തു.

'പ്രമേഹം ആണു പ്രശ്നമെന്നു ഞാൻ പറഞ്ഞുകൊടുത്തു. രണ്ടു തവണ എനിക്കു പനി വന്നു. ഇടയ്ക്കു വയറിനും പ്രശ്നമുണ്ടായി. മറ്റു വിഷയങ്ങ ളൊന്നുമില്ലായിരുന്നു. ഒരു ദിവസം അവരൊരു ഡോക്ടറെ വരുത്തി പരിശോ ധിപ്പിച്ചു. ബ്ലഡ് പ്രഷർ കൂടിയിരുന്നു. ഷുഗർ നോക്കി: 450. പിന്നെ രണ്ടു മൂന്നു ദിവസം അവർ ഇൻസുലിൻ കൊണ്ടുവന്നുതന്നു. അതു കുത്തിവച്ചുനോക്കി. പിന്നെ 30 ഗുളിക കൊണ്ടുവന്നുതന്നു. അതു തീർന്നപ്പോൾ 100 എണ്ണം, വീണ്ടും 100 എണ്ണം. അങ്ങനെ അത്രയും നാൾ 230 ഗുളിക ഞാൻ കഴിച്ചു.' മുറിക്കു ള്ളിൽ പറ്റുന്ന വ്യായാമമൊക്കെ ചെയ്യാൻ അവർ നിർദ്ദേശിച്ചു.

## അവർക്കിടയിലൊരു സുഹൃത്തും

ഭക്ഷണത്തിലൂടെയാണ് അവരിലെ മുതിർന്നയൊരാൾ അച്ചൻ തന്റെ സുഹൃത്താണെന്നു പ്രഖ്യാപിക്കുന്നത്. "സീനിയറാണെന്നു സംസാരത്തി ലൂടെ മനസ്സിലായതാണ്. അദ്ദേഹം പുറത്തുപോയിട്ടുവരുമ്പോൾ മിക്കപ്പോഴും എനിക്കു ചോക്ലേറ്റ് കൊണ്ടുത്തരും, ചിലപ്പോഴൊക്കെ ആപ്പിൾ, മധുരനാര ങ്ങ, വാഴപ്പഴം ചേർത്ത പാൽ..." ഒരാളെ ബന്ദിയാക്കിയിട്ട് ഇത്തരത്തിൽ സൗഹൃദം കാണിക്കുന്നതിന് ആ മുതിർന്നയാളെ കൂട്ടുകാർ ഇടയ്ക്കു പരി

malankaralibrary.com

ഹസിക്കും. വെറുതെ. പണം ലഭിക്കാൻവേണ്ടി മാത്രമാണ് അച്ചനെ ബന്ദി യാക്കിയിരിക്കുന്നതെന്നും എന്നു പണം ലഭിക്കുന്നുവോ, അപ്പോൾ മോചി പ്പിക്കുമെന്നും അവർ ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു.

## അവസാനിക്കുന്നില്ല യാത്ര

കഴിഞ്ഞ ദിവസമാണു യെമനിൽ അന്നുണ്ടായിരുന്ന സിസ്റ്റർ സാലി യോട് അച്ചൻ സംസാരിക്കുന്നത്. സിസ്റ്റർ സാലി ഇപ്പോൾ ബെയ്റൂട്ടിലാ ണ്. ആ സംസാരത്തിനുശേഷം അച്ചൻ പറഞ്ഞു: 'വളരെ ശക്തമായ വിശ്വാ സത്തിൽ അടിയുറച്ചയാളാണു സിസ്റ്റർ സാലി. ഞാൻ കടന്നുപോയതിനേ ക്കാളൊക്കെ എത്രയോ വലിയ വേദനയിലൂടെയാണു സിസ്റ്റർ കടന്നു പോയ ത്. അതു ഞാൻ മനസ്സിലാക്കുന്നു.'

134 രാജ്യങ്ങളിലാണു സലേഷ്യൻ സമൂഹാംഗങ്ങൾ സേവനത്തിലു ള്ളത്. ആരോഗ്യം പൂർണമായി തിരിച്ചുകിട്ടിക്കഴിഞ്ഞാൽ വീണ്ടും മറ്റൊരു രാജ്യത്തേക്ക്? ചോദ്യം പൂർത്തിയാവുംമുൻപേ അച്ചൻ ഉത്തരം പറഞ്ഞു: "ദൈവഹിതം അതാണെങ്കിൽ, അധികാരികൾ അതാണു തീരുമാനിക്കുന്ന തെങ്കിൽ ഞാൻ തയാറാണ്. ധൈര്യത്തോടെ ഞാൻ പോകും."

വൈദികനെന്ന നിലയിലല്ല, വ്യക്തിയോടു ചോദിക്കുകയാണ്. തട്ടി ക്കൊണ്ടുപോയവരോടു ക്ഷമിച്ചോ? വ്യക്തിയായല്ല, വൈദികനായേ മറു പടി പറയാനാവൂ എന്ന മുഖവുരയ്ക്കുശേഷം ടോമച്ചൻ പറഞ്ഞു: "ശത്രു ക്കളെപ്പോലും സ്നേഹിക്കണമെന്നാണു ക്രിസ്തു പഠിപ്പിച്ചത്. അവരോടു ക്ഷമിക്കുകയെന്നതു സ്വാഭാവികമല്ലേ? ആദ്യദിവസംമുതലേ ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ്."

## ഇതാണോ എന്റെ മുഖം....!

2016 മാർച്ചിൽ ഭീകരർ തട്ടിക്കൊണ്ടുപോകുമ്പോൾ തുടുത്ത കവിൾത്ത ടങ്ങളോടെ സുമുഖനാണു ഫാ. ടോം ഉഴുന്നാലിൽ. വാർത്തകൾക്കൊപ്പ മെല്ലാം വന്നതു ചിരിയുടെ ലാഞ്ഛനയുള്ള ആ ചിത്രമാണ്. പിന്നീടു ഭീക രർ പുറത്തുവിട്ട ദൃശ്യങ്ങളിൽ ഷേവ് ചെയ്യാതെ നീണ്ട താടിയുള്ള ഫാ. ടോമിനെ കണ്ടു. ഒടുവിൽ മസ്കറ്റിൽ വിമാനമിറങ്ങുമ്പോൾ താടിയും



ഭീകരരുടെ പിടിയിലാകുന്നതിനു മുൻപ് ഫാ. ടോം. | ഭീകരർ പുറത്തുവിട്ട വിഡിയോയിലെ രൂപം. | ഭീകരരിൽ നിന്ന് മോചിതനായ ദിവസം. | ഫാ. ടോം ഉഴുന്നാലിൽ ഇപ്പോൾ

malankaralibrary.com

മുടിയും നീട്ടി വളർത്തി, പ്രാകൃതമായ കാഴ്ച.

മസ്കത്തിലെ ഹോട്ടലിൽവച്ചാണ് തന്റെ മുഖം ഏതവസ്ഥയിലെന്നു ഫാ. ടോം ആദ്യമായി കാണുന്നത്. ഭീകരരുടെ തടവിലായിരുന്നപ്പോൾ ആഴ്ചയിലൊന്നോ ചിലപ്പോഴൊക്കെ മാസത്തിലൊന്നോ മാത്രമേ കുളിക്കാൻ സാധിക്കുമായിരുന്നുള്ളു. ആകെയുള്ള വസ്ത്രങ്ങൾ ഇടയ്ക്കൊക്കെ കഴുകാൻ സാധിച്ചു. അവർ ഷാംപുവും സോപ്പുമൊക്കെ കൊടുത്തിരുന്നു. ഉള്ള വെള്ളത്തിൽ തല കഴുകുമ്പോൾ മുടിയിലമർത്തും, കുറച്ചൊക്കെ പൊഴിഞ്ഞു പോരും. താടി ശല്യമായില്ല.

എന്നാൽ ഭക്ഷണം കഴിക്കുമ്പോഴൊക്കെ, നീണ്ട മീശ തടസ്സമായി. വെട്ടിയൊതുക്കാൻ മാർഗമില്ല. കടിച്ചൊതുക്കുക എന്നതായിരുന്നു അച്ചന്റെ വഴി. കയ്യിലെ നഖങ്ങളും കടിച്ചു ചെറുതാക്കി.

ദൃശ്യങ്ങളിൽ അച്ചന്റെ രൂപം പ്രാകൃതമായിരിക്കണമെന്നു ഭീകരർക്കു നിർബന്ധമുണ്ടായിരുന്നു.

## റമസാനും ക്രിസ്മസും

റമസാൻ കാലത്തു നോമ്പെടുക്കുമ്പോഴും, അച്ചനു മൂന്നു നേരവും ഭക്ഷണം മുടക്കരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. അവർ നമസ്കരിക്കുമ്പോൾ അച്ചനും പിന്നിൽ അവരറിയാതെ പ്രാർത്ഥിച്ചു. അവർ കാണാതെ അവരെ ആശീർവദിച്ചു. പ്രാർത്ഥനയും ഉറക്കവും - ദിവസവും അതായിരുന്നു പ്രധാന പരിപാടി. 'എപ്പോഴും പ്രാർത്ഥന മാത്രം ചൊല്ലി കഴിയാൻ പറ്റില്ല! ഞാൻ ഐ.ടി.ഐ.യിൽ പഠിപ്പിച്ചതാണല്ലോ, ആ പാഠങ്ങളൊക്കെ വീണ്ടും മനസ്സിലോർക്കാൻ ശ്രമിക്കും. ഇലക്ട്രിക് സർക്യൂട്ടുകൾ ഓർക്കും....മനക്കണക്കുകൾ ചെയ്യും.....നൂറുവർഷം ജീവിക്കുന്നവർ എത്ര സമയം ജീവിക്കും, എത്ര മണിക്കൂർ, എത്ര മിനിറ്റ്, എത്ര സെക്കൻഡ്....അങ്ങനെയങ്ങനെ.' അച്ചൻ മനസ്സിൽ കൂട്ടുന്നതൊന്നും അറിയാതെയാണ് അവരിലൊരാൾ പറഞ്ഞത്, അച്ചൻ 85 വയസ്സുവരെയെങ്കിലും ജീവിക്കുമെന്ന്.

പണത്തിനായുള്ള തങ്ങളുടെ കാത്തിരിപ്പു മുഷിപ്പിച്ചപ്പോഴൊക്കെയും അവർ അച്ചന്റെ വീഡിയോ ദൃശ്യങ്ങളുണ്ടാക്കുകയും ഫോട്ടോയെടുത്തു പ്രചരിപ്പിക്കുകയും ചെയ്തു. 'അഞ്ചു വീഡിയോയെങ്കിലും എടുത്തുകാണും. ക്യാമറയിൽ പറയേണ്ടത് എന്താണെന്ന് അവർ എഴുതിക്കാണിക്കും. അതനുസരിച്ചു ഞാൻ പറയും. സാഹചര്യം അതായിരുന്നതുകൊണ്ടും അവർക്കുവേണ്ടതുപോലെ പറയണമെന്നതുകൊണ്ടും വെറുതെ, പ്രധാന മന്ത്രി, പോപ്പ് ഫ്രാൻസിസ് എന്നൊക്കെ ഞാൻ പറഞ്ഞു. എന്റെ മോചനത്തിന് അഭ്യർത്ഥിച്ചു വീട്ടിൽനിന്നു നവിതയും ഡേവിഡും തോമസും അയച്ച സന്ദേശത്തിന്റെ കാര്യമൊക്കെ അവർ പറഞ്ഞു.' ഒരു ദിവസം വീഡിയോ എടുത്തപ്പോൾ ക്യാമറയിലെ തീയതി നോക്കിയപ്പോഴാണു രണ്ടുദിവസം മുൻപു തനിക്കവർ വിഭവങ്ങളേറെയുള്ള ഭക്ഷണം നൽകിയതിന്റെ കാരണം അച്ചനു ബോധ്യമാകുന്നത്. രണ്ടുദിവസം മുൻപ് ക്രിസ്മസായിരുന്നു.

malankaralibrary.com

18

# ഫാ. ടോം ഉഴുന്നാലിന്റെ മോചനം ചില ചിതറിയ ചിന്തകൾ

**ഫാ. ടോം ഉഴുന്നാലിയെ ഭീകരർ തട്ടിക്കൊണ്ടുപോയിട്ട് ജനുവരി നാലാംതീയതി 10 മാസം തികഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മോചനം എന്നുണ്ടാകുമെന്ന കാര്യത്തിൽ വ്യക്തതയില്ല. എന്തുകൊണ്ടാണ് ഈ അനിശ്ചിതാവസ്ഥ നിലനിൽക്കുന്നത്?**

കഴിഞ്ഞ മാർച്ച് നാലിന് യെമനിലെ ഏദനിൽ മിഷനറീസ് ഓഫ് ചാരിറ്റിയുടെ വൃദ്ധസദനത്തിൽനിന്നു തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിന്റേതായി കഴിഞ്ഞദിവസം മാധ്യമങ്ങളിലൂടെ പുറത്തുവന്ന കരളലിയിപ്പിക്കുന്ന വീഡിയോ സന്ദേശം അങ്ങേയറ്റം വേദനയോടുകൂടിയാണ് ലോകം ശ്രദ്ധിച്ചത്. ആ വീഡിയോസന്ദേശത്തെത്തുടർന്ന് പല സ്ഥലങ്ങളിലും പ്രതിഷേധയോഗങ്ങളും പ്രാർത്ഥനായോഗങ്ങളും നടന്നു. പല ജനപ്രതിനിധികളും ഇക്കാര്യത്തിൽ ആശങ്കയറിയിച്ചു പ്രസ്താവനകൾ നടത്തിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടിയാകട്ടെ, ആയിരക്കണക്കിനു കത്തുകൾ കേന്ദ്രസർക്കാരിന് അയയ്ക്കുന്നതാണെന്നും പത്രത്തിൽനിന്നു മനസ്സിലാക്കാൻ സാധിച്ചു. എന്നിട്ടും കേന്ദ്രഗവൺമെന്റ് ഈ കാര്യത്തിൽ കാര്യമായ ശ്രദ്ധ ചെലുത്തിക്കഴിഞ്ഞിട്ടില്ല. ഒരു കേന്ദ്രനേതാവ് ആരാണ്, എന്താണ് ടോം ഉഴുന്നാലിയെന്നു ചോദിച്ചതായും പത്രത്തിൽനിന്ന് അറിയാൻ കഴിഞ്ഞു.

ഈ നാട്ടിൽ നടന്ന പ്രതിഷേധയോഗങ്ങളുടെയും പ്രകടനങ്ങളുടെയും പ്രാർത്ഥനായോഗങ്ങളുടെയും റിപ്പോർട്ടുകൾ പത്രത്തിൽ കൊടുക്കുന്നതല്ലാതെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ? വെറും പബ്ലിസിറ്റിക്കുവേണ്ടി ഉഴുന്നാലിലച്ചനെ ഉപയോഗിക്കുകയാണോ ഇക്കൂട്ടർ ചെയ്തതെന്ന കാര്യം ഗൗരവമായി ഈ സമൂഹം കണക്കിലെടുക്കണം. ഫാ. ടോമിന്റെ മോചനത്തിനുള്ള ശ്രമങ്ങൾ കുറെയൊക്കെ നടന്നിട്ടുണ്ട്. ഈ പ്രശ്നത്തിൽ ഇവിടുത്തെ ജനങ്ങൾക്കുള്ള വികാരം എന്താണെന്ന് പൂർണ്ണമായി കേന്ദ്രസർക്കാരിനെയും സംസ്ഥാനസർക്കാരിനെയും ബോദ്ധ്യപ്പെടുത്തുവാൻ നമുക്കു സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗങ്ങൾ നാം ആരായണം. ഒരു ഇസ്രായേൽക്കാരനെയോ, പാലസ്തീൻകാരനെയോ റഷ്യാക്കാരനെയോ അമേരിക്കക്കാരനെയോ ആണ് ബന്ദിയാക്കിയതെങ്കിൽ ആ രാജ്യം എന്തു

malankaralibrary.com

നടപടി സ്വീകരിക്കുമായിരുന്നുവെന്ന് ഒന്നു ചിന്തിക്കണം. ഇറാക്കുയുദ്ധത്തെത്തുടർന്ന് കുവൈറ്റിൽ അകപ്പെട്ടുപോയ അനേകരെ വിമാനത്തിൽ ഇന്ത്യയിലെത്തിക്കാൻ ശ്രമിച്ച കഴിവുറ്റ നേതൃത്വം ഒരു കാലത്ത് ഇന്ത്യയ്ക്കുണ്ടായിരുന്നു. ഏതു രാജ്യത്തിലെയും ഒരു പൗരൻ അപകടത്തിൽപ്പെട്ടാൽ, ബന്ദിയാക്കപ്പെട്ടാൽ അവരെ സംരക്ഷിക്കാൻ - മോചിപ്പിക്കുവാൻ ആ രാജ്യക്കാർ നടത്തിയ ശ്രമങ്ങളുടെ നീണ്ട പട്ടിക എടുത്തു കാണിക്കുവാൻ നമുക്കു സാധിക്കും. ഫ്രഞ്ചുസർക്കാർ ഇടപെട്ടതിന്റെ ഫലമായി അവരുടെ ഒരു മാധ്യമപ്രവർത്തകയെ മോചിപ്പിച്ച കാര്യം ഫാ. ടോം ഉഴുന്നാലിയുടെ വീഡിയോ സന്ദേശത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഫാ. ടോമിന്റെ മോചനകാര്യത്തിൽ കേന്ദ്രസർക്കാർ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നു പറയേണ്ടിയിരിക്കുന്നു. ഇത്രയേറെ മാസങ്ങൾ കഴിഞ്ഞിട്ടും മോചനത്തിനുള്ള നടപടി ഒരു പടിപോലും മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടില്ലെന്നുള്ളതു ദുഃഖകരമാണ്.

യെമനിലെ ആഭ്യന്തരയുദ്ധവും സ്ഥിരതയുള്ള ഒരു സർക്കാരിന്റെ അഭാവവുമാണ് മോചനശ്രമത്തിനു തടസ്സം നിൽക്കുന്നതെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. അന്താരാഷ്ട്രതലത്തിൽത്തന്നെ ആവശ്യമായ ഇടപെടലുകൾ നടത്തി ഇങ്ങനെയുള്ള തടസങ്ങൾ നീക്കാൻ ഭാരതസർക്കാരിനു മാത്രമേ സാധിക്കുകയുള്ളു. പ്രധാനമായും കേന്ദ്രസർക്കാർ മുൻകൈയെടുത്ത് പരിഹാരം കാണേണ്ട ഒരു വിഷയമാണിത്.

ഭാരതപൗരനാണ് ബന്ദികളുടെ കൈയിൽ അകപ്പെട്ടിരിക്കുന്നെന്നും ആ ഭാരതപൗരന്റെ സംരക്ഷണത്തിനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനു മാത്രമാണെന്നും ഉള്ള വസ്തുത ഇവിടുത്തെ ജനങ്ങൾക്കു ബോദ്ധ്യമുണ്ട്. ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ കേന്ദ്രസർക്കാർ ശ്രമിക്കരുത്.

ഫാ. ടോം 1958 ഓഗസ്റ്റ് 18ന് ചരിത്രപ്രസിദ്ധമായ രാമപുരത്ത് ഉഴുന്നാലിൽ കുടുംബത്തിലാണ് ജനിച്ചത്. വൈദികപദവിയിലേക്ക് ഉയർത്തപ്പെട്ടത് 1990 മേയ് 21ന് ആണ്. 1976 ലാണ് സലേഷ്യൻസഭയിൽ ചേർന്നത്. വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തതിനുശേഷം 2010 ലാണ് യമനിലേക്കു തന്റെ ശുശ്രൂഷയ്ക്കു പുറപ്പെട്ടത്. യമൻ രാജ്യത്തിലെ സ്ഥിതിഗതികൾ പൂർണ്ണമായും മനസ്സിലാക്കിയതിനുശേഷമാണ് ഫാ.ടോം യെമനിലേക്കു പുറപ്പെട്ടത്. ടോമിന്റെ വല്യപ്പന്റെ സഹോദരപുത്രൻ സലേഷ്യൻസഭാംഗമായ ഫാ. മാത്യു ഉഴുന്നാലിൽ 14 വർഷം യമനിൽ സേവനം അനുഷ്ഠിച്ചതാണ്. ഇതിനിടയിൽ രണ്ടുപ്രാവശ്യം ഇസ്ലാംപാർട്ടിയിലെ തീവ്രവാദികൾ ഫാ. മാത്യുവിനു നേരേ തോക്കു ചൂണ്ടിയിട്ടുണ്ട്. ഒരു തവണ കാറിൽ നിന്നിറങ്ങി വരുവാനും പറഞ്ഞു. നെറ്റിക്കുമേൽ തോക്കു ചൂണ്ടി കാഞ്ചിവലിക്കാൻ വിരലുകൾ ചലിപ്പിച്ച് ഭയപ്പെടുത്തുകപോലും ചെയ്തു. എന്നാൽ,

malankaralibrary.com

എവിടെനിന്നോ പാഞ്ഞെത്തിയ മന്ത്രി കേണൽ ഹുസൈൻ അൽ റാഡി യാണ് അച്ചനെ ആ കശ്മലന്മാരിൽനിന്നും രക്ഷിച്ചത്. ഈ വസ്തുതക ളെല്ലാം തന്റെ പൂർവ്വികരിൽ നിന്നു കേട്ടറിഞ്ഞതിനുശേഷമാണ് യെമനി ലേക്കു ഫാ. ടോം പുറപ്പെട്ടത്. ഇക്കഴിഞ്ഞ ദിവസം പുറത്തുവിട്ട വീഡിയോ കാസറ്റിൽ ഞാൻ നിരാശനും ദുഃഖിതനുമാണെന്നും പറഞ്ഞിട്ടുണ്ട്. അത് ഒരിക്കലും അദ്ദേഹം സ്വമനസ്സാലെ പറഞ്ഞതായിരിക്കാനിടയില്ല. സമ്മർദ്ദം ചെലുത്തി പറയിപ്പിച്ചതാകാം എന്നാണു തോന്നുന്നത്. അദ്ദേഹം ഒരിക്കലും നിരാശനാകാനിടയില്ല. പ്രത്യാശയുള്ളവനായിത്തന്നെ തുടരും. അദ്ദേഹ വുമായുള്ള ചെറിയതോതിലുള്ള പരിചയത്തിൽനിന്ന് എനിക്ക് അങ്ങനെ തറ പ്പിച്ചു പറയാൻ സാധിക്കും. അദ്ദേഹം നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസ ങ്ങളും പീഡനങ്ങളും ക്രിസ്തുനാഥന്റെ പീഡാസഹനങ്ങളോടു ചേർത്തു വച്ച് പ്രത്യാശയോടുകൂടി തന്റെ പീഡനങ്ങളോടുകൂടിയ ജീവിതം തുടരു മെന്ന് എനിക്ക് ഉറച്ച ബോദ്ധ്യമുണ്ട്. ഒരിക്കലും അദ്ദേഹം നിരാശനാകുക യില്ല.

## യെമനെപ്പറ്റി രണ്ടു വാക്ക്

പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓപ് യെമൻ (യെമൻ സൗത്ത്) 463576 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു ചെറു രാഷ്ട്രമാണ്. ഇരുപത്തിയഞ്ചുലക്ഷത്തോളം ജനസംഖ്യയാണ് യമനിലുള്ളത്. അവി ടുത്തെ ഭാഷ അറബിയാണ്. മതം ഇസ്ലാംമതമാണ്. ജനങ്ങളുടെ തൊഴിൽ പ്രധാനമായും കൃഷിയാണ്. തെക്കൻ യെമന്റെ തലസ്ഥാനം ഏഡൻ ആണ്.

വളരെയേറെ എതിർപ്പും ശത്രുത തന്നെയും ക്രൈസ്തവർക്ക്, പ്രത്യേ കിച്ച് ക്രൈസ്തവസഭാനേതാക്കൾക്കു നേരിടേണ്ടിവരുന്ന നാടാണ് യെമൻ. അറേബ്യൻ രാജ്യങ്ങളിൽ ക്രൈസ്തവസഭ ഏറ്റവും കൂടുതൽ ഞെരുങ്ങു ന്നത് ഇവിടെയാണ്. സഭയുടെ ഭാവി ഇവിടെ ഒട്ടുംതന്നെ ശോഭനമല്ല. മര ണത്തിന്റെ നിഴൽവീണ താഴ്‌വാരമാണ് യെമൻ മിഷനറിമാർക്ക്.

1958 മുതൽ അറേബ്യൻ രാജ്യങ്ങൾക്കു മുഴുവനായും ഏഴു മെത്രാ ന്മാർ ഏഡനിൽനിന്ന് ഉണ്ടായിരുന്ന പാരമ്പര്യം യെമനുണ്ട്. എന്നാൽ 1967-ൽ റഷ്യൻ കമ്മ്യൂണിസ്റ്റുകൾ യെമൻ പിടിച്ചെടുക്കുകയും ബ്രിട്ടീഷുകാരെ തുര ത്തുകയും ചെയ്തപ്പോൾ മെത്രാന്മാരെയും വൈദികരെയും സിസ്റ്റേഴ്സി നെയും നാടുകടത്തുകയാണു ചെയ്തത്. പള്ളികളും പള്ളി സ്ഥാപനങ്ങളും കമ്മ്യൂണിസ്റ്റുസർക്കാരിന്റേതായി മാറി. അങ്ങനെ യെമനിൽ ക്രൈസ്തവ വിശ്വാസം നാമാവശേഷമായി.

യെമൻ ഒരു ഇസ്ലാമിക രാഷ്ട്രമാണ്. സാമൂഹിക സാംസ്കാരിക മേഖലകളിൽ വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങളാണ് അവിടെയുള്ള ത്. സ്ത്രീവിദ്യാഭ്യാസം തന്നെ വളരെ കുറവാണ്. സ്ത്രീസ്വാതന്ത്ര്യത്തി


malankaralibrary.com

നുവേണ്ടി ശബ്ദിക്കുവാൻപോലും ആളുകളില്ല. ബഹുഭാര്യാത്വസംവിധാനമാണ് അവിടെ നിലനിൽക്കുന്നത്. സംഘർഷഭരിതമായ അന്തരീക്ഷം. ഇസ്ലാംമതത്തിൽ ചേരാത്തവർക്ക് അവിടെ ജീവിതം സുരക്ഷിതമല്ല.

അറേബ്യൻ നാടുകൾക്കായി ഇപ്പോൾ അബുദാബിയിലാണ് മെത്രാൻ താമസിക്കുന്നത്. ഫാ. ടോമിന്റെ മോചനത്തിനായി അറേബിയൻ വികാരിയാത്ത് നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന അറേബ്യൻ വികാരിയാത്തിന്റെ മെത്രാൻ പോൾ ഹിണ്ടറുടെ പ്രസ്താവന ആശ്വാസകരമാണ്. ഫാ. ടോം എവിടെയാണെന്ന് ഇപ്പോഴും നിശ്ചയമില്ലെന്നാണ് ബിഷപ് അഭിപ്രായപ്പെടുന്നത്.

ഫാ. ടോം ഇന്ത്യൻ പൗരനാണ്. ഈ ഇന്ത്യൻ പൗരന്റെ ജീവൻ സുരക്ഷിതമാക്കുവാൻ കേന്ദ്രസർക്കാരിനു ബാദ്ധ്യതയുണ്ട്. കേന്ദ്രഗവൺമെന്റിനെ അതു ബോദ്ധ്യപ്പെടുത്തുവാൻ ശക്തമായ നടപടികൾ നാം സ്വീകരിക്കുകതന്നെ വേണം.

(ജോൺ കച്ചിറമറ്റം ദീപനാളത്തിൽ എഴുതിയ ലേഖനം)



ഫാ. ടോം ഉഴുന്നാലിൽ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ പ്രധാന അൾത്താരയ്ക്ക് മുന്നിൽ

malankaralibrary.com

19

# പ്രാർത്ഥനകൾക്കു ലഭിച്ച മറുപടി

**2017 സെപ്റ്റംബർ മാസം 24-ാം തീയതിയിലെ സണ്ടേ ശാലോമിന്റെ മുഖപ്രസംഗം താഴെ ചേർക്കുന്നു.**

ഫാ. ടോം ഉഴുന്നാലിലിന്റെ മോചന വാർത്ത ലോകം അവിശ്വസനീയതയോടെയായിരുന്നു കേട്ടത്. ഭീകരരുടെ തടവിലായിട്ട് ഒന്നരവർഷമായപ്പോൾ അദ്ദേഹത്തിന്റെ ജീവനെക്കുറിച്ചുപോലും സംശയങ്ങൾ ഉയർന്നിരുന്നു. അദ്ദേഹം സുരക്ഷിതനായി പുറത്തുവരുമ്പോൾ ചൂണ്ടിക്കാണിക്കാൻ ധാരാളം കാരണങ്ങളുണ്ടാകാം. ഫാ. ടോം ഉഴുന്നാലിനായി കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ലോകത്തിലെമ്പാടും പ്രാർത്ഥനകൾ ഉയർന്നിരുന്നു. അദ്ദേഹത്തിനായി പ്രാർത്ഥിക്കാനായിരുന്നു സഭാ നേതൃത്വം വിശ്വാസികളോട് ആവശ്യപ്പെട്ടതും. അതെ, നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചിരിക്കുന്നു. അതുപറയാൻ നാം മടിക്കേണ്ടതില്ല. ലോകം പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ ദൈവം പ്രവർത്തിക്കാൻ ആരംഭിക്കുമെന്ന് ഈ സംഭവത്തിലൂടെ ദൈവം നമ്മെ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. വിശ്വാസത്തിന്റെ നേത്രങ്ങൾകൊണ്ടുവേണം മോചന വാർത്തയെ കാണാൻ. ഫാ. ഉഴുന്നാലിലിന്റെ മോചനത്തിനായി പ്രാർത്ഥിക്കണമെന്നു കേട്ടപ്പോൾ പല നെറ്റികളും ചുളിഞ്ഞിരുന്നു. മാനുഷികമായി ചെയ്യേണ്ട കാര്യങ്ങളായിരുന്നു അവരുടെ മനസുനിറയെ. ഇത്തരം സാഹചര്യങ്ങളിൽ ഭൗതികമായി ചെയ്യാനില്ലെന്നല്ല അതിനർത്ഥം. എന്നാൽ, എല്ലാ പ്രവർത്തനങ്ങളും വിജയത്തിലെത്തുന്നത് ദൈവത്തിന്റെ ഇടപെടലുകൾ ഉണ്ടാകുമ്പോഴാണ്.

സാഹചര്യങ്ങൾ മുഴുവൻ എതിരാണെങ്കിലും ദൈവത്തിന് പ്രവർത്തിക്കുവാൻ അതൊന്നും തടസ്സമല്ല. ഫാ. ഉഴുന്നാലിലിന്റെ മോചനത്തിന്റെ പിന്നിലും അത്തരം ചില ഘടകങ്ങൾ കാണാനാകും. ഭീകരരുടെ പിടിയിൽനിന്നും പുറത്തുവന്ന അദ്ദേഹത്തിന് പറയാൻ ഉണ്ടായിരുന്നതും വിശ്വാസത്തിന്റെ കഥകളായിരുന്നു എന്നത് വിസ്മരിക്കരുത്. ഫാ. ടോം ഉഴുന്നാലിലിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് ലോകം ആശങ്കപ്പെട്ടപ്പോഴും അതിനെ ഏറ്റവും ശാന്തതയോടെ നേരിട്ടത് അദ്ദേഹമായിരിക്കും. തന്റെ സുരക്ഷിതത്വത്തെക്കുറിച്ച് അൽപംപോലും ആശങ്കകൾ ഉണ്ടായിരുന്നില്ലെന്നാണ് അദ്ദേഹം ലോകത്തോട് പറഞ്ഞത്. രക്ഷപ്പെട്ടതുകൊണ്ട് പറയുന്നതല്ല ആ വാക്കുകളെന്ന് അദ്ദേഹത്തിന്റെ ജീവിതം പരിശോധിക്കുന്ന ആർക്കും മനസിലാകും. സ്വന്തം സുരക്ഷയെക്കുറിച്ച് അല്പമെങ്കിലും ഉത്കണ്ഠ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം യമനിൽ തുടരില്ലായിരുന്നു. പലവിധ രോഗങ്ങൾ

malankaralibrary.com

അലട്ടിയിരുന്ന അദ്ദേഹത്തിന് ജീവിതത്തിലെ പരീക്ഷണകാലത്തെ അതിജീവിക്കാനായത് വിശ്വാസത്തിന്റെ ശക്തികൊണ്ടായിരുന്നു. പുറത്തിറങ്ങിയശേഷം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചിന്തിച്ച നാളുകളായിരുന്നു കഴിഞ്ഞുപോയതെന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. തന്നെ ഒന്നരവർഷത്തോളം തടവിലാക്കിയ ഭീകരരെപ്പറ്റിപ്പോലും അദ്ദേഹം പരാതി പറഞ്ഞില്ല. തനിക്കവിടെ കുറവുകൾ ഇല്ലായിരുന്നു എന്നായിരുന്നു ഫാ. ഉഴുന്നാലിലിന്റെ വാക്കുകൾ. തുടർന്ന് അദ്ദേഹം പറഞ്ഞത് മനസ്സിലുള്ള പ്രാർത്ഥനകൾ ഉരുവിട്ട് വിശുദ്ധ കുർബാന അർപ്പിച്ചതിനെപ്പറ്റിയായിരുന്നു. ഒരു ബലിപീഠംപോലും ഇല്ലാതെ രഹസ്യമായി മനസുകൊണ്ട് വിശുദ്ധ കുർബാന അർപ്പിക്കുമായിരുന്നു!

പോകുമ്പോൾ ധരിച്ചിരുന്ന വസ്ത്രമായിരുന്നു ഒന്നരവർഷവും ഉപയോഗിച്ചിരുന്നത്. എന്നിട്ടും ഒന്നിനെക്കുറിച്ചും പരാതി പറയാൻ തുനിഞ്ഞില്ലെന്നത് ആ വിശുദ്ധ ജീവിതത്തിന്റെ നേർസാക്ഷ്യമാണ്. ഭീകരർക്കുവേണ്ടിയാകും അദ്ദേഹം തടവിലായിരുന്ന സമയത്ത് കൂടുതൽ പ്രാർത്ഥിക്കാൻ സാധ്യത. തന്റെ അസൗകര്യങ്ങളെക്കാളും സൗകര്യങ്ങളെപ്പറ്റിയായിരിക്കും അദ്ദേഹം ചിന്തിച്ചിട്ടുണ്ടാകുക. എങ്ങനെ നോക്കിയാലും അസൗകര്യങ്ങളുടെ നിരയായിരുന്നു മുമ്പിൽ ഉണ്ടായിരുന്നത്. ജീവിതത്തിലെ വിപരീത സാഹചര്യങ്ങളെ എങ്ങനെ നേരിടണമെന്ന് ആ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു. പ്രശ്നങ്ങളോട് ഏതുവിധം പ്രതികരിക്കണമെന്നുള്ള ഉത്തരവും ഈ സംഭവത്തിൽനിന്നും വായിച്ചെടുക്കാനാകും. സ്വർഗം എപ്പോഴും പ്രവർത്തിക്കുന്നത് വ്യത്യസ്തമായ വഴികളിലൂടെയാണ്. മാനുഷികമായി ചിന്തിച്ചാൽ നമുക്ക് അതിന് ഉത്തരം കണ്ടെത്താൻ കഴിഞ്ഞെന്നുവരില്ല. യേശുവിന്റെ പരസ്യജീവിതകാലത്ത് തന്റെ സുഹൃത്തായിരുന്ന ലാസറിനെ മരിച്ച് മൂന്ന് ദിവസത്തിനുശേഷമാണ് അവിടുന്ന് ഉയിർപ്പിക്കുന്നത്. സ്വർഗത്തിന് എപ്പോഴും അതിന്റേതായ രീതികൾ ഉണ്ടെന്നു വിശ്വസിക്കുക.

നമ്മെ അലട്ടുന്ന നിരവധി സാഹചര്യങ്ങളും പ്രശ്നങ്ങളും മുമ്പിലുണ്ടാകാം. പ്രാർത്ഥിച്ചിട്ട് ഉത്തരം ലഭിക്കാത്തതിനാൽ പ്രാർത്ഥനയോടുപോലും മടുപ്പു തോന്നാനും ഇടയുണ്ട്. ഫാ. ടോം ഉഴുന്നാലിലിനെ രക്ഷപ്പെടുത്തേണ്ടത് ഗവൺമെന്റിന്റെ കടമയായിരുന്നു. അക്കാര്യത്തിൽ കാര്യമായ ഇടപെടലുകൾ ഒന്നും ഉണ്ടാകാതെ വന്നപ്പോൾ നാം നിരാശരായി പ്രാർത്ഥനയിൽനിന്നും പിൻവാങ്ങിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മോചനം സാദ്ധ്യമാകണമെന്നില്ലായിരുന്നു. പ്രാർത്ഥനകൾക്ക് പുതിയ ഊർജ്ജമായി ഈ സംഭവം മാറണം. പ്രാർത്ഥിക്കുന്നതുപൊലെ ദൈവം പ്രവർത്തിക്കണമെന്ന് വാശി പിടിക്കരുത്. ദൈവം കൂടെ ഉണ്ടെന്ന ബോധ്യത്താൽ മനസിനെ ശക്തിപ്പെടുത്തണം. നമ്മുടെ പ്രതിസന്ധികളിലേക്ക് ദൈവിക ഇടപെടലുകൾ ഉണ്ടാകാൻ വൈകുമ്പോൾ നിരാശപ്പെടുകയോ ആശങ്കപ്പെടുകയോ ചെയ്യേണ്ടതില്ല. ദൈവം അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയില്ലെന്ന് ഉറച്ചുവിശ്വസിക്കുക.

malankaralibrary.com

20

# തടവറയിൽ ഒരു ക്രിസ്മസ് ദിനം

2016 ലെ ക്രിസ്മസ് ദിനത്തിന്റെ പിറ്റേന്നാണ് ഫാ.ടോം ഉഴുന്നാലിലിനെ പ്രതി നാം ഏറെ വേദനിപ്പിച്ചത്. ആ പേര് മാധ്യമങ്ങളിലൂടെ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടത് അന്നാണ്. കാരണം, അന്നാണ് ഭീകരരുടെ പിടിയിലുള്ള അച്ചന്റെ രണ്ടാമത്തെ വീഡിയോ പുറത്തു വന്നത്. അച്ചനുവേണ്ടിയുള്ള പ്രാർത്ഥനകൾ അതോടെ സജീവമായി. ഇതേ തുടർന്നാണ് അച്ചന്റെ മോചനത്തിനായി വിവിധ ഭരണകൂടങ്ങളും, സംഘടനകളും ഉൾപ്പെടെ അനേകം പേർ തീവ്രയത്നവുമായി രംഗത്തിറങ്ങുന്നത്. എന്നാൽ, ആ ദിവസങ്ങളിലും തികഞ്ഞ ശാന്തതയിൽ, പ്രാർത്ഥനയിൽ മുഴുകി ജീവിക്കുകയായിരുന്നു അച്ചൻ. തികഞ്ഞൊരു ആത്മീയ വ്യക്തിയായിരുന്ന, പ്രാർത്ഥനയുടെ മനുഷ്യമായിരുന്ന അദ്ദേഹം ലോകം മുഴുവനും വേണ്ടി പ്രാർത്ഥിച്ചു. ദിവസങ്ങൾ ഏതെന്ന് മനസ്സിലാക്കാൻ പോലും കഴിയുമായിരുന്നില്ലാത്ത ആ ദിനങ്ങൾക്കിടയിൽ കടന്നുപോയ ക്രിസ്മസിനെക്കുറിച്ചും അച്ചന് ഓർമ്മകൾ പരിമിതമാണ്. 'കഴിഞ്ഞ വർഷം ഡിസംബറിൽ ഭീകരരുടെ തടവിലായിരിക്കെ ഒരു ദിവസം അന്നത്തെ തീയതി എഴുതിയ കടലാസ് എന്റെ കയ്യിൽ തന്ന് അവർ ചിത്രം എടുത്തു" അച്ചന് അതോർമ്മയുണ്ട്.

അതിൽ എഴുതിയ തീയതി കണ്ടപ്പോഴാണ് ക്രിസ്മസ് കഴിഞ്ഞ് രണ്ടു ദിവസം പിന്നിട്ടതായി മനസിലായത്. രണ്ടു ദിവസം മുമ്പ് ഭക്ഷണം കൊണ്ടു വന്നപ്പോൾ അതിൽ എന്തോ സ്പെഷ്യൽ ഐറ്റം ഉണ്ടായിരുന്നതായി ഞാൻ ഓർത്തു. ഒരുപക്ഷെ, അന്ന് ക്രിസ്മസ് ആയിരുന്നതിനാലാവണം അവർ അങ്ങനെ ചെയ്തത്. ആ ക്രിസ്മസിനെക്കുറിച്ചുള്ള എന്റെ ഓർമ്മകളിൽ അതിൽ കൂടുതൽ ഒന്നുമില്ല. ആ കാലത്ത്, കടന്നുപോകുന്ന ദിവസങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണകളൊന്നും ഉണ്ടായിരുന്നില്ല. ആദ്യം പാർപ്പിച്ചിരുന്ന സ്ഥലത്ത് അവരുടെ വെള്ളിയാഴ്ചകളിലെ പ്രത്യേക പ്രാർത്ഥനകൾ കേൾക്കുമ്പോൾ ദിവസം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. അവസാന നാളുകളിൽ ഉണ്ടായിരുന്ന സ്ഥലത്ത് അതും കഴിഞ്ഞിരുന്നില്ല. അദ്ദേഹം അക്കാലത്തെ ഓർമ്മകളിലാണ്.

'ഏകദേശ ധാരണകൾ വച്ച്, ക്രിസ്മസ് മാത്രമല്ല, ഈസ്റ്ററും, മാതാവിന്റെ തിരുനാളുകളുമെല്ലാം കണക്കുകൂട്ടിയെടുക്കാൻ ശ്രമിച്ചു. പ്രാർത്ഥനകൾക്കായി ചെലവഴിച്ചതിന് ശേഷമുള്ള ധാരാളം സമയത്ത് മറ്റ് ജോലികൾ ഒന്നുമില്ലായിരുന്നല്ലോ. അങ്ങനെയുള്ളപ്പോൾ ചിന്തിക്കാനുണ്ടായിരു

malankaralibrary.com

ന്നത് ഇതൊക്കെയാണ്. ഏതായാലും, ഇത്തരം ദിനങ്ങളിലെല്ലാം പ്രത്യേകമായി പ്രാർത്ഥിച്ചിരുന്നു. ദിവസം കൃത്യമായിരുന്നോ എന്നത് ഈശോയ്ക്ക് മാത്രമേ അറിയാവൂ' അദ്ദേഹത്തിന്റെ മുഖത്ത് പ്രസാദം.

## വിനോദ് നെല്ലിക്കൻ 2017 ഡിസംബർ ലക്കം സൺഡേ ശാലോമിൽ എഴുതിയ ലേഖനങ്ങളിൽ നിന്ന്

ഒന്നര വർഷത്തിലേറെ ഭീകരരുടെ തടങ്കലിൽ കഴിഞ്ഞ ഫാ. ടോം ഉഴുന്നാലിലിന് ക്രിസ്മസ് നൽകുന്നത് മറക്കാനാവാത്ത ഒരുപിടി ഓർമ്മകളാണ്. കഴിഞ്ഞ ക്രസ്മസ് കാലം അജ്ഞാതദേശത്ത് അപരിചിതരായ അക്രമികൾക്കൊപ്പം ചെലവഴിച്ച അദ്ദേഹത്തിന് പറയാൻ വ്യത്യസ്തമായൊരു സന്ദേശമുണ്ട്. പ്രായോഗികതയുടെയും അതിജീവനത്തിന്റെയും ശക്തമായൊരു സുവിശേഷസന്ദേശമാണിത്. ഭീകരപ്രവർത്തനങ്ങൾ ഈ ലോകത്തെ കീഴടക്കാൻ ശ്രമിക്കുന്ന ആധുനിക കാലഘട്ടത്തിൽ നിസ്വാർത്ഥ സ്നേഹത്തിൽ ലോകത്തിനായി പ്രയത്നിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. അദ്ദേഹത്തിന്റെ വാക്കുകളിലേക്ക്.

## ഹൃദയത്തിൽ പുൽക്കൂടൊരുക്കി

'പിടിക്കപ്പെട്ട ആദ്യ ദിവസങ്ങളിൽ മുഴുവൻ സമയവും, പിന്നീട് അവരിൽ ആരെങ്കിലും മുന്നിൽ വരുമ്പോഴും കണ്ണുകൾ മൂടിക്കെട്ടേണ്ടിയിരുന്നു. ആദ്യ ദിവസങ്ങളിൽ അവരിൽ ചിലർ എനിക്കൊപ്പം മുറിയിൽ ഉണ്ടായിരുന്നു. ഞാൻ രക്ഷപെടാൻ ശ്രമിക്കില്ല എന്നും, പറയുന്ന കാര്യങ്ങൾ പൂർണ്ണമായും അനുസരിക്കുന്നുണ്ട് എന്നും മനസിലാക്കിയതിനാലാവണം, ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മുതൽ എനിക്ക് അവർ അല്പം സ്വാതന്ത്ര്യം തന്നു. എങ്കിലും പുറത്ത് ഇറങ്ങുവാനോ പുറത്തേക്ക് നോക്കുവാനോ പോലും അനുമതിയുണ്ടായിരുന്നില്ല.' ദൈവപരിപാലനയുടെ തണലിലായിരുന്നു താൻ ആ കാലമത്രയും എന്ന് അച്ചൻ ഒർമ്മിക്കുന്നു.

മാനസികമായും ശാരീരികമായും ദൈവം ഓരോ നിമിഷവും എന്നെ സംരക്ഷിച്ചിരുന്നു. സന്യാസിനിമാരെയും, തങ്ങളുടെ തന്നെ വിഭാഗത്തിൽപെട്ട ചിലരെയും കൊലപ്പെടുത്തിയവർ തന്നൊണ് എന്നെ പിടികൂടിയതും. എങ്കിലും അവർ ഒരിക്കൽ പോലും ഉപദ്രവിക്കുകയോ മർദ്ദിക്കുകയോ ചെയ്തില്ല എന്നത് അത്ഭുതകരമാണ്. എന്റെ നേരെ തോക്ക് ചൂണ്ടുക പോലും ഉണ്ടായില്ല. കണ്ണ് മൂടി വാഹനത്തിന്റെ ഡിക്കിയിൽ പ്രവേശിപ്പിച്ചപ്പോൾ, എനിക്കത് ശീലമില്ലാത്തതിനാൽ, ഒരാൾ എന്റെ തല താഴ്ത്തി തന്നു. മറ്റൊരാൾ കാലുകൾ ഡിക്കിയിലേയ്ക്ക് കയറ്റിവയ്ക്കാൻ സഹായിച്ചു. അപ്പോൾ പോലും അവർ എന്നെ അടിക്കുകയോ ചവിട്ടുകയോ ചെയ്തില്ല. എന്തുകൊണ്ടാണ് അവർ എന്നോട് അപ്രകാരം പെരുമാറിയത് എന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളു, കർത്താവിന് എന്നെക്കുറിച്ച് ചില പദ്ധതികൾ

malankaralibrary.com

ഉണ്ടായിരുന്നു. ഈ ജിവിതകാലം മുഴുവൻ അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കുകയാണ് അത് എന്ന് ഇപ്പോൾ മനസ്സിലാക്കുന്നു.'

ഒരിക്കലും അക്രമികളോട് തനിക്ക് വെറുപ്പ് തോന്നിയിരുന്നില്ല എന്ന് ടോമച്ചൻ ഓർമ്മിക്കുന്നു. അതിനാൽ അവർക്കുവേണ്ടി തുറന്ന ഹ-ദയത്തോടെ പ്രാർത്ഥിക്കുക മാത്രമാണ് എന്നും അദ്ദേഹം ചെയ്തത്. ലോകം കണ്ടതിൽ വച്ച് ഏറ്റവും ക്രൂരമായ ഒരു സംഘം ആക്രമികൾക്കൊപ്പം തടവുകാരനായി അനേക നാളുകൾ ചെലവഴിച്ചിട്ടും അവർക്ക് പോലും അദ്ദേഹത്തെ വേദനിപ്പിക്കാൻ കഴിയാതെ വന്നതിനു പിന്നിൽ ഒരുപക്ഷെ അധികമാപും മനസ്സിലാക്കാത്ത മറ്റൊരു കാരണം കൂടിയുണ്ട്. അദ്ദേഹത്തിന്റെ സൗമ്യശീലവുംശാന്തസ്വഭാവവുമാണ് അത്. സുഹൃത്തുക്കളോ കുടുംബാംഗങ്ങളോ പോലും ഒരിക്കലും അദ്ദേഹത്തെ ക്ഷുഭിതനായോ, അസവസ്ഥനായോ കണ്ടിട്ടില്ല. അത്തരമൊരു വ്യക്തിയോട് മോശമായി പെരുമാറുവാൻ ആർക്കും കഴിയില്ല എന്നതാണ് ടോമച്ചന്റെ അനുഭവം നമുക്ക് നൽകുന്ന പാഠം. എങ്കിലും തന്റെ സ്വഭാവത്തിന്റെ പ്രത്യേകതകൊണ്ട് മാത്രം അവർ തന്നെ ഉപദ്രവിക്കാതിരുന്നതായി കരുതുന്നില്ലെന്ന് അച്ചൻ പറയുന്നു, ദൈവം അവരുടെ ഹൃദയത്തെ സ്പർശിച്ചിട്ടുണ്ടാകും എന്ന് ഞാൻ കരുതുന്നു. അങ്ങനെയെങ്കിൽ അത് നിങ്ങളിൽ അനേകരുടെ പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ഫലമായിട്ടാണ്.

## യമനും മിഷനറിമാരും

ആദ്യകാലങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിന് തികഞ്ഞ വേരോട്ടമുണ്ടായിരുന്ന ചരിത്രത്തിന്റെ തുടർച്ചയായി സമീപകാലം വരെയും യെമനി സർക്കാരുമായി മിഷനറിമാർ ദൃഢമായ ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. യെമനി പ്രസിഡന്റിന്റെ ആവശ്യപ്രകാരമാണ്, 1973 മുതൽ നാല് കേന്ദ്രങ്ങളിലായി മിഷനറീസ് ഓഫ് ചാരിറ്റിയുടെ സഹോദരിമാർ യെമനിൽ തങ്ങളുടെ ആതുര സേവന ശുശ്രൂഷകൾ നടത്തിയത്. 1987ലാണ് വികാരി അപ്പസ്തോലിക്ക ആയിരുന്ന ബിഷപ്പ് ബർണാഡ് ഗ്രിമോളി, സലേഷ്യൻ വൈദികരെ യെമനിലേയ്ക്ക് ക്ഷണിക്കുന്നത്.

പ്രധാനമായും സന, ഏഡൻ, തൈസ്, ഹോഡെയ്ഡ എന്നീ നാല് പ്രധാന കേന്ദ്രങ്ങളിലായി പതിറ്റാണ്ടുകൾ സലേഷ്യൻ വൈദികർ അവിടെ സേവനം ചെയ്തുപോന്നു. ടോമച്ചന്റെ പിതൃസഹോദരൻ ഫാ. മാത്യുഉഴുന്നാലിലും 17 വർഷം അവിടെ ശുശ്രൂഷ ചെയ്തിരുന്നു. അവിടെ സേവനം ചെയ്തു വന്ന സന്യാസിമാർക്ക് പുറമേ ക്രൈസ്തവരായി ഉണ്ടായിരുന്ന നഴ്സ്മാർ, എൻജിനീയർമാർ, ഡോക്ടർമാർ തുടങ്ങിയവർക്കെല്ലാം വൈദികരുടെ സാന്നിദ്ധ്യം ഒഴിവാക്കാനാവാത്തതായിരുന്നു.

അവിടെ സേവനം ചെയ്തിരുന്ന വിശുദ്ധ മദർ തെരേസയുടെ സന്യാസികൾക്കും യെമനിലെ പരിമിതമായ ക്രിസ്ത്യൻ സമൂഹത്തിലും വേണ്ട

malankaralibrary.com

ആത്മീയ ശുശ്രൂഷകളായിരുന്നു 2010-ൽ അവിടെയെത്തിയ ടോമച്ചന്റെ ചുമതല. ആദ്യം തൈസിലും പിന്നീട് എഡനിലും ശുശ്രൂഷ ചെയ്തിരുന്ന അച്ചൻ, 2014-ൽ അമ്മയുടെ മരണത്തെ തുടർന്ന് നാട്ടിലേയ്ക്ക് പോരുമ്പോൾ യമൻ ഒരു രണഭൂമിയായി മാറിക്കഴിഞ്ഞിരുന്നു. പല വൈദികർ ഉണ്ടായിരുന്ന സ്ഥാനത്ത് ഒരാൾ മാത്രം അവശേഷിച്ചു. അവിടെ തുടർന്നിരുന്ന ഫാ. ജോർജ്ജ് മുട്ടത്തുപറമ്പിൽ കൂടി തിരിച്ചു പോരാൻ തീരുമാനിച്ചതോടെ മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനിമാരും, അശേഷിച്ച ചില വിശ്വാസികളും വൈദികരില്ലാത്ത അവസ്ഥയിൽ തുടരേണ്ടി വരും എന്ന സാഹചര്യം വന്നപ്പോൾ ടോമച്ചൻ ഏത് വിധേനയും യെമനിൽ തിരിച്ചെത്താൻ തീരുമാനിച്ചു. തന്റെ അന്നത്തെ തീരുമാനം തികഞ്ഞ ദൈവഹിതം തന്നെയായിരുന്നു എന്ന കാര്യത്തിൽ ഒരിക്കലും സംശയം തോന്നിയിട്ടില്ലെന്ന് അച്ചൻ ഓർമ്മിക്കുന്നു.

'അവസാന തവണ പോയപ്പോൾ, ജിബുട്ടിയിൽ ചെന്ന് അവിടെനിന്ന് യു.എന്നിന്റെ ഒരു വിമാനത്തിൽ യാത്രാനുമതി നേടിയെടുത്താണ് സനയിൽ എത്തുന്നത്. അത്രമാത്രം കഷ്ടപ്പെട്ട് അവിടെ എത്തിച്ചേരാൻ തീരുമാനിച്ചതിന് പിന്നിൽ ദൈവികമായ പ്രചോദനം കൂടിയുണ്ടായിരുന്നു. അന്നും ഇന്നും ആ യാത്ര ദൈവഹിതം തന്നെയായിരുന്നു എന്ന ഉറച്ച ബോധ്യമുണ്ട്. അങ്ങനെതന്നെയായതിനാലാണ് ഏറെ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും അവിടെ എത്താൻ കഴിഞ്ഞത്.

2015-ൽ രണ്ടാം തവണ ടോമച്ചൻ യെമനിൽ എത്തിച്ചേർന്നപ്പോഴെക്കും ആഭ്യന്തര കലാപങ്ങളും ആക്രമണങ്ങളും കൂടുതൽ രൂക്ഷമായിരുന്നു. അച്ചൻ മുമ്പ് താമസിച്ചിരുന്ന ഭവനവും ദൈവാലയവും അതിനകം അക്രമിക്കപ്പെട്ടിരുന്നതിനാൽ ഏഡനിലെ അഗതിമന്ദിരത്തിലാണ് അച്ചനും കഴിഞ്ഞത്. അപകടകരമായ ഈ സാഹചര്യത്തിലും, ആത്മീയബോധ്യങ്ങൾക്ക് തെല്ലും കോട്ടം തട്ടാതെയാണ് ആ വൈദികനും സന്യാസികളും തങ്ങളുടെ ശുശ്രൂഷകൾ നിറവേറ്റിയത്.

ഒടുവിൽ പലരും ഭയന്നത് തന്നെ സംഭവിച്ചു, 2016 മാർച്ച് നാലാം തീയതിഅവർ ആക്രമിക്കപ്പെട്ടു. ക്രൂരമായ ആ നരനായാട്ടിൽ നാല് സന്യാസിനിമാരും ജോലിക്കാരും വധിക്കപ്പെട്ടു. ടോമച്ചൻ അവരുടെ പിടിയിൽ അകപ്പെട്ടു.


മരണഭയം തെല്ലും ഇല്ലാതിരുന്നതിനാൽ തന്നെതടവിലാക്കിയഅക്രമികളെയും അദ്ദേഹം ഭയന്നില്ല. ദൈവഹിതം എന്ത് തന്നെ ആയിരുന്നാലും അത് നിറവേറ്റുന്നതിനുള്ള ശക്തിയും കൃപയും തരിക എന്നതായിരുന്നു ആ ദിവസങ്ങളിലെ പ്രാർത്ഥന എന്ന് അച്ചൻ ഓർമ്മിക്കുന്നു.

'അക്കാലത്തെ ചിന്തകളനുസരിച്ച്, ഓരോ അനുഭവങ്ങളും ദൈവത്തിന് വിട്ടുകൊടുത്തിരുന്നു. അവിടുന്നറിയാതെ ഒന്നും സംഭവിക്കുന്നില്ല

malankaralibrary.com

ല്ലോ. അവിടുത്തേയ്ക്ക് ഇഷ്ടമെങ്കിൽ മാത്രം എന്നെ വിടുവിക്കുക എന്നായിരുന്നു എന്റെ പ്രാർത്ഥന. പതിവായി ആത്മീയ കുർബ്ബാന അർപ്പിച്ചിരുന്നു. ജപമാല, കരുണക്കൊന്ത, കുരിശിന്റെ വഴി, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ തുടങ്ങി ഓർമ്മയിലുള്ള പ്രാർത്ഥനകൾ ചൊല്ലാനായി സമയം മാറ്റിവച്ചു. ഇടയ്ക്ക് കുറെ സമയം കിടന്നുറങ്ങും. അങ്ങനെയായിരുന്നു. ആ ദിവസങ്ങൾ അനുഭവങ്ങളുടെ ഫലമായി, ആത്മീയമായി കൂടുതൽ ശക്തി പ്രാപിക്കാനായി എന്ന് അച്ചൻ പറയുന്നു.

അടുത്തകാലങ്ങളിൽ തന്നെ ചുറ്റിപ്പറ്റി സോഷ്യൽ മീഡിയയിൽ പുകഞ്ഞ അനാവശ്യ വിവാദങ്ങളെക്കുറിച്ച് അച്ചൻ ഏറെയൊന്നും ബോധവാനല്ല. അത്തരം കാര്യങ്ങൾക്കായി സമയം ചെലവഴിക്കുന്നത് യുക്തിരഹിതമാണ് എന്ന ചിന്തയാണ് കാരണണം. യഥാർത്ഥത്തിൽ മിഷനറി ദൈത്യം എന്നാൽ, ദൈവസ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുക മാത്രമാണ്"; അദ്ദേഹം പറയുന്നു. നന്മയിൽ വളരാൻ പരിശ്രമിക്കുകയും, നന്മയിൽ ജീവിക്കാൻ തീരുമാനിക്കുകയും മാത്രമാണ് നാമോരോരുത്തരുടേയും അടിസ്ഥാന ദൈവവിളി. പുഞ്ചിരിയോടെ അവസാനിപ്പിക്കുന്നു.



നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിയ ഫാ. ടോം ഉഴുന്നാലിലിനെ രാമപുരം ഫൊറോനാ പള്ളി വികാരി ഫാ. ഡോ. ജോർജ്ജ് ഞാറക്കുന്നേൽ ബൊക്കെ നൽകി സ്വീകരിക്കുന്നു.

malankaralibrary.com

21

# കൊച്ചി വിമാനത്താവളത്തിൽ

ബന്ധനത്തിൽ നിന്നു മോചിതനായി യെമനിൽനിന്നും വത്തിക്കാൻ - ഡൽഹി - ബാംഗ്ലൂർവഴി കൊച്ചി വിമാനത്താവളത്തിൽ എത്തിയ ഫാ. ടോം ഉഴുന്നാലിന് കൊച്ചി വിമാനത്താവളത്തിൽവച്ച് ഉജ്ജ്വല സ്വീകരണം നൽകി. പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ നിയുക്ത ബിഷപ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ജോസ് കെ. മാണി എം.പി., എം.എൽ.എ. മാരായ അൻവർ സാദത്ത്, റോജി എം., ജോൺ, വി.ഡി. സതീശൻ, വി.കെ. എബ്രാഹംകുഞ്ഞ്, ഹൈബി ഈഡൻ, മുൻകേന്ദ്ര മന്ത്രി പി.സി. തോമസ്, കോൺഗ്രസ്സ് നേതാവ് ജോസഫ് വാഴയ്ക്കൽ, മാതൃ ഇടവകയായ രാമപുരം ഫൊ. പള്ളി വികാരി ഡോ. ജോർജ്ജ് ഞാറക്കുന്നേൽ, ആക്ഷൻകൗൺസിൽ രക്ഷാധികാരി സഭാതാരം ജോൺകച്ചിറമറ്റം, ചെയർമാൻ സി.റ്റി. രാജൻ, ആക്ഷൻ കൗൺസിൽ അംഗങ്ങളായ ഷാജി ആറ്റുപുറം, തോമസ് മാടപ്പാട്ട്, മനോജ് ചീങ്കല്ലേൽ, ഉഴുന്നാലിൽ കുടുംബാംഗങ്ങൾ, സലേഷ്യൻ സഭാംഗങ്ങൾ തുടങ്ങി നുറുകണക്കിനാളുകൾ വിമാനത്താവളത്തിൽവച്ച് ഫാ. ടോം ഉഴുന്നാലിയെ പുഷ്പഹാരങ്ങൾ നൽകിയും ബൊക്കെ നൽകിയും സ്വീകരിച്ചു. വിമാനത്താവളത്തിലെ തിക്കും തിരക്കും വാക്കുകൾകൊണ്ട് വർണ്ണിക്കാനായിരുന്നില്ല.

7:30 ന് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിയ ഫാ. ടോം ഉഴുന്നാലിൽ വെണ്ണല ഡോൺ ബോസ്കോ ഭവനത്തിലെത്തി പ്രഭാത ഭക്ഷണം കഴിച്ചു. 10.30 ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പിന്റെ ആസ്ഥാന ദേവാലയമായ സെന്റ് മേരീസ് ബസ്സിക്കായിൽ എത്തി പ്രാർത്ഥിക്കുകയും അവിടെ വച്ച് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് മേജർ ആർച്ച് ബിഷപ്സ് ഹൗസിൽ എത്തി. എറണാകുളം അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിലിന്റെ നേതൃത്വത്തിൽ ഫാ. ടോമിനെ സ്വീകരിച്ചു. തുടർന്ന് പത്ര പ്രതിനിധികളുമായി സംസാരിച്ചു. ഉച്ചക്ക് വരാപ്പുഴ ആർച്ച് ബിഷപ്സ് ഹൗസിൽ എത്തി. ഉച്ചഭക്ഷണം കഴിച്ചു. തുടർന്ന് മാതൃരൂപതയായ പാലാ ബിഷപ്സ് ഹൗസിലേക്കും അവിടെനിന്ന് മാതൃഇടവകയായ രാമപുരം ഫൊ. പള്ളിയിലേക്കും യാത്ര തിരിച്ചു.

malankaralibrary.com

22

# പാലാ ബിഷപ്സ് ഹൗസിൽ

ഫാ. ടോം ഉഴുന്നാലിലിനു മാതൃരൂപതാ ആസ്ഥാനമായ ബിഷപ്സ് ഹൗസിൽ സ്നേഹോഷ്മള സ്വീകരണം.

സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മോൺ എബ്രഹാം കൊല്ലിത്താനത്തുമലയിൽ, മോൺ. ജോസഫ് മലേപ്പറമ്പിൽ, ചാൻസലർ ഫാ. ജോസ് കാക്കല്ലിൽ, രൂപതാ കോർപറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, രാമപുരം ഫൊറോനാപള്ളി വികാരി ഫാ. ജോർജ് ഞാറക്കുന്നേൽ, ഭരണങ്ങാനം ഫൊറോനാ പള്ളി വികാരി ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, ചേർപ്പുങ്കൽ ഫൊറോനാ പള്ളി വികാരി ഫാ. ജോസ് അഞ്ചേരിൽ, ഫാ. ജോർജ് ചൂരക്കാട്ട്, ഫാ. ഫിലിപ്പ് ഞരളക്കാട്ട്, സന്യസ്തർ, അത്മായ പ്രതിനിധികൾ, സംഘടനാ ഭാരവാഹികൾ തുടങ്ങി നൂറുകണക്കിനാളുകൾ ചേർന്നാണു ഫാ. ടോം ഉഴുന്നാലിലിനെ സ്വീകരിച്ചത്.

തുടർന്ന് അരമന ചാപ്പലിൽ കൃതജ്ഞതാ പ്രാർത്ഥന നടത്തി. മോൺ. ജോസഫ് മലേപ്പറമ്പിൽ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി.

എം.പി.മാരായ ജോസ് കെ.മാണി, ജോയി എബ്രഹാം, എം.എൽ.എ. മാരായ കെ.എം. മാണി, പി.ജെ. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.സി. ജോർജ്, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, മുൻ എം.പി.മാരായ പി.സി. തോമസ്, വക്കച്ചൻ മറ്റത്തിൽ, നഗരസഭാധ്യക്ഷ ലീനാ സണ്ണി, ഉപാധ്യക്ഷൻ കുര്യാക്കോസ് പടവൻ, മുൻ എം.എൽ.എ. കെ.ജെ. തോമസ്, എം.ജി. സർവകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, എം.ജി. സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ, മുഹമ്മദ് സക്കീർ, റവ. അലക്സ്, ജോൺ കച്ചിറമറ്റം, തുടങ്ങിയവർ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

## രക്തം ചിന്താത്ത രക്തസാക്ഷി: മാർ പള്ളിക്കാപ്പറമ്പിൽ

ഫാ. ടോം ഉഴുന്നാലിൽ രക്തം ചിന്താത്ത രക്തസാക്ഷിയാണെന്നു സന്ദേശം നൽകിയ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പറഞ്ഞു. ബിഷപ്സ് ഹൗസിൽ നൽകിയ സ്വീകരണസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.


പോർച്ചുഗലിലെ ഫാത്തിമയിൽനിന്നു രൂപതാ ബിഷപ് മാർ ജോസഫ്

malankaralibrary.com

കല്ലറങ്ങാട്ട് അയച്ച സന്ദേശം രൂപതാ ചാൻസലർ ഫാ. ജോസ് കാക്കല്ലിൽ വായിച്ചു.

സലേഷ്യൻ സഭ ബംഗളുരു പ്രൊവിൻഷ്യൽ ഫാ. ജോയ്സ് തോണിക്കുഴി, വികാരി ജനറൽമാരായ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. ജോസഫ് കൊല്ലംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ഫാ. ടോം ഉഴുന്നാലിക്ക് പാലാ ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകിയപ്പോൾ രൂപതാദ്ധ്യൻ മാർ ജോസഫ് കല്ലറങ്ങാട്ട് പോർട്ടുഗലിൽ ആയിരുന്നു. പോർട്ടുഗലിൽനിന്നും മാർ ജോസഫ് കല്ലറങ്ങാട്ട് അയച്ചുതന്ന സന്ദേശം ചാൻസലർ റവ. ഡോ. ജോസ് കാക്കല്ലിൽ വായിച്ചു.



ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തെ തുടർന്നു രാമപുരം വെള്ളിലാപ്പള്ളിയിലുള്ള ബന്ധു വി.എ. തോമസിന്റെ വീട്ടിൽ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവർ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകുന്നു. ഫാ. ബെർക്കുമാൻസ് കുന്നുംപുറം, ഫാ. ജോസ് കാക്കല്ലിൽ, റവ. ഡോ. ജോർജ്ജ് ഞാറക്കുന്നേൽ തുടങ്ങിയവർ സമീപം.

malankaralibrary.com

23

# നിങ്ങൾ എന്നെ വിലയ്ക്ക് വാങ്ങി

## ഫാ. ടോം ഉഴുന്നാലിന്റെ മറുപടി പ്രസംഗം

'മാതൃരൂപതയായ പാലായിലെ ഓരോ വിശ്വാസിയുടെയും ഒപ്പം ലോകത്തിന്റെയും തീക്ഷ്ണമായ സമർപ്പിതപ്രാർത്ഥനകളും നേർച്ച കാഴ്ചകളും എന്നെ ബന്ദിയാക്കിയവരുടെ ഹൃദയങ്ങളിൽ മാറ്റം വരുത്താൻ കാരണമായട്ടുണ്ടാവും. ക്രിസ്തു ഇന്നും ജീവിച്ചിരിക്കുന്നു. അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ അവൻ ശക്തനാണ്. ആ കരങ്ങൾ തളർന്നിട്ടില്ല എന്നതിന്റെ അടയാളമാണ് ഒരിക്കൽകൂടി നാട്ടിലെത്താൻ എനിക്ക് അവസരമായത്. 557 ദിവസം തടവിലായിരിക്കെ ഓരോ ദിവസവും ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. എന്നെ ബന്ദിയാക്കി ഒളിവിൽ പാർപ്പിച്ചിരിക്കുന്നവർക്കു നന്മയുണ്ടാകട്ടെ എന്നും ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. എനിക്കുവേണ്ടി ലോകം അർപ്പിച്ച ത്യാഗവും അനേകായിരങ്ങളുടെ കണ്ണീരും ദൈവതിരുമനസ്സിൽ ഉയർത്തിയ കൃപയുടെ അടയാളമാണ് സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽനിന്ന് നിങ്ങളെല്ലാവരുംകൂടി പ്രാർത്ഥനയിലൂടെ എന്നെ വിലയ്ക്കു വാങ്ങി' - ഫാ. ടോം വികാരാധീനനായി നന്ദി പറഞ്ഞു.




മറുപടി പ്രസംഗം

malankaralibrary.com



24

# ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ടിന്റെ സന്ദേശം

ആ സന്ദേശത്തിൽ സഹനം ദൈവത്തോട് സംസാരിക്കാനുള്ള മെഗാ ഫോണാണെന്നും സന്ദേശത്തിൽ പറഞ്ഞു. ടോമച്ചൻ ബന്ധിയായി തടവിൽ കഴിയുമ്പോൾ അത് ദൈവം നമുക്ക് നൽകുന്ന ട്യൂഷൻ ക്ലാസായി - സ്പെഷ്യൽ ക്ലാസ്സായി എന്നും സന്ദേശത്തിൽ കല്ലറങ്ങാട്ട് പറഞ്ഞു.

സഹനം കുർബാനപോലെ മൂല്യമുള്ളതാണ്. ടോമച്ചൻ സഹിച്ചപ്പോൾ, ബലഹീനനായപ്പോൾ ശാരീരികമായി അസ്വാസ്ഥ്യങ്ങൾ അനുഭവിച്ചപ്പോൾ നമുക്ക് പ്രാർത്ഥനവഴിയും സഹനങ്ങൾ വഴിയും അദ്ദേഹത്തെ ബലപ്പെടുത്താൻ കഴിഞ്ഞുവെന്നും സന്ദേശത്തിൽ തുടർന്ന് പ്രസ്താവിക്കുകയുണ്ടായി. മാർ കല്ലറങ്ങാട്ടിന്റെ സന്ദേശം പൂർണ്ണരൂപത്തിൽ താഴെ ചേർക്കുന്നു.

അഭിവന്ദ്യ വലിയ പിതാവേ, അഭിവന്ദ്യ മുരിക്കൻ പിതാവേ, ബഹു. വൈദികരേ, സമർപ്പിതരേ, അത്മായ സഹോദരങ്ങളേ,

യമനിൽ ഭീകരരാൽ ബന്ദിയാക്കപ്പെട്ട് തടവറയിൽ ആയിരുന്ന നമ്മുടെ പ്രിയപ്പെട്ട ബഹു. ടോം ഉഴുന്നാലിൽ അച്ചൻ മോചിതനായി ഇന്ന് നമ്മുടെ മധ്യേ പാലാ രൂപതാ കേന്ദ്രത്തിൽ എത്തിയിരിക്കുകയാണല്ലോ. നമുക്ക് ഏവർക്കും ഏറ്റം സമാശ്വാസകരവും അതിലേറെ സന്തോഷകരവുമായ ഈ അവസരത്തിൽ, ഈ കൂടിവരവിൽ, എനിക്ക് നിങ്ങളോടൊത്തു ആയിരിക്കുവാൻ സാധിക്കാത്തതിൽ ഏറെ ദുഃഖമുണ്ടെങ്കിലും, ടോമച്ചൻ ഇന്ന് നമ്മുടെ മധ്യേ ആണല്ലോ എന്നതിൽ ഞാൻ നിങ്ങളോടൊത്ത് അതിയായി സന്തോഷിക്കുന്നു. ദൈവത്തിന്റെ അനന്ത കാരുണ്യത്തിന് സ്തുതി, നന്ദി.

നമ്മുടെ രൂപതക്കാരനും സലേഷ്യൻ സഭാംഗവുമായ ബഹു. ടോം ഉഴുന്നാലിൽ അച്ചൻ ഒരു വലിയ മിഷനറിയാണ്. ഓരോ മിഷനറിയിലും ഒരു fragrance of martyrdom, രക്തസാക്ഷിത്വത്തിന്റെ ഒരു സുഗന്ധമുണ്ട്. ചെന്നായ്ക്കളുടെയിടയിലേക്ക് കുഞ്ഞാട് എന്നതു പോലെയാണ് ഓരോ മിഷനറിയും അയക്കപ്പെടുന്നത്. ഒരു കുഞ്ഞാടായി നാം ഏതു വിഷമ സ്ഥലത്തേക്കും കടന്നുചെല്ലുന്നു എന്നതാണ് സുവിശേഷം. ഒരു കുഞ്ഞാടായിരിക്കുക എന്നത് vulnerability ആണ്, നമ്മുടെ ബലഹീനതയാണ്, നിസ്സാരത

malankaralibrary.com

യാണ്. പക്ഷേ, ആ നിസ്സാരതയിലാണ് ദൈവത്തിന്റെ ആഴമായ രഹസ്യവും സുവിശേഷത്തിന്റെ കരുത്തും കൊണ്ടുനടക്കുന്നത്. ഈശോയെക്കുറിച്ചു പറയുവാനുള്ള അദ്ദേഹത്തിന്റെ ആഴമായ തീക്ഷ്ണതയാണ് വലിയ പ്രതിസന്ധിയുണ്ട് എന്നറിഞ്ഞപ്പോഴും അദ്ദേഹം യെമനിലേക്കു യാത്ര ചെയ്തതും ആതുരശുശ്രൂഷ തിരഞ്ഞെടുത്തതും. ദൈവത്തിന്റെ കാര്യങ്ങളിൽ ഓടിനടന്നിരുന്ന ടോമച്ചന്, കർദ്ദിനാൾ വാതുവാൻ പറഞ്ഞതുപോലെ "ദൈവത്തെക്കുറിച്ചു മാത്രമാണ് ഇപ്പോൾ ചിന്തിക്കാനും പറയാനുമുള്ളത്." ദൈവം ആരാണെന്നും എന്താണെന്നും വളരെ അടുത്ത് നമുക്ക് കൂടി അനുഭവിച്ചറിയുവാൻ ദൈവം ഒരുക്കിയ അവസരമായിരുന്നു ഈ കാലഘട്ടം.

സഹനം, ദൈവത്തോടു നമുക്കു സംസാരിക്കാനുള്ള മെഗാഫോണാണ്. ദൈവം നമുക്കു നൽകുന്ന ട്യൂട്ടോറിയൽ ആണ്. ഒരു ട്യൂഷൻ ക്ലാസ് ദൈവം നമുക്കു നൽകുകയാണ്. ടോമച്ചൻ ബന്ദിയായി തടവറയിൽ കഴിയുമ്പോൾ അതു ദൈവം നമുക്കു നൽകുന്ന ട്യൂഷൻ ക്ലാസ്സായി, സ്പെഷ്യൽ ക്ലാസ്സായി, മെഗാഫോണായി സ്വീകരിക്കുവാൻ കഴിഞ്ഞതിനെ നാമിപ്പോൾ ഓർമ്മിക്കുകയാണ്.

സഹനം പരിശുദ്ധ കുർബാന പോലെ മൂല്യമുള്ളതാണ്. ജോബിന്റെ സഹനത്തോടാണ്, തിരുസഭ പരിശുദ്ധ കുർബാനയെ താരതമ്യം ചെയ്യുന്നത്. ടോമച്ചൻ സഹിച്ചപ്പോൾ അദ്ദേഹം ബലഹീനനായപ്പോൾ, ശാരീരികമായി അസ്വാസ്ഥ്യങ്ങൾ അനുഭവിച്ചപ്പോൾ, നമുക്ക് നമ്മുടെ പ്രാർത്ഥനവഴിയും സഹനങ്ങൾ വഴിയും അദ്ദേഹത്തെ ബലപ്പെടുത്താൻ കഴിഞ്ഞു എന്നുള്ളത് ഓർമ്മിക്കാം. ടോമച്ചന്റെ സഹനവും തടവറ അവസ്ഥയും നമ്മുടെ വിശ്വാസത്തിൽ നമ്മൾ ആഴപ്പെടുന്നതിന്, സത്യസഭയുടെ മൂല്യങ്ങൾ കുറേയൊക്കെ തിരിച്ചറിയുന്നതിന് ദൈവം നമുക്കു തന്ന ഒരവസരമായി സ്വീകരിക്കാം.

യെമനിൽ, ഏഡനിൽ ടോമച്ചൻ കർത്താവിന്റെ മുറിവുകളെ സ്പർശിച്ചവനാണ്. ചാരിറ്റി സിസ്റ്റേഴ്സിന്റെ മഠത്തോടനുബന്ധിച്ചുള്ള സ്ഥാപനത്തിൽ വളരെ ബലഹീനരായിട്ടുള്ള വ്യക്തികളെ നോക്കി അവർക്കുവേണ്ട സംരക്ഷണം നൽകിയപ്പോൾ ടോമച്ചനും കർത്താവിന്റെ മുറിവിൽ സ്പർശിക്കുകയായിരുന്നു. അദ്ദേഹമിന്ന് ദൈവത്തിന്റെ കരുണയുടെ പാത്രമായി നമ്മുടെ മുമ്പിലുണ്ട്. ഇവിടെ ധാരാളം ആളുകൾ, വൈദികരും, സമർപ്പിതരും, അത്മായ സഹോദരരും, വിവിധ മതവിഭാഗത്തിൽപ്പെട്ടവരും എത്തീട്ടുണ്ടല്ലോ. ഉഴുന്നാലിൽ കുടുംബത്തോടുള്ള അവരുടെ സ്നേഹത്തിന്റെയും അടുപ്പത്തിന്റെയുമൊക്കെ അടയാളംകൂടിയാണിത്.

സഹനങ്ങൾ വഴി ടോമച്ചൻ സഹന ദാസനായ കർത്താവിന്റെ ഐക്കണായി മാറിയിരിക്കുകയാണ്. അത് നമ്മുടെ വിശ്വാസത്തിനു ബലമായി, ബലിഷ്ഠമായ കരങ്ങളായി, മാറിയിട്ടുണ്ടെന്ന് ഞാൻ കരുതുകയാണ്. കർത്താവ് നമ്മുടെ പ്രാർത്ഥന സ്വീകരിച്ച് നമ്മോടു സംസാരിച്ചതിന്റെ ഫല

malankaralibrary.com


മാണ് ഇപ്പോഴത്തെ ഈ കൂടിവരവ്. ഉത്കണ്ഠയുടെയും ആകുലതയുടെയും ദീർഘമായ നാളുകൾ കടന്ന് ഇന്ന് ദൈവം തന്ന കരുണയിൽ ബഹു. ടോമച്ചന്റെ മോചനത്തിൽ നമ്മൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവ കൃപയുടെ ആനന്ദത്തിൽ ആയിരിക്കുകയാണ്. ദൈവത്തിന് സ്തുതി.

വിശേഷാൽ ഒരു കാര്യംകൂടി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബന്ദിയാക്കപ്പെട്ട ദിവസം മുതൽ ടോമച്ചന്റെ മോചനത്തിനായി വാഴ്ത്തപ്പെട്ട കുഞ്ഞച്ചനോട് ഞാൻ തീവ്രമായി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മോചനം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മാദ്ധ്യസ്ഥം വഴി ലഭിച്ച അനുഗ്രഹമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാനിപ്പോൾ പോർട്ടുഗലിലെ ഫാത്തിമായിൽ പരിശുദ്ധ ദൈവമാതാവിന്റെ സന്നിധിയിൽ തീർത്ഥാടകനായി എത്തിയിരിക്കുകയാണ്. ബഹു. ടോമച്ചനെയും അദ്ദേഹത്തിന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്ത എല്ലാവരെയും പരിശുദ്ധ ദൈവമാതാവിന്റെ വിമല ഹൃദയത്തിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും വിശിഷ്യ, ബഹു. ടോമച്ചനും എന്റെ പ്രാർത്ഥനാനിർഭരമായ, സ്നേഹമസൃണമായ ആശംസകളും മംഗളങ്ങളും നേർന്നുകൊള്ളുന്നു.

ലിസ്ബൺ, പോർട്ടുഗൽ
01 ഒക്ടോബർ 2017

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
**(പാലാ രൂപതയുടെ അദ്ധ്യക്ഷൻ)**



പാലാ ബിഷപ്സ് ഹൗസിലെത്തിയ ഫാ. ടോം ഉഴുന്നാലിനെ സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവർ ചേർന്നു സ്വീകരിക്കുന്നു.

malankaralibrary.com

# വാദ്യമേളങ്ങളും കൊടിതോരണങ്ങളും ഒരുക്കി രാമപുരം ഇടവക


**ജിബിൻ കുര്യൻ**

**കോട്ടയം:** പാരമ്പര്യപ്പെരുമ പള്ളിയുറങ്ങുന്ന രാമപുരം ഗ്രാമവും സെന്റ് അഗസ്റ്റിൻസ് ഇടവകയും ആഹ്ലാദ നിറവിലാണ്. കൊടിതോരണങ്ങൾ, പേപ്പൽ പതാക, മുത്തുക്കുട, വാദ്യമേളം തുടങ്ങി ഒരുക്കങ്ങളുടെ തിരക്കിലാണ് ഇടവക. മാതൃദീപ്തി, മിഷൻലീഗ് അംഗങ്ങൾ വിപുലമായ തയാറെടുപ്പിലാണെന്നും ചടങ്ങിൽ നാടൊന്നാകെ പങ്കുചേരുമെന്നും വികാരി റവ.ഡോ.ജോർജ് ഞാറക്കുന്നേൽ പറഞ്ഞു.

ഞായറാഴ്ച വൈകുന്നേരം അഞ്ചിന് ഉഴുന്നാലിലച്ചൻ രാമപുരം ജംഗ്ഷനിലെത്തും. ബാല്യം മുതൽ ആത്മീയ പരിശീലനവും സ്കൂൾ പഠനവും നടത്തിയ രാമപുരത്ത് ഇന്നും ടോം അച്ചൻ അറിയുന്ന, അച്ചനെ അറിയുന്ന ദേശവാസികളാണുള്ളത്. ജാതിമത ഭേദമന്യേ നാടൊന്നാകെ സ്വീകരണത്തിൽ പങ്കുചേരും. ആറിന് സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ മാർ ജേക്കബ് മുരിക്കന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന. തുടർന്ന് പാരീഷ് ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ മാർ ജേക്കബ് മുരിക്കൻ, വികാരി റവ.ഡോ.ജോർജ് ഞാറക്കുന്നേൽ, റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനി, വിൻസെന്റ് കുരിശുംമൂട്ടിൽ, ജോൺ കച്ചിറമറ്റം എന്നിവർ പ്രസംഗിക്കും. ഫാ. ടോം മറുപടിപ്രസംഗം നടത്തും.




ഫാ. ടോം ഉഴുന്നാലിലിന് സ്വാഗതമോതി രാമപുരം ടൗണിൽ സ്ഥാപിച്ചിരിക്കുന്ന ഫ്ലെക്സ് ബോർഡ്.



രാമപുരത്തെ സ്വീകരണം

malankaralibrary.com

25

# മാതൃഇടവകയിൽ സ്വീകരണം

ഫാ. ടോം ഉഴുന്നാലിയുടെ മോചനവാർത്ത അതീവ സന്തോഷത്തെടെയാണ് രാമപുരം നിവാസികൾ കേട്ടത്. മോചനവാർത്തയറിഞ്ഞ ഉടനെ ഫാ. ടോമിന്റെ ഭവനത്തിലേക്കും ബന്ധുവായ വി.എ. തോമസ് ഉഴുന്നാലിയുടെ ഭവനത്തിലേക്കും നൂറകണക്കിനാളുകൾ ഓടിയെത്തി. ആ ഓട്ടത്തിൽ ആദ്യം ഓടിയെത്തിയത് കോട്ടമലയച്ചൻ എന്ന പേരിൽ ഇതിനകം പ്രസിദ്ധനായ ഫാ. തോമസ് അയിലൂക്കുന്നേലായിരുന്നു. തുടർന്ന് നേതാക്കന്മാർ ഓടിയെത്തി.

രാമപുരം ഫൊ. പള്ളിവികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേലും സമീപപ്രദേശങ്ങളിലെ വികാരിമാരും അനേകം സന്യാസിനികളും ഉഴുന്നാലിൽ ഭവനത്തിൽ എത്തി. പാലാ അരമനയിൽനിന്നും ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലും സഹായമെത്രാൻ മാർ ജേക്കബ് മുരിക്കനും വികാരി ജനറാളന്മാരും ചാൻസലറും എല്ലാം ഉഴുന്നാലിൽ ഭവനത്തിൽ എത്തി. സഭാതാരം ജോൺ കച്ചിറമറ്റം (ആക്ഷൻ കൗൺസിൽ രക്ഷാധികാരി) പ്രസിഡണ്ട് സി.റ്റി. രാജൻ, ഷാജി ആറ്റുപുറം, തോമസ് മാടപ്പാട്ട്, മനോജ് ചീങ്കല്ലേൽ, കെ.എം. തോമസ് കൊയപ്പള്ളിൽ, തോമ്മാച്ചൻ ഉഴുന്നാലിൽ, മത്തച്ചൻ പുതിയിടത്തുചാലിൽ, വി.എ. ജോസ് ഉഴുന്നാലിൽ തുടങ്ങി നൂറുകണക്കിനാളുകൾ ഉഴുന്നാലി ഭവനത്തിൽ എത്തി പ്രാർത്ഥനകൾ നടത്തി. ഈ വാർത്തകൾ ചാനലുകളിൽകൂടി ഒഴുകിയെത്തി. രാത്രി വെളുക്കുവോളം രാമപുരത്തെയും സമീപപ്രദേശത്തെയും വൈദികരും കന്യാസ്ത്രീകളും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കളും കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളും ഉഴുന്നാലിൽ ഭവനത്തിൽ എത്തിക്കൊണ്ടിരുന്നു. ആ നേതാക്കളിലൂടെ ഒരു നാടിന്റെ മുഴുവൻ ഹൃദയവികാരങ്ങൾ ഒപ്പിയെടുക്കാവാൻ ആ നേതാക്കളുടെ സന്ദർശനം സഹായകരമായി. അന്നേദിവസം ഉഴുന്നാലിൽ ഭവനത്തിൽ എത്തിയ നേതാക്കന്മാരുടെ മുഴുവൻ പേരുകൾ എഴുതാൻ ശ്രമിക്കുന്നില്ല. (ചിലപ്പോൾ ചിലരുടെ പേരുകൾ വിട്ടുപോകുവാൻ ഇടയായാൽ അത് ഒട്ടേറെ വിഷമങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടല്ലോ) രാമപുരം നിവാസികൾ ഒന്നടങ്കം ആനന്ദസാഗരത്തിൽ ആറാടിയ ഒരു ദിവസമായിരുന്നു അത്.

ഫാ. ടോം മോചിതനായെങ്കിലും എന്ന്, എപ്പോൾ ഭാരതത്തിലും സലേഷ്യൻ സഭാ ആസ്ഥാനത്തും സീറോ - മലബാർ സഭാകേന്ദ്രത്തിലും സ്വദേ

malankaralibrary.com

ശത്തും എത്തുമെന്നുള്ളതിനെപ്പറ്റി യാതൊരു നിശ്ചയവുമില്ലായിരുന്നു. രാമപുരത്ത് അതിഗംഭീരമായ ഒരു സ്വീകരണം നൽകണമെന്ന ആഗ്രഹം പലരും പ്രകടിപ്പിക്കുകയുണ്ടായി. അതിനുവേണ്ടി രാമപുരത്ത് പ്രവർത്തിച്ച ആക്ഷൻ കൗൺസിൽ രംഗത്തുവരുകയും ചെയ്തു.

ആക്ഷൻ കൗൺസിൽ : ഫാ. ടോം ബന്ദിയാക്കപ്പെട്ട് നൂറുദിവസം കഴിഞ്ഞാണ് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചത്. രാമപുരത്ത് വിവിധ രാഷ്ട്രീയപാർട്ടികൾ ഫാ. ടോമിന്റെ മോചനത്തിനായി പലവിധത്തിലുമുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. മാർക്സിറ്റ് പാർട്ടി ഒരു ഒപ്പിടൽ പദ്ധതിക്കാണ് രൂപം നൽകിയത്. ബഹുമാനപ്പെട്ട വൈദികനും സന്യാസിനികളും ഒക്കെ ആ ഒപ്പീടിൽ ശ്രമത്തിൽ പങ്കുചേർന്നു. കോൺഗ്രസ്സ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ രാമപുരത്ത് വമ്പിച്ച ഒരു പ്രതിഷേധ യോഗം നടന്നു. ഫാ. ടോമിന്റെ മോചനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സജീവമായി മുന്നോട്ടുവരണമെന്ന് യോഗം ആവശ്യപ്പെട്ടു. പ്രമുഖ പ്രാസംഗികനായ ഫാ. മാത്യു ചന്ദ്രൻകുന്നേലാണ് കോൺഗ്രസ്സ് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത്. മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുൾപ്പെടെ നിരവധി നേതാക്കൾ പ്രസംഗിച്ചു.

പല പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ യോഗങ്ങൾ സംഘടിപ്പിച്ചെങ്കിലും രാമപുരത്തെ പൊതുജനങ്ങളുടെ നേതൃത്വത്തിൽ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തന പരിപാടികൾ രൂപീകരിക്കണമെന്ന ചിന്തയാണ് രാമപുരത്ത് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചു പ്രവർത്തിക്കാൻ കാരണം. ശ്രീ. ജോൺകച്ചിറമറ്റം രക്ഷാധികാരിയായും സി.റ്റി. രാജൻ ചെയർമാനായും, ഷാജി ആറ്റുപുറം, തോമസ് മാടപ്പാട്ട്, കെ.എം. തോമസ് കൊയേപ്പള്ളിൽ, മത്തച്ചൻ പുതിയിടത്തുചാലിൽ, തോമസ് ഉഴുന്നാലിൽ, വി.എം. തോമസ് ഉഴുന്നാലിൽ ജെയിംസ് കണിയാരകം തുടങ്ങിയവർ അംഗങ്ങളായി ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. ആക്ഷൻ കൗൺസിൽ രൂപീകരിക്കാൻ രാമപുരത്ത് റോസറി ഗ്രാമത്തിൽ ചേർന്ന ആലോചനായോഗത്തിൽ 62 പേർ പങ്കെടുത്തിരുന്നു. ടോമച്ചനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കണമെന്ന ചിന്തയാണ് ഇങ്ങനെയൊരു ആക്ഷൻ കൗൺസിൽ രൂപീകരിക്കാൻ പ്രേരിപ്പിച്ചത്. ടോമച്ചൻ ബന്ദിയാക്കപ്പെട്ടതിന്റെ ഒന്നാം വാർഷികത്തിൽ സകലജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി വലിയ ഒരു സമ്മേളനം സംയുക്ത പ്രാർത്ഥനയും നടത്തണമെന്ന് ആക്ഷൻ കൗൺസിൽ തീരുമാനിച്ചു. എന്നാൽ ആ ദിവസം രാമപുരത്തുവച്ച് കത്തോലിക്കാ കോൺഗ്രസ്സിന്റെ പാലാ രൂപതാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സമ്മേളനവും പ്രാർത്ഥനയും നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വലിയ ഒരു സമ്മേളനം നടത്താനുള്ള നീക്കം മറ്റൊരവസരത്തിലേക്ക് മാറ്റി വയ്ക്കുകയും ചെയ്തു. ഫാ. ടോമിന്റെ

malankaralibrary.com

മോചനത്തിനായി പ്രവർത്തിക്കണമെന്ന് കാണിച്ച് എം.എൽ.എ. മാർക്കും എം.പി. മാർക്കും കേരളാ മുഖ്യമന്ത്രിക്കും ആക്ഷൻ കൗൺസിൽ നിവേദനം സമർപ്പിച്ചു.

പൊതുയോഗവും പ്രകടനവുമല്ല പ്രാർത്ഥനകളാണ് ഏറ്റം ഉചിതമെന്ന് അഭിപ്രായപ്പെട്ടവരും ഉണ്ടായിരുന്നു. എല്ലാദിവസവും രാമപുരം ഫൊ. പള്ളിയിൽ ടോമച്ചന്റെ മോചനത്തിനായുള്ള പ്രാർത്ഥനകൾ നടന്നിരുന്നു. രാമപുരം ഇടവകക്കാർ ആ പ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ജനങ്ങളിൽ ടോമച്ചന്റെ പ്രശ്നങ്ങളെപ്പറ്റി ഒരു ബോധവൽക്കരണം നടത്തുന്നതിന് ആ പ്രാർത്ഥനായജ്ഞം സഹായിച്ചുവെന്നതിൽ സംശയമില്ല.

ഉഴുന്നാലിൽ കുടുംബയോഗത്തിന്റെ നേതൃത്വത്തിൽ പല നിവേദനങ്ങലും ഉന്നതസ്ഥാനങ്ങളിൽ നൽകിയിട്ടുണ്ട്. ആഴ്ചയിലൊരിക്കൽ കുടുംബാംഗങ്ങൾ ചേർന്ന് മോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു. രാമപുരത്ത് സകല ജനങ്ങളെയും ഉൾപ്പെടുത്തി നടക്കേണ്ടിയിരുന്ന പരിപാടികളെപ്പറ്റി കുടുംബയോഗത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അവരുടെ എല്ലാവിധ പ്രോത്സാഹനവും ആക്ഷൻകൗൺസിലിന് ലഭിച്ചുകൊണ്ടിരുന്നു.

ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് പലവിധ പരിമിതികളുമുണ്ടായിരുന്നു. ഫാ. ടോമിന്റെ മോചനവാർത്ത ആക്ഷൻ കൗൺസിലിനെ സന്തോഷിപ്പിച്ചു. മോചിതനായി രാമപുരത്ത് എത്തിച്ചേർന്ന ടോമച്ചന് ഉജ്ജ്വലസ്വീകരണം നൽകണമെന്ന് ആക്ഷൻ കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. മഹാസമ്മേളനങ്ങളും മറ്റും നടത്തി വലിയ പാരമ്പര്യമുള്ള ഒരു പ്രദേശമാണ് രാമപുരം. 1936 ൽ പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോറുടെ ഭൗതികാവശിഷ്ടങ്ങൾ പഴയപള്ളിയുടെ ഭിത്തിയിൽ അടക്കം ചെയ്ത സംഭവം വലിയ ഒരു പരിപാടിയായിരുന്നു. സീറോ - മലബാർ സഭയിലെ എല്ലാ മെത്രാന്മാരും പങ്കെടുത്ത ഒരു പരിപാടിയായിരുന്നു അത്. അതിനുശേഷം 1946-ൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സർ.സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണത്തിനും അനേകായിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ പ്രതിഷേധമഹായോഗങ്ങൾ ചരിത്രത്തിലെ മഹാ സംഭവങ്ങളായിരുന്നു. 1949-ൽ എ.കെ.സി.സി. വാർഷികം ചതുർദിന പരിപാടികളോടെ ആയിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് രാമപുരത്തു നടക്കുകയുണ്ടായി. ഇരുപതിനായിരംപേർക്ക് ഇരിക്കാവുന്ന മെഗാ പന്തലാണ് അതിനുവേണ്ടി നിർമ്മിച്ചത്. വാർഷികത്തോടനുബന്ധിച്ച് പല സമ്മേളനങ്ങളും നടത്തി. ഇത്ര വിപുലമായതോതിൽ എ.കെ.സി.സി. വാർഷികം മറ്റൊരിടത്തും നടത്തിയിട്ടില്ലന്നാണ് പലരുടെയും അഭിപ്രായം. 1957-59 കാലത്ത് കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിനെതിരെയും

malankaralibrary.com

വിമോചന സമരത്തോടനുബന്ധിച്ചും നടത്തിയ മഹാസമ്മേളനങ്ങൾ അതിവിപുലങ്ങളായിരുന്നു. 1983 ൽ എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദി രാമപുരത്ത്വച്ച് നടത്തപ്പെട്ടു. രാഷ്ട്രപതി സെയിൽസിംഗ് ആയിരുന്നു മുഖ്യാതിഥി. അതോടനുബന്ധിച്ച് നടത്തിയ വാഹനജാഥകൾ,വിവിധ സമ്മേളനങ്ങൾ എല്ലാം വർണ്ണനാതീതമാണ്. 1999-ൽ സീറോ - മലബാർ സഭയിലെ 27 വൈദിക മേലദ്ധ്യക്ഷന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് കാക്കനാട്ടും രാമപുരത്തുമായി നടത്തിയ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ദ്വിശതാബ്ദി ചരമവാർഷികവും രാമപുരത്തുവച്ചാണ് നടത്തിയത്. ഈ പരിപാടികളിലെല്ലാം പതിനായിരങ്ങൾ പങ്കെടുക്കുകയുണ്ടായി. മഹായോഗങ്ങളും ചരിത്രസമ്മേളനങ്ങളും നടത്തിയാൽപോലും ഹാളുകൾ നിറഞ്ഞ് സമ്മേളിക്കുന്ന ഒരു പ്രദേശമാണ് രാമപുരം.

ഇങ്ങനെ മഹാസമ്മേളനങ്ങൾ നടത്തി പാരമ്പര്യമുള്ള രാമപുരത്ത് - രാമപുരത്തിന്റെ അഭിമാനസ്തംഭമായി മാറിയ ടോമച്ചന് ഗംഭീര സ്വീകരണം നൽകണമെന്നുള്ള ആഗ്രഹം രാമപുരം നിവാസികളിൽ ഉണ്ടാവുക സ്വാഭാവികം മാത്രമാണ്. എന്നാൽ അങ്ങനെയൊരു സ്വീകരണസമ്മേളനം നടത്തുവാൻ സാധിച്ചില്ല. മുൻപറഞ്ഞ മഹാസമ്മേളനങ്ങൾ നടത്തുവാൻ മാസങ്ങളുടെ ഒരുക്കങ്ങൾ നടന്നു. പെട്ടെന്നുള്ള പരിപാടിയായതിനാൽ അത് ലളിതവും ഭക്തിനിർഭരമായും നടത്തിയാൽ മതിയെന്ന ധാരണയിൽ എത്തിച്ചേർന്നു. ഒരു കൃതജ്ഞതാബലിയും തുടർന്ന് ഒരു സമ്മേളനവും എന്നാണ് അവസാന തീരുമാനം.

ഇതനുസരിച്ചുള്ള വാർത്ത പത്രത്തിൽ കൊടുത്തു. പള്ളിയിൽ വിളിച്ചുപറഞ്ഞു. നോട്ടീസില്ല, ഫ്ളക്സ് ബോർഡുകൾ ഇല്ല. ലളിതമായ ഒരു പരിപാടി. സ്വാഭാവികമായി ഒരു വലിയ ജനക്കൂട്ടം ആരും പ്രതീക്ഷിച്ചില്ല. പാരീഷ്ഹാൾ സമ്മേളനസ്ഥലം പുറത്ത് ആരെങ്കിലും നിന്നാൽ അവർക്ക് ഹാളിനുള്ളിൽ നടക്കുന്ന പരിപാടികൾ ദർശിക്കുവാൻ സി.സി.ടി.വി. തയ്യാറാക്കിയിരുന്നില്ല. ഹാളിനുള്ളിൽ കൊള്ളാവുന്ന ആളുകളിൽ കൂടുതൽ ഒരിക്കലും പ്രതീക്ഷിച്ചില്ല.

ടോമച്ചന് വിവിധ സ്ഥലങ്ങളിൽ ലഭിച്ച സ്വീകരണങ്ങളും അവിടെ സമ്മേളിച്ച ആൾക്കൂട്ടങ്ങളും കൊച്ചി വിമാനത്താവളത്തിൽ അച്ചനെ സ്വീകരിക്കാൻ ഓടിയെത്തിയ ജനക്കൂട്ടവും കണ്ടപ്പോൾ രാമപുരത്തും നല്ല ആൾക്കൂട്ടമുണ്ടാകുമെന്ന ചിന്ത സംഘാടകരിലുണ്ടായി. ജനപ്രവാഹത്തിനിടയിൽ പള്ളിയിലേക്ക് നടന്നു കയറാൻ ടോമച്ചന് സാധിക്കുമോയെന്നും സംശയുമുണ്ടായി. അവസാനം തുറന്ന ജീപ്പിൽ രാമപുരം ജംഗ്ഷനിൽ നിന്നും പള്ളിയിലേക്ക് ടോമച്ചനെ ആനയിക്കാമെന്ന് തീരുമാനിക്കുകയും തുറന്ന ജീപ്പ് സംഘടിപ്പിക്കുകയും ചെയ്തു. മെയിൻ റോഡ് മുതൽ പള്ളി

malankaralibrary.com

വരെ ആയിരങ്ങളാണ് അണിനിരന്നത്. തുറന്ന ജീപ്പ് സംഘടിപ്പിച്ചിരുന്നതു കൊണ്ട് തടസ്സമില്ലാതെ അച്ചനെ പള്ളിയിലേക്കും ഹാളിലേക്കും കൊണ്ടു പോകുവാൻ സാധിച്ചു. വിശുദ്ധ കുർബാന കഴിഞ്ഞ് സ്വീകരണയോഗം നടന്നു. ഹാളും ബാൽക്കണിയും നിറഞ്ഞു. ആയിരങ്ങൾ ഹാളിന് പുറത്ത് ടി.വി.സംവിധാനങ്ങൾ ഇല്ലാതെ നടന്ന ആ സമ്മേളനത്തിൽ പങ്കെടുത്തവർ ടോമച്ചനെ കാണാൻ എടുത്ത കഷ്ടപ്പാട് വിവരിക്കാൻ സാദ്ധ്യമല്ല.

രാമപുരത്തെ ജനങ്ങളുടെ വികാരങ്ങളാണ് ആ ജനക്കൂട്ടത്തിൽ ദർശിക്കുവാൻ സാധിച്ചത്. ടോമച്ചനെ സ്വീകരിക്കാൻ വൻ ഒരുക്കങ്ങൾ എന്ന് പത്രങ്ങളിൽ വാർത്തകൾ വന്നു. രാമപുരത്ത് ഉയർന്ന ഫ്ളക്സ് ബോർഡുകൾ എന്നെഴുതി പത്രത്തിൽ പ്രസിദ്ധീകരിച്ച ബോർഡുകൾ ആക്ഷൻ കൗൺസിൽ തയ്യാറാക്കിയതായിരുന്നു. ആ പത്രവാർത്ത വന്നപ്പോൾ ആക്ഷൻ കൗൺസിൽ പ്രവർത്തകർ സംതൃപ്തരായി.

ദിവ്യബലിക്കുശേഷം സ്വീകരണസമ്മേളനം നടന്നു. പാലായിൽനിന്നും രാമപുരത്തേക്കുള്ള യാത്രയെപ്പറ്റിയുള്ള പത്രവാർത്ത താഴെ ചേർക്കുന്നു.

ജന്മനാട്ടിലേക്കായിരുന്നു അടുത്ത യാത്ര. ഒട്ടേറെ വാഹനങ്ങൾ അണിനിരന്ന ഘോഷയാത്രയോടെയാണു രാമപുരം കവലയിലേക്ക് അച്ചനെ ആനയിച്ചത്.

മുത്തുക്കുടകളാൽ അലങ്കരിച്ച വീഥിയിൽ പേപ്പൽ പതാകകളും ഉയർന്നു. വാദ്യമേളങ്ങൾ അകമ്പടിയായി. രാമപുരത്തെത്തിയ ശേഷം പ്രത്യേകം തയ്യാറാക്കിയിരുന്ന തുറന്ന ജീപ്പിൽ പള്ളിയിലേക്ക്. വാഹന ജാഥ രാമപുരം പള്ളിയിലെത്തിയപ്പോൾ ജാതിമത ഭേദമന്യേ ജനസാഗരം തന്നെ അച്ചനെ സ്വീകരിക്കാനെത്തിയിരുന്നു.

അദ്ദേഹത്തിന്റെ കൈകളിൽ സ്പർശിക്കാൻ ജനം തിരക്കു കൂട്ടിയപ്പോൾ പലപ്പോഴും പോലീസിന് ഇടപെടേണ്ടി വന്നു.

തന്നെ കാണാൻ കാത്തുനിന്നവരെ നോക്കി അച്ചൻ പുഞ്ചിരിച്ചു കൈകൾ വീശി, സ്നേഹത്തിനും പ്രാർത്ഥനകൾക്കും കൈകൂപ്പി നന്ദി പറഞ്ഞു. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിൽ അൽപനേരം പ്രാർത്ഥിച്ചു. തുടർന്നു കൃതജ്ഞതാബലി.

വർഷങ്ങൾക്കുശേഷം രാമപുരത്തിന്റെ ടോമച്ചൻ മാതൃദേവാലയത്തിൽ അർപ്പിച്ച കുർബാനയിൽ പങ്കെടുക്കാൻ ദേവാലയം നിറയെ വിശ്വാസികളുണ്ടായിരുന്നു. പാരീഷ് ഹാളിൽ നടന്ന സ്വീകരണ സമ്മേളനത്തിലും നാടൊന്നാകെ ഒഴുകിയെത്തി.

രാമപുരം സമ്മേളനത്തിൽ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ നടത്തിയ അനുഗ്രഹ പ്രഭാഷണം താഴെ ചേർക്കുന്നു.

malankaralibrary.com

26

# മാർ ജേക്കബ് മുരിക്കന്റെ പ്രസംഗം

യമനിലെ ഭീകരരുടെ തടവറയിൽനിന്നു മോചിതനായ ജന്മനാട്ടിലെത്തിയ ഫാ. ടോം ഉഴുന്നാലിന് രാമപുരം ഫൊറാനാപള്ളി ഓഡിറ്റോറിയത്തിൽ നൽകിയ പൗരസ്വീകരണത്തിൽ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ നടത്തിയ അനുഗ്രഹ പ്രഭാഷണത്തിൽ നിന്ന്:

ലോകം മുഴുവൻ ആനന്ദത്തോടെ എതിരേറ്റ വാർത്തയായിരുന്നു ബഹു. ടോം ഉഴുന്നാലിലച്ചന്റെ മോചനം. ആ വാർത്ത കൺമുമ്പിലെത്തിയ സന്തോഷമാണ് ഇപ്പോൾ രാമപുരത്ത് അലയടിക്കുന്നത്.

അപ്രതീക്ഷിതമായ വസന്തത്തിൽ വിരിഞ്ഞ പുഷ്പം എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനെ ജോൺ 23-ാം മാർപാപ്പ വിശേഷിപ്പിച്ചത്. നമ്മുടെ പ്രിയപ്പെട്ട ടോമച്ചനെ നമുക്കങ്ങനെ വിളിക്കാം - അപ്രതീക്ഷിതമായ വസന്തത്തിൽ വിരിഞ്ഞ പുഷ്പം. സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ വസന്തകാലം എന്നത് സഭയുടെ സഹനത്തിന്റെ കാലഘട്ടം തന്നെയാണ്. നമ്മുടെ ടോമച്ചൻ സഹനത്തിന്റെ വസന്തത്തിൽ വിരിഞ്ഞ പുഷ്പമാണ്. തടവിലാകുന്നതിനുമുമ്പു മൊട്ടായിരുന്നത് ഇപ്പോൾ സൗന്ദര്യമേറിയ, സുഗന്ധമേറിയ പുഷ്പം ആയിരിക്കുന്നു.

ജോൺ 23-ാം മാർപാപ്പായോട് എന്തിനാണ് വത്തിക്കാൻ സൂനഹദോസ് കൂടുന്നത് എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "നമുക്ക് പുറത്തേക്കും ജനങ്ങൾക്ക് അകത്തേക്കും കാണാനാവുന്നവിധം സഭയുടെ ജാലകങ്ങളൊക്കെ തുറന്നിടാൻ ഞാൻ ആഗ്രഹിക്കുന്നു." ഇന്ന് ഫാ. ടോം ഉഴുന്നാലിൽ ഒരു ജാലകമാണ്. ലോകത്തന് സഭയിലേക്കും സഭയ്ക്കു ലോകത്തിലേയ്ക്കും കാണാനുള്ള ജാലകമായിരിക്കുന്നു ഫാ. ടോം.

ഫാ. ടോമിനെ കാണുമ്പോൾ ദൈവത്തിന്റെ സുവിശേഷം തന്നെയാണ് നാമിപ്പോൾ കാണുന്നത്. അദ്ദേഹം തടവിലായിരുന്ന ഒന്നരവർഷവും മോചനം കിട്ടിയ ഈ ദിവസങ്ങളിലുമെല്ലാം അദ്ദേഹം നമ്മുടെ മുമ്പിൽ തുറന്നുവച്ചുകൊണ്ടിരിക്കുന്നതു സുവിശേഷമാണ്.

സ്നേഹമായി ഭൂമിയിലവതരിച്ച ദൈവപുത്രന്റെ സ്നേഹം യുദ്ധഭൂമിയായ യമനിലെ മനുഷ്യർക്കു പകർന്നുകൊടുക്കുവാൻ സ്നേഹത്തിന്റെ തീവ്രാഭിലാഷത്തോടെ യമനിലെത്തിയ അദ്ദേഹത്തെ ഭീകരവാദികൾ തടവിലാക്കി. ദൈവസ്നേഹത്തിന്റെ ആൾരൂപത്തെയാണ് അവർ തടവിലാക്കിയത്. കൺമുമ്പിൽ തന്റെ പ്രിയപ്പെട്ട സഹപ്രവർത്തകർ വെടിയേറ്റുവീണു മരിക്കുന്നതുകണ്ട

malankaralibrary.com

ഫാ. ടോം ആ വെടിയുണ്ടകളെ സ്നേഹിക്കുകയാണു ചെയ്തത്. സ്നേഹത്തിന്റെ ഹൃദയത്തിലേക്ക് വെടിയുണ്ട ഉതിർത്തവരോടും സ്നേഹം....... സ്നേഹം...... സ്നേഹം എന്നുമാത്രം മന്ത്രിക്കാനായ നാവുമായി അദ്ദേഹം തടവിലായി.

ഒന്നരവർഷം ഏകാന്തതയിൽ തടവറയിൽ അദ്ദേഹം ഒറ്റയ്ക്കായിരുന്നില്ല. ക്രൂശിതനായ മിശിഹായോടൊപ്പമയിരുന്നു അദ്ദേഹം. തടവറയെ ബലിപീഠമാക്കിയ പുരോഹിതനാണ് നമ്മുടെ ടോമച്ചൻ. തടവറയിൽ ദൈവത്തിന്റെ പുരോഹിതന് ദൈവം കൂട്ടായുണ്ടായിരുന്നു. ആരോടും ഒന്നും സംസാരിക്കാൻ അനുവാദമില്ലാതിരുന്ന അദ്ദേഹത്തിന് അനുവാദമാവശ്യമില്ലാത്തവനുമായി സംസാരിക്കാനായി. തടവറ നമ്മുടെ ടോമച്ചനെ വാചാലനാക്കി. സ്വതവെ സംസാരിക്കാൻ പിശുക്കനായിരുന്ന ഫാ. ടോം തടവറയിലെത്തിയശേഷം ദൈവത്തെപ്പറ്റി സംസാരിക്കുമ്പോൾ വാചാലനാകുന്നു. അല്ലെങ്കിൽ ദൈവം അദ്ദേഹത്തെ ലോകത്തിനുവേണ്ടി വാചാലനാക്കുന്നു.

തടവറയിലാക്കിയവരോട് തന്റെ മനസ്സിൽ അകലം ഇല്ലെന്ന് പ്രഖ്യാപിച്ച ഫാ. ടോം ക്ഷമിക്കുന്ന സ്നേഹത്തിന്റെ സുവിശേഷ ദർശനമായി.

ഫാ. ടോം ഇന്ന് എല്ലാവരെയും കൂട്ടിയോജിപ്പിക്കുന്ന ദൈവത്തിന്റെ ചരടായിരിക്കുന്നു. ഈ ചരടിൽ ദേശവും, മതവും, ഭാഷയും, കാലവും വ്യത്യാസമില്ലാതെ കൂട്ടിക്കെട്ടപ്പെട്ടിരിക്കുന്നു. ദൈവം മനുഷ്യനെ കൂട്ടിച്ചേർക്കുന്നുവെന്നതിന്റെ പര്യായമാണ് ഫാ. ടോം. ദൈവം സ്നേഹത്തിന്റെ ചരടിൽ എല്ലാ മനുഷ്യരെയും തുന്നിച്ചേർത്തിരിക്കുകയാണ് ഫാ. ടോമിലൂടെ. ഈ കൂട്ടുതുന്നൽ ഇനി നമുക്ക് പൊട്ടിക്കാതിരിക്കാം. യഥാർത്ഥ മാനവികതയുടെ ശ്രേഷ്ഠസംസ്ക്കാരത്തിന്റെ ഉണർത്തുപാട്ടാണ് ഫാ. ടോമിലൂടെ ലോകം ഇന്നു കേൾക്കുന്നത്. ദൈവസ്നേഹത്തിന്റെ മധുരസംഗീതം കൃശഗാത്രനായ ഈ സലേഷ്യൻ മിഷനറിയിലൂടെ നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ അസാധാരണമായ ശാന്തത തിന്മ ചെയ്യുന്നവരെയും മാനസാന്തരപ്പെടുത്തുന്നു. ക്രൂശിൽ മരിച്ചവന്റെ ദൃഷ്ടികൾപോലെ സ്നേഹത്തിന്റെ ഈറനണിഞ്ഞ അദ്ദേഹത്തിന്റെ മിഴികൾ ഇന്ന് ലോകത്തിന്റെ ഹൃദയം തൊട്ടിരിക്കുന്നു. ലോകമെമ്പാടും പ്രത്യേകിച്ച് കേരളക്കരയിലെ ജനങ്ങൾ മെഴുകുതിരി എരിയുന്നതുപോലെ ഉരുകി പ്രാർത്ഥിച്ചു. ഫാ. ടോമിന്റെ മോചനത്തിനായി. പ്രാർത്ഥനയുടെ വിസ്മയ ഫലമായിരുന്നു അദ്ദേഹത്തിന്റെ മോചനം. മനുഷ്യൻ നിസ്സഹായനാകുന്നിടത്ത് ദൈവം തന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ് ഇവിടെ നാം കാണുന്നത്. മഹാമിഷനറിയായിരുന്ന തന്റെ അങ്കിൾ അച്ചന്റെ കാൽപ്പാദങ്ങൾ പിൻതുടർന്നുകൊണ്ട് യമനിലെ ദൈവത്തിന്റെ പ്രിയപ്പെട്ടവർക്കായി ബലിയർപ്പിക്കാനുള്ള ആവേശത്തോടെ - ഈശോയെ നൽകാനുള്ള തീവ്രാഭിലാഷത്തോടെ - അപകട ഭീഷണികൾ വകവയ്ക്കാതെയുള്ള അദ്ദേഹത്തിന്റെ യാത്ര ദൈവനിശ്ചയ

malankaralibrary.com

മായിരുന്നുവെന്ന് ഇന്ന് നമ്മൾ അറിയുന്നു. ദൈവത്തിന്റെ ഈ സ്നേഹ രൂപം ആകാശനീലിമപോലെ ഇന്ന് നമ്മുടെ ഹൃദയങ്ങളെ കുളിർപ്പിക്കുന്നു.

## രാമപുരത്ത് നടന്ന സ്വീകരണത്തെപ്പറ്റി ദീപനാളം റിപ്പോർട്ട്

**ദീപനാളം റിപ്പോർട്ട്**

യെമനിലെ ഭീകരരുടെ ഒന്നരവർഷംനീണ്ട തടവിൽനിന്നു മോചിതനായി രാമപുരത്തെത്തിയ ഫാ. ടോം ഉഴുന്നാലിന് ജന്മനാട് നൽകിയ സ്വീകരണം വികാരനിർഭരമായി. ഒക്ടോബർ ഒന്നിനു വൈകുന്നേരം രാമപുരത്ത് ആയിരങ്ങളാണ് ടോമച്ചനെ സ്വീകരിക്കാനെത്തിച്ചേർന്നത്.

പള്ളിക്കവലയിലെ കുരിശടിയിൽ സലേഷ്യൻസഭയുടെ വാഹനത്തിൽനിന്നിറങ്ങി നേർച്ച അർപ്പിക്കാൻ നടന്നുകയറിയ ടോമച്ചൻ പരിശുദ്ധ കന്യകാമാതാവിനും വിശുദ്ധ ആഗസ്തീനോസിനും വിശുദ്ധ അൽഫോൻസാമ്മയ്ക്കും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും പേരുപറഞ്ഞു നന്ദിയർപ്പിച്ചു. ഫൊറോനാവികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ ഹാരാർപ്പണം ചെയ്തു. മാതൃഇടവകയുടെ ആദരം അർപ്പിച്ചതിനുശേഷമായിരുന്നു ഇരുവശവും ജനം തിങ്ങിനിറഞ്ഞ പാതയിലൂടെ തുറന്ന ജീപ്പിൽ ദൈവാലയത്തിലേക്ക് ആനയിക്കപ്പെട്ടത്. ജനിച്ചുവളർന്ന മണ്ണിലേക്കിറങ്ങുമ്പോൾ തിങ്ങിനിറഞ്ഞ മുഖങ്ങളിലേയ്ക്ക് ടോമച്ചൻ വികാരഭരിതനായി നോക്കി. അയൽവാസികൾ, സഹപാഠികൾ, ബന്ധുക്കൾ എന്നിങ്ങനെ താനറിയുന്ന പ്രിയപ്പെട്ടവരുടെ മുമ്പിൽ കൂപ്പുകൈകളോടെ നിന്ന് അച്ചൻ പുഞ്ചിരിച്ചു. കൈകൾ ഉയർത്തി അഭിവാദ്യം ചെയ്തു. സ്വന്തം നാടിന്റെ സ്നേഹപ്രകടനങ്ങൾ ആ കണ്ണുകളെ ഈറനണിയിച്ചു. തന്റെ മോചനം ആഗ്രഹിച്ചു ദൈവാലയങ്ങളിൽ മാത്രമല്ല, രാമപുരത്തെ ക്ഷേത്രങ്ങളിലും മുസ്ലീം





malankaralibrary.com

പള്ളികളിലുമൊക്കെ പ്രാർത്ഥനകൾ നടന്നുവെന്നതിനെ അനുസ്മരിച്ച് ഫാ. ടോം നന്ദിപറഞ്ഞു. കരങ്ങൾനീട്ടി സ്നേഹം പങ്കുവച്ചാണ് അച്ചൻ തുറന്ന വാഹനത്തിൽ മാതൃദൈവാലയത്തിലേക്കു നീങ്ങിയത്.

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടം വണങ്ങിയ ശേഷം കൃതജ്ഞതാബലിയർപ്പിച്ചു. തുടർന്ന് പാരീഷ്ഹാളിൽ പൊതുസമ്മേളനം നടന്നു. ഫാ. ടോമിന്റെ മറുപടി പ്രസംഗം താഴെ ചേർക്കുന്നു. “ഞാൻ ബന്ദിയാക്കപ്പെട്ട നിമിഷം മുതൽ നിങ്ങൾ സഹിച്ച വേദന എനിക്ക് ആശ്വാസമായി ഭവിക്കുകയായിരുന്നു. സർവ്വശക്തൻ എന്നെ തടവിലാക്കിയവരെ സ്പർശിച്ചു. അവർ ഉപദ്രവിച്ചില്ല. ഭക്ഷണവും മരുന്നും തന്നു. ദൈവകൃപയുടെ സാക്ഷിയായി ജീവിക്കുകയാണ് അടുത്ത ലക്ഷ്യമെന്നും ഫാ. ടോം ഉഴുന്നാലിൽ സ്വീകരണസമ്മേളനത്തിൽ വെളിപ്പെടുത്തി.

മിഷനറിമാർ പീഡനം നേരിടുന്ന നാടുകളിൽ സമാധാനവും ശാന്തിയും കൈവരിക്കുവാൻ വേണ്ടി നമ്മുടെ നാടൊന്നാകെ പ്രാർത്ഥിക്കണം. യുവജനങ്ങൾ പേടിക്കരുത്. തനിക്കു സംഭവിച്ചതുപോലുള്ള അനുഭവങ്ങൾ തങ്ങൾക്കും ഉണ്ടാകുമെന്നു ഭയന്ന് ദൈവസന്നിധിയിൽനിന്ന് അകലരുത്. മാതാപിതാക്കൾ മക്കളെ ധൈര്യപ്പെടുത്തുകയാണു ചെയ്യേണ്ടത്. നാം ആഗ്രഹിക്കുന്ന രീതിയിലും സമയത്തും ദൈവം നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകണമെന്നില്ല. എന്നാൽ, ദൈവം കൃത്യസമയത്ത് ഉത്തരം നൽകും. ജാതിമതഭേദമെന്യേ തന്റെ മോചനത്തിനുവേണ്ടി പ്രാർത്ഥിച്ചു.




ഫാ. ടോമിനെ രാമപുരം ഫൊറോനപ്പള്ളിയിലേക്ക് സ്വീകരിച്ച് ആനയിക്കുന്നു.

malankaralibrary.com

ഇതു ഭാരതത്തിന്റെ മഹത്തായ സംസ്കാരമാണ്. ഈ സംസ്കാരം നില നിർത്തണമെന്നും സാഹോദര്യം വർദ്ധിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.


ഫൊറോനാ വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ സ്വാഗതമാശംസിച്ചു. ഇടവകയിലെ വൈദികരുടെ കൂട്ടായ്മാപ്രതിനിധിയായ റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനി, ജോൺ കച്ചിറമറ്റം, കത്തോലിക്കാ കോൺഗ്രസ്സ് പാലാ രൂപത പ്രസിഡന്റ് സാജു അലക്സ്, പിതൃവേദി രൂപത പ്രസിഡണ്ട് ജോസ് കീലത്ത്, രാമപുരം ഫൊറോന പാരീഷ് കൗൺസിൽ സെക്രട്ടറി വിൻസെന്റ് കുരിശുംമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഫാ. ടോം ഉഴുന്നാലിനു രാമപുരത്തു നൽകിയ സ്വീകരണസമ്മേളനം അക്ഷരാർത്ഥത്തിൽ ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ടുള്ള സ്വീകരണസമ്മേളനമായി മാറി. ടോമച്ചന്റെയും സമ്മേളനത്തിൽ പങ്കെടുത്തു പ്രസംഗിച്ചവരുടെയും വാക്കുകളിൽ ദൈവകാരുണ്യത്തിന്റെ മഹത്തായ സന്ദേശമായിരുന്നു നിറഞ്ഞുനിന്നിരുന്നത്.



രാമപുരം സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ നൽകിയ സ്വീകരണ സമ്മേളനത്തിൽ മറുപടി പ്രസംഗത്തിനിടെ വിതുമ്പുന്ന ഫാ. ടോം ഉഴുന്നാലിൻ


malankaralibrary.com



27

# അജ്ഞാതലോകത്ത് 557 ദിവസം

**വി.എ. തോമസ് ഉഴുന്നാലിൽ**



അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. 2016 മാർച്ച് 4 ഉച്ചക്ക് ബ്രെയിക്കിംഗ് ന്യൂസ് ആയിട്ടാണ് ആ ദുരന്തവാർത്ത. തെരേസ്സാ സിസ്റ്റേഴ്സ് നടത്തുന്ന അനാഥരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന കേന്ദ്രത്തിൽ അന്ന് രാവിലെ മുഖം മൂടിയണിഞ്ഞ ആയുധധാരികളായ ഏതാനും തീവ്രവാദികൾ അതിക്രമിച്ചു കടന്ന് ഇൻഡ്യക്കാരായ നാല് സിസ്റ്റേഴ്സ് അടക്കം 16 പേരെ വെടിവച്ചുകൊന്നു എന്നും അവിടെ ശുശ്രൂഷ ചെയ്തിരുന്ന മലയാളി വൈദികനെന്തു സംഭവിച്ചുവെന്നു. അറിവായിട്ടില്ല എന്നുമായിരുന്നു വാർത്ത. ഫ. ടോമിന്റെ സേവനരംഗം അവിടമായിരുന്നുവെന്നറിയാമായിരുന്ന ഉഴുന്നാലികുടുംബാംഗങ്ങൾക്ക് ഏറെ ആശങ്കയും ഉൽക്കണ്ഠയും ഉളവാക്കിയ വാർത്തയായിരുന്നു അത്. അന്ന് വൈകുന്നേരത്തെ വാർത്തയിലാണ് ആ മലയാളി വൈദികൻ ഫാ. ടോം ആയിരുന്നുവെന്നും അദ്ദേഹത്തെ ബന്ധനസ്ഥനാക്കി അജ്ഞാത കേന്ദ്രത്തിലേക്ക് കൊണ്ടുപോയിയെന്നു സ്ഥിരീകരണം ലഭിച്ചത്. ഈ വാർത്ത കേട്ടപ്പോൾത്തന്നെ കുടുംബാംഗങ്ങൾ പരസ്പരം ഫോണിൽ ബന്ധപ്പെടുകയും ജനറൽ സെക്രട്ടറി അഡ്വ. അഗസ്റ്റിൻ മാത്യു കുടുംബയോഗ ഭാരവാഹികളുടെ ഒരു അടിയന്തിരയോഗം രാമപുരത്തുള്ള എന്റെ വീട്ടിൽ വിളിച്ചു കൂട്ടുകയും ചെയ്തു. കുടുംബയോഗം പ്രസിഡന്റ് പി.ജെ. അബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മലബാറിൽ നിന്നൊഴികെയുള്ള എല്ലാ

malankaralibrary.com

വരും പങ്കെടുത്തു. അടിയന്തിരമായി ചെയ്യേണ്ടകാര്യങ്ങൾ ചർച്ച ചെയ്തു. അനന്തരനടപടികൾക്കായി ശ്രീ. വി.എ. തോമസ് കൺവീനറായി ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു.

യമൻ ഒരു കലാപബാധിത പ്രദേശമായിരുന്നതുകൊണ്ടും തീവ്രവാദികളുടെ ഭീഷണി നിലനിൽക്കുന്നതിനാലും അങ്ങോട്ടു പോകാൻ ഇൻഡ്യ ഗവൺമെന്റ് ആരെയും അനുവദിച്ചിരുന്നില്ല. പുതിയതായി മറ്റാർക്കും വിസ്സാ ലഭിക്കാത്ത സാഹചര്യത്തിൽ യമനിലെ ദൗത്യം വീണ്ടും ഫാ. ടോം ഏറ്റെടുക്കുകയായിരുന്നു. 2015-ൽ അവിടെ തിരിച്ചെത്തി മൂന്നു മാസങ്ങൾക്കുശേഷം 2016 മാർച്ച് 4 ന് തീവ്രവാദികൾ ആദ്ദേഹത്തെ തട്ടിക്കൊണ്ടുപോവുകയായിരുന്നു.

മാർച്ച് 5-ാം തീയതി ആക്ഷൻ കൗൺസിൽ കൂടി ഇൻഡ്യൻ പ്രധാനമന്ത്രി. വിദേശകാര്യമന്ത്രി ശ്രീമതി സുഷമ സ്വരാജ് കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സ്ഥലം എം.പി. ശ്രീ. ജോസ് കെ. മാണി സ്ഥലം എം.എൽ.എ. ശ്രീ. കെ.എം. മാണി തുടങ്ങിയ എല്ലാവർക്കും ഫാ. ടോമിനെ എത്രയും പെട്ടെന്ന് കണ്ടെത്തി മോചിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ട് നിവേദനങ്ങൾ സമർപ്പിക്കുകയും, ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിക്കണമെന്ന് ഈ മെയിൽ ആയിട്ടും ഫോണിൽക്കൂടിയും ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അന്നുതന്നെ സലേഷ്യൻ സഭാ ബാംഗ്ലൂർ പ്രോവിഷ്യൻ റവ.ഫാ. ജോയിസ് തോണിക്കുഴിയെ ഫോണിൽ ബന്ധപ്പെടുകയും ചെയ്തു. അദ്ദേഹം അടുത്ത ഞായറാഴ്ച മറ്റു വൈദീകരോടൊപ്പം രാമപുരത്തുവരികയും കുടുംബാംഗങ്ങളുമായി കാര്യങ്ങൾ ചർച്ച ചെയ്തു. യമൻ എന്ന രാജ്യത്തെ സഭയുടെ പ്രവർത്തനങ്ങൾ അബുദാബി ബിഷപ്പിന്റെ അധികാരപരിധിക്കുള്ളിലാണെന്നും കൂടുതൽ വിവരങ്ങൾക്കായി അബുദാബി ബിഷപ്പ് പോൾ ഹിന്റർ പിതാവുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും ഫാ. ടോമിനെ തട്ടികൊണ്ടുപോയവരെപ്പറ്റി ഇതുവരെയും യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്നു പറഞ്ഞു. ഫാ ടോമിനെ കണ്ടെത്തുന്നതിന് കുടുംബാംഗങ്ങൾ ഒരുമിച്ച് കൂടി നിരന്തരം പ്രാർത്ഥിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അബുദാബിയിൽ ജോലിയുള്ള ഞങ്ങളുടെ കുടുംബാംഗമായ ഷാജി സെബാസ്റ്റ്യൻ പോൾ ഹിന്റർ പിതാവിനെ ബിഷപ്പ് ഹൗസിൽ പോയി കാണുകയും ലഭിക്കുന്ന വിവരങ്ങൾ അപ്പഴപ്പോൾ ഞങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. ഫാ. ടോമിനെ തട്ടികൊണ്ട് പോയത് ഐ.എസ്. ഭീകരരാണെന്നും അടുത്തുവരുന്ന ദുഃഖവെള്ളിയാഴ്ച അച്ചനെ കുരിശിൽ തറച്ച് കൊല്ലുമെന്നും മറ്റുമുള്ള വാർത്തകൾ കുടുംബാംഗങ്ങളെ മാത്രമല്ല ലോകത്തെതന്നെയും ഞെട്ടിച്ചു.

അടുത്ത ദിവസം തന്നെ ഞങ്ങളുടെ നാട്ടുകാരനും മുൻമേഘാലയ ഗവൺറുമായ ശ്രീ. എം.എം. ജേക്കബ് സാറുമായി അനന്തരനടപടികളെപ്പറ്റി

malankaralibrary.com

സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന് ശ്രീമതി സുഷമ സ്വരാജുമായി അടുത്ത പരിചയമുണ്ടായിരുന്നതുകൊണ്ട് ഒരു പേഴ്സണൽ ലറ്റർ അപ്പോൾ തന്നെ ഇ-മെയിൽ ആയി അയയ്ക്കുകയും ചെയ്തു. യമനിൽ ആഭ്യന്തര കലാപം നടക്കുന്നതുകൊണ്ട് അവിടെ ഇന്ത്യൻ എംബസി രാജ്യത്തിനു വെളിയിൽ ജിബ്യൂട്ടി എന്ന സ്ഥലത്താണെന്നും, രക്ഷാപ്രവർത്തനങ്ങൾക്ക് പരിമിതികളുണ്ടെന്നും എങ്കിലും ഫാ. ടോമിനെ എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനുള്ള ആൽത്മാർത്ഥമായ ശ്രമങ്ങൾ ഇൻഡ്യാ ഗവൺമെന്റ് നടത്തുന്നുണ്ടെന്നും മറുപടി ലഭിക്കുകയും ചെയ്തു. പിന്നീട് കുടുംബാംഗങ്ങൾ ഡൽഹിയിൽ ജോലി ചെയ്യുന്ന നോയൽ തോമസ് ഉഴുന്നാലിയുടെ നേതൃത്വത്തിൽ വിദേശകാര്യമന്ത്രാലയത്തിൽ എത്തി ശ്രീമതി സുഷ്മസ്വരാജുമായി നേരിൽ കണ്ട് നിവേദനം നൽകുയും അന്വേഷണം ഊർജ്ജിതമാക്കണെമെന്നപേക്ഷിക്കുകയും ചെയ്തു.

അടുത്ത ആഴ്ച തന്നെ ഞങ്ങൾ പാലാ രൂപതാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിനെ ചെന്ന് കാണുകയും ഞങ്ങളുടെ ആഗമനോദ്ദേശം മനസ്സിലാക്കിയ പിതാവ് എല്ലാക്കാര്യങ്ങളും ഞങ്ങളോട് ചോദിച്ചു മനസ്സിലാക്കുകയും അടുത്തു നടക്കാൻ പോകുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിലെ മെത്രാന്മാരുടെ കോൺഫ്രൻസിൽ ഈ വിഷയം അവതരിപ്പിക്കുമെന്നും അവരുടെ സഹായം തേടുമെന്നും ഞങ്ങളെ അറിയിച്ചു. മറ്റൊരവസരത്തിൽ ഞങ്ങൾ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ആലഞ്ചേരി പിതാവിനെ കണ്ട് നിവേദനം നൽകി. അപ്പോൾ ഞങ്ങളോടൊപ്പം ആന്റോ ആന്റണി എം.പി.യും ഉണ്ടായിരുന്നു. എം.പി.യോട് പാർലമെന്റിൽ ഈ വിഷയം ചർച്ചക്കെടുക്കാൻ കേരളാ എം.പി. മാരോട് പറയണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. അടുത്തുനടക്കുന്ന മെത്രാന്മാരുടെ സിനഡിൽ ഈ വിഷയം അവതരിപ്പിക്കുമെന്നും വത്തിക്കാനുമായി ബന്ധപ്പെടുമെന്നും കുടുംബാംഗങ്ങളുടേയും കേരളീയരുടേയും ആശങ്കകൾ അറിയിക്കുമെന്നും പറഞ്ഞ് വത്തിക്കാന്റെ ശക്തമായ ഇടപെടൽ ഈക്കാര്യത്തിൽ ഉണ്ടായിയെന്ന് പിന്നീടുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു.

ഇതിനിടയിൽ സോഷ്യൽ മീഡിയായിലൂടെ സഹായമപേക്ഷിച്ചുകൊണ്ടുള്ള ടോമിച്ചന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. കഴിഞ്ഞ 2016 ഡിസംബർ 26 ന് വന്ന വീഡിയോ ഏവരുടെയും കരളലിയിക്കുന്ന ഒന്നായിരുന്നു. തന്നെ മോചിപ്പിക്കാൻ ആരും ഒന്നും ചെയ്യുന്നില്ലായെന്നും ആരോഗ്യം അപകടാവസ്ഥയിലാണെന്നും കുടുംബാംഗങ്ങൾ ഇടപെട്ട് എത്രയും വേഗം തന്നെ മോചിപ്പിക്കണമെന്നുമുള്ള അപേക്ഷ ശ്വാസമടക്കിപ്പിടിച്ചാണ് ഞങ്ങൾ കണ്ടത്. ക്ഷീണിച്ച് അവശനായ ടോമിച്ചന്റെ മുഖം നീറുന്ന നൊമ്പരമായി മനസ്സിൽ തങ്ങിനിന്നു.

അടുത്ത ദിവസം തന്നെ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സാറിന്റെ

malankaralibrary.com

നേതൃത്വത്തിൽ ഞങ്ങൾ കേരളാ ഗവർണ്ണർ ജസ്റ്റീസ് പി. സദാശിവത്തെ കണ്ട് ഫാ. ടോമിനെ കണ്ടെത്തി എത്രയും പെട്ടെന്ന് മോചിപ്പിക്കണമെന്ന വശ്യപ്പെട്ട് കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നപേക്ഷിച്ചു കൊണ്ടൊരു നിവേദനം സമർപ്പിച്ചു. അദ്ദേഹം ഞങ്ങളുടെ പരാതി അപ്പോൾ തന്നെ വിദേശകാര്യമന്ത്രിക്ക് ഫാക്സ് ചെയ്തു.

ഈ ദാരുണ സംഭവം നടന്ന അന്നു മുതൽ ഉഴുന്നാലിൽ കുടുംബാംഗ ങ്ങൾ ടോമിച്ചന്റെ മോചനത്തിനുവേണ്ടി എല്ലാ ദിവസവും സന്ധ്യാ പ്രാർത്ഥനയിൽ പ്രത്യേകം നിയോഗം വച്ച് പ്രാർത്ഥിച്ചിരുന്നു. "വിശ്വാസ ത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും" (മത്താ: 21:22) എന്ന തിരുവചനം ഞങ്ങൾക്ക് പ്രതീക്ഷ നൽകി. ഞായറാഴ്ചകളിൽ ഉഴുന്നാലിലെ വീടുകളിൽ നിന്നും കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുവാൻ തുടങ്ങി. "എന്തെന്നാൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചുകൂടി നിന്ന് പ്രാർത്ഥിച്ചാൽ അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്തായി 18: 20) എന്ന തിരുവചനം ഞങ്ങൾക്ക് പ്രചോദനമായിരുന്നു. 2016 മാർച്ച് രണ്ടാം വാരം ടോമിച്ചന്റെ ഏറ്റവും മൂത്ത സഹോദരൻ യു.വി. മാത്യു ബാംഗ്ലൂരിൽ നിന്നും തിരിച്ചെത്തി രാമപുരത്തെ സ്വന്തം വീട്ടിൽ താമസമാരംഭിച്ചു. അവിടെ എല്ലാ ഞായറാഴ്ചകളിലും ഞങ്ങൾ ഒരുമിച്ചുകൂടി പരി. അമ്മയുടെ മാധ്യസ്ഥം തേടി തിരുവചന ജപമാലയും, കരുണകൊന്തയും ചെല്ലിയി രുന്നു. പൈങ്ങോട്ടൂർ പള്ളിവികാരിയും ടോമിച്ചന്റെ മരുമകനുമായ ഫാ. ജോർജ്ജ് വടക്കേൽ പുതുപ്പള്ളി ഡോൺ ബോസ്കോ ഭവനത്തിൽ നിന്നും റവ.ഫാ. ബെന്നി, നീലിയറ ബാംഗ്ലൂരിൽ നിന്നും വൈസ് പ്രോവിൻഷ്യൻ റവ. ഫാ. ജോസ് കോയിക്കൽ എന്നിവരും മിക്ക അവസരങ്ങളിലും ഞങ്ങളോടൊപ്പം പ്രാർത്ഥനയിൽ പങ്കെടുത്തിരുന്നു. ചില ഞായറാഴ്ചകളിൽ രാമപുരം പള്ളിയിൽ ഉപവാസമനുഷ്ഠിച്ച് പ്രാർത്ഥിച്ചിരുന്നു.

ടോമിച്ചന്റെ തിരോധാനത്തിൽ വേദനിക്കുന്ന കുടുംബാംഗങ്ങൾ ക്കാശ്വാസമേകുന്നതിനായി പലയവസരങ്ങളിലായി ടോമിച്ചന്റെ വീട്ടിൽ വന്ന് പ്രാർത്ഥിച്ച അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ്ബ് മുരിക്കൻ, വിജയപുരം ബിഷപ്പ് മാർ സെബാസ്റ്റ്യൻ തെക്കേത്തെച്ചരിൽ, മാർ ജോസഫ് ശ്രാമ്പിക്കൽ, സമീപ ഇടവകകളിലെ വികാരിമാർ, രൂപതയിലെ വിവിധ സ്ഥാപനങ്ങളുടെ മേലധികാരികളായ ബഹു. വൈദികർ, സലേഷ്യൻ സഭയിലെ ബഹു. വൈദികർ, മറ്റു സന്യാസ സഭകളിൽ നിന്നുമുള്ള ബഹു, വൈദീകർ, ബഹു. സിസ്റ്റേഴ്സ്, വിവിധ ഭക്തസംഘടനകൾ, പ്രാർത്ഥനാഗ്രൂപ്പുകൾ, ഇതര ക്രിസ്ത്യൻ വിഭാഗങ്ങളിൽപെട്ടവർ തുടങ്ങി അനവധിയാളുകൾ ഈ കഴിഞ്ഞ ഒന്നര വർഷക്കാലത്തിനിടയിൽ വീട്ടിൽ വന്ന് പ്രാർത്ഥിച്ചു പോയിരുന്നു.

കൂടാതെ അന്നത്തെ മുഖ്യമന്ത്രി ബഹു. ഉമ്മൻചാണ്ടി, മന്ത്രിമാരായ

malankaralibrary.com

പി.ജെ. ജോസഫ്, കെ.സി. ജോസഫ്, മുൻ മന്ത്രിമാരായ കെ.എം. മാണി, മോൻസ് ജോസഫ് എന്നീ എം.എൽ.എ. മാരും കൂടാതെ ജോസ് കെ.മാണി എം.പി. ബി.ജെ.പി. എം.പി. റിച്ചാർഡ് ഹെ, എം.എൽ.എ.മാരായ എം. വിൻസെന്റ്, റോഷി അഗസ്റ്റിൻ കർണ്ണാടക ക്യാബിനറ്റ് ചീഫ് വിപ്പ് ഐവാൻ ഡിസൂസാ എം.എൽ.സി., മുൻ കേന്ദ്രമന്ത്രി പി.സി. തോമസ്, മുൻ എം.പി. ഫ്രാൻസീസ് ജോർജ്ജ്, കെ.പി.സി.സി. പ്രസിഡന്റ് വി.എം. സുധീരൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ, ഇടുക്കി ഡി.സി.സി. പ്രസിഡന്റ് ഇബ്രാഹിംകുട്ടി കല്ലാർ, കോട്ടയം ഡി.സി.സി. പ്രസിഡന്റ് ജോഷി ഫിലിപ്പ്, സി.പി.എം ജില്ലാ പ്രസിഡന്റ് റ്റി.എൻ. വാസവൻ കൂടാതെ എല്ലാ രാഷ്ട്രീയ പാർട്ടി കളുടേയും തന്നെ നേതാക്കൾ പല അവസരങ്ങളിലായി അച്ചന്റെ വീട്ടിൽ വന്ന് കുടുംബാംഗങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പോയിട്ടുണ്ട്.

ഫാ. ടോമിന്റെ മോചനം അനിശ്ചിതമായി നീണ്ടു പോയപ്പോൾ പത്രമാധ്യമങ്ങളിൽകൂടി അധികാരികളുടെ നിസംഗതയെ നിശിതമായി വിമർശിച്ചുകൊണ്ട് അവർ ഇക്കാര്യത്തിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയ്ക്കെതിരെ വിരൽ ചൂണ്ടിക്കൊണ്ട് ശ്രീ. ജോൺ കച്ചിറമറ്റം എഴുതിയ ലേഖനം പലരുടെയും കണ്ണുതുറപ്പിച്ചു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അതിനുശേഷം ഇത്തരം അഭിപ്രായങ്ങളും ലേഖനങ്ങളും പല ഭാഗത്തുനിന്നും ഉയർന്നു വരാൻ തുടങ്ങിയത്. കൂടുതൽ ജനശ്രദ്ധ ആകർഷിക്കുകയും പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും നാടിന്റെ നാനാഭാഗത്തുനിന്നും ഉണ്ടാകാനും കാരണമായി.

വിവിധ രാഷ്ട്രീയ പാർട്ടികൾ കത്തോലിക്കാകോൺഗ്രസ് അതുപോലെ ജാതിമത ഭേദമെന്യേ എല്ലാഭാഗത്തുനിന്നും പ്രതിഷേധത്തിന്റെ സ്വരങ്ങൾ ഉയർന്നുവന്നു. ഫാ. ടോമിനെ എത്രയും പെട്ടെന്ന് അന്വേഷിച്ചു കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലക്ഷക്കണക്കിന് ആളുകളുടെ ഒപ്പുശേഖരണം നടത്തി പ്രധാനമന്ത്രിക്ക് മാസ്സ് പെറ്റീഷൻ അയച്ച് സി.പി.എം. ന്റെ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. റ്റി.എൻ. വാസവനും പ്രവർത്തകരും അതുപോലെ മാസ്സ് പെറ്റീഷൻ അയച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ കോട്ടയം ജില്ലാ പ്രസിഡന്റ് ജോഷി ഫിലിപ്പ്, ഇടുക്കി ഡി.സി.സി. പ്രസിഡന്റ് ഇബ്രാഹിംകുട്ടി കല്ലാർ, യു.എൻ. സെക്രട്ടറി ജനറലും, മാർപ്പാപ്പയ്ക്കും, പ്രധാന മന്ത്രിക്കും മാസ്സ് പെറ്റീഷൻ അയയ്ക്കുകയും കോഴിക്കോടും നിലമ്പൂരും പ്രതിഷേധ യോഗങ്ങളും, ഉപവാസവും, പ്രാർത്ഥനയും നടത്തിയ മലയോര കർഷക വികസന സമിതി പ്രസിഡന്റ് ശ്രീ. സിബി വയലിൽ, ചങ്ങനാശ്ശേരി പാറേപ്പള്ളിയിൽ പ്രവാസികളുടെ വകയായി രാവിലെ മുതൽ ഉച്ചവരെ ഉപവാസമനുഷ്ഠിച്ച് ടോമിച്ചനുവേണ്ടി വി.കുർബ്ബാനയർപ്പിച്ച പ്രവാസി അപ്പസ്തോലിക്ക്

malankaralibrary.com

ഡയറക്ടർ ഫാ. സണ്ണി സെക്രട്ടറി ഷെവലിയർ സിബി വാണിയപ്പുര എന്നിവരെയും കുടുംബാംഗങ്ങൾ നന്ദിയോടെ ഓർക്കുന്നു. ഫാ. ടോമിനെപ്പറ്റി ചിത്രങ്ങൾ സഹിതം ഒരു ഡോക്കുമെന്ററി തയ്യാറാക്കി യു.ട്യൂബിൽ സംപ്രേഷണം ചെയ്ത കണ്ണൂർ പള്ളിവികാരി റവ.ഫാ. റോയി കപ്പൂച്ചിൽ, അതിന്റെ സംവിധായകൻ ശ്രീ. വിൽസൺ കണ്ണൂർ അതുപോലെ തിരുവല്ലായിൽ നിന്നും ടോമച്ചന്റെ ജന്മഗൃഹത്തിൽ വന്ന് വീഡിയോ എടുത്ത് തീവ്രവാദത്തിന്റെ ഭീകരമുഖത്തെ തുറന്നു കാട്ടിക്കൊണ്ട് അതിന്റെ കെടുതികളനുഭവിക്കുന്നവരുടെ ദയനീയാവസ്ഥയെ ചിത്രീകരിച്ചുകൊണ്ട് ഫാ. ടോമിനെപ്പറ്റി ഒരു ഡോക്കുമെന്ററി ചിത്രം ആൽമീയ യാത്ര എന്ന ചാനലിലൂടെ പലതവണ സംപ്രേഷണം ചെയ്തു കൂടുതൽ പേർ ടോമച്ചനുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഭീകരവാദത്തോടു പോരാടുന്നതിനും പ്രചോദനമായിരുന്നു.

2016 ഡിസംബർ 31 ന് ഭരണങ്ങാനം പള്ളിയിൽ രാത്രി നടന്ന ആരാധന ഫാ. ടോമിന്റെ മോചനത്തിനുവേണ്ടിയാ യിരുന്നു. അഭിവന്ദ്യപിതാവ് മാർ ജോസഫ് ശ്രാമ്പിക്കൽ സന്ദേശം നല്കി പ്രാർത്ഥിക്കുകയും ചെയ്തു. ഫാ. ടോമിന്റെ ഇളയ സഹോദരൻ ഡേവിഡിനൊപ്പം കുടുംബാംഗങ്ങൾ പങ്കെടുത്ത് പ്രാർത്ഥിച്ചു. ടോമിച്ചന്റെ ജന്മഗൃഹം അടഞ്ഞു കിടന്നിരുന്ന അവസരങ്ങളിൽ കുടുംബാംഗങ്ങൾ രാമപുരം, കുറിഞ്ഞി, നീറന്താനം, തൊടുപുഴ, കരിങ്കുന്നം, കരിമണ്ണൂർ, മീൻമുട്ടി എന്നീ സ്ഥലങ്ങളിലുള്ള ഉഴുന്നാലിലെ വീടുകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചിരുന്നു. ഞങ്ങളോടൊപ്പം ബന്ധപ്പെട്ട ഇടവകകളിലെ വികാരിമാരും സമീപത്തെ മഠങ്ങളിലെ ബഹു. സിസ്റ്റേഴ്സും അയൽക്കാരും പ്രാർത്ഥനയിൽ പങ്കെടു ത്തിരുന്നു. ടോമച്ചൻ സുരക്ഷിതമായി തിരിച്ചുവരുമെന്നുള്ള ഉത്തമവിശ്വാസമാണ് ഞങ്ങളെ മുന്നോട്ട് നയിച്ചത്. അത്ഭുതമെന്നു പറയട്ടെ 2017 സെപ്റ്റംബർ 12-ാം തീയതി 557 ദിവസത്തെ അനിശ്ചിതത്വത്തിന് വിരാമമിട്ടുകൊണ്ട് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആ സന്തോഷ വാർത്ത ലോകം ശ്രവിച്ചു. ഫാ. ടോം ഉഴുന്നാലി മോചിതനായി. മറ്റു പരിപാടികളെല്ലാം നിറുത്തി വച്ച് എല്ലാ ചാനലുകളും ആ വാർത്ത സംപ്രേഷണം ചെയ്തു.

ഒമാനിലെ വിമാനത്താവളത്തിൽ ആ രാജ്യത്തിന്റെ പരമ്പരാഗത വേഷത്തിൽ പുഞ്ചിരിയോടെ വിമാനത്തിൽ നിന്നും ഇറങ്ങി വരുന്ന ഫാ. ടോമിനെ ആനന്ദാശ്രുക്കളോടെ ലോകം ദർശിച്ചു. ഇക്കാല മെത്രയും കൊടും ഭീകരുടെ തടവറയിൽ ഞങ്ങളുടെ സഹോദരനെ അങ്ങയുടെ പരിപാലനയുടെ തണലിൽ സുരക്ഷിതനായി സംരക്ഷിച്ച ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നന്ദി. ടോമച്ചന്റെ വീട്ടിൽ ആൾത്താമസ മില്ലാതിരുന്നതിനാൽ വീട്ടുകാരും അയൽക്കാരും സന്തോഷം പങ്കിടാൻ രാമപുരത്തുള്ള ഉഴുന്നാലിൽ വീട്ടിൽ ഓടികൂടി മധുരപലഹാരങ്ങൾ വിതരണം ചെയ്ത് എല്ലാവരും ആഘോഷത്തിൽ പങ്ക് ചേർന്നു. രാമപുരം ഫൊറോന പള്ളി

malankaralibrary.com

വികാരി വെ. റവ. ഡോ. ജോർജ്ജ് ഞാറക്കുന്നേലച്ചനും, സഹ വൈദികരും കുറിഞ്ഞിപ്പള്ളി വികാരി റവ.ഫാ. തോമസ് അയിലൂക്കുന്നേൽ, നീറന്താനം പള്ളി വികാരി ബ. അബ്രാഹം കുളമാക്കൽ ഭരണങ്ങാനത്തു നിന്നും ബ: മാത്യു ചന്ദ്രൻകുന്നേൽ അല്പ സമയം കഴിഞ്ഞപ്പോൾ അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ മാർ ജേക്കബ് മുരിക്കൻ. കോർപ്പറേറ്റ് സെക്രട്ടറി റവ.ഫാ. ബർക്ക്മാൻസ് കുന്നുംപുറം തുടങ്ങി നിരവധി വൈദികരും അടുത്ത മഠങ്ങളിൽ നിന്നെല്ലാം ധാരാളം സിസ്റ്റേഴ്സും എത്തിച്ചേർന്നു. എല്ലാവരും ചേർന്ന് നന്ദി പറഞ്ഞുകൊണ്ട് ദൈവത്തെ സ്തുതിച്ചു. അഭിവന്ദ്യ മുരിക്കൻ പിതാവ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിക്കൊണ്ട് സന്ദേശം നൽകി. നിരവധി രാഷ്ട്രീയ നേതാക്കളും സംഘടനാ ഭാരവാഹികളും പ്രാർത്ഥനയിൽ പങ്കുചേർന്നു.

മുൻമന്ത്രിമാരായ കെ.എം.മാണി, പി.ജെ. ജോസഫ്, മോൻസ് ജോസഫ് എന്നീ എം.എൽ.എ മാരോടൊപ്പം ജോസ്.കെ.മാണി എം.പി., റോഷി അഗസ്റ്റിൻ എം.എൽ.എ. പഞ്ചായത്ത് പ്രസിഡന്റ് ഷൈനി സന്തോഷ് മുൻപഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീമതി മോളി പീറ്റർ, പി.ജെ.ജോൺ, ബൈജു ജോൺ, പഞ്ചായത്ത് മെമ്പർമ്മാർ, രാഷ്ട്രീയ പാർട്ടി നേതാക്കൾ അതിനടുത്ത ദിവസങ്ങളിലായി വന്ന കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം, സി.പി.ഐ. സംസ്ഥാനാദ്ധ്യക്ഷൻ കാനം രാജേന്ദ്രൻ, സി.പി.എം.ന്റെ റ്റി.എൻ. വാസവൻ, മുൻ എം.പി.മാരായ പി.സി.തോമസ്, ഫ്രാൻസീസ് ജോർജ്ജ്. ഈരാറ്റുപേട്ട മുൻസിപ്പൽ ചെയർമാൻ, ലീഗ് നേതാക്കൾ പി.ഡി.പി. നേതാവ് അബ്ദുൾ നാസർ മദനിയുടെ പുത്രൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, നിയുക്ത കൂരിയ ബിഷപ്പ്മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, വികാരി ജനറൽ മോൺ.ജോസഫ് മലേപ്പറമ്പിൽ തുടങ്ങി ഇവിടെ എത്തി ഞങ്ങളുടെ സന്തോഷത്തിൽ പങ്കുചേർന്ന് ടോമിച്ചന്റെ മോചനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്ത എല്ലാവരോടും ടോമച്ചന്റെ പേരിലും കുടുംബാംഗങ്ങളുടെ പേരിലും നന്ദി പറയുന്നു.

ടോമച്ചന്റെ മോചനത്തിനായി തീവ്രവാദികളുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനത്തിന് സഹായിച്ച ഒമാനിലെ സുത്താൻ ഖാബൂസ് ബിൻ സെയ്ദിനൊപ്പം ഭക്ഷണം കഴിഞ്ഞ് വസ്ത്രം മാറി നേരെ പോയത് വത്തിക്കാനിലേക്ക്. അവിടെയെത്തി പരി. പിതാവിനെ സാഷ്ടാംഗം പ്രണാമം ചെയ്തു. പിതാവ് ടോമച്ചന്റെ കരങ്ങൾ ചുംബിച്ച് സ്നേഹപൂർണ്ണം ആശ്ലേഷിച്ചനുഗ്രഹിച്ചു. റോമിൻ സലേഷ്യൻ സഭയുടെ റക്ടർ മേജറിനെ കണ്ടശേഷം അവിടെയുള്ള ഡോൺ ബോസ്കോ ഭവനിൽ എത്തി രാമപുരം കാരനായ റവ.ഫാ. അബ്രാഹം കാവളക്കാടിനൊപ്പം കുറെ ദിവസം താമസിച്ച് ആരോഗ്യം വീണ്ടെടുത്തതിനുശേഷം ഇൻഡ്യയിലേക്കു വരുമെന്ന് കാവളക്കാട്ടച്ചന്റെ ഫോണിൽ നിന്നും വിളിച്ച് ഞങ്ങളെ അറിയിച്ചിരുന്നു. ദീർഘനേരം നീണ്ട ആ ഫോൺ

malankaralibrary.com

സംഭാഷണത്തിൽ കുടുംബത്തിൽ ഓരോരുത്തരെപ്പറ്റിയും ചോദിച്ചിരുന്നു. എല്ലാത്തിനും എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഫോൺ വച്ചു.

ടോമിച്ചന്റെ മോചനം ഇങ്ങിനെ അനിശ്ചിതമായി നീണ്ടുപോയ അവസരത്തിൽ 2017 ആഗസ്റ്റ് 16 മുതൽ 19 വരെ കോട്ടയം കളത്തിപ്പടിയിലുള്ള ക്രിസ്റ്റിൻ ധ്യാനകേന്ദ്രത്തിൽ വച്ച് സമരിയാ മിനിസ്ട്രി നടത്തിയ തുടർച്ചയായ 72 മണിക്കൂർ ആരാധനാഗ്നി ഫാ. ടോമിന്റെ മോചനത്തിനുവേണ്ടി മാത്രമായിരുന്ന. ഫാ. ടോം ഉഴുന്നാലിൽ നഗർ എന്നായിരുന്നു ആ സ്ഥലത്തിനു പേര് നൽകിയിരുന്നത്. അതിന്റെ പ്രധാന ഓർഗനൈസർ ബ്രദർ മനോജ് അതിന്റെ പ്രോഗ്രാമും നോട്ടീസും രാമപുരത്തു പള്ളിയിലും എത്തിച്ചിരുന്നു. കൂടാതെ അദ്ദേഹം എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു ഫാ. ടോമിന്റെ കുടുംബാംഗങ്ങൾ തീർച്ചയായും വന്നു പങ്കെടുക്കണമെന്നും പങ്കെടുത്തു പ്രാർത്ഥിച്ചാൽ ഒരു മാസത്തിനകം ടോമച്ചൻ മോചനത്തിനായി നാട്ടിലെത്തുമെന്നും ഉറപ്പിച്ചു പറഞ്ഞിരുന്നു. ഇതിനു മുൻപ് ഇതുപോലെ പലരും പ്രവചനങ്ങൾ നടത്തിയിരുന്നു. അതൊന്നും സത്യമാകാതിരുന്ന സാഹചര്യത്തിൽ ഈ വാക്കുകൾക്കും അത്രമാത്രം വിലയേ കൊടുത്തിരുന്നുള്ളു. എങ്കിലും എന്റെ മനസ്സിൽ തോന്നി ഏതായാലും പോയി പങ്കെടുക്കാം ഞാനും റോയിയും റോയിയുടെ മകൻ അബുവും 16-ാം തീയതി രാവിലെ അവിടെ എത്തി പേർ രജിസ്റ്റർ ചെയ്ത് ഹാളിൽ കയറിയിരുന്നു. അവിടെ നടക്കുന്ന ആരാധനാഗ്നി പരിപാടികളുടെ തൽസമയം സംപ്രേഷണം യൂ .റ്റ്യൂബിൽ ഉണ്ടായിരുന്നു. ലോകമെമ്പാടുമുള്ള ആളുകൾക്ക് വീട്ടിലിരുന്ന് ഇതിൽ പങ്കെടുക്കാൻ കഴിയുമായിരുന്നു. 10 മണിക്ക് പരി. കുർബ്ബാന എഴുന്നള്ളിച്ച് പീഠത്തിൽ വച്ചു. ഏതാണ്ട് ഹാൾ നിറഞ്ഞു ആൾക്കാരുണ്ടായിരുന്നു. ഫാ. ഷാജി ഇമ്പേച്ചിറയിലായിരുന്നു വചനം പങ്കുവച്ചത്. ടോമച്ചന്റെ കുടുംബാംഗങ്ങൾ എത്തിയിട്ടുണ്ടെന്നു സംഘാടകരിൽ നിന്നും അറിഞ്ഞ അച്ചൻ ഞങ്ങളെ എഴുന്നേൽപ്പിച്ചു നിറുത്തി എല്ലാവരോടും കരങ്ങൾ ഞങ്ങളുടെ നേരെ നീട്ടിക്കൊണ്ട് ടോം ഉഴുന്നാലിലച്ചനെ സമർപ്പിച്ച് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. എല്ലാവരും ഞങ്ങളുടെ നേരെ തിരിഞ്ഞ് ഉച്ചത്തിൽ പ്രാർത്ഥിച്ചപ്പോൾ ഞങ്ങൾ കണ്ണുകളടച്ച് കരങ്ങൾ കൂപ്പി മനസ്സ് ദൈവത്തിലർപ്പിച്ച് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു അടുത്ത 72 ദിവസങ്ങൾക്കകം ടോമച്ചൻ മോചിതനായി തിരിച്ചെത്തുമെന്ന് കർത്താവ് സന്ദേശം നൽകുന്നുണ്ട്. ഈ അഭിഷേകാഗ്നി കഴിഞ്ഞ് 72-നു പകരം 22 ദിവസം കഴിഞ്ഞ് സെപ്റ്റംബർ 12-ന് ടോമച്ചൻ മോചിതനായി.

ടോമിച്ചന്റെ മോചനത്തിനുവേണ്ടി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത സകലർക്കും നന്ദി.

രാമപുരത്ത് പ്രവർത്തിച്ച ആക്ഷൻ കൗൺസിലിനും, രക്ഷാധികാരി ജോൺ കച്ചിറമറ്റത്തിനും ചെയർമാൻ സിറ്റി. രാജനും പത്രപ്രവർത്തകർക്കും നന്ദി.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



ജോൺ കച്ചിറമറ്റം

# ഉഴുന്നാലിലച്ചൻ

## സഹനത്തിന്റെ ഉദാത്തമാതൃക

സഹനത്തിന്റെ ഉദാത്തമാതൃകയാണ് ഉഴുന്നാലിലച്ചൻ. അദ്ദേഹത്തിന്റെ ബന്ധനവും മോചനവും ഏറെ ശ്രദ്ധാർഹമായിരുന്നു. 557 ദിവസം യമനിലെ തീവ്രവാദികളുടെ തടവിൽ കഴിഞ്ഞ ഉഴുന്നാലിലച്ചന്റെ മോചനം ഏറെ ആഹ്ലാദത്തോടെയാണ് ലോകം ശ്രവിച്ചത്. നാടുനീളെ ഗംഭീര സ്വീകരണങ്ങളാണ് അദ്ദേഹത്തിന് ലഭിച്ചത്. ആ ബന്ധനത്തിന്റെയും മോചനത്തിന്റേയും സ്വീകരണങ്ങളുടെയും റിപ്പോർട്ടുകളാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്.

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പോസ്റ്റ്, 686 651 കോട്ടയം

Design : Joseph Francis Pala 9447137342

malankaralibrary.com